# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1294 — 11/06/2019-ൽ മറുപടിക്ക്

## സെക്കന്ററി, ഹയർ സെക്കന്ററി ലയനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ** | **പ്രൊഫ.സി.രവീന്ദ്രനാഥ്** (ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങൾ ഒരു ഡയറക്ടറേറ്റിന് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിനായി നാളിതുവരെയായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | എ) ഉദ്ദേശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ഇറക്കിയ ഉത്തരവ് അനുബന്ധം - I ആയി ചേർക്കുന്നു. |
| ബി) ഏതെങ്കിലും പഠനത്തിന്റേയോ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഈ രീതി കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) സർക്കാർ നിയോഗിച്ച ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം - II ആയി ചേർക്കുന്നു. |
| സി) ഈ സംവിധാനം നിലവിൽ വന്നാൽ സെക്കന്ററി, ഹയർ സെക്കന്ററി മേഖലയിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ജോലി ഘടനയിൽ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ വിശദമാക്കാമോ; | സി) നിലവിലുള്ള സ്ഥിതി തുടരുന്നതാണ്. |
| ഡി) ലയനം എപ്പോൾ ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; തന്മൂലം ഹൈസ്കൂൾ, ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നതിനോ കാലക്രമേണ കുറവ് വരുന്നതിനോ സാധ്യതയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | ഡി) 2019-20 അദ്ധ്യയന വർഷം മുതൽ തന്നെ ഹയർ സെക്കന്ററി, ഹൈസ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019-2020 വർഷം നടപ്പിലാക്കുന്ന കാര്യങ്ങൾ വ്യക്തമാക്കി അനുബന്ധം-I ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

ഇ) ലയനം നടപ്പിലാക്കുമ്പോൾ ഹൈസ്കൂൾ, ഹയർ സെക്കന്ററി സീനിയർ-ജൂനിയർ അധ്യാപക തസ്തികകൾ, പൊതുവിദ്യാഭ്യാസ - ഹയർ സെക്കന്ററി വകുപ്പുകളിലെ സ്റ്റാഫുകൾ എന്നിവരുടെ സീനിയോറിറ്റി, പുനർവിന്യാസം ഇവ എങ്ങനെയാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് വ്യക്തമാക്കുമോ;

എഫ്) ലയനം നടപ്പിലാക്കുമ്പോൾ നിലവിൽ ജോലി ചെയ്തുവരുന്ന ഹയർ സെക്കന്ററി യോഗ്യതയുള്ള എച്ച്.എസ്.ടി., യു.പി.എസ്.ടി.മാരെ പുനർവിന്യസിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഇ) & എഫ്) ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾക്ക് ശേഷമായിരിക്കും തീരുമാനമെടുക്കുക.

സെക്ഷൻ ഓഫീസർ

അനുബന്ധം. I



**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - 2009-ലെ Right of Children to Free and Compulsory Education Act (വിദ്യാഭ്യാസ അവകാശ നിയമം) സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നത് - വിദഗ്ദ്ധ സമിതി റിപ്പോർട്ട് - ശുപാർകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(കൈ)നം. 53/2019/പൊ.വി.വ. തീയതി, തിരുവനന്തപുരം 31/05/2019

പരാമർശം:- 1) 03.10.2017-ലെ സ.ഉ.(സാധാ) നം.3779/2017/പൊ.വി.വ.
2) 03.10.2018-ലെ സ.ഉ.(സാധാ) നം.3906/2018/പൊ.വി.വ.
3) 28.02.2019-ലെ സ.ഉ.(കൈ) നം.19/2019/പൊ.വി.വ.

## ഉ ത്ത ര വ്

2009-ലെ Right of Children to Free and Compulsory Education Act (വിദ്യാഭ്യാസ അവകാശ നിയമം) സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായി പരാമർശം (1) പ്രകാരം പ്രൊഫ.ഡോ.എം.എ.ഖാദർ അദ്ധ്യക്ഷനായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. തുടർന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിലെ ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ 12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ എന്ന് കണ്ടതിനാൽ പരാമർശം (2) പ്രകാരം സമിതിയുടെ പരിഗണനാ വിഷയങ്ങൾ പുതുക്കി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും പരിശോധിച്ച് ഘടനാപരമായ മാറ്റം സംബന്ധിച്ചും പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിന്റെ ഭാഗമായി വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിൽ സമർപ്പിക്കുകയും ടി റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇക്കാര്യം വിശദമായി ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടം 2019-2020 അദ്ധ്യയന വർഷാരംഭത്തിൽ തന്നെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:-

(i) പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കൻഡറി ഡയറക്ടറേറ്റ്,

വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യുക്കേഷൻ എന്ന പുതിയ പൊതുസംവിധാനം രൂപീകരിക്കുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷൻ (ഡി.ജി.ഇ.) എന്ന അധികാരസ്ഥാനം സ്ഥാപിച്ച് അതിൽ നിക്ഷിപ്തമാകുന്നതുമാണ്. ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷൻ (ഡി.ജി.ഇ.) എന്നത് ...എ.എസ്. കേഡറിലുള്ള ഒരു കേഡർ തസ്തികയായിരിക്കും.

(ബി) ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻ, ബോർഡ് ഓഫ് വൊക്കേഷണൽ ഹയർസെക്കണ്ടറി എക്സാമിനേഷൻ എന്നിവ നടത്തുന്ന പൊതു പരീക്ഷകൾ നടത്തുന്നതിനായി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷനെ (പരീക്ഷാ കമ്മീഷണർ) ചുമതലപ്പെടുത്തിയും ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷനെ പരീക്ഷാ കമ്മീഷണറായി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(സി) നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നീ സ്കൂൾതല സംവിധാനങ്ങൾ അതേപോലെ തുടരുന്നതാണ്. ഇവ ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യുക്കേഷന്റെ അധികാര പരിധിയിൽ ആയിരിക്കും. നിലവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകൾ എന്നിവയും ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും തൽസ്ഥിതിയിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷന്റെ നിയന്ത്രണത്തിലായിരിക്കും പ്രവർത്തിക്കുന്നത്.

(ഡി) സംയോജിത സംവിധാനത്തിലേക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പൽ ആയിരിക്കും. ഇത്തരം സ്കൂളുകളുടെ പൊതുചുമതലയും ഹയർസെക്കണ്ടറി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും പ്രിൻസിപ്പലിനായിരിക്കും. ഇത്തരം സ്കൂളുകളിലെ നിലവിലുള്ള ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയുടെ പേര് ഹെഡ്മാസ്റ്റർ എന്നതിന് പകരം വൈസ് പ്രിൻസിപ്പൽ എന്ന് പുനഃനാമകരണം ചെയ്യുന്നു. ഈ മാറ്റങ്ങൾക്കനുസൃതമായ ഭരണപരമായ അനുബന്ധ സൗകര്യങ്ങൾ, പ്രിൻസിപ്പലിന് സ്ഥാപനത്തിൽ നിലവിലുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ലഭ്യമാക്കുന്നതിനും, പ്രിൻസിപ്പൽമാരുടെ ബോധന സമയം കുറച്ച് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടേതിന് സമാനമാക്കുന്നത് സംബന്ധിച്ച വ്യക്തമായ ശുപാർശ സമർപ്പിക്കുന്നതിനും ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഇ) ഹയർസെക്കണ്ടറി വിഭാഗം ഇല്ലാത്ത സ്കൂളുകളിൽ നിലവിലുള്ള സംവിധാനം തൽസ്ഥിതിയിൽ തുടരുന്നതാണ്.

എഫ്) നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർസെക്കണ്ടറി വിഭാഗത്തിനുംകൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയിരിക്കും. അപ്രകാരം ബാധകമാക്കുമ്പോൾ അനദ്ധ്യാപക സംവിധാനം ഹയർസെക്കണ്ടറിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും നിർണ്ണയിക്കപ്പെടുന്നത്. ശമ്പള വിതരണത്തിന് ഏകീകൃത സംവിധാനം കൊണ്ടുവരുന്നതു വരെ നിലവിലുള്ള ശമ്പള വിതരണ രീതി തുടരുന്നതാണ്. ഏകീകൃത സംവിധാനത്തിൽ പ്രിൻസിപ്പലിന്റെയും വൈസ് പ്രിൻസിപ്പലിന്റെയും കടമകളും കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ജി) മേൽ പരാമർശിച്ച ഭരണനിർവ്വഹണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**എ. ഷാജഹാൻ IAS**
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം.2896 തീയതി 27.02.2019)
ഡയറക്ടർ, SCERT, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ് (കേരള, തിരുവനന്തപുരം)
ഡയറക്ടർ, സമഗ്രശിക്ഷാ അഭിയാൻ, തിരുവനന്തപുരം
SIET (State Institute of Education and Technology), ജഗതി, തിരുവനന്തപുരം
ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ സംരക്ഷണ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐറ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ(അഖിലേന്ത്യാ സർവ്വീസ്) വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി4/9/2019/പൊ.വി.വ.)

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ്- പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും

സെക്ഷൻ ഓഫീസർ



US - 1294

# മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം

## വിദഗ്ധസമിതി റിപ്പോർട്ട്

ഭാഗം (1)







2019
ജനുവരി

# മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം
# വിദഗ്ധസമിതി റിപ്പോർട്ട്

**ഭാഗം - 1**

**ജനുവരി 2019**

## സമർപ്പണം

2009 ലെ വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ ഗുണമേന്മ യുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നി ക്കൊണ്ട്, എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ളതും ജനാധിപത്യ-മതനിര പേക്ഷമൂല്യങ്ങൾ ഉളവാകുന്നതുമായ ജനകീയ വിദ്യാഭ്യാസക്രമം നടപ്പാ ക്കണം എന്നതാണ് സർക്കാർ തീരുമാനം. ഇതിന്റെ ഭാഗമായി പ്രീസ്കൂൾ മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾവിദ്യാഭ്യാസത്തിന്റെ നാനാവശങ്ങൾ പരിശോധിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി 19/10/2017 ൽ സർക്കാർ ഉത്തരവിലൂടെ പൊതുവിദ്യാഭ്യാസവകുപ്പ് ഒരു വിദ ഗ്ധസമിതി രൂപീകരിക്കുകയുണ്ടായി. 03/03/2018 ലെ സർക്കാർ ഉത്തരവി ലൂടെ വിദഗ്ധസമിതി ചെയർമാനായി ഡോ. എം.എ. ഖാദറിനെ നിയോഗിച്ചു. 03/10/2018 ന് മറ്റൊരു സർക്കാർ ഉത്തരവിലൂടെ വിദഗ്ധസമിതിയുടെ പരിഗണ നാവിഷയങ്ങൾ (ടേംസ് ഓഫ് റഫറൻസ്) സ്പഷ്ടീകരിക്കുകയുണ്ടായി. അതനുസരിച്ചു വിദഗ്ധസമിതി തയാറാക്കിയ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

ആദരവോടെ,

**പ്രൊഫസർ (ഡോ) എം.എ.ഖാദർ**
(ചെയർമാൻ)

**ജി. ജ്യോതിചൂഡൻ**
(അംഗം)

**ഡോ. സി.രാമകൃഷ്ണൻ**
(അംഗം)

# ഉള്ളടക്കം


| | |
|---|---|
| **അവതാരിക** | **05** |
| **അധ്യായം 1 - സമീപനം** | **07** |
| **അധ്യായം 2 - വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്താവണം?** | **17** |
| **അധ്യായം 3 - കേരളീയവിദ്യാഭ്യാസത്തിന്റെ ഇന്നലെകൾ** | **23** |
| **അധ്യായം 4 - അവസ്ഥാവിശകലനം** | **30** |
| **അധ്യായം 5 - നാളെയുടെ വിദ്യാഭ്യാസം** | **55** |
| 1. പ്രീസ്കൂൾ | **64** |
| 2. സ്കൂൾപ്രവേശന പ്രായം | **67** |
| 3. സ്കൂൾവിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ | **67** |
| 4. ഘടനയും ഭരണനിർവഹണവും | **69** |
| 5. നിയന്ത്രണവും മോണിറ്ററിങ്ങും | **96** |
| 6. വിദ്യാഭ്യാസവകുപ്പിലെ വിവിധ ഏജൻസികൾ | **98** |
| 7. അധ്യാപകയോഗ്യത | **107** |
| 8. അധ്യാപകപരിശീലനം | **110** |
| **അധ്യായം 6 - ശുപാർശകൾ-സംഗ്രഹം** | **114** |
| **അനുബന്ധങ്ങൾ** | **123** |

# പട്ടികകളും ചിത്രങ്ങളും


| | | |
|---|---|---|
| പട്ടിക 1: | സ്കൂളുകൾ ഇനം തിരിച്ച് 2017-18 | പേജ് 30 |
| പട്ടിക 2: | കേരളസംസ്ഥാന രൂപീകരണഘട്ടം - വിദ്യാലയങ്ങളുടെ എണ്ണം | പേജ് 32 |
| പട്ടിക 3: | സ്കൂളുകൾ 1956 - 57 മുതൽ 2015-16 വരെ | പേജ് 32 |
| പട്ടിക 4: | വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ | പേജ് 33 |
| പട്ടിക 5: | ഹയർ സെക്കന്ററി സ്കൂളുകൾ | പേജ് 34 |
| പട്ടിക 6: | കുട്ടികളുടെ എൻറോൾമെന്റ് സ്കൂൾ ഘട്ടം അനുസരിച്ച്, 1956-57 -2016-17 | പേജ് 35 |
| പട്ടിക 7: | സ്കൂൾപ്രവേശന പ്രവണത (2014-15) | പേജ് 39 |
| പട്ടിക.8 : | മതിയായെണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങൾ 2016-17 | പേജ് 40 |
| പട്ടിക.9: | കൊഹോർട്ട് വിവിധ വർഷങ്ങളിൽ | പേജ് 41 |
| പട്ടിക 10: | അധ്യാപകരുടെ എണ്ണം ഘട്ടം തിരിച്ച് - 1956-57 മുതൽ 2016-17 വരെ | പേജ് 42 |
| പട്ടിക 11: | ഹയർ സെക്കന്ററി പരീക്ഷാഫലം | പേജ് 45 |
| പട്ടിക 12: | വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാഫലം - സ്കൂൾ ഗോയിങ് (റഗുലർ) | പേജ് 45 |
| പട്ടിക 13: | ആംഗ്ലോ ഇന്ത്യൻ, ട്രൈബൽ, സ്പോർട്സ് സ്കൂളുകൾ- 2016-17 | പേജ് 46 |
| പട്ടിക 14: | പെൺ-ആൺ സ്കൂളുകൾ 2014-15 | പേജ് 46 |
| പട്ടിക 15: | ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ 2016-17 | പേജ് 47 |
| പട്ടിക 16: | കന്നഡ മീഡിയം വിദ്യാലയങ്ങൾ - 2014- 15 | പേജ് 47 |
| പട്ടിക 17: | തമിഴ് മീഡിയം വിദ്യാലയങ്ങൾ - 2014- 15 | പേജ് 48 |
| പട്ടിക 18: | വിവിധ ഭാഷാപഠന സൗകര്യമുള്ള വിദ്യാലയങ്ങൾ - 2016-17 | പേജ് 48 |
| പട്ടിക 19: | സാമ്പത്തികവിഭവ വിന്യാസം | പേജ് 51 |
| പട്ടിക 20: | 2017-18, 2018-19 ൽ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിലുണ്ടായ വളർച്ച | പേജ് 53 |
| ചിത്രം 1: | 1 മുതൽ 10 വരെ ക്ലാസുകളിലെ എൻറോൾമെന്റ് 1956-57 മുതൽ 2018-19വരെ | പേജ് 36 |
| ചിത്രം 2: | പട്ടികജാതി -പട്ടികവർഗ വിഭാഗം കുട്ടികളുടെ എൻറോൾമെന്റ് | പേജ് 37 |
| ചിത്രം 3: | ഒന്നാം ക്ലാസ് പ്രവേശനം | പേജ് 38 |
| ചിത്രം 4: | ഒന്നാം ക്ലാസ് പ്രവേശന പ്രവണത | പേജ് 38 |
| ചിത്രം 5: | ആകെ അധ്യാപകർ | പേജ് 43 |
| ചിത്രം 6: | അധ്യാപികമാർ% | പേജ് 43 |
| ചിത്രം 7: | കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പട്ടികജാതി- പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അധ്യാപകരുടെ എണ്ണം 2016-17 | പേജ് 44 |
| ചിത്രം 8: | എസ്.എസ്.എൽ.സി. പരീക്ഷാഫലം | പേജ് 45 |
| ചിത്രം 9: | കുട്ടികളുടെ ആകെ എണ്ണത്തിൽ വന്ന വ്യതിയാനങ്ങൾ | പേജ് 53 |
| ചിത്രം 10: | കുട്ടികളുടെ വിന്യാസം. 2018-19 | പേജ് 54 |

# അവതാരിക

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട് എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ളതും മതനിരപേക്ഷ-ജനാധിപത്യ മൂല്യങ്ങൾ ഉളവാകുന്നതുമായ ജനകീയ വിദ്യാഭ്യാസക്രമം വികസിപ്പിക്കുന്നതിനായി നവകേരളം കർമപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. ഈ പശ്ചാത്തലത്തിൽ 2009 ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതു സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാവശങ്ങളും പരിശോധിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി 19/10/2017 ൽ ഒരു സർക്കാർ ഉത്തരവിലൂടെ പൊതുവിദ്യാഭ്യാസവകുപ്പ് വിദഗ്ധസമിതി രൂപീകരിക്കുകയുണ്ടായി. 03/03/2018 ലെ സർക്കാർ ഉത്തരവിലൂടെ വിദഗ്ധസമിതി ചെയർമാനായി ഡോ. എം.എ. ഖാദറിനെ നിയോഗിച്ചു. 03/10/2018 ന് സർക്കാർ ഉത്തരവിലൂടെ വിദഗ്ധസമിതിയുടെ പരിഗണനാവിഷയങ്ങൾ (ടേംസ് ഓഫ് റഫറൻസ്) സ്പഷ്ടീകരിക്കുകയുണ്ടായി. അതുവഴി പന്ത്രണ്ടാം ക്ലാസ്വരെയുള്ള സ്കൂൾവിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും പരിശോധിച്ചു ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കാനുതകുംവിധം ഘടനാപരമായ മാറ്റങ്ങൾ ഉൾപ്പെടെ പഠിച്ചു നിർദേശം സമർപ്പിക്കാൻ വിദഗ്ധസമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി.

ഒന്നാം ക്ലാസിലെത്തിച്ചേരുന്ന ഏതാണ്ടെല്ലാ കുട്ടികളും പന്ത്രണ്ടാം ക്ലാസ്വരെ പഠനം തുടരുന്ന സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അതുകൊണ്ടു തന്നെ ദേശീയതലത്തിൽനിന്നു വ്യത്യസ്തമായി ഗുണമേന്മാവിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകേണ്ടത്. സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും തുല്യപരിഗണനയും തുല്യ അവസരങ്ങളും നൽകി പഠിക്കാനും വളരാനുമുള്ള സാഹചര്യം ഉറപ്പാക്കാൻ കഴിയണം. ഇതിനായി ഇന്നു നിലനിൽക്കുന്ന സംവിധാനത്തിനകത്ത് എന്തെന്തു മാറ്റങ്ങൾ അനിവാര്യമാണ് എന്ന അന്വേഷണമാണ് സർക്കാർ ഉത്തരവിലൂടെ പരിഗണനാവിഷയങ്ങളായി നിശ്ചയിച്ച കാര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് വിദഗ്ധസമിതി നടത്തിയത്.

ഈ അന്വേഷണത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസവകുപ്പിന്റെ സൈറ്റിലൂടെ പൊതുസമൂഹത്തിൽനിന്ന് അഭിപ്രായങ്ങൾ തേടുകയുണ്ടായി. കൂടാതെ, വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകസംഘടനകളും അനധ്യാപകസംഘടനകളും വിദ്യാർഥിസംഘടനകളുമായും ആശയവിനിമയം നടത്തി. ഇതുവഴി ഒട്ടേറെ ക്രിയാത്മക നിർദേശങ്ങളും അഭിപ്രായക്കുറിപ്പുകളും ലഭിച്ചിട്ടുണ്ട്.

സർക്കാർ വിദഗ്ധസമിതിയെ ചുമതലപ്പെടുത്തിയ പരിഗണനാവിഷയങ്ങൾ എല്ലാം സമഗ്രമായി പരിശോധിച്ച് നിർദേശങ്ങൾ രൂപപ്പെടുത്തണമെങ്കിൽ വിവിധ മേഖലകളെക്കുറിച്ച് ആഴത്തിലുള്ള അന്വേഷണം വേണ്ടിവരും. ആയതിനാൽ അതിന് കൂടുതൽ സമയം ആവശ്യമാണ്. അതുകൊണ്ടുതന്നെ പരിഗണനാവിഷയങ്ങളിൽ നിർദേശിച്ച കാര്യങ്ങൾ എല്ലാം ഒറ്റ റിപ്പോർട്ട് എന്ന നിലയിൽ നൽകുന്നതിനുപകരം ഘട്ടംഘട്ടമായി സർക്കാറിലേക്ക് ശുപാർശകൾ സമർപ്പിക്കാം എന്നാണ് വിദഗ്ധസമിതി

തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധസമിതി റിപ്പോർട്ടിന്റെ ഒന്നാം ഭാഗമാണ് ഇപ്പോൾ തയാറാക്കിയിട്ടുള്ളത്. ഇതിൽ പ്രധാനമായും വിദ്യാഭ്യാസ ത്തിന്റെ ഘടനയുടെ ഭാഗമായ വിദ്യാഭ്യാസഘട്ടങ്ങളെക്കുറിച്ചും അധ്യാപക യോഗ്യ തയെക്കുറിച്ചും അധ്യാപകപരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദേശങ്ങളാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെല്ലാം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവർത്തനങ്ങളുടെ ഭാഗമായി വലിയ ഉണർവ് പ്രകടമാണ്. സമൂഹവും സർക്കാ റിന്റെ ഈ യജ്ഞത്തെ വളരെ ക്രിയാത്മകമായാണ് സമീപിക്കുന്നത്. അതിനുള്ള പ്രത്യക്ഷമായ തെളിവാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർധി ക്കുന്നു എന്നത്.

പൊതുവിദ്യാലയങ്ങളിൽ സമൂഹം അർപ്പിച്ച പ്രതീക്ഷകളെ അഭിമുഖീകരിച്ചുകൊണ്ട് ജനാധിപത്യ-മതനിരപേക്ഷമൂല്യങ്ങൾ ഉളവാകാനും മുഴുവൻ കുട്ടികൾക്കും നീതില ഭിക്കാനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും ആവശ്യമായ നിർദേശ ങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത് എന്ന് വിദഗ്ധസമിതി കരുതുന്നു. അധ്യാപകരുടെ പ്രൊഫഷനൽ വികാസം ഗുണമേന്മാവിദ്യാഭ്യാസത്തിൽ അതിപ്രധാനമാണ് എന്ന് സമിതി കരുതുന്നു. കഴിയാവുന്നത്ര ദത്തങ്ങൾ റിപ്പോർട്ടിന്റെ ഭാഗമായി നൽകിയിട്ടു ണ്ട്. ചിത്രങ്ങളാ (ഗ്രാഫുകൾ) യി നൽകിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

വിദഗ്ധസമിതി പ്രവർത്തനത്തിന് ആവശ്യമായ സഹായം നൽകുന്നത് സീമാറ്റ് - കേരളയാണ്. അതുപോലെ സമിതി സിറ്റിങ്ങിന് കൂടുതലായും വേദിയായത് എസ്. സി.ഇ.ആർ.ടിയാണ്. വിദഗ്ധസമിതിക്ക് പൊതുവിദ്യാഭ്യാസവകുപ്പിന്റെ സൈറ്റിലൂടെ അഭിപ്രായങ്ങൾ നൽകിയ നൂറുകണക്കിന് അധ്യാപകരും വിദ്യാഭ്യാസപ്രവർത്തകരു മുണ്ട്. വിദഗ്ധസമിതിയമായി നേരിട്ട് ആശയവിനിമയം നടത്തിയ വിവിധ സംഘടനാ ഭാരവാഹികളുമുണ്ട്. എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

കേരളീയവിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന ഉണർവിനെ, ഉത്സാഹത്തെ, ഗുണമേ ന്മയ്ക്കായി നടക്കുന്ന വൈവിധ്യമാർന്ന പരിശ്രമങ്ങളെ മുന്നോട്ടുകൊണ്ടുപോകാനും സ്ഥായീകരിക്കാനും ഈ റിപ്പോർട്ട് സഹായകമാകും എന്ന പ്രതീക്ഷയോടെ, ഇതിൽ പരാമർശിക്കാത്ത കാര്യങ്ങൾ അടുത്ത ഭാഗങ്ങളിൽ പരാമർശിക്കും എന്നു സൂചിപ്പി ച്ചുകൊണ്ട് വിദഗ്ധസമിതി റിപ്പോർട്ടിന്റെ ഒന്നാം ഭാഗം (Part-I) സർക്കാറിന്റെ പരിഗ ണനയ്ക്കായി സമർപ്പിക്കുന്നു.

**വിദഗ്ധസമിതിക്കു വേണ്ടി**

**ഡോ. എം.എ. ഖാദർ**

24-01-2019

**(ചെയർമാൻ)**

അധ്യായം 1

# സമീപനം

1) നേരിട്ടു നിരീക്ഷിക്കാവുന്നതോ നേരനുഭവം നൽകുന്നതോ ആയ അവസ്ഥയെയോ പ്രവർത്തനത്തെയോ അടിസ്ഥാനപ്പെടുത്തിയാണ് ഗുണതയെ സാധാരണഗതിയിൽ നിർവചിക്കുന്നത്. അതുകൊണ്ട് നിരീക്ഷണസാധ്യതയുള്ള ഭൗതികവസ്തുക്കളെ അടിസ്ഥാനപ്പെടുത്തി ഗുണതയെ നിർവചിക്കാൻ നാം പലപ്പോഴും പ്രേരിതരാകുന്നു. ഇതുപ്രകാരം സ്കൂൾ കെട്ടിടങ്ങൾ, ക്ലാസ്റൂം സൗകര്യം, ലബോറട്ടറി, ലൈബ്രറി, കളിസ്ഥലം, ഉപകരണങ്ങൾ തുടങ്ങി നേരിട്ടു കാണാനും വിലയിരുത്താനും കഴിയവുന്നവയെ അടിസ്ഥാനമാക്കി ഗുണതയെ വിശദീകരിക്കുകയാണ് പൊതുവെ ചെയ്യുന്നത്. ഇവയെല്ലാം നേരിട്ടു നിരീക്ഷിക്കാനും എളുപ്പത്തിൽ വിലയിരുത്താനും കഴിയും. അതുപോലെ സ്കൂൾ നൽകുന്ന വാഹനസൗകര്യം, യൂനിഫോമിന്റെ നിറം തുടങ്ങിയവയെല്ലാം ഗുണതയുടെ സൂചകങ്ങളായി മാറുന്നു. ഒരുതരത്തിൽ ഇവയെല്ലാം ഗുണതാവിദ്യാഭ്യാസത്തിന് സഹായകമായ ഘടകങ്ങളാവാം. പക്ഷേ, ഇവ മാത്രമാണ് യഥാർഥ വിദ്യാഭ്യാസഗുണത എന്നു നിജപ്പെടുത്തുന്നിടത്താണ് പ്രശ്നം.

2) വിദ്യാഭ്യാസരംഗത്തെ യഥാർഥഗുണത എന്നത് പഠന-ബോധനപ്രവർത്തനം എന്ന കേന്ദ്രഘടകത്തെ അടിസ്ഥാനമാക്കിയാവണം. പാഠപുസ്തകത്തിന്റെയും പഠന-ബോധന ഉപാധികളുടെയും പൊതുസ്വഭാവം, കുട്ടിക്ക് കിട്ടുന്ന പഠനാനുഭവങ്ങൾ, കുട്ടിക്ക് അതിനിർണായക ഇടവും പങ്കാളിത്തവുമുള്ള പഠന-ബോധനപ്രവർത്തനങ്ങൾ, അതിനായി അവലംബിക്കുന്ന പ്രക്രിയകൾ, സമീപനങ്ങൾ, ലാബുകളും ലൈബ്രറികളും പഠനപ്രക്രിയക്ക് സഹായകമാംവിധം ക്രിയാത്മകമായി പ്രയോജനപ്പെടുത്തൽ, വിലയിരുത്താനും മൂല്യനിർണയം ചെയ്യാനും അവലംബിക്കുന്ന തന്ത്രങ്ങൾ, അധ്യാപികയുടെ/അധ്യാപകന്റെ പ്രൊഫഷനലിസം എന്നിവയെല്ലാമാണ് യഥാർഥത്തിൽ ഗുണതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ. ഇതെല്ലാം വ്യക്തമാക്കുന്നത് ഗുണമേന്മ എന്നതിന് വ്യത്യസ്തങ്ങളായ തലങ്ങളുണ്ട് എന്നാണ്. മേൽപ്പറഞ്ഞ ഓരോന്നും ഇതിന്റെ ഘടകങ്ങളാകാം.

അടുത്ത കാലത്തായി കമ്പ്യൂട്ടർ സാങ്കേതികവിദ്യയും ഇ-പഠനവും പഠന-ബോധനപ്രവർത്തനങ്ങളുടെ പ്രധാനപ്പെട്ട സങ്കേതമായി മാറിയിട്ടുണ്ട്. ഇത് അഭിലഷണീയമായ ഒരു മാറ്റമാണ്. എന്നാൽ അധ്യാപകരുടെ അസാന്നിധ്യത്തിൽ സാങ്കേതികവിദ്യയുടെ വിനിയോഗം പഠിതാവിന്റെ പെരുമാറ്റത്തെയും ഭാവിയിലെ സാമൂഹികജീവിതത്തെയും ദോഷകരമായി ബാധിക്കാൻ ഇടയാക്കും എന്ന് അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. സാങ്കേതികവിദ്യ അറിവിന്റെ ശേഖരണത്തിനായി പ്രയോജനപ്പെടുത്താം. പക്ഷേ, യാന്ത്രികമായ ശേഖരണത്തിന് മാനുഷികമുഖം ഉണ്ടാകണമെന്നില്ല. അവിടെയാണ് പ്രൊഫഷനലായ, പുരോഗമനേച്ഛുക്കളായ അധ്യാപകരുടെ സ്ഥാനം. സാങ്കേതികവിദ്യയെ സമൂഹപക്ഷത്തുനിന്ന് പ്രയോജനപ്പെടുത്താനും സാങ്കേതികവൈദഗ്ധ്യം സ്വായത്തമാക്കുന്നതി

ലൂടെ ആർജിക്കുന്ന ആത്മവിശ്വാസവും വിദ്യാഭ്യാസം കൊണ്ട് നേടുന്ന സാമൂഹിക ബോധവും സമന്വയിപ്പിക്കാനും മൂല്യബോധമുള്ള സമൂഹത്തെ വളർത്തിയെടുക്കാനും അധ്യാപകർക്ക് കഴിയും. ഇങ്ങനെ ഇന്നത്തെ വിദ്യാർഥി അവരുടെ സമൂഹത്തിലും ഭാവി യിലെ സമൂഹത്തിലും ജീവിക്കുന്നതിനാവശ്യമായ അറിവും കഴിവും നൈപുണിയും മൂല്യബോധവും ഉള്ളവരായി മാറുന്നതടക്കം എല്ലാം ഗുണമേന്മാവിദ്യാഭ്യാസത്തിന്റെ ഭാഗത്തുനിന്നു വിലയിരുത്തപ്പെടണം.

3) അങ്ങനെയാണെങ്കിൽ പഠനത്തിന്റെ ഭാഗമായി നടക്കുന്ന പ്രക്രിയകൾ അതിനിർണായ കമാകും. പ്രക്രിയാബന്ധിതസമീപനം പഠിതാവിന്റെ പഠനപ്രക്രിയയിലുള്ള സജീവപ ങ്കാളിത്തം ഉറപ്പാക്കുന്നു. പ്രവർത്തനത്തിലുള്ള പങ്കാളിത്തം പഠിതാവിന്റെ ചിന്താപ്രക്രി യയെയും ഇന്ദ്രിയങ്ങളുടെ പ്രയോഗക്ഷമതയെയും വർധിപ്പിക്കാൻ സഹായകമാവും. ഇതിനായി അധ്യാപകർ പഠനത്തിന്റെ ഭാഗമായി പഠിതാക്കൾക്ക് ജനാധിപത്യരീതി കാണിച്ചുകൊടുക്കേണ്ടിവരും. പ്രക്രിയാബന്ധിതമായ പഠനം അറിവിന്റെ നിർമാണ ത്തിനും ചിന്താശേഷിയുടെ വികാസത്തിനും അനിവാര്യമാണെന്ന് ഇതെല്ലാം വ്യക്തമാ ക്കുന്നു. പ്രക്രിയാബന്ധിതപഠനം കുട്ടിക്ക് രണ്ടു രീതിയിൽ പ്രയോജനം ചെയ്യുന്നു. ഒന്ന് ഇത് അറിവിന്റെ നിർമാണത്തിനു സഹായകമാകുന്നു എന്നതും രണ്ടാമത്തേത് ചിന്താ പ്രക്രിയയെ ഉദ്ദീപിപ്പിക്കുന്നു എന്നതുമാണ്. അധ്യാപകർ ജനാധിപത്യപഠനാന്തരീക്ഷ ത്തിൽ ശരിയായ പഠനാനുഭവങ്ങളും മാർഗനിർദേശങ്ങളും നൽകുമ്പോൾ കുട്ടികൾക്കു ലഭിക്കുന്ന ഈ രണ്ടു പ്രയോജനങ്ങളും ഒന്ന് മറ്റൊന്നിനോടു ബന്ധിതവും പരസ്പരം ഉത്തേജിപ്പിക്കാൻ സഹായകവുമാണ്. ചിന്താപ്രക്രിയയിൽ അന്തർലീനമാണ് പ്രവർത്ത നങ്ങൾ ചെയ്യാനുള്ള ശേഷി വർധിക്കുക എന്നത്. അതിനാൽ പ്രക്രിയാബന്ധിതപഠനം ചിന്താപ്രക്രിയയുടെ വികാസത്തെയും പ്രവർത്തനങ്ങളുടെ നിർവഹണത്തെയും പര സ്പരബന്ധിതമായി സഹായിക്കുന്നു. ഒന്ന് മറ്റൊന്നിൽനിന്ന് വേർതിരിക്കാൻ കഴിയില്ല. ഇവിടെ ഏറ്റവും പ്രധാനം തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളാണ്. അത് കുട്ടികൾക്ക് ചെയ്യാൻ പര്യാപ്തമാണോ എന്നും കുട്ടിയുടെ പ്രായത്തിന് അനുയോജ്യമാണോ എന്നും ആ പഠനസന്ദർഭത്തിന് ഉചിതമാണോ എന്നും അധ്യാപകർ മുൻകൂട്ടി വിലയിരു ത്തേണ്ടിവരും. ഉചിതമായ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുന്നതിലും പഠനസന്ദർഭങ്ങൾ ഒരുക്കുന്നതിലും അധ്യാപകപ്രൊഫഷനലിസത്തിന് അതിനിർണായകമായ പങ്കുണ്ട്. ഒരു പുതിയ പ്രവർത്തനം രൂപകൽപ്പനചെയ്യുന്നതിനും അതിനെ ലളിതമായി അവതരി പ്പിക്കുന്നതിനുമുള്ള അധ്യാപകന്റെ / അധ്യാപികയുടെ കഴിവ് അവരുടെ പ്രൊഫഷന ലിസത്തെ ആശ്രയിച്ചിരിക്കുന്നു. ഇതെല്ലാം വ്യക്തമാക്കുന്നത് ചിന്താപ്രക്രിയയെ ഉദ്ദീപി പ്പിക്കുക, ശരിയായ പ്രവർത്തനങ്ങൾ കണ്ടെത്തുക എന്നിവ ഗുണമേന്മയുള്ള വിദ്യാഭ്യാ സപ്രക്രിയയുടെ മുന്നുപാധിയാണ്. ഇതിലതിനിർണായകം അധ്യാപികയുടെ/അധ്യാപ കന്റെ പ്രാപ്തിയും മികവുമാണ്. ചുരുക്കിപ്പറഞ്ഞാൽ, അധ്യാപകരുടെ തൊഴിലിലുള്ള പ്രൊഫഷനലിസം മുമ്പൊന്നുമില്ലാത്തവിധം അനിവാര്യമാകുന്ന സാഹചര്യമാണ് ഇന്നു ള്ളത്. കുട്ടികൾക്കു പഠനാനുഭവം ഒരുക്കുന്നതിനു മുമ്പ് അതിനായി നടത്തുന്ന തയ്യാറെ ടുപ്പ് യഥാർഥത്തിൽ അധ്യാപകപ്രൊഫഷനലിസം വിലയിരുത്താനുള്ള അളവുകോലാ ണ്. അതുകൊണ്ടുതന്നെ ഇന്ന് നടക്കുന്ന അധ്യാപകപരിശീലനങ്ങളുടെയും പുനപ്പരി

ശീലനങ്ങളുടെയും ഉള്ളടക്കവും രീതിശാസ്ത്രവും അധ്യാപകപ്രൊഫഷനലിസം വളർത്താൻ ഉതകുന്നതാണോ എന്നു വിലയിരുത്തേണ്ടതുണ്ട്.

4) പ്രൊഫഷനൽ ധാരണയുള്ള അധ്യാപകസമൂഹത്തിനു മാത്രമേ പ്രക്രിയാബന്ധിതപഠനം യാഥാർഥ്യമാക്കാൻ കഴിയൂ. സ്കൂൾ ഗുണത, പ്രത്യേകിച്ചും പ്രക്രിയാബന്ധിതസമീപനം അധ്യാപകപരിശീലന പദ്ധതിയുമായി പ്രത്യക്ഷമായി ബന്ധിതമാണെന്നു കാണാം. അതുകൊണ്ടുതന്നെ ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നത് പ്രക്രിയാബന്ധിതമായ സമീപനമാണ് എന്ന് ഉൾക്കൊള്ളാൻ കഴിയണം. ദൗർഭാഗ്യവശാൽ ഒരു വലിയ വിഭാഗം വിദ്യാഭ്യാസവിദഗ്ധരും നയരൂപീകരണം നടത്തുന്നവരും കേവല പഠനനേട്ടങ്ങളെയാണ് വിദ്യാഭ്യാസഗുണതയുടെ സൂചകമെന്നു ധരിച്ചുവച്ചിട്ടുള്ളത്. അവർ പഠനനേട്ടങ്ങളെക്കുറിച്ച് പർവതീകരിച്ചു പറയുമ്പോൾ പഠനപ്രക്രിയയെക്കുറിച്ച് പരാമർശിക്കുന്നതേയില്ല. പഠനനേട്ടത്തിൽത്തന്നെ പഠനപ്രക്രിയയുണ്ട് എന്ന് അവർ കരുതുന്നു. പക്ഷേ, ഏതെല്ലാം പ്രക്രിയകൾ ഇതിൽ ഉൾച്ചേർന്നിട്ടുണ്ട് എന്നു ചോദിച്ചാൽ വിശദീകരിക്കാൻ അവർക്ക് കഴിയുന്നുമില്ല. അവസാന ഉത്തരമല്ല, ഉത്തരത്തിലേക്കുള്ള വഴികളാണ്, അതിനുള്ള പ്രക്രിയകളാണ് പ്രധാനം. ജ്ഞാനനിർമിതിക്കായി കടന്നുപോകുന്ന വഴികളും പ്രശ്നം പരിഹരിക്കാൻ നടത്തുന്ന അന്വേഷണങ്ങളുമാണ് യഥാർഥത്തിൽ പരിഗണിക്കപ്പെടേണ്ടതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതും. കേവല പഠനനേട്ടങ്ങൾക്ക് പ്രക്രിയയുടെ ഭാഗമായി നടക്കുന്ന അന്വേഷണങ്ങളുടെയും അതുവഴിയുള്ള നിർധാരണങ്ങളുടെയും പിൻബലമില്ലാതെ നിലനിൽപ്പില്ല. മുമ്പ് കാണാപ്പാഠം പഠിച്ച രീതിക്കപ്പുറം ഇതിന് ഉയരാനുമാവില്ല. വിദ്യാഭ്യാസനയരൂപീകരണം നടത്തുന്നവർ കേവല പഠനനേട്ടങ്ങൾക്ക് അമിതപ്രാധാന്യം നൽകുകയാണെങ്കിൽ താഴെ പറയുന്ന ചോദ്യങ്ങൾക്ക് നാം എന്തു വിശദീകരണം നൽകും? അധ്യാപനത്തിന്റെ ലക്ഷ്യം കേവലം പഠനനേട്ടം ഉയർത്തൽമാത്രമാണോ? സ്കൂൾ എന്നത് പഠനനേട്ടം ഉറപ്പാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുന്ന ഇടം മാത്രമാണോ? ആരാണ് കുട്ടിയുടെ ബഹുമുഖ പ്രതിഭ കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക? ഉത്തരവാദിത്തമുള്ള പൗരരായി വളരാനുള്ള അനുഭവങ്ങൾ കുട്ടികൾക്ക് ആരാണ് ഒരുക്കുക? സാമൂഹികവും വ്യക്തിപരവുമായ പരിവർത്തനത്തിനുള്ള അനുഭവങ്ങൾ ലഭിക്കുന്ന ഇടം എന്ന നിലയിലുള്ള സ്കൂളിന്റെ ധർമം ആരാണ് നിറവേറ്റുക? കേവലം വ്യക്തികളെ വളർത്തുക മാത്രമാണോ വിദ്യാഭ്യാസംവഴി ലക്ഷ്യം വയ്ക്കുന്നത്? അതോ, മാനവികതയുള്ള ഒരു സമൂഹത്തെയാണോ? ഇതുപോലുള്ള നിരവധി ചോദ്യങ്ങൾ ഉയർന്നുവരാം. ആത്യന്തികമായി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്താണ്? എന്തിനു വേണ്ടിയാണ് വിദ്യാഭ്യാസം? കേവലം പഠനനേട്ടങ്ങളോ അക്കാദമികനേട്ടങ്ങളോ മാത്രമായി ഗുണതാവിദ്യാഭ്യാസത്തെ പരിമിതപ്പെടുത്താൻ കഴിയുമോ? ഈ ചോദ്യങ്ങൾ ഗുണതാവിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു നടക്കുന്ന ചർച്ചകളിലും സംവാദങ്ങളിലും ഉയർന്നുവരും. അല്ലെങ്കിൽ ഉയർത്തിക്കൊണ്ടുവരണം.

5) ഗുണത എന്നതിന് പല തലങ്ങളിലുള്ള അർഥമുണ്ടാകും. എന്നാൽ വിദ്യാഭ്യാസപ്രക്രിയയിൽ ഇതിന്റെ യഥാർഥതലം നിലകൊള്ളുന്നത് വിദ്യാഭ്യാസ ഉള്ളടക്കവും ബോധനതന്ത്രങ്ങളും തമ്മിലുള്ള സ്വാഭാവികബന്ധത്തിലാണ്. ഉള്ളടക്കവും ബോധനതന്ത്രവും സ്വാഭാവികമായും പരസ്പരപൂരകങ്ങളാകയാൽ അതുവഴി കുട്ടികൾക്കുണ്ടാകുന്ന നേട്ടം

പലതലങ്ങളിലുമുള്ളതാകും. ഉദാഹരണത്തിന്, അധ്യാപിക/അധ്യാപകൻ നൽകുന്ന പഠനാനുഭവങ്ങൾ, അതിന്റെ സ്വഭാവം, രീതി, കുട്ടികളെ പ്രക്രിയാബന്ധിതപഠനത്തിന് പ്രോത്സാഹിപ്പിക്കുന്ന അധ്യാപികയുടെ/അധ്യാപകന്റെ പ്രവർത്തനങ്ങൾ, അതുവഴി കുട്ടികൾ രൂപപ്പെടുത്തുകയും മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്ന പ്രക്രിയകൾ, അവരുടെ സ്വാഭാവികപ്രതികരണങ്ങൾ എന്നിവയ്ക്കെല്ലാമാണ് ഇവിടെ കൂടുതൽ പ്രാധാന്യം. പഠന ഉള്ളടക്കം പ്രവർത്തനങ്ങളാക്കി അവയെ പ്രായോഗികമാക്കി മാറ്റി യാൽ ഉള്ളടക്കവും ബോധനതന്ത്രങ്ങളും തമ്മിലുള്ള പാരസ്പര്യം പൂർണമാകും. ഈ പ്രക്രിയയിലൂടെ മൂല്യബോധം ഉളവാകാൻ വേണ്ട അവസരമൊരുക്കിയാൽ അത് പഠന ത്തിന്റെ ഗുണതയെ കൂടുതൽ മികവുള്ളതാക്കിമാറ്റും. പഠനപ്രക്രിയയുടെ ഭാഗമായി ജനാധിപത്യത്തിന്റെയും തുല്യതയുടെയും സാമൂഹികനീതിയുടെയും അംശങ്ങൾ സ്വാംശീകരിക്കാനുള്ള അവസരമൊരുക്കിയാൽ തനിക്കു ചുറ്റുമുള്ള അസമത്വത്തിന്റെ യും അനീതിയുടെയും തലങ്ങൾ വിമർശനാത്മകമായി നോക്കിക്കാണാനുള്ള കഴിവ് കുട്ടികളിൽ വർധിക്കും. ചുറ്റുപാടുകളിൽ നടക്കുന്ന അരുതായ്മകളെയും അസമത്വ ങ്ങളെയും തിരിച്ചറിയാൻ പ്രാപ്തമാക്കൽ കൂടിയാകണമല്ലോ വിദ്യാഭ്യാസം. ഉള്ളട ക്കവും ബോധനതന്ത്രങ്ങളും തമ്മിൽ ബന്ധമില്ലാഞ്ഞാൽ വിദ്യാഭ്യാസത്തിന്റെ വിമോച നദൗത്യം കുട്ടികൾക്ക് തിരിച്ചറിയാൻ കഴിയാതെവരും. മാത്രവുമല്ല, വിദ്യാഭ്യാസവും മൂല്യബോധവും തമ്മിൽ യാതൊരു ബന്ധവുമില്ല എന്ന ധാരണ വികസിച്ചുവരുകയും ചെയ്യും. ഒരു ജനാധിപത്യസമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത വികൃതമായ ഒരവ സ്ഥയാകും അത്. ഈ അവസ്ഥയെക്കുറിച്ചും അതിനിടയായ കാരണങ്ങളെക്കുറിച്ചും ഒരു പരിഷ്കൃതസമൂഹം ഒട്ടനവധി ചോദ്യങ്ങൾ സ്വാഭാവികമായും ഉയർത്തും.

വിദ്യാഭ്യാസത്തിന്റെ യഥാർഥ ലക്ഷ്യങ്ങൾ സാർഥകമാക്കാൻ ഏറ്റവും കൂടുതൽ കഴി യുക അധ്യാപകർക്കാണ്. എന്നാൽ, അധ്യാപകർ പൊതുവേ ഏതെങ്കിലും ഒരു വിഷയ ത്തിന്റെ ഉള്ളടക്കം വിനിമയം ചെയ്തു തീർക്കുക എന്നതിനാണ് പ്രാധാന്യം നൽകുന്ന ത്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസപ്രക്രിയയിലൂടെ കുട്ടികൾ സ്വായത്തമാക്കേണ്ട വിമർശനാവബോധമോ ജനാധിപത്യസമൂഹത്തിൽ നിശ്ചയമായും ഉളവാകേണ്ട പൗര ബോധമോ സൃഷ്ടിക്കാൻ സ്കൂൾവിദ്യാഭ്യാസത്തിന് കഴിയാതെപോകുന്നു. ജീവിത ത്തിൽ, കുടുംബത്തിൽ, ജനാധിപത്യസമൂഹത്തിൽ നിലനിൽക്കാനാവശ്യമായ സാമൂ ഹികാവബോധമോ മൂല്യബോധമോ പരിഗണിക്കാതെ വിദ്യാഭ്യാസഗുണതയെക്കുറിച്ച് ചർച്ചചെയ്യാൻ കഴിയില്ല. ഇതെല്ലാം വ്യക്തമാക്കുന്നത് അധ്യാപകപ്രൊഫഷനലിസം സംബന്ധിച്ച് വ്യക്തമായ ധാരണയും കാഴ്ചപ്പാടും അധ്യപകരിലുണ്ടാക്കാൻ ആവശ്യ മായ പ്രവർത്തനപദ്ധതി വേണമെന്നാണ്.

6) അധ്യാപനത്തെ കേവലമായ ഒരു തൊഴിലായി കാണാൻ കഴിയില്ല. അതൊരു വൈജ്ഞാനികപ്രവർത്തനമാണ്. വിജ്ഞാനത്തെ കേന്ദ്രീകരിച്ചു നടക്കുന്ന ഒരു പ്രവർത്തനമാണ് അധ്യാപനം എന്നതിനാൽ പുതിയ ചിന്തകളും ആശയങ്ങളും നിരന്ത രമായി ഉൾക്കൊണ്ടുകൊണ്ട് അധ്യാപകമനസ്സിനെ പുതുക്കിക്കൊണ്ടേയിരിക്കണം. വിജ്ഞാനപ്രധാനമായ തൊഴിൽ തുറകളിലൊന്നാണ് അധ്യാപനം. ലോകത്ത് ആരോ ഗ്യരംഗത്തുണ്ടാകുന്ന പുത്തൻ അറിവുകൾ ഉൾക്കൊള്ളാതെ ഒരു ഡോക്ടർക്ക് ശരി യായ സേവനം നൽകാൻ കഴിയില്ല. ആന്തരികഘടന (അനാറ്റമി), ശരീരധർമശാസ്ത്രം

(ഫിസിയോളജി) എന്നിവയിലുണ്ടാകുന്ന പുതിയ അറിവുകൾ സ്വാംശീകരിക്കാതെ ഡോക്ടർക്ക് ഓപറേഷൻ നടത്താനോ ആധുനികചികിത്സ നൽകാനോ കഴിയില്ല. വൈദ്യശാസ്ത്രം അതിന്റെ അടിസ്ഥാനതത്ത്വങ്ങളിൽനിന്ന് വ്യതിചലിച്ചാൽ രോഗിയുടെ ജീവൻ അപകടത്തിലാകും. ഇതുപോലെത്തന്നെയാണ് വിദ്യാഭ്യാസവും. ഉള്ളടക്കവും ബോധനതന്ത്രങ്ങളും തമ്മിലുള്ള ബന്ധം കാണാതെപോകുന്നത് ശാരീരികധർമശാസ്ത്രവും ആന്തരികഘടനയും തമ്മിലുള്ള ബന്ധം കാണാതെ ചികിത്സിക്കുന്നതിനു തുല്യമാണ്. ഇതെല്ലാം വ്യക്തമാക്കുന്നത് നിലവിലുള്ള അധ്യാപകപരിശീലന പദ്ധതികളും പ്രൊഫഷനൽ വികസനപദ്ധതികളും വിമർശനാത്മകമായി ആഴത്തിൽ പരിശോധിക്കേണ്ടതുണ്ട് എന്നാണ്.

7) അറിവിന്റെ അടിത്തറയും അധ്യാപനവും പരസ്പരബന്ധിതമാണ്. സ്കൂൾ ഒരു പഠനസങ്കേതമാണ്. ഒരു പഠനസങ്കേതത്തിലുള്ളവരെല്ലാം (പ്രിൻസിപ്പലും മറ്റ് അധ്യാപകരും) മാറ്റത്തിന്റെ യഥാർഥ വാഹകരാണ്. അവർ പഠനസങ്കേതത്തിലെ അടിസ്ഥാനലക്ഷ്യങ്ങൾ സാർഥകമാക്കാൻ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി പാഠ്യപദ്ധതിവിനിമയം, അതിനാവശ്യമായ പ്രക്രിയകൾ, വിവിധ സ്രോതസ്സുകളിൽനിന്നു വിവരങ്ങൾ ശേഖരിക്കൽ, ലഭ്യമായ വിവരങ്ങളെ ബന്ധിപ്പിക്കൽ, അതനുസരിച്ച് പ്രശ്നങ്ങൾ അപഗ്രഥിക്കൽ, അതനുസരിച്ച് വസ്തുതകൾ തിരിച്ചറിയൽ, അതുവഴി അതുവരെയുണ്ടായ ധാരണകളിൽ മാറ്റം വേണമെങ്കിൽ അതുൾക്കൊള്ളൽ എന്നിവയെല്ലാം പഠനപ്രവർത്തനങ്ങളുടെ ഭാഗമാണ്. ശരിയായ പഠനം ഈ പ്രക്രിയകളിലൂടെയെല്ലാമുള്ള കടന്നുപോകലാണ്. അതുവഴി ഒരു വസ്തുതയെക്കുറിച്ച്, അതുവരെയുള്ള ധാരണകളെ ബലപ്പെടുത്തലോ മാറ്റങ്ങൾ വരുത്തലോ ആണ്. ഈ പ്രക്രിയയാണ് ഒരു പ്രൊഫഷനൽ സമീപനത്തിലുണ്ടാവുക. ഇത് തുടർച്ചയായി നടന്നുകൊണ്ടിരിക്കും. ഈ രീതിശാസ്ത്രം അനുസ്യൂതം തുടരാൻ വേണ്ട അന്തരീക്ഷസൃഷ്ടിയും സാഹചര്യസൃഷ്ടിയുമാണ് പ്രൊഫഷനലായ അധ്യാപകർ തുടർച്ചയായി ചെയ്യേണ്ടത്. ഇതിന്റെ നൈരന്തര്യം അതുവഴി ഉറപ്പാക്കുകയും ചെയ്യും. ആന്തരികമായി നടക്കുന്ന ഈ പരസ്പരബന്ധം അധ്യാപകരുടെ പ്രൊഫഷനൽ വളർച്ചയ്ക്കും നിലനിൽപ്പിനും സഹായകമാകും. ഇത്തരം ഒരു പ്രക്രിയ പഠനസങ്കേതത്തെ നിരന്തരം നവീകരിച്ചുകൊണ്ടിരിക്കും. ഇതിനെല്ലാം സഹായകമാകുംവിധം, നിലനിൽക്കുന്ന വിദ്യാഭ്യാസഘടനയിൽ മാറ്റങ്ങളും അനിവാര്യമാകും. പഠനസങ്കേതത്തിന്റെ നവീകരണവും ഘടനാപരമായ മാറ്റങ്ങളും പരസ്പരപൂരകമായി നിരന്തരം നടക്കേണ്ട ഒന്നാണ്.

8) കേരളത്തിലെ ഔപചാരികവിദ്യാഭ്യാസഘട്ടങ്ങൾ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിങ്ങനെയാണ്. ഈ വിവിധ ഘട്ടങ്ങൾ എല്ലാം ചില സ്കൂളികളിലുണ്ടാകാം. മറ്റു ചില സ്കൂളുകളിൽ ഭാഗികമായും ഉണ്ട്. ഈ ഘട്ടങ്ങളിൽ ചിലത് വ്യത്യസ്തങ്ങളായ നിയന്ത്രണ സംവിധാനങ്ങൾക്കു കീഴിലാണ്. അത് ഒരേ കാംപസിൽത്തന്നെ വ്യത്യസ്തങ്ങളായ അധികാരകേന്ദ്രങ്ങൾക്ക് കാരണമാകുന്നു. ഒരു കാംപസിൽ അധികാരകേന്ദ്രങ്ങൾ എത്രകണ്ട് കുറയുന്നുവോ, അത്രകണ്ട് അവിടെ ക്ഷമതയും കാര്യശേഷിയും വർധിക്കും. കുട്ടികളുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും അതിനാവശ്യമായ വിദ്യാഭ്യാസത്തിനുമാണ് സമൂഹം വിദ്യാഭ്യാസസംവിധാനം ഉണ്ടാക്കിയത്. കുട്ടികളുടെ വികാ

സത്തിന് അനുയോജ്യവും അനുഗുണവുമായി വേണം കാംപസിന്റെ സംഘാടനം. കുട്ടികളുടെ വളർച്ചയുമായി ബന്ധപ്പെട്ട് നിരവധി വികാസഘട്ടങ്ങളുണ്ട്. ശാരീരികം, സാമൂഹികം, വൈകാരികം, മാനസികം അഥവാ ബൗദ്ധികം തുടങ്ങിയ ഘടകങ്ങളെല്ലാം കുട്ടികളുടെ വളർച്ചയെ സ്വാധീനിക്കുന്നു. കുട്ടിയുടെ പെരുമാറ്റത്തെയും വിവിധ വളർച്ചാഘട്ടങ്ങൾ സ്വാധീനിക്കുന്നുണ്ട്. ഉദാ. ബാല്യം (Infancy), ആദ്യഘട്ട കുട്ടിക്കാലം (Early childhood), കുട്ടിക്കാലത്തിന്റെ അവസാനം (Late childhood), കൗമാരത്തിന്റെ പ്രാരംഭം (Pre adolecent), കൗമാരം (Adolecent), കൗമാരത്തിന്റെ അവസാനം (Late adolecent) എന്നിങ്ങനെ വിവിധ ഘട്ടങ്ങളാക്കി വളർച്ചയെയും വികാസത്തെയും വർഗീകരിക്കാം. വിദ്യാഭ്യാസപരമായ സംഘാടനസൗകര്യത്തിനായി ഈ ഘട്ടങ്ങളെയെല്ലാം പൊതുവായ പെരുമാറ്റരീതിവച്ച് രണ്ടായി തിരിക്കാം. ഒന്ന് കുട്ടിക്കാലം (Childhood), രണ്ട് കൗമാരം (Adolescent). ഈ വികാസഘട്ടങ്ങളിൽ ഒന്നിന്റെ സ്വാഭാവിക തുടർച്ചയാണ് രണ്ടാമത്തേത്. കുട്ടിയുടെ വളർച്ചയുടെയും വികാസത്തിന്റെയും പാതയിൽ സ്വാഭാവികമായും വന്നുചേരുന്നതാണ് വികാസഘട്ടങ്ങളെല്ലാം. അതിൽ കടന്നുവരുന്ന ഘട്ടങ്ങളെല്ലാം തുടർന്നുവരുന്ന ഘട്ടങ്ങളുടെ അടിത്തറയിലായിരിക്കും മുന്നോട്ടുപോവുക. അതുകൊണ്ടുതന്നെ ഓരോ വികാസഘട്ടത്തിലും നേടേണ്ട സ്വഭാവസവിശേഷതകൾ അതത് ഘട്ടത്തിൽ ആർജിച്ചില്ലെങ്കിൽ തുടർഘട്ടങ്ങളിൽ അത് പ്രതിസന്ധികളുണ്ടാക്കും. ഇത് വ്യക്തമാക്കുന്നത് വികാസഘട്ടങ്ങൾ പരസ്പരബന്ധിതമാണെന്നും സ്വാഭാവിക നൈരന്തര്യമുണ്ടാകണമെന്നുമാണ്. കുട്ടികളുടെ വികാസഘട്ടവും കുട്ടി കടന്നുപോവുന്ന സ്കൂൾഘട്ടവും തമ്മിൽ ബന്ധമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, കുട്ടിക്കായി വികസിപ്പിക്കുന്ന വിദ്യാഭ്യാസപദ്ധതികളും വികാസഘട്ടങ്ങളും തമ്മിൽ പൊരുത്തപ്പെടുത്തി വേണം ആസൂത്രണം ചെയ്യേണ്ടത്. കുട്ടികളുടെ വളർച്ചയുടെയും വികാസത്തിന്റെയും വിശാലഘട്ടങ്ങൾക്കനുസൃതമായി സ്കൂൾഘട്ടത്തെ ക്രമപ്പെടുത്തുന്നതാണ് അഭികാമ്യം. അങ്ങനെവന്നാൽ കുട്ടിക്കാലം (Childhood) സ്കൂൾ വിദ്യാഭ്യാസത്തിലെ പ്രൈമറി ഘട്ടമായും കൗമാരം (Adolecent) സെക്കന്ററി ഘട്ടമായും പരിഗണിക്കാം. അതുകൊണ്ട് വികാസമേഖലകളിലെ ഈ ഓരോ ഘട്ടത്തിന്റെയും സവിശേഷതകളും ആവശ്യകതകളും പരിഗണിച്ച് വിദ്യാഭ്യാസത്തിന്റെ നാനാഘടകങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയും. വിദ്യാഭ്യാസത്തിന്റെയും വിദ്യാലയത്തിന്റെയും ക്ഷമതയും ഗുണതയും ഉറപ്പാക്കാൻ വേണ്ട സ്ഥാപനപരമായ ഘടകങ്ങളുടെ ശാസ്ത്രീയമായ വിന്യാസം ഇതുവഴി സാധിക്കും.

9) ഇത് നിലവിലുള്ള സ്കൂൾഘടനയിൽ കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാക്കും. ഈ രീതിയിലുള്ള പരിവർത്തനം സ്കൂൾസംവിധാനത്തെ പൊതുവെ പ്രൈമറി എന്നും സെക്കന്ററി എന്നും വിശാലാർഥത്തിൽ പരിഗണിക്കണമെന്ന് ആവശ്യപ്പെടുന്നു. പ്രൈമറിയുടെ സ്വാഭാവിക തുടർച്ചയാകും സെക്കന്ററി. അതുപോലെ സെക്കന്ററിയുടെ അടിത്തറയാകും പ്രൈമറിഘട്ടം. ഈ നിലപാട് പല കാര്യങ്ങളിലും ഒട്ടനവധി മാറ്റങ്ങൾ അനിവാര്യമാക്കും. പാഠ്യപദ്ധതി, പഠനപ്രക്രിയകൾ, അധ്യാപികയുടെ/അധ്യാപകന്റെ ജ്ഞാനതലം, വിലയിരുത്തൽ എന്നിവയെല്ലാം കുട്ടിയുടെ വികാസമേഖലകളുടെയും വളർച്ചയുടെയും വികാസത്തിന്റെയുംകൂടി അടിസ്ഥാനത്തിൽ പുനരവലോകനം ചെയ്യേണ്ടിവരും. ഒരു തലത്തിൽനിന്ന് അടുത്ത തലത്തിലേക്ക് കരിക്കുലത്തിന്റെ സ്വാഭാവിക

വികാസമുണ്ടാകണം എന്നതിന് പഠിതാവിന്റെയും അധ്യാപികയുടെയും/ അധ്യാപക ന്റെയും പക്ഷത്തുനിന്നു നോക്കുമ്പോൾ പ്രത്യേക അർഥതലങ്ങളുണ്ട്.

10) ഡോക്ടറായാലും എൻജിനിയറായാലും അധ്യാപകരായാലും പ്രൊഫഷനലിസം പ്രകട മാകുന്നത് പ്രവർത്തനത്തിലൂടെയാണ്. യഥാർഥ പ്രവർത്തനമണ്ഡലത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളെയും തരണംചെയ്യാൻ എത്രമാത്രം കഴിവും പ്രാപ്തിയും ഒരു വ്യക്തിക്കുണ്ട് എന്നതിൽനിന്ന് അവരുടെ പ്രൊഫഷനൽ തലം മനസ്സിലാക്കാം. മറ്റെല്ലാ മേഖലകളിലുമെന്നപോലെ അധ്യാപകരുടെ പ്രൊഫഷന ലിസത്തിന്റെ ആധാരഘടകങ്ങളിലൊന്ന് അവരുടെ വൈജ്ഞാനിക അടിത്തറയും വ്യാപ്തിയുമാണ്. ഇത് കേവലം വിഷയത്തിലുള്ള അറിവിന്റെ ആഴവും പരപ്പും മാത്ര മല്ല, ബോധനതന്ത്രങ്ങളിലുള്ള അവരുടെ പരിജ്ഞാനവും കൂടിച്ചേർന്നതാണ്. അതാണ് അവരെ യഥാർഥ അധ്യാപകരാക്കിമാറ്റുന്നത്. വിഷയമേഖലയിലും ബോധനശാസ്ത്രരം ഗത്തും ആഴത്തിലുള്ള അറിവ് അധ്യാപകർക്ക് അനിവാര്യമാണ് എന്നതാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. എങ്കിൽ മാത്രമേ ഓരോ പ്രവർത്തനത്തിലും ഒരു ജ്ഞാനതലമുണ്ട് എന്ന് അധ്യാപകർക്ക് മനസ്സിലാക്കാനാകൂ. ഇവിടെയാണ് അധ്യാപകരുടെ അക്കാദമിക പഠനയോഗ്യത പരിഗണിക്കേണ്ടിവരുന്നത്. മറ്റൊരു തരത്തിൽ ഇത് പരിഗണിക്കാനുള്ള വഴികൾ ഇന്ന് നമുക്കില്ല. പ്രൈമറിതലത്തിൽ അധ്യാപകരാകാൻ നമ്മുടെ സംസ്ഥാനം നിജപ്പെടുത്തിയിരിക്കുന്നത് ഹയർ സെക്കന്ററിയും ഡി.എൽ.എഡ്. എന്ന യോഗ്യത യുമാണ്. സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിലേക്ക് പോകുംതോറും യോഗ്യ താമാനദണ്ഡം ബിരുദവും ബിരുദാനന്തരബിരുദവുമായി മാറുന്നു.

കുട്ടികളുടെ വിദ്യാഭ്യാസ അടിത്തറയിടേണ്ട പ്രൈമറിതലം അതിപ്രധാനമാണ്. ഈ ഘട്ടത്തിൽ ശരിയായ ശാരീരിക, സാമൂഹിക, വൈകാരിക, മാനസിക വികാസം ഉറപ്പാക്കാൻ കഴിയണം. ഉയർന്ന ജ്ഞാനതലമുള്ള അധ്യാപകർ കുട്ടികളുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും യഥാർഥത്തിൽ ഈ ഘട്ടത്തിലും അനിവാര്യമാണ്. സ്കൂൾവിദ്യാഭ്യാസവും വിദ്യാഭ്യാസത്തിലുള്ള ഡിപ്ലോമയുമുണ്ടായാൽ പ്രൈമറിതല ത്തിൽ അധ്യാപകരാവാൻ നമ്മുടെ സംസ്ഥാനത്ത് കഴിയും. വിദ്യാഭ്യാസത്തിനും വിദ്യാ ഭ്യാസഗുണതയ്ക്കും പ്രാധാന്യം നൽകുന്ന രാഷ്ട്രങ്ങൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഉയർന്ന യോഗ്യതയുള്ള അധ്യാപകരെയാണ് നിയമിക്കുന്നത്. ഉദാഹരണ ത്തിന്, ഫിൻലാൻഡ് പോലുള്ള രാജ്യങ്ങൾ വിദ്യാഭ്യാസത്തിന്റെ ഏതു ഘട്ടമായാലും ബിരുദാനന്തരബിരുദമുള്ളവരെയാണ് അധ്യാപകരായി നിയമിക്കുന്നത്. ഏതു വിദ്യാഭ്യാ സഘട്ടത്തിലേക്കാണോ നിയമനം പ്രതീക്ഷിക്കുന്നത്, ബിരുദാനന്തരബിരുദത്തിനു ശേഷം പ്രസ്തുതഘട്ടത്തെക്കുറിച്ച് സ്പെഷ്യലൈസ് ചെയ്യണം. മാത്രവുമല്ല, പ്രസ്തുത ഘട്ടത്തെക്കുറിച്ച് ബിരുദാനന്തരതലത്തിൽ ഒരു ഗവേഷണപ്രബന്ധവും (തീസിസ്) തയാറാക്കണം. ഇതെല്ലാം വ്യക്തമാക്കുന്നത് ഗുണതാവിദ്യാഭ്യാസം നല്ല ജ്ഞാനതല മുള്ള അധ്യാപകരെ ആവശ്യപ്പെടുന്നു എന്നാണ്. അറിവിന് അതിനിർണായക സ്വാധീന മുള്ള ഈ കാലത്ത് അതിന്റെ നിർമിതിക്ക് അറിവിന്റെ വിശാലതലമുള്ള അധ്യാപകർ അനിവാര്യമാകും. അതുകൊണ്ടുതന്നെ മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി അധ്യാ പകരുടെ ചുരുങ്ങിയ യോഗ്യത സംബന്ധിച്ച് പുനരാലോചന ആവശ്യമായിവരും. നില വിലുള്ള പാഠ്യപദ്ധതി ആവശ്യപ്പെടുന്ന പ്രക്രിയാബന്ധിത പഠനത്തിനും ഓരോ പഠനവ

സ്തുതയെയും അർഥപൂർണമായ പ്രവർത്തനങ്ങളാക്കി മാറ്റാനും അധ്യാപകരുടെ അറിവിന്റെ തലം പ്രധാനമാണ്. ജ്ഞാനനിർമിതിസാധ്യതകളെയെല്ലാം പ്രയോജനപ്പെടുത്താൻ സഹായകമാകുംവിധം അധ്യാപകയോഗ്യത സംബന്ധിച്ച് പുനരാലോചിക്കുമ്പോൾ, പ്രൈമറിതലത്തിലുള്ള അധ്യാപകർക്ക് ബിരുദം അടിസ്ഥാന അക്കാദമിക യോഗ്യതയാകണം. അതുപോലെ പ്രൊഫഷനൽ യോഗ്യതയും ബിരുദനിലവാരത്തിലുള്ളതാകണം. സെക്കന്ററി തലത്തിൽ അടിസ്ഥാന അക്കാദമികയോഗ്യത ബിരുദാനന്തര ബിരുദവും പ്രൊഫഷനൽ യോഗ്യത ബിരുദനിലവാരത്തിലുള്ളതുമാകണം. അധ്യാപക യോഗ്യത പരിഗണിക്കുന്നതിനായി മൊത്തം സ്കൂൾഘട്ടത്തെ പ്രൈമറി എന്നും സെക്കന്ററി എന്നും രണ്ടായി പരിഗണിക്കുന്നതാണ് ഉചിതം. പ്രൈമറിയുടെ സ്വാഭാവിക തുടർച്ചയായി സെക്കന്ററിഘട്ടത്തെ കാണണം. കുട്ടിയുടെ സ്വാഭാവികമായ ശാരീരിക, മാനസിക, വൈകാരിക, സാമൂഹികവളർച്ചയും വികാസവും ഒരു ഘട്ടത്തിന്റെ തുടർച്ച എന്ന നിലയിലാണ് അടുത്ത ഘട്ടത്തെ സമീപിക്കേണ്ടത്.

11) ഗുണതയിലേക്കുള്ള മുന്നേറ്റത്തിന് എളുപ്പവഴികളില്ല. എന്നാൽ യോഗ്യതയിലെ മാറ്റങ്ങൾ ഒരു സുപ്രഭാതത്തിൽ പൊടുന്നനേ നടപ്പാക്കാൻ പല കാരണങ്ങളാലും ബുദ്ധിമുട്ടുണ്ടാകും. ഇതിനായി സമയബന്ധിതമായ ആസൂത്രണം ഉണ്ടാകണം. സംവിധാനത്തെയും സമൂഹത്തെയും ഇതിനായി സജ്ജമാക്കേണ്ടതുണ്ട്. അധ്യാപനം കേവലം ഒരു തൊഴിൽ എന്നതിനപ്പുറം ജ്ഞാനോൽപ്പാദനത്തിനും കുട്ടികളുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും സഹായിക്കുന്ന പ്രൊഫഷൻ എന്ന നിലയിൽ പരിഗണിച്ചാൽ അധ്യാപകരുടെ പ്രൊഫഷനലിസം ഉറപ്പാക്കുന്നതിനാവശ്യമായ അക്കാദമികപദ്ധതികൾ അനിവാര്യമാകും. അധ്യാപകബിരുദമടക്കം ലഭിക്കുന്ന 4-6 വർഷം നീണ്ടുനിൽക്കുന്ന ഉദ്ഗ്രഥിത ബിരുദ-ബിരുദാനന്തര കോഴ്സുകളെക്കുറിച്ച് ആലോചനകൾ ആവശ്യമായിവരും. അതുകൊണ്ട് ലോവർ പ്രൈമറി തലത്തിലടക്കം ബിരുദം അടിസ്ഥാനയോഗ്യതയാകണം എന്നത് സമയമെടുത്ത് ചെയ്യേണ്ട ഒരു കാര്യമാണ്. ഇതിനായി വളരെ വ്യക്തമായ അക്കാദമികാസൂത്രണം അനിവാര്യമാണ്. ഏതു തരം മാറ്റങ്ങളുടെയും പൊതുലക്ഷ്യം വിദ്യാഭ്യാസത്തിലെ സാമൂഹികനീതി, തുല്യത, ഗുണത എന്നിവ ഉറപ്പാക്കലാണ്. അതുപോലെ പ്രധാനമാണ് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങൾ ഉളവാക്കുക എന്നത്. അവസാന കുട്ടിക്കുപോലും നീതിയും ഗുണതയുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കിയാലേ നാം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടും നിലപാടും സാർഥകമായി എന്നു പറയാൻ കഴിയൂ.

12) ഗുണതാവിന്യാസത്തിനുള്ള എല്ലാവിധ നൂതനശ്രമങ്ങളും പ്രഥമപരിഗണന നൽകുന്നത് അധ്യാപകർക്കും അധ്യാപകരെ സജ്ജരാക്കുന്ന പ്രക്രിയയ്ക്കുമാണ്. ഉപരിപ്ലവമായ ബൗദ്ധികവ്യവഹാരങ്ങൾക്ക് ഊന്നൽ നൽകുന്നതാണ് നിലവിലുള്ള പ്രക്രിയകൾ എന്ന വിമർശനമുണ്ട്. പാഠ്യപദ്ധതിയും പഠനവും അതിന് ആവശ്യമായ സജ്ജീകരണങ്ങളും വേണ്ടരീതിയിൽ ബന്ധിപ്പിക്കുന്നില്ല എന്നതും വിമർശനത്തിന് വഴിതെളിയിക്കുന്നു. പാഠ്യപദ്ധതിയും പഠനവും തമ്മിലുള്ള അതിസങ്കീർണമായ പാരസ്പര്യം പരിഗണിക്കാതെപോകുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് അധ്യാപകർക്ക് പഠനത്തിന്റെയും ബോധനത്തിന്റെയും ശാസ്ത്രീയരീതികൾ ഉൾക്കൊള്ളാനാവുന്നവിധം അധ്യാപകവിദ്യാഭ്യാസവും സേവനകാല പരിശീലനങ്ങളും മാറണമെന്നാണ്. എങ്കിലേ കാലവും സമൂഹവും ആവ

ശ്യപ്പെടുന്ന പ്രൊഫഷനലിസം അധ്യാപകരിൽ ഉളവാക്കാൻ കഴിയൂ. ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്നപോലെ ഇന്ന് തുടർന്നുപോരുന്ന ബോധനത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും സൈദ്ധാന്തികചട്ടക്കൂടുകളും വിമർശനബുദ്ധിയോടെ വിലയിരുത്തുകയും ആവശ്യമായ പരിവർത്തനങ്ങൾ വരുത്തുകയും വേണം. അറിവിന്റെ പുതിയ വാതായനങ്ങൾ അനുനിമിഷം തുറന്നുകൊണ്ടിരിക്കുന്ന ലോകക്രമത്തിൻ അതനുസരിച്ചുള്ള പരിവർത്തനങ്ങൾ വിദ്യാഭ്യാസത്തിലും വേണ്ടിവരും. പുതിയ മാറ്റങ്ങൾ ആവശ്യമാകുന്ന ഘട്ടത്തിൽ എന്താണ് മാറ്റം, എന്തിനാണ് മാറ്റം, എങ്ങനെയാണ് മാറ്റം എന്നതെല്ലാം നിരന്തരം സംവദിക്കപ്പെടണം. അത്തരം സംവാദത്തിൽ, എന്താണ് പുതിയ പാഠ്യപദ്ധതി? എന്തുകൊണ്ടാണ് ഇത് ആവശ്യമായിവന്നത്? പുതിയ ആശയങ്ങളും പ്രയോഗങ്ങളും ആവശ്യമാണോ? എങ്കിൽ എങ്ങനെയാണവ നടപ്പാക്കുക? വിദ്യാഭ്യാസത്തിലെ എല്ലാ വിഭാഗം പ്രയോക്താക്കളെയും എങ്ങനെയാണ് ഈ പരിവർത്തനത്തിന്റെ സജീവ ഭാഗമാക്കുക? മത്സരാധിഷ്ഠിതവും ലാഭചോദിതവും മനുഷ്യത്വരഹിതവുമായ ഒരു സമൂഹക്രമത്തിൽനിന്നു മുക്തമായി അറിവിനെ സമൂഹപക്ഷത്തുനിന്നു പ്രയോജനപ്പെടുത്തി ജനാധിപത്യനിലപാടും മാനവികകാഴ്ചപ്പാടും എങ്ങനെ വികസിപ്പിക്കാം? ഇങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ പ്രസ്തുത സംവാദത്തിൽ ഉയർന്നുവരണം. ഇത്തരം സംവാദങ്ങളിലൂടെ മാത്രമേ അധ്യാപകർക്ക് നിലനിൽക്കുന്ന രൂഢമൂലമായ പല അശാസ്ത്രീയനിലപാടുകളും വിശ്വാസപ്രമാണങ്ങളും തിരിച്ചറിയാനും അതിൽനിന്നു മാറി ശാസ്ത്രീയവും പുരോഗമനപരവുമായ വിദ്യാഭ്യാസനിലപാടിലേക്ക് എത്തിച്ചേരാനും കഴിയൂ. കേവലം ശില്പശാലകളിലൂടെയും കോഴ്സുകളിലൂടെയും മാത്രം നേടാൻ കഴിയുന്നതല്ല ആധുനിക കാഴ്ചപ്പാടും ജനാധിപത്യനിലപാടുകളും. അതിന് നിരന്തരമായ പഠനം അനിവാര്യമാണ്. ഇത്തരം നിരന്തരപഠനങ്ങളും അന്വേഷണങ്ങളുമാണ് അധ്യാപകരിലെ പ്രൊഫഷനലിസം വികസിപ്പിക്കുന്നത്. ഇത്തരം പഠനങ്ങളും അന്വേഷണങ്ങളും അധ്യാപകരുടെ ജീവിതരീതിയാകണം, ഒരു സംസ്കാരമാകണം. ഇത്തരം സംസ്കാരമുള്ള അധ്യാപകരാണ് വിദ്യാർഥികളിലൂടെ, സമൂഹത്തിലൂടെ എന്നും ജീവിക്കുന്നത്. ഇത്തരം പ്രൊഫഷനലിസം ഒറ്റയ്ക്ക് മാത്രമുണ്ടാക്കാവുന്ന ഒന്നല്ല. അതിന് വേണ്ട കൂട്ടായ പഠനത്തിനുള്ള സാഹചര്യമുണ്ടാകണം. നിരന്തരം പഠിക്കാനും അന്വേഷിക്കാനുമുള്ള അവസരങ്ങളും സാഹചര്യങ്ങളും ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഓരോ വിഷയമേഖലയിലും ഉണ്ടാകുന്ന നവീനമായ അറിവുകൾ അധ്യാപകർ സ്വായത്തമാക്കണം. കുട്ടികളുടെ കഴിവുകൾ, പഠനരീതി, അഭിരുചി, നിലപാടുകൾ, സമീപനം എന്നിവയിലെ വൈവിധ്യം ഉൾക്കൊള്ളാനും അംഗീകരിക്കാനും കഴിയുന്ന അധ്യാപകർക്കുമാത്രമേ അധ്യാപനം ആനന്ദകരമാകൂ. ഇവർ കുട്ടികളിലെ കഴിവുകളുടെ വൈവിധ്യത്തെ, വൈജാത്യത്തെ നിരന്തരമായി കണ്ടെത്തി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കും. എല്ലാ അധ്യാപകരും ഓരോ കുട്ടിയിലും ഒരു മാനവൻ അടങ്ങിയിട്ടുണ്ട് എന്നറിഞ്ഞുകൊണ്ട് പുതിയ സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തി സ്വന്തം ചിന്താശേഷി വികസിപ്പിച്ചുകൊണ്ട്, സ്വന്തം അനുഭവങ്ങളിൽ നിന്നും സഹപ്രവർത്തകരുടെ അനുഭവങ്ങളിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, അനുഭവങ്ങളെ സാമാന്യവൽക്കരിച്ച്, അധ്യാപനത്തിന്റേതായ പുത്തൻ അറിവുകളുടെ സ്രഷ്ടാക്കളായി പ്രൊഫഷനൽ പാത

യിലേക്കു മുന്നേറേണ്ടതുണ്ട്. ഇങ്ങനെ വികസിച്ചുവരുന്ന അധ്യാപക പ്രൊഫഷനലിസമാണ് ഗുണതാവിദ്യാഭ്യാസത്തിന്റെ അതിനിർണായക ഘടകം.

ഈ റിപ്പോർട്ട് തയാറാക്കുന്ന വേളയിൽ വിദഗ്ധസമിതിയുടെ ചർച്ചകളെയെല്ലാം സ്വാധീനിച്ചത് മേൽപ്പറഞ്ഞ സമീപനവും കാഴ്ചപ്പാടുമാണ്. അതുകൊണ്ടുതന്നെ വിദഗ്ധസമിതിനിലപാടിലും ശുപാർശകളിലും ഈ സമീപനത്തിന്റെ അംശങ്ങൾ പ്രതിഫലിച്ചിട്ടുണ്ടാകും.

അധ്യായം 2

# വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്താവണം?

1. വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം എല്ലാ കുട്ടികളിലെയും മികവുകൾ കണ്ടെത്തി പഠനാനുഭവങ്ങളിലൂടെ അവ ഏറ്റവും ഉയർന്നതലത്തിലേക്കു വികസിപ്പിക്കാനാവശ്യമായ അവസരതുല്യത ഉറപ്പാക്കുക എന്നതാണ്.

2. ജനകീയവും ജനാധിപത്യപരവും മതനിരപേക്ഷവുമായ വിദ്യാഭ്യാസരീതിയുടെയും കമ്പോളാധിഷ്ഠിത വിദ്യാഭ്യാസസംവിധാനങ്ങളുടെയും ലക്ഷ്യങ്ങൾ തികച്ചും വിഭിന്നമാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് പലതരത്തിലുള്ള വീക്ഷണങ്ങളുണ്ട്. അതിൽ കൃത്യമായ നിലപാട് കൈക്കൊണ്ടേ വിദ്യാഭ്യാസം എന്താണെന്നും എന്തിനാണെന്നും എങ്ങനെയാകണം എന്നുമുള്ള കാര്യങ്ങളിൽ വ്യക്തതയുണ്ടാകൂ.

3. ജനാധിപത്യം, മതനിരപേക്ഷത, സാമൂഹികനീതി, അവസരസമത്വം, തുല്യത എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഒരു വിദ്യാഭ്യാസക്രമം മുന്നിൽ കണ്ടുകൊണ്ടാണ് ഈ വിദഗ്ധസമിതി അതിന്റെ വിശകലനങ്ങളും നിരീക്ഷണങ്ങളും നിർദേശങ്ങളും/ശുപാർശകളും രൂപീകരിച്ചത്.

4. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം നിർണയിക്കുമ്പോൾ ഭരണഘടന കാട്ടിത്തന്ന വിശാലപാത പിന്തുടരുക എന്നത് പരമപ്രധാനമാണ്. രാജ്യത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവും മതേതരത്വവും ജനാധിപത്യവും അരക്കിട്ടുറപ്പിക്കാൻ കരുത്തുള്ള ഒരു സമൂഹത്തെയാണ് ലക്ഷ്യംവയ്ക്കേണ്ടത്. മാനുഷികമൂല്യങ്ങളുടെ വികാസം പ്രധാനമായിരിക്കണം. ചുമതലാബോധവും അർപ്പണമനോഭാവവും ലക്ഷ്യംവയ്ക്കണം. തന്റെ വളർച്ച സമൂഹത്തിന്റെ വളർച്ചയ്ക്കും സാമൂഹികവളർച്ച തന്റെ വളർച്ചയ്ക്കും പരസ്പരപൂരകമായി വർത്തിക്കുന്നു എന്നും അത്തരം ഒരു സമൂഹത്തിൽ മാത്രമേ സ്വയംവളർച്ച നടക്കൂ എന്നുമുള്ള തിരിച്ചറിവ് ഓരോരുത്തർക്കും ഉണ്ടാകണം.

5. 2007 ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂടിലെ വിദ്യാഭ്യാസലക്ഷ്യങ്ങൾ ഇന്നും പ്രസക്തമാണ്. വിപുലമായ ജനകീയസംവാദങ്ങളിലൂടെ രൂപപ്പെട്ട പ്രസ്തുത മേഖലയിലെ വിദ്യാഭ്യാസലക്ഷ്യങ്ങൾ ഏതാണ്ട് അതേപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. എല്ലാ കുട്ടികളുടെയും പഠനത്തെയും അതുവഴിയുള്ള വികാസത്തെയും ലക്ഷ്യംവയ്ക്കുന്ന വിദ്യാഭ്യാസക്രമത്തിൽ താഴെ പറയുന്ന ഘടകങ്ങൾ പ്രധാനമാണ്.

i. **സാമൂഹികനീതി**

സമത്വത്തിലും നീതിയിലും അടിയുറച്ച ഒരു സാമൂഹികക്രമം രൂപപ്പെടുത്താൻ കുട്ടികളെ സജ്ജരാക്കുന്ന വിദ്യാഭ്യാസമാണ് ലക്ഷ്യമിടേണ്ടത്. ആ സാമൂഹികക്രമം ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സ്ത്രീ-പുരുഷ സമത്വത്തിലും അധിഷ്ഠിതമായിരി

ക്കണം. നമ്മുടെ ഭരണഘടന മതനിരപേക്ഷത വിഭാവനം ചെയ്യുന്നുണ്ട്. വിമോചന ത്തിനും സാമൂഹികമാറ്റത്തിനുമുള്ള ഉപാധിയായി വിദ്യാഭ്യാസം മാറണം.

ii. **പാരിസ്ഥിതികാവബോധം**

പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള സമഗ്രമായ അവബോധം വിദ്യാർഥികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. സുസ്ഥിരവികസനം എന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് എല്ലാ വികസനപ്രവർത്തനങ്ങളെയും പരിസ്ഥിതിക്ക് അനുഗുണമാകുംവിധം രൂപപ്പെ ടുത്താനുള്ള മനോഭാവമാണ് വികസിപ്പിക്കേണ്ടത്. വിഭവസംരക്ഷണത്തിലും വിനി യോഗത്തിലും സന്തുലിതവും വിവേചനപൂർണവുമായ സമീപനം സ്വീകരിക്കാൻ വിദ്യാർഥികൾ പ്രാപ്തി കൈവരിക്കേണ്ടതുണ്ട്.

iii. **പൗരത്വബോധം**

സമൂഹത്തിൽ ഉത്തരവാദിത്തമുള്ള പൗരരായി പ്രവർത്തിക്കാൻ കഴിവു നൽകുന്നതാ യിരിക്കണം വിദ്യാഭ്യാസം. ചരിത്രബോധവും രാഷ്ട്രീയവീക്ഷണവും ഉൾക്കൊള്ളുന്ന തായിരിക്കണം പൗരബോധം.

iv. **ദേശീയബോധം**

സാർവദേശീയ വീക്ഷണത്തിൽ അധിഷ്ഠിതമായ ദേശീയബോധമാണ് നാം ലക്ഷ്യമി ടേണ്ടത്. മാനവപുരോഗതിയും വിശ്വസ്നേഹവും ഉയർത്തിപ്പിടിക്കുന്നതാകണം അത്. ഇന്ത്യയുടെ വൈവിധ്യങ്ങൾ അംഗീകരിക്കുന്നതും കൂട്ടിയിണക്കുന്നതുമായ നിലയിൽ ഈ ദേശീയബോധം വളരേണ്ടതുണ്ട്.

v. **അവകാശബോധം**

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നതും ഐക്യരാഷ്ട്രപ്രമാണങ്ങളിൽ അടങ്ങിയിരി ക്കുന്നതുമായ അവകാശങ്ങൾ സമൂഹത്തിൽ പ്രാവർത്തികമാക്കാൻ ഉതകുന്ന വിദ്യാഭ്യാ സമാണ് ലക്ഷ്യമിടേണ്ടത്. ഇതു മനുഷ്യാവകാശങ്ങളും കുട്ടികളുടെയും സ്ത്രീകളു ടെയും പ്രത്യേക അവകാശങ്ങളും സംരക്ഷിക്കാൻ പശ്ചാത്തലമൊരുക്കുന്നതാവണം. തന്റെയും മറ്റുള്ളവരുടെയും അവകാശങ്ങളെക്കുറിച്ച് അവബോധം വളർത്താൻ വിദ്യാ ഭ്യാസത്തിലൂടെ കഴിയണം.

vi. **ശാസ്ത്ര-സാങ്കേതിക അവബോധം**

അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര-സാങ്കേതികവിദ്യകൾ സ്വായത്ത മാക്കുന്നതിനും ജീവിതസാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവ് വളർത്തിയെടുക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതികവികാസങ്ങൾക്കനുസരിച്ച് അറിവും ശേഷികളും മെച്ചപ്പെടുത്താനുള്ള മികവ് വിദ്യാർഥികൾ കൈവരിക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതികരംഗത്തെ മാറ്റങ്ങളോട് യുക്തിസഹമായ നിലപാടുകൾ സ്വീകരി ക്കാനും കഴിയണം.

vii. **ശാസ്ത്രീയമനോഭാവം**

കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ സമീപിക്കണം; പരിഹാര ങ്ങൾ നിർദേശിക്കണം. ഇതിന് യുക്തിചിന്ത വളർത്താൻ ഉതകുന്ന വിദ്യാഭ്യാസമാണ്

ലഭ്യമാക്കേണ്ടത്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വിഭാഗീയതകളുടെയും മുൻവിധികളുടെയും സ്വാധീനത്തിൽനിന്ന് സമൂഹത്തെ മോചിപ്പിക്കാൻ കഴിയണം. ശാസ്ത്രീയമായ ജീവിതവീക്ഷണം വിദ്യാഭ്യാസത്തിലൂടെ സ്വാംശീകരിക്കാൻ കഴിയണം.

viii. **സാംസ്കാരികസ്വത്വം**

പ്രാദേശികവും പരമ്പരാഗതവുമായ ജ്ഞാനരൂപങ്ങളും നാട്ടറിവുകളും (കൃഷി, ജലം, ഭൂവിനിയോഗം, കല, കരവിരുത്...) കണ്ടെത്തുന്നതിനും പ്രസക്തമായവ പരിരക്ഷിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവ് വളർത്തിയെടുക്കുന്നതായിരിക്കണം വിദ്യാഭ്യാസം. ആരോഗ്യം, കായികശേഷീവികസനം, കല-സംസ്കാരം, തൊഴിൽ സംസ്കാരം എന്നിവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം.

ix. **തൊഴിൽനൈപുണി**

അറിവും അധ്വാനവും പരസ്പരപൂരകസ്വഭാവത്തോടെ വിലയിരുത്തപ്പെടുന്ന വിദ്യാഭ്യാസമാണ് വേണ്ടത്. പ്രവൃത്തിയിലുള്ള അനുഭവങ്ങൾ തൊഴിൽപരമായ ജ്ഞാനവും നൈപുണിയും മനോഭാവവും വികസിപ്പിക്കും. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും വിഭിന്ന രൂപങ്ങളിൽ അധ്വാനശേഷീവികസനം ലക്ഷ്യമിടണം.

x. **മൂല്യങ്ങൾ**

വ്യക്തി, കുടുംബം, സമൂഹം എന്നിവയുടെ ഒരുമയിലൂടെ അനുതാപം, സ്നേഹം, ആർദ്രത, സാഹോദര്യം തുടങ്ങിയ ജീവിതമൂല്യങ്ങൾ നേടിയെടുക്കാൻ വിദ്യാഭ്യാസം സഹായകമാവണം. സമൂഹത്തിലെ എല്ലാവരും തുല്യരാണ് എന്ന അവബോധം പരമപ്രധാനമാണ്. ആരോഗ്യകരമായ സ്ത്രീ-പുരുഷാവബോധം വളർത്താൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം. അതുപോലെ ഭിന്നലിംഗക്കാരും നമ്മുടെ സമൂഹത്തിലെ യാഥാർഥ്യമാണ് എന്ന് ഉൾക്കൊണ്ട് അതു സംബന്ധിച്ച അവബോധവും ഉണ്ടാക്കേണ്ടതുണ്ട്. ജനാധിപത്യം ഒരു ആശയം എന്ന നിലയിലും മൂല്യം എന്ന നിലയിലും ഉൾക്കൊള്ളാൻ വിദ്യാഭ്യാസം സഹായകമാവണം.

xi. **ചെറുത്തുനിൽപ്പ്**

കമ്പോളം മുന്നോട്ടുവയ്ക്കുന്ന അനഭിലഷണീയപ്രവണതകളെയും എല്ലാതരം അധിനിവേശങ്ങളെയും ചെറുത്തുനിൽക്കാനുള്ള മനോഭാവവും കരുത്തും പകരാൻ വിദ്യാഭ്യാസത്തിനു കഴിയണം. ആവശ്യവും ധൂർത്തും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനും ഉപഭോഗഭ്രാന്തിന് അടിമപ്പെടാതെ സ്വയം നിയന്ത്രിക്കാനും സമൂഹത്തെ പ്രാപ്തമാക്കേണ്ടതുണ്ട്. അടിമത്തത്തിന്റെയും സാംസ്കാരികാധിനിവേശത്തിന്റെയും വിപത്തുകൾ തിരിച്ചറിയാൻ കഴിയണം.

xii. **അറിവിന്റെ നിർമാണം**

അറിവ് നിർമിച്ചെടുക്കുന്നതിനും സമൂഹത്തിൽ വിനിമയം ചെയ്യുന്നതിനും വിദ്യാഭ്യാസത്തിലൂടെ കഴിവ് ആർജിക്കേണ്ടതുണ്ട്. അറിവുനിർമാണത്തിന്റെ കാര്യത്തിൽ വംശം, വർഗം, ലിംഗഭേദം തുടങ്ങിയവയുടെ പേരിലുള്ള വിവേചനങ്ങളെ പ്രതിരോധിക്കാനും

അതിജീവിക്കാനും കഴിയണം. ആവശ്യങ്ങളും അറിവും ആശയങ്ങളും പ്രാദേശിക -ദേശീയ അന്തർദേശീയതലങ്ങളിൽ പങ്കുവയ്ക്കുന്നതിനും പ്രതികരിക്കുന്നതിനും ആവശ്യമായ ഭാഷാനൈപുണികൾ നേടാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം. ഇങ്ങനെ ചെയ്യുമ്പോൾ സ്വന്തം മാതൃഭാഷ നൽകുന്ന ആത്മവിശ്വാസത്തെക്കുറിച്ചും വൈകാരിക-സാംസ്കാരിക തലങ്ങളെക്കുറിച്ചും ബോധ്യമുണ്ടാകണം.

xiii. **വിമർശനാത്മക സമീപനം**

മാനവരാശിയുടെ നേട്ടങ്ങൾ സമഗ്രമായി വിലയിരുത്താനുള്ള കഴിവ് വിദ്യാർഥികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. എല്ലാതരം ചൂഷണങ്ങൾക്കുമെതിരെ നിലപാടു സ്വീകരിക്കാൻ അവർക്കു കഴിയണം. ജീവിതാനുഭവങ്ങളെയും ജീവിതസന്ദർഭങ്ങളെയും വിമർശനാത്മകമായി നോക്കിക്കാണാനും വിവേചനബുദ്ധിയോടെ തീരുമാനമെടുക്കാനും അവർക്കു കഴിയണം. സ്വയംവിമർശനത്തിനുള്ള സന്നദ്ധതയും ആവശ്യമാണ്. സാമൂഹികതിന്മകൾ തിരിച്ചറിയാനും ചോദ്യംചെയ്യാനും യുക്തിഭദ്രമായി പ്രതിരോധിക്കാനും കഴിയണം. മുൻവിധികളെയും പിടിവാശികളെയും പ്രലോഭനങ്ങളെയും ചെറുക്കാനുള്ള കഴിവ് നിരന്തരം വളർത്തേണ്ടതുണ്ട്. വ്യത്യസ്ത ആശയങ്ങളെ സമചിത്തതയോടെ സ്വീകരിക്കാനും സമന്വയിപ്പിക്കാനും കഴിയണം. പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ വിശകലനം ചെയ്യാനും തെറ്റുകൾ തിരിച്ചറിയാനും പ്രതിരോധിക്കാനും കഴിയണം.

## സാമൂഹികനീതിയും വിദ്യാഭ്യാസവും

പന്ത്രണ്ടാം ക്ലാസ്വരെയുള്ള വിദ്യാഭ്യാസം സാർവത്രികമാക്കുകയെന്ന ലക്ഷ്യത്തിലാണ് കേരളീയസമൂഹം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഓരോ കുട്ടിയുടെയും സമഗ്രവികാസം ലക്ഷ്യമാക്കുന്ന അവകാശാധിഷ്ഠിത വിദ്യാഭ്യാസം പ്രായോഗികമാക്കാനാകൂ.

നമ്മുടേതുപോലുള്ള ഒരു ബഹുസ്വരസമൂഹത്തിൽ വൈവിധ്യം സ്വാഭാവികമാണ്. ഈ വൈവിധ്യത്തിന്റെ തനിമ അംഗീകരിച്ചും പോഷിപ്പിച്ചുംകൊണ്ടുള്ള ഒരു സമതുലിത വിദ്യാഭ്യാസപ്രക്രിയ ഉറപ്പുവരുത്തേണ്ടതുണ്ട്. അപ്പോൾ സവിശേഷമായി പരിഗണിക്കപ്പെടേണ്ട വിഭാഗമാണ് സാമൂഹികമായി വെല്ലുവിളിയനുഭവിക്കുന്ന കുട്ടികളും പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളും. കൂടാതെ

i. പെൺകുട്ടികൾ

ii. ട്രാൻസ്ജെന്ററുകൾ

iii. പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ട കുട്ടികൾ

iv. കേൾവിക്കുറവുള്ളവർ

v. കാഴ്ചക്കുറവുള്ളവർ

vi. ചലനശേഷി കുറഞ്ഞവർ

vii. മാനസികമായും ബുദ്ധിപരമായും വെല്ലുവിളികൾ നേരിടുന്നവർ

viii. ബഹുവിധ ശാരീരികവെല്ലുവിളികൾ അനുഭവിക്കുന്നവർ

ix. എച്ച്.ഐ.വി. പോലുള്ള തീവ്രരോഗങ്ങൾ പിടിപെട്ടവർ

x. എച്ച്.ഐ.വി. പോലുള്ളവ ബാധിച്ച രക്ഷിതാക്കളുടെ കുട്ടികൾ

xi. തകർന്ന കുടുംബങ്ങളിൽനിന്നുള്ള കുട്ടികൾ

xii. ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടവർ

xiii. ലഹരിപദാർഥങ്ങൾക്ക് അടിമപ്പെട്ടവരുടെ മക്കൾ

xiv. സാമൂഹികവും സാമ്പത്തികവുമായി ദുരിതം അനുഭവിക്കുന്നവർ

xv. നാടോടികൾ

xvi. പലതരം ശാരീരികചൂഷണങ്ങൾക്കു വിധേയരായവർ

xvii. പല കാരണങ്ങളാൽ തടവിൽ കഴിയുന്ന കുട്ടികൾ

xviii. പ്രകൃതിക്ഷോഭങ്ങളാലും മനുഷ്യനിർമിത ദുരന്തങ്ങളാലും അവശത അനുഭവിക്കുന്ന കുട്ടികൾ

ഈ പട്ടിക ഇനിയും നീളാം.

ഈ വിഭാഗം കുട്ടികൾ അഭിമുഖീകരിക്കുന്ന ശാരീരികവും മാനസികവും വൈകാരികവുമായ വെല്ലുവിളികൾ ബഹുവിധമാണ്. ഓരോ കുട്ടിയുടെ പ്രശ്നവും സവിശേഷമായേക്കാം. എന്നിരുന്നാലും അവ കണ്ടറിഞ്ഞ് പരിഹരിക്കാനും എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

**പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം**

ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസപരിപാടിയിലെ മുഖ്യ ഊന്നലുകളിൽ ഒന്ന് മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുക എന്നതാണ്. ഈ ലക്ഷ്യം പൂർണമായും സാക്ഷാൽക്കരിക്കാൻ ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങളോ പരിമിതികളോ അനുഭവിക്കുന്ന എല്ലാ വിഭാഗം കുട്ടികളെയും സ്കൂളിലെത്തിക്കണം. ഇതിന്റെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പൊതുധാരയിൽ എത്തിക്കാൻ 'ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം' (Inclusive Education) നടപ്പാക്കേണ്ടതുണ്ട്.

**ഉൾക്കൊള്ളൽനയം**

*എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസവ്യവസ്ഥയിൽ ആകത്തന്നെ എല്ലാവരെയും ഉൾക്കൊള്ളുന്ന, ആരെയും പുറന്തള്ളാത്ത ഒരു നയം നടപ്പാക്കണം. സ്കൂളിലും പുറത്തുമുള്ള എല്ലാ ജീവിതമണ്ഡലങ്ങളിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. സ്കൂളുകൾ കുട്ടികളെ ഭാവിജീവിതത്തിനു തയാറാക്കുന്ന ഇടമാണ്. വ്യത്യസ്ത ശേഷികളോടുകൂടിയ കുട്ടികളുണ്ട്, പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽനിന്നു വരുന്ന കുട്ടികളുണ്ട്, ദുരിതം നിറഞ്ഞ സാഹചര്യങ്ങളിൽനിന്നു വരുന്ന കുട്ടികളുണ്ട്. അവർക്കെല്ലാം പരമാവധി നേട്ടമുണ്ടാക്കുന്ന ഒരു ഇരിപ്പിടമായിരിക്കണം സ്കൂൾ. തങ്ങളുടെ സവിശേഷമായ കഴിവുകൾ പ്രകടിപ്പിക്കാനും സമവയസ്കരുമായി അവ പങ്കിടാനുമുള്ള സന്ദർഭങ്ങൾ കുട്ടികൾക്ക് ഏറെ ഉത്സാഹവും പങ്കാളിത്തവും നൽകുന്നു. നമ്മുടെ സ്കൂളുകളിൽ ഒരേ കുട്ടികളെത്തന്നെ വീണ്ടും വീണ്ടും തിരഞ്ഞെടുക്കുന്ന പ്രവണത കാണാം. ഈ അവസരങ്ങളിൽനിന്ന് ആ ചെറിയ ഗ്രൂപ്പിന് നേട്ടമുണ്ടാകുന്നുണ്ട്. അവരുടെ ആത്മവിശ്വാസം കൂടുന്നു. അവരുടെ ദൃഢത വർധിക്കുന്നു. എന്നാൽ മറ്റു കുട്ടികൾ ആവർത്തിച്ചാവർത്തിച്ച്*

*നിരാശപ്പെടുന്നു. സ്കൂളിലുള്ള കാലമത്രയും അവർ പൊതു അംഗീകാരത്തിനും കൂട്ടുകാരുടെ അംഗീകാരത്തിനുമായി ദാഹിക്കുന്നു. മേന്മയും കഴിവുകളും എടുത്തുകാട്ടി അവരെ പ്രോത്സാഹിപ്പിക്കാം. അതേസമയം എല്ലാ കുട്ടികൾക്കും അവസരങ്ങൾ നൽകുകതന്നെ വേണം. ഓരോരുത്തരുടെയും സവിശേഷമായ കഴിവുകൾ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം.*

*ശാരീരികവും മാനസികവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന കുട്ടികളും ഇതിൽപ്പെടുന്നു. നിർദിഷ്ട പ്രവർത്തനങ്ങൾ ചെയ്തുതീർക്കാൻ അവർക്ക് കൂടുതൽ സമയം വേണ്ടിവന്നേക്കും. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ക്ലാസിലെ എല്ലാ കുട്ടികളുമായും അവ ചർച്ചചെയ്യുകയും ഓരോ കുട്ടിക്കും അതിലേക്ക് സംഭാവന നൽകാൻ അവസരം സൃഷ്ടിക്കുകയും ചെയ്യുന്നതു നന്നായിരിക്കും. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധ നൽകണം. അധ്യാപകർ എന്ന നിലയ്ക്കുള്ള അവരുടെ മേന്മയുടെ ഒരു അളവുകോൽ ആയിരിക്കും ഇത്. (NCF – 2005)*

മേൽപ്പറഞ്ഞ സമീപനവും ലക്ഷ്യങ്ങളും നേടിയെടുക്കണമെങ്കിൽ ഇതുവരെയുള്ള കേരളീയവിദ്യാഭ്യാസ അനുഭവങ്ങളെയും അതിൽ ഉയർന്നുവന്ന നേട്ടങ്ങളെയും പരിമിതികളെയും വിശകലനം ചെയ്തുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

അധ്യായം 3

# കേരളീയവിദ്യാഭ്യാസത്തിന്റെ ഇന്നലെകൾ

## ആമുഖം

1. കേരളീയസമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഗതിവിഗതികൾ നിർണയിക്കുന്നതിൽ അതിപ്രധാന ഘടകമാണ് സ്കൂൾവിദ്യാഭ്യാസം. സാമൂഹികനീതിക്കും പുരോഗമനകാഴ്ചപ്പാടോടെ ജനാധിപത്യം, മതനിരപേക്ഷത എന്നിവയുടെ വികാസത്തിനുമായി നിലകൊള്ളാൻ സമൂഹത്തെ പ്രാപ്തമാക്കുന്നതിൽ എന്നും സ്കൂൾവിദ്യാഭ്യാസം മുഖ്യ പങ്കുവഹിച്ചു. സമൂഹത്തിലുണ്ടായ മാറ്റങ്ങൾ സ്കൂൾവിദ്യാഭ്യാസത്തെയും സ്കൂൾവിദ്യാഭ്യാസത്തിലുണ്ടായ വളർച്ച സമൂഹികപരിവർത്തനത്തെയും പരസ്പരം സ്വാധീനിച്ചു. മുഖ്യധാരയിൽനിന്നു പല കാരണങ്ങളാൽ അടർത്തിമാറ്റിയും എടുത്തെറിയപ്പെട്ടും പാർശ്വവൽക്കരിക്കപ്പെടുന്ന അവസ്ഥ മാറ്റിക്കൊണ്ട് എല്ലാവർക്കും ഇടമുള്ള, തുല്യഅവസരവും അവകാശങ്ങളും അംഗീകരിക്കപ്പെടുന്ന ഒരു ലോകക്രമത്തിനായുള്ള നിലപാട് കേരളീയ വിദ്യാഭ്യാസവികാസത്തിൽ അന്തർലീനമാണ്. വ്യക്തിപരവും വിഭാഗീയവുമായ ചിന്തകൾക്കുപരി ഉയരുകവഴിയുള്ള സന്തുലിതവികസനത്തിന് പ്രാമുഖ്യം നൽകുന്ന മാനവസമൂഹത്തെ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ കേരളീയവിദ്യാഭ്യാസത്തിന്റെ ഇന്നലെകളിൽ ഉൾച്ചേർന്നിട്ടുണ്ട്.

2. വിമോചനത്തിനുള്ള ശക്തമായ ഉപകരണമാണ് വിദ്യാഭ്യാസം എന്നാണ് മഹാത്മജി നിരീക്ഷിച്ചത്. വിമോചനം എന്നതിന് രണ്ടു തലങ്ങൾ ഗാന്ധിജി നൽകിയിരുന്നു. അതിൽ ഒന്ന്, കോളനിഭരണം സുഗമമായി നടത്തിക്കൊണ്ടു പോകാൻ അധികാരികൾ അടിച്ചേൽപ്പിക്കുന്ന അടിമത്തത്തിലേക്ക് നയിക്കുന്നതിൽ നിർണായക പങ്ക് വിദ്യാഭ്യാസനയങ്ങൾക്കും പരിപാടികൾക്കും രീതികൾക്കും ഉണ്ടായിരുന്നു എന്നതും രണ്ടാമത്തേത് വിദ്യാഭ്യാസത്തിലൂടെ ഉപജീവനമാർഗങ്ങളിലേക്കുള്ള ദാസ്യവും ജ്ഞാനദാസ്യവും അതുവഴി ഭരണകൂടം ഉറപ്പാക്കിയിരിക്കുന്നു എന്നതുമാണ്. രണ്ടാമത്തേത് സമൂഹത്തിനകത്ത് സംഭവിച്ച ജീർണതയുടെ ഭാഗമായ അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും പിടിയിൽനിന്നുള്ള മോചനമാണ്. ഇതിൽ നിന്നെല്ലാം സ്വയംമോചനം നേടാനുള്ള പ്രയത്നവും അക്കാലത്തുതന്നെ തുടങ്ങിയിരുന്നു.

   ദേശീയ വിമോചനപ്രസ്ഥാനത്തിലും അതിന്റെ ഭാഗമായി വളർന്നുവന്ന വിദ്യാഭ്യാസവീക്ഷണങ്ങളിലും വിമോചനശ്രമങ്ങൾക്ക് നിർണായകമായ ഇടമുണ്ടായിരുന്നു. കേരളീയസമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണങ്ങളിലെല്ലാം വിമോചനദൗത്യം പ്രബലമായുണ്ട്. അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും നിന്നും ജാതി അടിസ്ഥാനത്തിൽ നിലനിന്നിരുന്ന വിലക്കുകളിൽനിന്നും ഭൂമിയടക്കമുള്ള സകലതും നിഷേധിക്കുന്ന നിലപാടുകളിൽനിന്നും വിധേയത്വത്തിന്റെയും അടിമത്തതിന്റെയും മനോഭാവത്തിൽനിന്നും അത് അടിച്ചേൽപ്പിക്കുന്ന രീതിശാസ്ത്രത്തിൽനിന്നുമുള്ള വിമോചനമാണ് കേരളീയ

സാമൂഹികമുന്നേറ്റങ്ങളുടെ ലക്ഷ്യം. ഇവ സാധിതമാകുന്നതിനായി നടന്ന നവോത്ഥാനമുന്നേറ്റങ്ങളും പ്രക്ഷോഭങ്ങളും കർഷകസമരങ്ങളും മറ്റുമെല്ലാം വിദ്യാഭ്യാസ വളർച്ചയെ പ്രത്യക്ഷമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്. അവകാശബോധത്തിലൂന്നിയ പ്രക്ഷോഭങ്ങളും ചെറുത്തുനിൽപ്പുകളും സമൂഹത്തിൽ പിന്നണിയിൽ കഴിയാൻ നിർബന്ധിതരായവരുടെയും തൊഴിലെടുക്കുന്നവരുടെയും ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടാൻ ഇടയാക്കി. സാർവത്രികവിദ്യാഭ്യാസവും ചികിത്സാസൗകര്യങ്ങളും പൊതുവിതരണസമ്പ്രദായങ്ങളും ജനങ്ങളുടെ പ്രതീക്ഷകളെയും ജീവിതനിലവാരത്തെയും വളർത്തി. ഭൂമിക്കു മേൽ ലഭിച്ച അവകാശം ജീവിതവീക്ഷണത്തെ ആകെ മാറ്റിമറിച്ചു. ഇതിൽ ഏറ്റവും ഉയർന്ന പരിഗണന ലഭിച്ചത് കുട്ടികളുടെ വിദ്യാഭ്യാസസൗകര്യങ്ങൾക്കായിരുന്നു.

3. സാമൂഹികപുരോഗതിയുടെ ഭാഗമായാണ് വിദ്യാഭ്യാസരംഗം വളർന്നുവന്നത്. ഇതു സംബന്ധിച്ച പല പുതിയ ധാരണകളും വികസിക്കുകയുണ്ടായി. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്നും അത് നിറവേറ്റാനുള്ള ബാധ്യത സർക്കാരിനുണ്ടെന്നും സാമൂഹികനീതി, അവസരസമത്വം എന്നിവയാകണം സാർവത്രികവിദ്യാഭ്യാസത്തിന്റെ മുഖമുദ്ര എന്നും എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കണം എന്നുമുള്ള ധാരണയിൽനിന്നു ഭിന്നമായി, വിദ്യാഭ്യാസം വ്യക്തിനിഷ്ഠമാണെന്നും അതിൽ സർക്കാരിന് കാര്യമില്ലെന്നും കമ്പോളത്തിന്റെ നിയമമനുസരിച്ച് ചലിക്കേണ്ടതാണെന്നും ലാഭചോദിതമാകുന്നതിൽ തെറ്റില്ലെന്നുമുള്ള നിലപാടിനുകൂടി പ്രചാരം ലഭിച്ചു. അതനുസരിച്ചുള്ള സമാന്തരവിദ്യാലയങ്ങളും കേരളത്തിൽ രൂപപ്പെട്ടു. ഈ രണ്ടു നിലപാടുകൾ തമ്മിലുള്ള സംഘർഷം വിദ്യാഭ്യാസചർച്ചകളിലും നിലപാടുകൾ കൈക്കൊള്ളുന്നതിലും പ്രതിഫലിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ആശയപരമായും പ്രയോഗപരമായും വ്യത്യസ്തമായ ധാരണകൾ സ്കൂൾവിദ്യാഭ്യാസരംഗത്ത് വളർന്നുവന്നു. വ്യത്യസ്തങ്ങളായ നിലപാടുകളിലേക്ക് അതു നയിച്ചു. വിദ്യാഭ്യാസ നയരൂപീകരണത്തെയടക്കം ഈ ഭിന്നകാഴ്ചപ്പാടുകൾ പല തലത്തിലും തരത്തിലും സ്വാധീനിച്ചിട്ടുണ്ട്.

4. സുസജ്ജവും സുസംഘടിതവുമായ പൊതുവിദ്യാഭ്യാസസംവിധാനം നമ്മുടെ സംസ്ഥാനത്ത് എങ്ങനെ വളർന്നുവന്നു എന്നതിന്റെ ചരിത്രം അൽപ്പംകൂടി പിറകോട്ടു പോയി നോക്കുന്നത് ഈ ഘട്ടത്തിൽ ഉചിതമായിരിക്കും.

5. ജാതിവ്യവസ്ഥ ശക്തമായി നിലനിന്നിരുന്ന കാലഘട്ടത്തിലും എല്ലാവിഭാഗം ജനങ്ങളും വിദ്യയഭ്യസിക്കാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, ആഗ്രഹങ്ങൾ പ്രായോഗികമാക്കാൻ നിലനിന്നിരുന്ന ജാതിവ്യവസ്ഥ തടസ്സമായിരുന്നു. ആദ്യഘട്ടത്തിൽ നമ്പൂതിരിയുവാക്കൾക്ക് വേണ്ടിയുള്ള വേദപഠനകേന്ദ്രങ്ങൾ, വേദപാഠശാലകൾ, അബ്രാഹ്മണർക്കുള്ള എഴുത്തുപള്ളിക്കൂടങ്ങൾ, ആയോധനകലകൾ അഭ്യസിക്കാനായുള്ള കളരികൾ എന്നിവയെല്ലാമായിരുന്നു വിദ്യാകേന്ദ്രങ്ങൾ. ബ്രിട്ടണിൽ ഉണ്ടാകുന്ന വിദ്യാഭ്യാസമാറ്റങ്ങൾ ഇവിടെയും അനുരണനങ്ങൾ ഉണ്ടാക്കിയിരുന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് 1817 ലെ റാണി ലക്ഷ്മീഭായിയുടെ സുപ്രസിദ്ധമായ വിദ്യാഭ്യാസവിളംബരത്തിലേക്ക് നയിച്ച

സംഭവവികാസങ്ങൾ. 1835 ലെ മെക്കാളെയുടെ മിനുട്സും കേരളീയവിദ്യാഭ്യാസത്തെ സ്വാധീനിച്ചതായി കാണാം.

6. മിഷണറിമാരുടെ പങ്കാളിത്തവും വിദ്യാഭ്യാസവ്യാപനത്തിൽ സ്വാധീനിച്ചിട്ടുണ്ട്. 16-ാം നൂറ്റാണ്ടു മുതൽ ഇവിടെ മിഷണറിപ്രവർത്തനമുണ്ടായെങ്കിലും അവർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേക്കും കേന്ദ്രീകരിക്കാൻ തുടങ്ങിയത് 19-ാം നൂറ്റാണ്ടോടുകൂടിയാണ്. 1806 ൽ ആധുനികരീതിയിലുള്ള വിദ്യാലയങ്ങൾ തിരുവിതാംകൂറിൽ ആരംഭിച്ചു. പിന്നാക്കക്കാരിലേക്കും സാധാരണക്കാരിലേക്കും വിദ്യാഭ്യാസം എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഇതുവഴി തുടക്കംകുറിച്ചു.

7. സ്വന്തം വില്ലേജിൽത്തന്നെ പഠനസൗകര്യമൊരുക്കണം എന്ന തീരുമാനത്തിന്റെ ഭാഗമായാണ് 1867 ൽ വിവിധ സമുദായങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു ധനസഹായം നൽകാൻ തീരുമാനിച്ചത്. ഈ തീരുമാനമാണ് 1869 ൽ ഗ്രാന്റ് ഇൻ എയ്ഡ് വിദ്യാലയങ്ങളുടെ ആരംഭത്തിന് കാരണമായത്. അതുവരെ വിദ്യാഭ്യാസമാധ്യമമായ ഇംഗ്ലീഷ് ഭാഷ എന്നത് മാറ്റി പകരം മലയാളം ഭാഷ ആക്കിയത് അതോടൊപ്പമെടുത്ത ഒരു സുപ്രധാന തീരുമാനമാണ്. സ്കൂൾവിദ്യാഭ്യാസത്തിന്റെ തുടർച്ച കൊച്ചിയിലുമുണ്ടായി. എല്ലാ ഗ്രാമങ്ങളിലും സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. ഭൂമിയുടെ അവകാശത്തിനായി നടന്ന ശ്രമങ്ങളും അത്തരം ശ്രമങ്ങൾക്കുണ്ടായ അനുകൂല പ്രതികരണങ്ങളും വിദ്യാഭ്യാസവളർച്ചയെ സഹായിച്ചു.

8. സ്കൂളുകളുടെ വളർച്ച അക്കാദമികമായ ചിട്ടപ്പെടുത്തലുകൾ അനിവാര്യമാക്കിത്തീർത്തു. 1867 ൽ തിരുവിതാംകൂറിൽ ആദ്യത്തെ പാഠപുസ്തക കമ്മിറ്റി നിലവിൽവന്നു. അധ്യാപകപരിശീലനത്തിനായുള്ള സംവിധാനങ്ങളും വികസിച്ചുവന്നു.

9. 19-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യഭാഗം വരെ നടന്ന നവോത്ഥാനമുന്നേറ്റങ്ങളും വിവിധ സാമുദായികസംഘടനകളുടെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങളും വിദ്യാഭ്യാസവ്യാപനത്തിൽ ശ്രദ്ധേയമായ മുന്നേറ്റത്തിന് ഇടനൽകി. വലിയതോതിൽ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു.

10. ബ്രിട്ടിഷ് ആധിപത്യത്തിലായിരുന്ന മലബാറിൽ ഭരണകൂടം കാട്ടിയ അവഗണനകാരണം തിരുവിതാംകൂറിലും കൊച്ചിയിലും ഉണ്ടായതിന് സമാനമായ വിദ്യാഭ്യാസവളർച്ച ഉണ്ടായില്ല. 1920 ൽ രൂപംകൊണ്ട മലബാർ ഡിസ്ട്രിക്ട് ബോർഡാണ് ഈ പ്രദേശത്തെ വിദ്യാഭ്യാസവ്യാപനത്തിന് നിർണായകസംഭാവന നൽകിയത്.

11. 1949-ൽ തിരുവിതാംകൂർ, കൊച്ചി എന്നിവ ഏകോപിപ്പിച്ച് ട്രാവൻകൂർ-കൊച്ചി സംസ്ഥാനം നിലവിൽവന്നു. ഇത് വിദ്യാഭ്യാസത്തിന്റെ ഘടനയിലും മറ്റുകാര്യങ്ങളിലും മാറ്റം സൃഷ്ടിച്ചു. ത്രിഭാഷാപദ്ധതി സ്വീകരിച്ചതിനാൽ 1953-54 അക്കാദമികവർഷം മുതൽ ഹിന്ദി നിർബന്ധിതഭാഷയായി ആറാം ക്ലാസ്മുതൽ ഏർപ്പെടുത്തി. 1956 ലെ കേരളസംസ്ഥാന രൂപീകരണം വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ മാറ്റങ്ങൾക്ക് ഇടവരുത്തി. വിവിധ ഭരണപ്രദേശങ്ങൾ ഏകോപിപ്പിച്ച് കേരളസംസ്ഥാനം രൂപപ്പെട്ടപ്പോൾ വിദ്യാഭ്യാസത്തിന്റെ ഘടന, ഉള്ളടക്കം, ഭരണനിയന്ത്രണനിയമങ്ങൾ, സംവിധാനങ്ങൾ എന്നിവ ഏകോപിപ്പിക്കാൻ നിർബന്ധിതമായി. 1956 ലെ കേരളസർക്കാർ ഉത്തരവിലൂടെയാണ്

വിദ്യാഭ്യാസമേഖലയിലെ ഏകോപനം നടപ്പായത്. കേരളസംസ്ഥാന രൂപീകരണഘട്ടത്തിൽത്തന്നെ ശക്തമായ പ്രൈമറിവിദ്യാഭ്യാസത്തിനുള്ള ശൃംഖല നിലനിന്നിരുന്നു. പിന്നീട് സർക്കാർസഹായത്തോടെ അപ്പർപ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സംവിധാനങ്ങൾ സ്ഥാപിക്കപ്പെടുകയും കേരളത്തിലെ സ്കൂൾപ്രായത്തിലുള്ള കുട്ടികൾക്ക് എല്ലാം പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാവുകയും ചെയ്തു.

12. കേരളസംസ്ഥാന രൂപീകരണശേഷം നടന്ന പ്രകടമായ മാറ്റങ്ങളിൽ പ്രധാനപ്പെട്ടവ താഴെപ്പറയും പ്രകാരം പട്ടികപ്പെടുത്താം:

1. പന്ത്രണ്ടാം ക്ലാസ്‌വരെ സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പാക്കി. ഇതിന്റെ ഭാഗമായി എല്ലാവിധത്തിലുമുള്ള ട്യൂഷൻഫീസുകളും ഘട്ടം ഘട്ടമായി നിർത്തലാക്കി.
2. പാഠപുസ്തകങ്ങൾ എട്ടാം ക്ലാസ്‌വരെ സൗജന്യമാക്കി. അതിനുശേഷമുള്ള കുട്ടികൾക്ക് പാഠപുസ്തകങ്ങൾ കുറഞ്ഞ വിലയ്ക്കു ലഭ്യമാക്കി.
3. എട്ടാം ക്ലാസ്‌വരെ സൗജന്യവും പോഷകസമൃദ്ധവുമായ ഉച്ചഭക്ഷണം ഏർപ്പെടുത്തി.
4. കുട്ടികൾക്ക് യാത്രാസൗജന്യം നൽകി.
5. സെക്കന്ററിവിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ എല്ലാ പഞ്ചായത്തിലും പത്താം ക്ലാസ്‌വരെയുള്ള പഠനസൗകര്യം (ഹൈസ്കൂൾ) എന്ന ലക്ഷ്യം നടപ്പാക്കി.
6. നിശ്ചിത ഇടവേളകളിൽ പാഠ്യപദ്ധതികൾ പരിഷ്കരിച്ചു.
7. മൂല്യനിർണയരംഗത്ത് പരിവർത്തനങ്ങൾ വരുത്തി.
8. തൊഴിൽവിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം എന്നിവ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി.
9. ഹയർ സെക്കന്ററി സ്കൂളിന്റെ ഭാഗമാക്കി. ഇതിനായി കോളേജുകളിൽ നിലനിന്നിരുന്ന പ്രീഡിഗ്രി കോഴ്സ് പൂർണമായും വേർപെടുത്തി സ്കൂളിനോടു ചേർത്തു.
10. ഐ.ടി. സാധ്യതകൾ പാഠ്യപദ്ധയിൽ ഉൾച്ചേർത്തു.
11. സ്കൂൾവിദ്യാഭ്യാസത്തിന്റെ വിവിധതലങ്ങൾ കൈകാര്യം ചെയ്യുന്നതിന് എസ്.സി.ഇ.ആർ.ടി, ഡയറ്റ്, സീമാറ്റ്, എസ്.ഐ.ഇ.ടി. എന്നീ സ്ഥാപനങ്ങളും സാങ്കേതിക വിദ്യാസാധ്യതകൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ഐ.ടി@സ്കൂളും (നിലവിൽ കൈറ്റ്) സ്ഥാപിച്ചു.
12. നൂതന സാങ്കേതികസാധ്യതകൾ പ്രയോജനപ്പെടുത്തി എഡ്യൂസാറ്റ്, വിക്ടേഴ്സ് ചാനൽ എന്നിവ ആരംഭിച്ചു.
13. സാങ്കേതികവിദ്യാഭ്യാസ സൗഹൃദ ക്ലാസുകളിൽ പഠന-ബോധനപ്രവർത്തനങ്ങൾക്ക് സഹായകമാകും വിധം 'സമഗ്ര' വിഭവ പോർട്ടൽ സജ്ജമാക്കി.

സ്കൂൾവിദ്യാഭ്യാസം സമഗ്രമായി പുനർനിർമിക്കുന്നതിനായി നവകേരളം കർമപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചു. മുഴുവൻ പൊതുവിദ്യാലയ

ങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പ്രധാനലക്ഷ്യം. ഇതിന്റെ ഭാഗമായി ഭൗതികസൗകര്യവികസനം, സാങ്കേതികവിദ്യാസൗഹൃദ ക്ലാസ്മുറികൾ, അക്കാദമിക പ്രവർത്തനങ്ങൾ, എല്ലാ കാര്യങ്ങളും ജനകീയമായി നടത്താൻ ആവശ്യമായ സമൂഹ പിന്തുണ നേടൽ എന്നിവയെല്ലാം ലക്ഷ്യംവയ്ക്കുന്നു.

## അക്കാദമിക പരിവർത്തനങ്ങൾ

വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന ഗണപരമായ മാറ്റങ്ങൾക്കനുസൃതമായി ഗുണപരമായ മാറ്റങ്ങൾ വേണ്ടത്ര ഉണ്ടാകുന്നില്ല എന്ന വിമർശനം വിദ്യാഭ്യാസവളർച്ചയോടൊപ്പം ഉയർന്നുവന്നു. ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ വൈവിധ്യമാർന്ന ശ്രമങ്ങൾ നടന്നിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിലും പരിവർത്തനം ആഗ്രഹിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും നേതൃത്വത്തിലും ഗുണമേന്മയ്ക്കുള്ള അന്വേഷണം നടന്നു. ഇവയുടെ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ സാക്ഷരതായജ്ഞത്തിന്റെ തുടർച്ചയായി അക്കാദമിക ഇടപെടലുകൾ വ്യാപകമായി. ഇതിൽ പഞ്ചായത്ത്രാജ് സംവിധാനങ്ങളും ക്രിയാത്മകമായി ഇടപെട്ടു. ഈ അനുഭവങ്ങളാണ് 1996-97 ൽ പാഠ്യപദ്ധതി പരിവർത്തനത്തിലേക്കു നയിച്ചത്. 1994-95 ൽ കേരളത്തിലെ ആറു ജില്ലകളിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ നടപ്പാക്കിയ ഡി.പി.ഇ.പി.യുടെ അക്കാദമിക അനുഭവങ്ങളും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രതിഫലിച്ചു. ഇതിന്റെ തുടർച്ചയായി 2004-05 ൽ പത്താം ക്ലാസ്വരെ ഗ്രേഡിങ് രീതി നടപ്പാക്കി. വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണ് എന്ന അടിസ്ഥാന കാഴ്ചപ്പാടിൽനിന്നാണ് പാഠ്യപദ്ധതി പരിഷ്കരിച്ചത്. പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനതന്ത്രങ്ങൾ, അന്വേഷണാത്മകപഠനം, സ്വതന്ത്രവും ജനാധിപത്യപരവും ശിശുസൗഹൃദപരവുമായ സമീപനം എന്നിവയിലൂടെ സമഗ്രവികസനം ലക്ഷ്യമിടുന്ന പഠനമാണ് പാഠ്യപദ്ധതിയുടെ രീതിശാസ്ത്രമായി സ്വീകരിച്ചത്.

ഇതുകൂടാതെ അധ്യാപകപരിശീലനം വ്യവസ്ഥാപിതമാക്കി. എല്ലാ വർഷവും അധ്യാപകർക്കു പരിശീലനം ലഭിക്കുന്ന അവസ്ഥയുണ്ടായി. മൂല്യനിർണയരീതിശാസ്ത്രവും മാറ്റങ്ങൾക്കു വിധേയമായി. മാർക്കിനു പകരം ഗ്രേഡിങ് രീതി നടപ്പാക്കി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.എസ്.എയും ആർ.എം.എസ്.എയും പ്രൈമറി - സെക്കന്ററി തലങ്ങളിൽ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

ഇത്തരം ശ്രമങ്ങളെല്ലാം ശാസ്ത്രീയമാക്കാനും ചിട്ടപ്പെടുത്താനും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (എൻ.സി.എഫ്) - 2005 ന് ചുവടുപിടിച്ചു വിപുലമായി ജനഭിപ്രായംകൂടി കണക്കിലെടുത്തു തയാറാക്കിയ കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്) - 2007 ഈ രംഗത്തെ നയപരമായ വലിയ മുന്നേറ്റമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കുകയുണ്ടായി. തുടർന്ന് 2013 ൽ പാഠപുസ്തകങ്ങൾ വീണ്ടും പരിഷ്കരിക്കപ്പെട്ടു.

## സൗജന്യവിദ്യാഭ്യാസവും മറ്റ് ആനുകൂല്യങ്ങളും

1. **സൗജന്യവിദ്യാഭ്യാസം :** കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകിയ സമൂഹമാണ് കേരളത്തിലുള്ളത്. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവപ്പെടുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് അക്കാരണത്താൽ സ്കൂൾവിദ്യാഭ്യാസം ലഭ്യമാകാതെ പോകരുത്

എന്ന നിലപാട് ഇടതുപക്ഷം എന്നും കൈക്കൊണ്ടിരുന്നു. ഇതിന്റെ പ്രതിഫലനമാണ് 1957 ൽ ഇ.എം.എസിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട സർക്കാർ പ്രൈമറി ക്ലാസുകളിലെ ട്യൂഷൻ ഫീസ് ഒഴിവാക്കാനുള്ള നടപടി എടുത്തത്. 1969 ജനുവരി 6 ന് ഇ.എം.എസിന്റെ നേതൃത്വത്തിൽത്തന്നെയുള്ള നാലാമത്തെ കേരള സർക്കാരാണ് സെക്കന്ററി ഘട്ടം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കി മാറ്റിയത്. 1969-70 ൽ ഒമ്പതു മുതൽ പത്തു വരെ ക്ലാസുകളിലെ ട്യൂഷൻ ഫീസ് വേണ്ടെന്നു വച്ചു. അങ്ങനെ പത്താം ക്ലാസ്‌വരെയുള്ള വിദ്യാഭ്യാസം സൗജന്യമായി. ഇത് പിന്നീട് ഹയർ സെക്കന്ററി തലത്തിലേക്കും വ്യാപിപ്പിച്ചു. ഇന്നു സംസ്ഥാനത്ത് പന്തണ്ടാം ക്ലാസ്‌വരെയുള്ള വിദ്യാഭ്യാസം സൗജന്യമാണ്.

2. **യാത്രാ ഇളവ്** : 1950 കളിലാണ് കുട്ടികൾക്ക് സ്കൂളുകളിലേക്കുള്ള യാത്രച്ചെലവിൽ ഇളവ് അനുവദിക്കാൻ തുടങ്ങിയത്. തിരുവിതാംകൂർ - കൊച്ചി ഗവൺമെന്റ് ആരംഭിച്ച ഈ പദ്ധതി കേരളസംസ്ഥാന രൂപീകരണത്തോടെ കേരളം മുഴുവൻ വ്യാപിപ്പിച്ചു. സ്വകാര്യ ബസുകൾ അടക്കമുള്ള പൊതുയാത്രാസംവിധാനങ്ങളിൽ വിദ്യാർഥികൾക്ക് യാത്രാനിരക്കിൽ ഇളവ് ലഭിക്കുന്നുണ്ട്.

3. **സൗജന്യപാഠപുസ്തകം :** സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് ഒരു പ്രോത്സാഹനം എന്ന നിലയിൽ 1987-മെയ് 31-നാണ് ഒന്നാംക്ലാസിലെ എല്ലാ കുട്ടികൾക്കും സ്ളേറ്റും പുസ്തകവും നൽകാൻ തീരുമാനമുണ്ടായത്. അതിപ്പോഴും തുടരുന്നു. നിലവിൽ എട്ടാം ക്ലാസ്‌വരെയുള്ള കുട്ടികൾക്ക് പാഠപുസ്തകം സൗജന്യമായി വിതരണം ചെയ്യുന്നു.

4. **ഉച്ചഭക്ഷണപരിപാടി** : സാമ്പത്തികവിഷമമുള്ള കുടുംബങ്ങളിൽനിന്നു വരുന്ന കുട്ടികൾക്ക് ഉച്ചയ്ക്ക് ഭക്ഷണം നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചത് 1961-1962 കാലത്താണ്. കെയറിന്റെ (കോ-ഓപറേറ്റീവ് ഫോർ അമേരിക്കൻ റിലീഫ് എവരിവെയർ) സഹായത്തോടെയാണ് ഇത് ആവിഷ്കരിച്ചത്. 1984-ഓടെ ഇവർ ഈ രംഗത്തുനിന്നു പിൻമാറാൻ തുടങ്ങുകയും 1986-ഓടെ പൂർണമായി പിൻവാങ്ങുകയും ചെയ്തു. കെയർ പിൻവാങ്ങിയ ഘട്ടത്തിൽ അതിനു പകരമായി കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായി 01.12.1984-ൽ മത്സ്യത്തൊഴിലാളി വില്ലേജുകളിലും ട്രൈബൽ വില്ലേജുകിലും സ്കൂൾ കുട്ടികൾക്കായി ഉച്ചക്കഞ്ഞിപദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. 222 വില്ലേജുകളിലെ എയ്ഡഡ്/സർക്കാർ എൽ.പി. സ്കൂളുകളിലാണ് ഇത് ആരംഭിച്ചത്. തുടർന്ന് 31.12.1985 മുതൽ കേരളത്തിലെ എല്ലാ എയ്ഡഡ്/സർക്കാർ വിദ്യാലയങ്ങളിലേക്കും പദ്ധതി വ്യാപിപ്പിച്ചു. 1987-88 അക്കാദമികവർഷം ഉച്ചക്കഞ്ഞിപദ്ധതി കേരളത്തിലെ ഒന്നു മുതൽ ഏഴു വരെയുള്ള എല്ലാ പ്രൈമറി സ്കൂളുകളിലേക്കും ഹൈസ്കൂളുകളോടു ചേർന്നുള്ള പ്രൈമറി വിഭാഗത്തിലേക്കും വ്യാപിപ്പിച്ചു. 1995-ൽ കേന്ദ്ര ഗവൺമെന്റ് ദേശവ്യാപകമായി ഉച്ചഭക്ഷണപദ്ധതി നടപ്പിലാക്കി. ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളിലെ വിദ്യാർഥികൾക്കായാണ് ഇത് നടപ്പിലാക്കിയത്. കേരളത്തിൽ 1985ൽത്തന്നെ ഏഴാം ക്ലാസ്‌വരെ ആവശ്യക്കാരായ മുഴുവൻ വിദ്യാർഥികളെയും ഉൾക്കൊള്ളിച്ച് ഈ പദ്ധതി ആരംഭിച്ചിരുന്നു. ഏറ്റവും അവസാനമായി 2007-08 അക്കാദമികവർഷം മുതൽ കേന്ദ്രസർക്കാർ ഈ പദ്ധതി എട്ടാം ക്ലാസ് വരെയുള്ള

വിദ്യാർഥികൾക്കായി വ്യാപിപ്പിച്ചു. പി.ടി.എ.യുടെയും മറ്റും സഹകരണത്തോടെ മിക്ക സ്കൂളുകളിലും ഉച്ചഭക്ഷണം ഹൈസ്കൂൾ കുട്ടികൾക്കും നൽകുന്നുണ്ട്.

5. **സ്കോളർഷിപ്പുകൾ :** പഠനത്തിൽ മികവു തെളിയിക്കുന്ന കുട്ടികൾക്കായി പലതരത്തിലുള്ള സ്കോളർഷിപ്പുകൾ നിലവിലുണ്ട്. അതിൽ പ്രധാനപ്പെട്ടവയാണ് എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പുകൾ. സംസ്ഥാനതലത്തിൽ മികവിനെ അംഗീകരിക്കാൻ വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മിടുക്കരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രീ-പ്രൈമറി, പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങളിലെ കുട്ടികൾക്കായി 120-ൽപ്പരം സ്കോളർഷിപ്പുകൾ, ലംപ്സം ഗ്രാന്റുകൾ, മറ്റാനുകൂല്യങ്ങൾ എന്നിവ നിലവിലുണ്ട്. വിവിധ തൊഴിൽമേഖലകളുമായി ബന്ധപ്പെട്ട സ്കോളർഷിപ്പുകൾ, ധനസഹായങ്ങൾ തുടങ്ങിയവയൊക്കെ സംസ്ഥാന-കേന്ദ്രസർക്കാരുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**അധ്യായം 4**

# അവസ്ഥാവിശകലനം

1. വിദ്യാഭ്യാസരംഗത്തെക്കുറിച്ച് ആഴത്തിലുള്ള ഏതൊരു പഠനത്തിനും ആവശ്യമായ മുന്നുപാധിയാണ് നിലവിലുള്ള അവസ്ഥ എന്താണ് എന്നറിയൽ. ഇത്തരം ഒരു അന്വേഷണം നടത്തുമ്പോൾ കേരളസംസ്ഥാന രൂപീകരണം മുതലുള്ള ചരിത്രപരമായ വളർച്ച പരിശോധിക്കാൻ വിദഗ്ധസമിതി ശ്രമിച്ചിട്ടുണ്ട്.

2. കേരളത്തിലെ 2016-17 ൽ പ്രവർത്തിച്ചിരുന്ന വിദ്യാലയങ്ങളുടെ കണക്ക് പട്ടികയിൽ കൊടുത്തിട്ടുണ്ട്.

**പട്ടിക 1: സ്കൂളുകൾ ഇനം തിരിച്ച് 2017-18**

| ക്രമ നമ്പർ | സ്കൂളുകളുടെ ഇനം | സർക്കാർ | എയ്ഡഡ് | അൺ-എയ്ഡഡ് | ആകെ |
|---|---|---|---|---|---|
| 1 | ഹയർ സെക്കന്ററി | 847 | 858 | 364 | 2077 |
| 2 | വൊക്കേഷണൽ ഹയർ സെക്കന്ററി | 261 | 128 | 0 | 389 |
| 3 | ഹൈസ്കൂൾ | 1227 | 1433 | 459 | 3119 |
| 4 | അപ്പർ പ്രൈമറി സ്കൂൾ | 871 | 1871 | 244 | 2986 |
| 5 | ലോവർ പ്രൈമറി സ്കൂൾ | 2597 | 3912 | 357 | 6866 |
| 6 | സ്പെഷൽ സ്കൂളുകൾ | 7 | 37 | 1 | 45 |
| 7 | ആംഗ്ലോ ഇന്ത്യൻ സ്കൂൾ | 0 | 18 | 1 | 19 |
| 8 | അധ്യാപക പരിശീലനകേന്ദ്രങ്ങൾ | 38 | 64 | 74 | 176 |
| 9 | ഫിഷറീസ് സ്കൂൾ | 17 | 18 | 26 | 61 |
| 10 | ട്രൈബൽ സ്കൂൾ | 90 | 0 | 0 | 90 |
| 11 | സ്പോർട്സ് സ്കൂൾ | 3 | 0 | 0 | 3 |
| 12 | മോഡൽ റസിഡൻഷ്യൽ സ്കൂൾ | 20 | 0 | 1 | 21 |
| 13 | എം.ജി.എൽ.സി. | 292 | 0 | 0 | 292 |
| 14 | ടെക്നിക്കൽ ഹൈസ്കൂളുകൾ | 39 | 0 | 0 | 39 |
| 15 | ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ | 15 | 0 | 0 | 15 |

അവലംബം. ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്, ഹയർ സെക്കന്ററി ഡയറക്റ്ററേറ്റ്

i. പ്രീസ്കൂളിങ്ങിനായി പ്രീപ്രൈമറി സംവിധാനവും നിലനിൽക്കുന്നു. സർക്കാരിന്റെ നേതൃത്വത്തിൽ 56 പ്രീ-പ്രൈമറി സ്കൂളുകളും പി.ടി.എയുടെ നേതൃത്വത്തിൽ സർക്കാർ മേഖലയിൽ 2597 പ്രീസ്കൂളുകളും എയ്ഡഡ് മേഖലയിൽ 2990 പ്രീസ്കൂളുകളും അടക്കം ആകെ 5580 പ്രീ സ്കൂളുകൾ നിലനിൽക്കുന്നു.

ii. സംസ്ഥാനത്തു ഡി.പി.ഐയുടെ പരിധിയിൽ 12971 സ്കൂളുകളാണു 2017 -18 അക്കാദമികവർഷം ഉള്ളത്. അതിൽ 4695 എണ്ണം സർക്കാർ മേഖലയിലും 7216 എണ്ണം എയ്ഡഡ് മേഖലയിലും 1060 എണ്ണം അംഗീകൃത അൺ-എയ്ഡഡ് മേഖലയിലുമാണ് ഉള്ളത്.

iii. ആകെ വിദ്യാലയങ്ങളിൽ 3119 ഹൈസ്കൂളുകളും 2986 യു.പി. സ്കൂളുകളും 6866 എൽ.പി. സ്കൂളുകളുമാണുള്ളത്.

iv. കൂടാതെ സംസ്ഥാനത്ത് 1266 സി.ബി.എസ്.ഇ. സ്കൂളുകളും 162 ഐ.സി.എസ്.ഇ. സ്കൂളുകളും 36 കേന്ദ്രീയവിദ്യാലയങ്ങളും 14 ജവഹർ നവോദയ വിദ്യാലയങ്ങളുമുണ്ട്.

v. 2018-19 അക്കാദമികവർഷം 6-ാം പ്രവൃത്തിദിവസത്തെ കണക്കുപ്രകാരം 1-10 വരെ ക്ലാസുകളിലായി 37,03,818 കുട്ടികളുണ്ട്. ഇതിൽ 21,53,882 കുട്ടികൾ എയ്ഡഡ് മേഖലയിലാണ്. ഇത് ആകെ കുട്ടികളുടെ 58% വരും. സർക്കാർ മേഖലയിൽ 11,45,973 -31%, അംഗീകൃത അൺ-എയ്ഡഡ് മേഖലയിൽ 4,03,963 - 11% കുട്ടികളുമാണുള്ളത്.

vi. ഹയർ സെക്കന്ററി മേഖലയിൽ 2018-19 അക്കാദമികവർഷം 847 സർക്കാർ വിദ്യാലയങ്ങളും 858 എയ്ഡഡ് വിദ്യാലയങ്ങളും 364 അൺ-എയ്ഡഡ് വിദ്യാലയങ്ങളുമാണ് ഉണ്ടായിരുന്നത്. ആകെ ഹയർ സെക്കന്ററി വിദ്യാലയങ്ങൾ 2077 ഉണ്ട്. ഇതിൽ സർക്കാർ മേഖലയിൽ 19 മോഡൽ റസിഡൻഷ്യൽ വിദ്യാലയങ്ങളും 2 സ്പെഷൽ സ്കൂളുകളും എയ്ഡഡ് മേഖലയിലെ 12 സ്പെഷൽ സ്കൂളുകളും അൺ എയ്ഡഡ് മേഖലയിലെ 2 സ്പെഷൽ സ്കൂളുകളും പെടും. കൂടാതെ ഐ.എച്ച്.ആർ.ഡിയുടെ പരിധിയിൽ 6 ഹയർ സെക്കന്ററി സ്കൂളുകളുമുണ്ട്.

vii. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങൾ സർക്കാർമേഖലയിൽ 261, എയ്ഡഡ് മേഖലയിൽ 128 എന്നിങ്ങനെ ആകെ 389 എണ്ണമാണുള്ളത്.

viii. പ്രൈമറി അധ്യാപകപരിശീലന കേന്ദ്രങ്ങളായി 176 എണ്ണം നിലവിലുണ്ട്. ഇതിൽ 38 എണ്ണം സർക്കാർമേഖലയിലും 64 എണ്ണം എയ്ഡഡ് മേഖലയിലും 74 എണ്ണം അൺ-എയ്ഡഡ് മേഖലയിലുമാണ്.

ix. കൂടാതെ 44 സ്പെഷൽ സ്കൂളുകളുമുണ്ട്. അതിൽ 7 എണ്ണം സർക്കാർ മേഖലയിലും 36 എണ്ണം എയ്ഡഡ് മേഖലയിലും 1 അൺ-എയ്ഡഡ് മേഖലയിലുമാണ്.

x. ഫിഷറീസ് സ്കൂളുകളായി 61 എണ്ണം നിലവിലുണ്ട്. ഇതിൽ 17 എണ്ണം ഹൈസ്കൂളുകളും 18 എണ്ണം യു.പി. സ്കൂളുകളും 26 എണ്ണം എൽ.പി. സ്കൂളുകളുമാണ്.

xi. ട്രൈബൽ സ്കൂളുകൾ 87 എണ്ണമുണ്ട്. ഇതിൽ 34 എണ്ണം ഹൈസ്കൂളുകളും 8 യു.പിയും 45 എൽ.പി. സ്കൂളുകളുമാണ്.

xii. ആകെയുള്ള 3 സ്പോർട്സ് സ്കൂളുകളും സർക്കാർ മേഖലയിലാണ്.

xiii. 19 ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ കേരളത്തിലുണ്ട്. ഇതിൽ 8 ഹൈസ്കൂളും 4 യു.പിയും 7 എൽ.പി. സ്കൂളുകളുമാണ്.

xiv. 39 ടെക്നിക്കൽ ഹൈസ്കൂളുകളിൽ 39 എണ്ണവും സർക്കാർ മേഖലയിലാണ്.

xv. 15 ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിൽ എല്ലാം സർക്കാർ മേഖലയിലാണ്.

xvi. 21 മോഡൽ റസിഡൻഷ്യൽ സ്കൂളുകളുണ്ട്. അതിൽ 13 എണ്ണം സർക്കാർ മേഖലയിലും 7 എണ്ണം എയ്ഡഡ് മേഖലയിലും 1 അൺ-എയ്ഡഡ് മേഖലയിലുമാണ്.

### 3. സ്ഥാപനപരമായ വളർച്ച

തിരുവിതാംകൂർ, കൊച്ചി, മലബാർ ഭൂപ്രദേശങ്ങൾ കൂട്ടിച്ചേർത്ത് ഐക്യകേരളം രൂപീകൃതമായ ഘട്ടത്തിൽ 9137 സ്കൂളുകളാണ് ഉണ്ടായിരുന്നത്. (പല അൺ-എയ്ഡഡ് വിദ്യാലയങ്ങളും അതിന്റെ നടത്തിപ്പുകാർ സ്വമേധയാ ഉപേക്ഷിച്ചുകൊണ്ടിരുന്ന ഒരു

കാലഘട്ടമായതിനാൽ ഈ എണ്ണത്തിൽ ചെറിയ ഏറ്റക്കുറച്ചിലുകൾ സ്ഥിതിവിവരക്കണക്കുകളുടെ വ്യത്യസ്ത സ്രോതസ്സുകളിൽ കാണുന്നുണ്ട്). ഇതിൽ 762 ഹൈസ്കൂളുകളും 1589 അപ്പർ പ്രൈമറി സ്കൂളുകളും 6699 ലോവർ പ്രൈമറി സ്കൂളുകളും 87 ട്രെയിനിങ് സ്കൂളുകളുമാണ് ഉണ്ടായിരുന്നത്. വിശദാംശങ്ങൾ പട്ടിക 2 ൽ ഉണ്ട്.

**പട്ടിക 2: കേരളസംസ്ഥാന രൂപീകരണ ഘട്ടം – വിദ്യാലയങ്ങളുടെ എണ്ണം**

| സ്കൂൾ ഇനം | സർക്കാർ | എയ്ഡഡ് | അൺ-എയ്ഡഡ് | ആകെ |
|---|---|---|---|---|
| ഹൈസ്കൂൾ | 140 | 612 | 10 | 762 |
| ട്രെയിനിങ് സ്കൂളുകൾ | 32 | 55 | - | 87 |
| അപ്പർ പ്രൈമറി | 255 | 1314 | 20 | 1589 |
| ലോവർ പ്രൈമറി | 1627 | 4999 | 73 | 6699 |
| ആകെ | 2054 | 6980 | 103 | 9137 |

അവലംബം. ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്, 1957

4. കേരളസംസ്ഥാന രൂപീകരണഘട്ടത്തിൽ ഉണ്ടായിരുന്ന 9137 വിദ്യാലയങ്ങളിൽ 73.32% ലോവർ പ്രൈമറി വിദ്യാലയങ്ങളായിരുന്നു. ഹൈസ്കൂളുകൾ 8.34% മാത്രം. അതായത് സെക്കന്ററി വിദ്യാഭ്യാസത്തിനുള്ള സൗകര്യം പ്രസ്തുത ഘട്ടത്തിൽ വളരെ പരിമിതമായിരുന്നു.

5. 1957 മുതൽ സ്കൂൾ വിദ്യാഭ്യാസരംഗത്തുണ്ടായ സ്ഥാപനപരമായ വളർച്ച പട്ടിക 3 ൽ ഉണ്ട്.

**പട്ടിക 3: സ്കൂളുകൾ 1956 – 57 മുതൽ 2015–16 വരെ**

| | ഹൈസ്കൂൾ | | | | യു.പി.സ്കൂൾ | | | | എൽ.പി.സ്കൂൾ | | | | ട്രെയിനിങ് സ്കൂൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | ആകെ | ആകെ |
| 1956-57 | 140 | 612 | 10 | 762 | 255 | 1314 | 20 | 1589 | 1627 | 4999 | 73 | 6699 | 30 | 55 | 87 | 9137 |
| 1957-58 | 217 | 609 | 8 | 834 | 456 | 1253 | 31 | 1740 | 2678 | 4279 | 106 | 7063 | 32 | 56 | 88 | 9725 |
| 1960-61 | 244 | 640 | 11 | 895 | 530 | 1400 | 2 | 1932 | 2719 | 3954 | 33 | 6706 | 30 | 49 | 79 | 9612 |
| 1965-66 | 345 | 769 | 37 | 1151 | 761 | 1672 | 14 | 2447 | 2904 | 4005 | 45 | 6954 | 31 | 74 | 105 | 10657 |
| 1970-71 | 442 | 897 | 45 | 1384 | 811 | 1723 | 10 | 2544 | 2823 | 4014 | 49 | 6886 | 31 | 74 | 105 | 10918 |
| 1975-76 | 566 | 903 | 52 | 1521 | 880 | 1711 | 15 | 2606 | 2910 | 4019 | 46 | 6975 | 31 | 74 | 105 | 11207 |
| 1980-81 | 789 | 1122 | 65 | 1976 | 867 | 1866 | 20 | 2743 | 2712 | 4100 | 49 | 6861 | 30 | 62 | 92 | 11682 |
| 1985-86 | 934 | 1380 | 108 | 2422 | 915 | 1890 | 64 | 2869 | 2617 | 4083 | 145 | 6845 | 30 | 63 | 93 | 12229 |
| 1990-91 | 961 | 1380 | 111 | 2452 | 960 | 1883 | 72 | 2915 | 2565 | 4068 | 134 | 6767 | 31 | 64 | 95 | 12229 |
| 1995-96 | 976 | 1394 | 203 | 2573 | 960 | 1875 | 129 | 2964 | 2521 | 4040 | 167 | 6728 | 38 | 64 | 102 | 12367 |
| 2000-01 | 985 | 1412 | 218 | 2615 | 960 | 1873 | 124 | 2957 | 2565 | 4035 | 158 | 6758 | 38 | 64 | 102 | 12432 |
| 2005-06 | 996 | 1428 | 366 | 2790 | 954 | 1870 | 213 | 3037 | 2548 | 3992 | 277 | 6817 | | | | 12644 |
| 2010-11 | 1066 | 1429 | 379 | 2874 | 899 | 1870 | 217 | 2986 | 2538 | 3979 | 267 | 6784 | | | | 12644 |
| 2015-16 | 1162 | 1406 | 453 | 3021 | 865 | 1848 | 266 | 2979 | 2592 | 3886 | 404 | 6882 | | | | 12882 |
| 2016-17 | 1225 | 1433 | 466 | 3119 | 875 | 1871 | 242 | 2988 | 2597 | 3914 | 363 | 6874 | | | | 12981 |
| 2017-18 | 1227 | 1433 | 499 | 3119 | 871 | 1871 | 244 | 2986 | 2598 | 3912 | 356 | 6866 | | | | 12971 |

അവലംബം : അതത് വർഷത്തെ ഇക്കണോമിക് റിവ്യൂ, ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

*കുറിപ്പ്: 2005-06 നു ശേഷം ട്രെയിനിങ് സ്കൂളുകളെ ഹൈസ്കൂൾ ഇനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനുശേഷം എയ്ഡഡ് മേഖലയിലോ സർക്കാർ മേഖലയിലോ പുതിയ ട്രെയിനിങ് സ്കൂളുകൾ അനുവദിക്കപ്പെട്ടിട്ടില്ല.*

6. ദേശീയതലത്തിലുള്ള വിദ്യാഭ്യാസ കമ്മീഷനുകളെല്ലാം പന്ത്രണ്ടാം ക്ലാസ്വരെയുള്ള വിദ്യാഭ്യാസഘട്ടമാണ് നിർദേശിച്ചിരിക്കുന്നത്. 1966-ൽ സമർപ്പിക്കപ്പെട്ട കോത്താരി കമ്മീഷൻ റിപ്പോർട്ടാണ് ഇതു സംബന്ധിച്ചു മൂർത്തമായ നിർദേശങ്ങൾ മുന്നോട്ടുവച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് 1968-ൽ ദേശീയ വിദ്യാഭ്യാസനയത്തിന് രൂപം നൽകിയത്. പാർലമെന്റ് അംഗീകരിച്ച ഈ നയപ്രകാരം സ്കൂൾവിദ്യാഭ്യാസം എന്നത് 12-ാം ക്ലാസ്വരെയായി മാറി. തുടർന്ന് കേന്ദ്രീയവിദ്യാലയങ്ങളിലും മിക്ക സംസ്ഥാനങ്ങളിലും സ്കൂൾ വിദ്യാഭ്യാസം എന്നത് പന്ത്രണ്ടാം ക്ലാസ് വരെയായി മാറി. എന്നാൽ കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസം പത്താം ക്ലാസ് വരെ എന്ന നില തുടർന്നു.

7. സ്കൂൾവിദ്യാഭ്യാസഘട്ടത്തിൽ തൊഴിൽപരിശീലനം നൽകണം എന്ന ദേശീയനിർദേശം കേരളവും പരിഗണിച്ചു. 1983-ലെ ഒരു ഉത്തരവിലൂടെ സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചു. 1983-84 അക്കാദമികവർഷം 13 ഹൈസ്കൂളുകളിലും 8 ജൂനിയർ ടെക്നിക്കൽ സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കന്ററി ആരംഭിച്ചു. 16 സ്പെഷ്യലൈസ്ഡ് കോഴ്സുകളാണ് ആരംഭഘട്ടത്തിൽ ഉണ്ടായത്. വൊക്കേഷണൽ ഹയർ സെക്കന്ററി സംവിധാനത്തെ ഏകോപിപ്പിക്കാൻ 01-04-1985 ൽ വൊക്കേഷണൽ ഹയർ സെക്കന്ററി ഡയരക്ടറേറ്റ് പ്രവർത്തനമാരംഭിച്ചു. നിലവിൽ 389 സ്കൂളുകളാണ് ഈ മേഖലയിലുള്ളത്.

പട്ടിക 4: **വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ**

| സ്കൂളുകൾ | | | |
|---|---|---|---|
| വർഷം | സർക്കാർ | എയ്ഡഡ് | ആകെ |
| 1984-85 | 41 | - | 41 |
| 1990-91 | 157 | 7 | 164 |
| 2000- 01 | 231 | 91 | 322 |
| 2004-05 | 247 | 128 | 375 |
| 2008-09 | 261 | 128 | 389 |
| 2010-11 | 261 | 128 | 389 |
| 2015-16 | 261 | 128 | 389 |
| 2016-17 | 261 | 128 | 389 |

അവലംബം : അതത് വർഷത്തെ ഇക്കണോമിക് റിവ്യൂ

8. വൊക്കേഷണൽ ഹയർ സെക്കന്ററി നിലവിൽ ഒരു പരിവർത്തനഘട്ടത്തിലാണ്. ഈ സംവിധാനത്തെ ഹയർ സെക്കന്ററിയാക്കി മാറ്റുകയും എൻ.എസ്.ക്യു.എഫ്. മാനദണ്ഡങ്ങൾക്കനുസരിച്ച് ക്രമീകരിക്കുകയും ചെയ്യുന്ന പ്രക്രിയ 2018-19 അക്കദമികവർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. 66 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 146 ബാച്ചുകളിലാണ് ഈ പരിവർത്തനം വരുത്തിയിരിക്കുന്നത്.

9. 1986–ലെ ദേശീയ വിദ്യാഭ്യാസനയം മുന്നോട്ടുവച്ച കാഴ്ചപ്പാടിന് അനുപൂരകമായി കേരള ത്തിൽ ഹയർ സെക്കന്ററി ഘട്ടം സ്കൂളുകളോടു ചേർന്ന് ആരംഭിച്ചു. 1990 ലാണ് കേരളത്തിൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഭാഗമായി തുടങ്ങിയത്. 1990–91 അക്കാദമികവർഷം ഒരു വിദ്യാ ഭ്യാസജില്ലയിൽ ഒന്നു വീതം എന്ന കണക്കിൽ 31 സർക്കാർ വിദ്യാലയങ്ങളിൽ ഹയർ സെ ക്കന്ററി ആരംഭിച്ചു. 1990 ജൂണിലെ ഉത്തരവു പ്രകാരം ഹയർ സെക്കന്ററി സ്കൂൾ പ്രവർ ത്തനങ്ങൾ ഏകോപിപ്പിക്കാനായി പ്രവർത്തനമാരംഭിച്ച സ്പെഷ്യൽ ഓഫീസറുടെ കാര്യാല യമാണ് പിന്നീട് ഹയർ സെക്കന്ററി ഡയറക്ടറേറ്റായി വികസിച്ചത്.

10. 1990– 91 ൽ 31 സർക്കാർ സ്കൂളുകളിൽ ഹയർ സെക്കന്ററി ആരംഭിച്ച ഘട്ടത്തിൽ 5160 സീറ്റുകളാണ് ഉണ്ടായിരുന്നത്. 1991–92 അക്കാദമികവർഷം പുതുതായി 18 ഗവൺമെന്റ് സ്കൂളുകളിലും 33 എയ്ഡഡ് സ്കൂളുകളിലും 3 അൺഎയ്ഡഡ് സ്കൂളുകളിലും ഹയർ സെക്കന്ററി ആരംഭിച്ചു. പിന്നീട് 1997–98 അക്കാദമികവർഷം വരെ ഹയർ സെ ക്കന്ററി ഒന്നും അനുവദിച്ചില്ല. 1997 ൽ കോളേജുകളിൽനിന്ന് പ്രീഡിഗ്രി പൂർണമായും ഒഴിവാക്കിത്തുടങ്ങിയതോടുകൂടി ഹയർ സെക്കന്ററി സ്കൂളുകൾ കൂടുതലായി ആരംഭി ക്കാൻ സർക്കാർ നിർബന്ധിതമായി. പട്ടിക 5 ൽ ഹയർ സെക്കന്ററി സ്കൂളുകളുടെ വളർച്ചാപ്രവണത നൽകിയിട്ടുണ്ട്.

**പട്ടിക 5: ഹയർ സെക്കന്ററി സ്കൂളുകൾ**

| സ്കൂളുകൾ | | | | |
|---|---|---|---|---|
| വർഷം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| 1990-91 | 31 | 0 | 0 | 31 |
| 1991-92 | 49 | 33 | 3 | 85 |
| 1997-98 | 150 | 34 | 8 | 192 |
| 1998-99 | 255 | 261 | 8 | 524 |
| 1999-2000 | 256 | 260 | 12 | 528 |
| 2000-01 | 416 | 508 | 8 | 932 |
| 2005-06 | 702 | 523 | 431 | 1656 |
| 2010-11 | 760 | 686 | 461 | 1907 |
| 2015-16 | 817 | 844 | 362 | 2074 |
| 2016-17 | 817 | 846 | 412 | 2075 |

അവലംബം : അതത് വർഷത്തെ ഇക്കണോമിക് റിവ്യൂ

11. ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ സർക്കാർ മേഖലയിൽ 1280 സയൻസ് ബാച്ചുകളും 678 ഹ്യൂമാനിറ്റീസ് ബാച്ചുകളും 864 സയൻസ് ബാച്ചുകളുമാണ് ഒന്നാം വർഷ പ്രവേശന ത്തിനായി ഉള്ളത്. ഇത് എയ്ഡഡ് മേഖലയിൽ യഥാക്രമം 1776, 593, 935 എന്നീ ക്രമത്തിലാണ് ഉള്ളത്. അൺ എയ്ഡഡ് മേഖലയിൽ 592 സയൻസ് ബാച്ചുകൾ, 121 ഹ്യൂമാ നിറ്റിസ് ബാച്ചുകൾ, 303 കൊമേഴ്സ് ബാച്ചുകൾ എന്നിവയുണ്ട്. സർക്കാർ സ്പെഷൽ സ്കൂളുകളിൽ 2 ഹ്യൂമാനിറ്റീസ് ബാച്ചുകളും 1 കൊമേഴ്സ് ബാച്ചും എയ്ഡഡ് മേഖലയിൽ സ്പെഷൽ സ്കൂളുകളിൽ 7 സയൻസ് ബാച്ചുകളും 2 ഹ്യൂമാനിറ്റീസ് ബാച്ചുകളും 7 കൊമേഴ്സ് ബാച്ചുകളും നിലവിലുണ്ട്. അൺ എയ്ഡഡ് സ്പെഷൽ സ്കൂളുകളിൽ 2

കൊമേഴ്സ് ബാച്ചുകളാണുള്ളത്. റസിഡൻഷ്യൽ വിദ്യാലയങ്ങളിൽ 11 സയൻസ് ബാച്ചുകൾ, 6 ഹ്യൂമാനിറ്റീസ് ബാച്ചുകൾ, 9 കൊമേഴ്സ് ബാച്ചുകൾ എന്നിവയും ടെക്നിക്കൽ സ്കൂളുകളിൽ 58 സയൻസ് ബാച്ചുകളുമാണ് നിലവിലുള്ളത്. ഇങ്ങനെ ആകെ 3724 സയൻസ് ബാച്ചുകളും 1402 ഹ്യൂമാനിറ്റീസ് ബാച്ചുകളും 2121 കൊമേഴ്സ് ബാച്ചുകളും നിലവിലുണ്ട്. ഇവയില്ലാംകൂടി ഒന്നാം വർഷം ഹയർ സെക്കന്ററി പഠനത്തിനായി സയൻസ്വിഷയങ്ങൾക്ക് 1,85,915 സീറ്റുകളും ഹ്യൂമാനിറ്റീസ് വിഷയങ്ങൾക്ക് 69,742 സീറ്റുകളും കൊമേഴ്സ് വിഷയങ്ങൾ 1,05,906 സീറ്റുകളും ലഭ്യമാണ്. അതായത് ആകെ 3,61,363 സീറ്റുകൾ ഹയർ സെക്കന്ററി ഒന്നാം വർഷ പ്രവേശനത്തിനായി ലഭ്യമാണ്. ആകെ ലഭ്യമായ സീറ്റുകളിൽ 51.42% സയൻസ് സീറ്റുകളും 19.29% ഹ്യൂമാനിറ്റീസ് സീറ്റുകളും 29.29% കൊമേഴ്സ് സീറ്റുകളുമാണ്.

## എൻറോൾമെന്റ്

12. 1956 – 57 വർഷം 1 മുതൽ 10 വരെ ക്ലാസുകളിൽ 27 ലക്ഷം കുട്ടികളാണ് പഠിച്ചിരുന്നത്. 1970–71 വർഷമാകുമ്പോഴേക്കും അത് 48 ലക്ഷമായി. 1991–92 വർഷത്തിലിത് 59 ലക്ഷമായി വളർന്നു. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ഏറ്റവും ഉയർന്ന എൻറോൾമെന്റ് 1991–92 അക്കാദമികവർഷമായിരുന്നു. 2016–17 അക്കാദമികവർഷം 37.02 ലക്ഷം കുട്ടികളാണ് പൊതുവിദ്യാലയങ്ങളിൽ പഠിച്ചത്. ഒന്നാം ക്ലാസിൽ എൻറോൾ ചെയ്യുന്ന ഏതാണ്ട് എല്ലാ കുട്ടികളും ഹൈസ്കൂൾ ഘട്ടം പൂർത്തിയാക്കുന്നു. 1956–57 ഘട്ടത്തിൽ ആകെ കുട്ടികളുടെ 66 ശതമാനത്തിലധികം എൽ.പി. വിഭാഗത്തിലായിരുന്നു. യു.പി യിലെത്തുമ്പോഴേക്കും അത് 22 ശതമാനവും ഹൈസ്കൂളുകളിൽ 12 ശതമാനത്തിനടുത്തും മാത്രമായിരുന്നു. അതായത് ബഹുഭൂരിപക്ഷം കുട്ടികളും എൽ.പി. ഘട്ടത്തോടെ പഠനം അവസാനിപ്പിച്ചിരുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. പ്രസ്തുത കാലത്ത് അപ്പർ പ്രൈമറി, ഹൈസ്കൂൾ പഠനത്തിനുള്ള സൗകര്യങ്ങളും പരിമിതമായിരുന്നു. ഒന്നാമത്തെ കേരള മന്ത്രിസഭ മുതൽ ഇങ്ങോട്ടുള്ള ഭരണസംവിധാനങ്ങൾ സമൂഹത്തിന്റെ വിദ്യാഭ്യാസ ആവശ്യത്തെ മുൻഗണന നൽകി പരിഗണിച്ചതിന്റെ ഫലമായി അപ്പർ പ്രൈമറി, ഹൈസ്കൂൾ വിദ്യാലയങ്ങളുടെ എണ്ണം വർധിച്ചു എന്നതാണ് പട്ടിക 3 നൽകുന്ന പൊതുചിത്രം. ഇതിന്റെ ഫലമായി ലോവർ പ്രൈമറിയിൽ ചേരുന്ന എല്ലാ കുട്ടികളും ഹൈസ്കൂൾപഠനം പൂർത്തിയാക്കുന്നു എന്നതാണ് 2016–17 ലെ എൻറോൾമെന്റ് ദത്തങ്ങൾ വ്യക്തമാക്കുന്നത്. കുട്ടികളുടെ പ്രവേശനത്തോതിലും പഠനത്തുടർച്ചയിലുമുണ്ടായ വ്യതിയാനം പട്ടിക 6 ൽ വ്യക്തമാണ്.

**പട്ടിക 6: കുട്ടികളുടെ എൻറോൾമെന്റ് സ്കൂൾ ഘട്ടം അനുസരിച്ച്- 1956–57 –2016–17**

| വർഷം | എൻറോൾമെന്റ് - ആയിരത്തിൽ | | | |
|---|---|---|---|---|
| | എൽ.പി. | യു.പി. | എച്ച്.എസ്. | ആകെ |
| 1956/57 | 1800.69 | 585.05 | 323.5 | 2709.24 |
| % | 66.46 | 21.59 | 11.94 | 100.00 |
| 2018/19 | 1314.94 | 1112.77 | 1276.11 | 3703.82 |
| % | 35.50 | 30.05 | 34.45 | 100 |

അവലംബം: റിപ്പോർട്ട് ഓൺ എജ്യുക്കേഷണൽ സ്റ്റാറ്റിസ്റ്റിക്സ് - 2004, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, 2018-19

13. 1991-92 അക്കാദമികവർഷമാണ് ഏറ്റവും കൂടുതൽ എൻറോൾമെന്റുണ്ടായത് - 59.07 ലക്ഷം കുട്ടികൾ. 1956-57 ലെ 27.09 ലക്ഷം കുട്ടികൾ എന്നതാണ് 91-92 വർഷത്തിൽ 59.07 ലക്ഷം കുട്ടികൾ ആയി മാറിയത്. എന്നാൽ പിന്നീടിങ്ങോട്ട് കുട്ടികളുടെ എണ്ണത്തിൽ സ്ഥിരമായി കുറവു വരുന്നതായാണ് കാണുന്നത്. 2018-19 ൽ 37.04 ലക്ഷം കുട്ടികളാണ് കേരള സ്റ്റേറ്റ് ബോർഡുമായി അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിൽ ഉള്ളത്.

1991 - 92 വർഷത്തിനു ശേഷം കുട്ടികളുടെ എണ്ണത്തിൽ കണ്ട സ്ഥിരമായ കുറവ് എന്ന പ്രവണതയിൽ ഒരു വ്യതിയാനം 2018-19 വർഷമുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അനുരണനങ്ങൾ കുട്ടികളുടെ എണ്ണത്തിലുള്ള വർധനവിൽ പ്രതിഫലിച്ചിട്ടുണ്ട്.

**ചിത്രം 1: മുതൽ 10 വരെ ക്ലാസുകളിലെ എൻറോൾമെന്റ് 1956-57 മുതൽ 2018-19വരെ**




14. പട്ടികജാതി-പട്ടികവർഗം കുട്ടികളുടെ എൻറോൾമെന്റിലും കുറവു കാണുന്നു. പട്ടികജാതി-പട്ടികവർഗം കുട്ടികളുടെ എൻറോൾമെന്റിലുണ്ടാകുന്ന കുറവിന് ഇടയാക്കുന്ന കാരണങ്ങൾ പരിശോധിക്കപ്പെടേണ്ടതുണ്ട്.

ചിത്രം -2: പട്ടികജാതി-പട്ടികവർഗ വിഭാഗം കുട്ടികളുടെ എൻറോൾമെന്റ്




15. ഒന്നാം ക്ലാസിൽ എത്തിച്ചേരുന്ന കുട്ടികളുടെ എണ്ണവും പരിശോധിക്കേണ്ടതുണ്ട്. കേരള സംസ്ഥാന രൂപീകരണസമയത്ത് ലോവർ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏറെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഒന്നാം ക്ലാസിൽ എത്തേണ്ട കുട്ടികളുടെ വലിയൊരു ഭാഗം സ്കൂളിലേക്കെത്തിച്ചേർന്നിരുന്നു. 1956- 57 ൽ ഇങ്ങനെ 5.52 ലക്ഷം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ എൻറോൾ ചെയ്തു. ഭൂപരിഷ്കരണം വഴി ഭൂമിയിൽ അവകാശം ലഭിച്ചതും വിദ്യാഭ്യാസം സൗജന്യമായതുമായ, വിദ്യാഭ്യാസത്തോടും വിദ്യാഭ്യാസത്തിന് വേണ്ടിയും സമൂഹമനസ്സിലുണ്ടായ അനുകൂലഘടകങ്ങളെല്ലാം ഒന്നാം ക്ലാസിലെ എൻറോൾമെന്റിനെയും സ്വാധീനിച്ചു. 1971-72 വർഷമാകുമ്പോഴേക്കും 8.41 ലക്ഷം കുട്ടികൾ ഒന്നാം ക്ലാസിൽ എത്തിച്ചേർന്നിരുന്നു. ഈ എണ്ണമാണ് പൊതുവിദ്യാലയങ്ങളിൽ രേഖപ്പെടുത്തിയ ഏറ്റവും വർധിച്ച ഒന്നാം ക്ലാസ് എൻറോൾമെന്റ്. പിന്നീടിങ്ങോട്ട് ഒന്നാം ക്ലാസ് എൻറോൾമെന്റിൽ തുടർച്ചയായ ഇടിവ് കാണുന്നു. 2017-18 അക്കാദമികവർഷം 3.06 ലക്ഷം കുട്ടികളാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നത്. ഇതിൽ എയ്ഡഡ്, സർക്കാർ സ്കൂളുകളിൽ എത്തിച്ചേർന്നത് 2.55 ലക്ഷം കുട്ടികളാണ് (2,54,853). പൊതുവിദ്യാഭ്യാസം സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്നും സർക്കാർ അതിനുള്ള എല്ലാ പിന്തുണയും നൽകാൻ തയാറാണെന്നും പ്രഖ്യാപിച്ചുകൊണ്ട് നവകേരളം കർമപദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ പൊതുവിദ്യാഭ്യാസ

സംരക്ഷണയജ്ഞം ജനങ്ങൾ ഏറ്റെടുത്തതോടുകൂടി എൻറോൾമെന്റ് വർധിച്ചു. 2017-18 വർഷവും 2018-19 വർഷവും എൻറോൾമെന്റ് ക്രമാനുഗതമായി വർധിച്ചു.

**ചിത്രം 3: ഒന്നാം ക്ലാസ് പ്രവേശനം**




അവലംബം : വിവിധ വർഷങ്ങളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കണക്കുകൾ ക്രോഡീകരിച്ചത്

16. കഴിഞ്ഞ 6 വർഷമായി ഒന്നാം ക്ലാസിലെ പ്രവേശനപ്രവണത ചിത്രം 4 വ്യക്തമാക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഫലമായി ഒന്നാം ക്ലാസ് പ്രവേശനത്തിൽ വന്ന മാറ്റം ചിത്രം 4 ൽ ഉണ്ട്. 2016-17 നെ അപേക്ഷിച്ച് 22571 കുട്ടികൾ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ രണ്ടു വർഷംകൊണ്ട് ഒന്നാം ക്ലാസിൽ വർധിച്ചിട്ടുണ്ട്. എന്നാൽ അതേ കാലയളവിൽ അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ 1872 കുട്ടികളുടെ കുറവു രേഖപ്പെടുത്തിയിട്ടുണ്ട്.

**ചിത്രം 4: ഒന്നാം ക്ലാസ് പ്രവേശനപ്രവണത**




17. സെൻസസ് രേഖകൾ അനുസരിച്ച് സ്കൂൾ പ്രായത്തിലുള്ള കുട്ടികളുടെ 73.45ശതമാനം സംസ്ഥാന ബോർഡുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ, എയ്ഡഡ്, സർക്കാർ അംഗീകരിച്ച അൺഎയ്ഡഡ് വിദ്യാലയങ്ങളിൽത്തന്നെയാണ് പഠിക്കുന്നത്. കേരള

ത്തിന് പുറത്തു താമസിക്കുന്ന മലയാളികളുടെ കണക്കുകൂടി സെൻസസ് കണക്കിൽ ഉൾപ്പെട്ടിരിക്കാമെന്നതിനാൽ വരാവുന്ന വ്യതിയാനംകൂടി പരിഗണിച്ചാൽ 78-80 ശതമാനം കുട്ടികൾ ഇപ്പോഴും കേരളസർക്കാർ അംഗീകരിച്ച സ്കൂളുകളിലാണുള്ളത്. അൺഎയ്ഡഡ് വിദ്യാലയങ്ങൾ ഒഴിവാക്കി സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങൾ മാത്രം പരിഗണിച്ചാലും ഇത് 70 ശതമാനത്തിനടുത്തു വരും.

**പട്ടിക 7: സ്കൂൾ പ്രവേശനപ്രവണത (2014-15)**

| വിഭാഗം | എൻറോൾമെന്റ് | | പ്രസ്തുത പ്രായത്തിലെ കുട്ടികളുടെ ജനസംഖ്യ | ശതമാനം | |
|---|---|---|---|---|---|
| | സർക്കാർ/ എയ്ഡഡ് | അൺഎയ്ഡഡ് ഉൾപ്പെടെ ആകെ | | സർക്കാർ/ എയ്ഡഡ് | അൺഎയ്ഡഡ് ഉൾപ്പെടെ ആകെ |
| എൽ.പി. | 1073959 | 1234109 | 1983083 | 54.16 | 62.23 |
| യു.പി. | 1071870 | 1171579 | 1522736 | 70.39 | 76.94 |
| ഹൈസ്കൂൾ | 1301769 | 1394838 | 1668390 | 78.03 | 83.60 |
| ആകെ | 3447598 | 3800526 | 5174209 | 66.63 | 73.45 |
| ഒന്നാം ക്ലാസ് | 254643 | 296096 | 482851 | 52.74 | 60.82 |

അവലംബം: ഇക്കണോമിക് റിവ്യൂ: 2014 സംസ്ഥാന ആസൂത്രണ ബോർഡ് - 2015 മാർച്ച്

18. പട്ടിക 7 വിശകലനം ചെയ്താൽ അത്ര അഭികാമ്യമല്ലാത്ത ചില പ്രവണതകളും കാണാൻ കഴിയും. ഹൈസ്കൂൾതലത്തിൽ കേരളത്തിലെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രസ്തുത പ്രായഘട്ടത്തിലുള്ള 80 ശതമാനത്തിനടുത്ത് കുട്ടികൾ പഠിക്കുന്നു. അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാലയങ്ങൾകൂടി പരിഗണിച്ചാൽ ഇത് 84 ശതമാനത്തിനടുത്താവും. അപ്പർ പ്രൈമറിയിൽ ഇത് യഥാക്രമം 70.39 ഉം 76.94 ഉം ആണെന്ന് പട്ടിക വെളിപ്പെടുത്തുന്നു. ലോവർ പ്രൈമറി തലത്തിൽ സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളിൽ 54 ശതമാനത്തിനടുത്ത് കുട്ടികൾ മാത്രമേ എത്തിച്ചേരുന്നുള്ളൂ. അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾകൂടി പരിഗണിച്ചാൽ ഇത് 62 ശതമാനത്തിനൽപ്പം കൂടുതൽ മാത്രമേ ആകുന്നുള്ളൂ. 2014-15 അക്കാദമികവർഷം ഒന്നാം ക്ലാസിൽ എത്തിച്ചേരേണ്ട കുട്ടികളുടെ 53 ശതമാനത്തിനടുത്താണ് സർക്കാറോ എയ്ഡഡോ ആയ വിദ്യാലയങ്ങളിൽ എത്തിച്ചേരുന്നത്. അംഗീകൃത അൺഎയ്ഡഡ് വിദ്യാലയങ്ങൾകൂടി കണക്കാക്കിയാൽ ഇത് 61 ശതമാനത്തിനകത്ത് മാത്രമേ ആകുന്നുള്ളൂ. മാത്രവുമല്ല, ലോവർ പ്രൈമറിയിലും അപ്പർ പ്രൈമറിയിലും സ്റ്റേറ്റ് സിലബസ് സ്കൂളുകളിൽ എത്താത്ത കുട്ടികൾ ഹൈസ്കൂൾ ഘട്ടമാകുമ്പോഴേക്കും പൊതുവിദ്യാലയങ്ങളിലേക്കു തന്നെ എത്തിച്ചേരുന്നു എന്നതാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ ഒരു ചെറിയ മാറ്റം 2017-18, 2018-19 അക്കാദമികവർഷം ഉണ്ടായിട്ടുണ്ട്. ലോവർ പ്രൈമറി തലത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എൻറോൾമെന്റിൽ കഴിഞ്ഞ അക്കാദമിക വർഷവും ഈ അക്കാദമികവർഷവും വർധനവ് ഉണ്ടായിട്ടുണ്ട്.

19. പെൺകുട്ടികൾ, വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്നവർ, അധഃസ്ഥിതർ എന്നിവരുടെ വിദ്യാഭ്യാസത്തിന് ബോധപൂർവമായ ശ്രമങ്ങൾ നാട്ടിൽ നടന്നു. സർക്കാരും ഈ ശ്രമങ്ങളിൽ നിർണായകമായ പങ്കാളിത്തം വഹിച്ചു. 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം മുതൽ

തന്നെ ഈ ദിശയിലുള്ള സംരംഭങ്ങൾ സർക്കാർ നടത്തിയതായി കാണാം. സ്വകാര്യ ഏജൻസികൾ പെൺകുട്ടികൾക്കായി വിദ്യാഭ്യാസത്തിനായി വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങാൻ ഉത്സാഹം കാട്ടാതിരുന്നപ്പോൾ സർക്കാർ തന്നെ അവർക്കു മാതൃഭാഷാ വിദ്യാലയങ്ങൾ ആരംഭിക്കുകയുണ്ടായി. 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചു പഠിക്കുന്ന വിദ്യാലയങ്ങളെക്കുറിച്ച് ചിന്തിക്കാൻ സമൂഹത്തിന് കഴിഞ്ഞിരുന്നില്ല. പെൺകുട്ടികളെ ആകർഷിക്കാൻ വനിതാ അധ്യാപകരെ നിയോഗിച്ചു. സാമൂഹികമായ ഈ ഇടപെടൽ വിദ്യാഭ്യാസരംഗത്തേക്ക് കുട്ടികളെ ആകർഷിക്കാൻ ഏറെ സഹായകമായി. എന്നാൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ സ്കൂളുകൾ എന്നത് കാലഹരണപ്പെട്ട കാഴ്ചപ്പാടാണെന്നും ലിംഗനീതിയും ലിംഗതുല്യതയും സമഭാവനയും ഉളവാകണമെങ്കിൽ ഒരു വിദ്യാലയത്തിൽ ഒരുമിച്ച് പഠിക്കുന്നതാണ് ഉചിതം എന്നുള്ള ചിന്താധാരയ്ക്ക് മേൽക്കൈ ലഭിക്കുകയുണ്ടായി. ആൺ - പെൺകുട്ടികൾക്കായി പ്രത്യേക വിദ്യാലയങ്ങൾ എന്നത് ശാസ്ത്രീയമായും സാമൂഹികമായും ശരിയല്ല എന്ന സംവാദം കേരളത്തിൽ ഉയർന്നുവന്നു. ഇതിന്റെ ഫലമായി പെൺകുട്ടികൾക്കായി പ്രത്യേക വിദ്യാലയം എന്ന സമൂഹത്തിന്റെ ധാരണ ക്രമേണ മാറുകയും 1993 -ഓടെ പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ ബഹുഭൂരിപക്ഷം പ്രൈമറി വിദ്യാലയങ്ങളും മിക്സഡ് വിദ്യാലയങ്ങളാവുകയും ചെയ്തു. എങ്കിലും നിലവിൽ കേരളത്തിൽ ആൺ-പെൺ വിദ്യാലയങ്ങൾ ഇനിയുമുണ്ട്.

**പട്ടിക.8 : മതിയായെണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങൾ 2016-17**

| സ്കൂളുകളുടെ ഇനം | വിഭാഗം | സ്കൂളുകളുടെ എണ്ണം | കുട്ടികൾ കുറഞ്ഞ സ്കൂളുകൾ | ശതമാനം |
|---|---|---|---|---|
| ഹൈസ്കൂൾ | സർക്കാർ | 1225 | 232 | 18.94 |
| | എയ്ഡഡ് | 1433 | 100 | 6.98 |
| | ആകെ | 2658 | 332 | 12.49 |
| യു.പി. | സർക്കാർ | 871 | 461 | 52.93 |
| | എയ്ഡഡ് | 1871 | 558 | 29.82 |
| | ആകെ | 2742 | 1019 | 37.16 |
| എൽ.പി. | സർക്കാർ | 2598 | 1896 | 72.98 |
| | എയ്ഡഡ് | 3912 | 2446 | 62.53 |
| | ആകെ | 6510 | 4342 | 66.70 |
| ആകെ | സർക്കാർ | 4694 | 2589 | 55.16 |
| | എയ്ഡഡ് | 7216 | 3104 | 43.02 |
| | ആകെ | 11910 | 5693 | 47.80 |

അവലംബം: റിപ്പോർട്ട് ഓൺ എജ്യുക്കേഷണൽ സ്റ്റാറ്റിസ്റ്റിക്സ്, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, 2016.

20. കുട്ടികളുടെ എണ്ണക്കുറവുകൊണ്ട് പരിമിതികൾ നേരിടുന്ന വിദ്യാലയങ്ങളുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ വേണം ഈ പ്രശ്നത്തെ സമീപിക്കേണ്ടത്. ഏതാണ്ട് 48 ശതമാനം വിദ്യാലയങ്ങൾ ഈ ഗണത്തിൽപ്പെട്ടവയാണെന്ന് പട്ടിക 8 സൂചിപ്പിക്കുന്നു. കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ വിവിധ ധർമങ്ങൾ സ്വാംശീകരിക്കാൻ കഴിയില്ല. ഇത് ഗൗരവമേറിയ അക്കാദമികപ്രശ്നമാണ്.

21. കുട്ടികളുടെ പഠനത്തുടർച്ച വരച്ചുകാട്ടുന്ന കൊഹോർട്ടിൽ കാണുന്ന വ്യതിയാനങ്ങളും വിദ്യാഭ്യാസരംഗത്തെ ചില പ്രവണതകൾ തുറന്നുകാട്ടുന്നുണ്ട്.

**പട്ടിക.9: കൊഹോർട്ട് വിവിധ വർഷങ്ങളിൽ**

| വർഷം | 1990-91 | 1999-2000 | 2009-10 |
|---|---|---|---|
| ഒന്നാം ക്ലാസ് | 100 | 100 | 100 |
| വർഷം | 1999-2000 | 2008-09 | 2018-19 |
| പത്താം ക്ലാസ് | 76 | 101 | 123 |

1990-91 ൽ ഒന്നാം ക്ലാസിൽ 100 കുട്ടികൾ ചേർന്നിട്ടുണ്ടെങ്കിൽ അവർ 1999-2000 ത്തിൽ പത്താം ക്ലാസിൽ എത്തിച്ചേരേണ്ടതാണ്. എന്നാൽ എത്തിച്ചേർന്നത് 76% കുട്ടികളാണ്. അതായത് 1990-91 ൽ 601030 കുട്ടികളാണ് ഒന്നാം ക്ലാസിൽ ചേർന്നത്. അവരിൽ 454525 പേരാണ് 1999-2000 ത്തിൽ പത്താം ക്ലാസിൽ എത്തിയത്. എന്നാൽ 1999-2000 ത്തിൽ 443027 (100) കുട്ടികൾ ഒന്നാം ക്ലാസിൽ എത്തി. അവർ പത്താംക്ലാസിൽ എത്തുമ്പോഴേക്കും 447853 (101) ആയി മാറി. 2009-10 ൽ 357322 (100) കുട്ടികൾ ഒന്നാം ക്ലാസിൽ എത്തി. അവർ പത്താം ക്ലാസിൽ എത്തുമ്പോഴേക്കും 438649 (123) ആയി മാറി. പട്ടിക 7 ൽ സൂചിപ്പിച്ച ദത്തങ്ങളെ സാധൂകരിക്കുന്നതാണ് ഈ കൊഹോർട്ട്. അതായത് ചെറിയ ക്ലാസിൽ ധാരാളം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽനിന്ന് വിട്ടു നിൽക്കുകയും പിന്നീട് ഒരു ഘട്ടത്തിൽ പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നതുകൊണ്ടാണ് 100 കുട്ടികൾ ഒന്നാം ക്ലാസിൽ എത്തുമ്പോൾ പത്താം ക്ലാസ് ആകുമ്പോഴേക്കും 123 കുട്ടികൾ ആയി വർധിക്കുന്നത്. ഈ പ്രവണത തിരുത്തിയാൽ മാത്രമേ പട്ടിക 8 ൽ സൂചിപ്പിച്ച മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളുടെ നിലവിലുള്ള സ്ഥിതി മാറ്റാൻ കഴിയൂ. മാത്രമല്ല, ഈ ദത്തം വച്ചുകൊണ്ട് യഥാർഥത്തിൽ കൊഴിഞ്ഞുപോകുന്നവരെ കണ്ടെത്തുക പ്രയാസവുമാണ്.

## അധ്യാപകർ

22. 1956-57 ൽ അൺ എയ്ഡഡ് ഉൾപ്പെടെ ആകെ 77,652 അധ്യാപകരാണ് ഉണ്ടായിരുന്നത്. 2015-16 ൽ അധ്യാപകരുടെ എണ്ണം അൺ എയ്ഡഡ് ഉൾപ്പെടെ 1,64,207 ആണ്. പത്താം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസഘട്ടത്തിൽ 1987-88 ലാണ് ഏറ്റവും കൂടുതൽ അധ്യാപകരുണ്ടായിരുന്നത്- 1.94 ലക്ഷം. പിന്നീടിങ്ങോട്ട് കുട്ടികളുടെ എണ്ണത്തിൽ കണ്ട കുറവിന് ആനുപാതികമായി അധ്യാപകരുടെ എണ്ണത്തിലും കുറവുണ്ടായി. 1990നു ശേഷം സ്കൂൾ അധ്യാപകരുടെ എണ്ണത്തിൽ അനുക്രമമായി വന്ന കുറവ് വളരെ പ്രകടമാണ്. പട്ടിക 9 - ൽ കേരളരൂപീകരണത്തിനു ശേഷം അധ്യാപകരുടെ എണ്ണത്തിലുണ്ടായ വ്യത്യാസങ്ങൾ നൽകിയിട്ടുണ്ട്.

23. 1956-57 ഘട്ടത്തിൽ ആകെയുള്ള അധ്യാപകരുടെ ചേരുവയിൽ എൽ.പി. അധ്യാപകരുടെ ശതമാനം വളരെ കൂടുതലാണ് (66.30). യു.പി. അധ്യാപകർ 23.21 ശതമാനവും ഹൈസ്കൂൾ അധ്യാപകർ 10.5 ശതമാനവുമാണ്. പിന്നീടിങ്ങോട്ട് അപ്പർ പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും വലിയ തോതിൽ ആരംഭിച്ചതോടുകൂടി ഈ ചേരുവ

യിൽ പ്രകടമായ വ്യത്യാസമുണ്ടായി. 2016-17 ലെ കണക്കനുസരിച്ച് ആകെ അധ്യാപകരുടെ 35.93 ശതമാനം എൽ.പി. അധ്യാപകരും 29.43 ശതമാനം യു.പി. അധ്യാപകരും 36.64 ശതമാനം ഹൈസ്കൂൾ അധ്യാപകരുമാണ്.

24. എയ്ഡഡ്, സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ അധ്യാപകർ ഉണ്ടായത് 1987-88 ലാണ് (1,89,303). 2016-17 ൽ ഇത് 1,47,703 ആണ്. 1987-88 നെക്കാൾ 41,600 അധ്യാപകരുടെ കുറവുണ്ടായിട്ടുണ്ട്.

**പട്ടിക 10: അധ്യാപകരുടെ എണ്ണം ഘട്ടം തിരിച്ച് - 1956-57 മുതൽ 2016-17 വരെ**

| വർഷം | അധ്യാപകർ | | | | എയ്ഡഡ്/ സർക്കാർ അധ്യാപകർ |
|---|---|---|---|---|---|
| | എൽ.പി. | യു.പി. | എച്ച്.എസ്. | ആകെ | |
| 1956/57 | 51478 | 18021 | 8153 | 77652 | |
| % | 66.30 | 23.21 | 10.50 | 100.00 | |
| 1960/61 | 62155 | 33027 | 13675 | 108857 | |
| % | 57.08 | 30.33 | 12.55 | 100.00 | |
| 1970/71 | 69694 | 44140 | 28471 | 142305 | 141114 |
| % | 48.97 | 31.02 | 20.01 | 100.00 | |
| 1980/81 | 71540 | 57293 | 46601 | 175434 | 173459 |
| % | 40.79 | 32.66 | 26.57 | 100.00 | |
| 1985/86 | 72075 | 60778 | 55501 | 188354 | 184602 |
| % | 38.26 | 32.26 | 29.46 | 99.98 | |
| 1990/91 | 72241 | 61221 | 57546 | 191008 | 186523 |
| % | 37.82 | 32.05 | 30.10 | 100.00 | |
| 1995/96 | 67101 | 60841 | 61064 | 189006 | 183324 |
| % | 35.50 | 32.19 | 32.31 | 100.00 | |
| 2000/01 | 63437 | 56814 | 61935 | 182186 | 174629 |
| % | 34.82 | 31.18 | 34.00 | 100.00 | |
| 2005/06 | 62967 | 53395 | 60207 | 176569 | 162167 |
| % | 35.66 | 30.24 | 34.1 | 100 | |
| 2010/11 | 59805 | 50469 | 57788 | 168062 | 153587 |
| % | 35.59 | 30.03 | 34.38 | 100 | |
| 2015/16 | 58247 | 47836 | 58124 | 164207 | 149233 |
| % | 35.48 | 29.13 | 35.39 | 100 | |
| 2016/17 | 58622 | 48027 | 56511 | 163160 | 147703 |
| % | 35.93 | 29.43 | 36.64 | 100 | |

അവലംബം: റിപ്പോർട്ട് ഓൺ എജ്യുക്കേഷണൽ സ്റ്റാറ്റിസ്റ്റിക്സ്, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, 2016.

25. 1956-57 മുതൽ 2017-18 വരെയുള്ള അധ്യാപകരുടെ എണ്ണത്തിലുണ്ടായ വ്യതിയാനങ്ങൾ ചിത്രം 5 വ്യക്തമാക്കുന്നു.

**ചിത്രം - 5: ആകെ അധ്യാപകർ**




അവലംബം: റിപ്പോർട്ട് ഓൺ എജ്യുക്കേഷണൽ സ്റ്റാറ്റിസ്റ്റിക്സ്, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, 2016.

26. അധ്യാപികമാരുടെ എണ്ണം പരിശോധിക്കുന്നതും ഉചിതമായിരിക്കും. 1956-57 ൽ ആകെയുള്ള അധ്യാപകരിൽ 31524 പേർ (41%) അധ്യാപികമാരായിരുന്നു. പിന്നീട് സ്കൂളുകളുടെ എണ്ണത്തിലുണ്ടായ വർധനവ് അധ്യാപകരുടെ എണ്ണത്തിലും പ്രതിഫലിച്ചു. 1987-88 ൽ അധ്യാപികമാരുടെ എണ്ണം ആകെ അധ്യാപകരുടെ 62 ശതമാനമായിരുന്നു. 2016 - 17 ൽ ആകെയുള്ള അധ്യാപകരിൽ 118769 പേർ (73%) അധ്യാപികമാരാണ്. 41 % ൽ നിന്ന് ഇന്നത്തെ അവസ്ഥയിലേക്കുള്ള വളർച്ചാഗ്രാഫ് ചിത്രം 6 ൽ നൽകിയിട്ടുണ്ട്.

**ചിത്രം - 6: അധ്യാപികമാർ%**




അവലംബം: റിപ്പോർട്ട് ഓൺ എജ്യുക്കേഷണൽ സ്റ്റാറ്റിസ്റ്റിക്സ്, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, 2016.

27. ചിത്രം 7 - വിദ്യാഭ്യാസരംഗത്തെ അതിനിർണായകമായ ഒരു ചിത്രമാണ്. കേരളത്തിലെ സ്കൂളുകളിലുള്ള പട്ടികജാതി-പട്ടികവർഗം അധ്യാപകരുടെ പൊതു എണ്ണമാണിത്. കേരളത്തിൽ സർക്കാർ-എയ്ഡഡ് മേഖലയിൽ 2016-17 അക്കാദമികവർഷത്തെ കണക്കു പ്രകാരം ആകെയുള്ള 1,47,703 അധ്യാപകരിൽ 5030 പട്ടികജാതിവിഭാഗം അധ്യാപകരും 874 പട്ടികവർഗ വിഭാഗം അധ്യാപകരുമാണുള്ളത്. അൺ എയ്ഡഡ് മേഖലയുൾപ്പെടെ യുള്ള ചിത്രം അനുബന്ധം 6 ൽ.

**ചിത്രം - 7: കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അധ്യാപകരുടെ എണ്ണം-2016-17**




അവലംബം: എജ്യുക്കേഷണൽ സ്റ്റാറ്റിസ്റ്റിക്സ് 2016/17 - ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

## ഹയർ സെക്കന്ററി അധ്യാപകർ

28. 2016-17 ലെ കണക്കനുസരിച്ച് സർക്കാർ - എയ്ഡഡ് മേഖലയിൽ 26441 ഹയർ സെക്കന്ററി അധ്യാപകരാണുള്ളത്. ഇതിൽ 12965 പേർ സർക്കാർ മേഖലയിലും 13476 പേർ എയ്ഡഡ് മേഖലയിലുമാണ്. സർക്കാർ മേഖലയിൽ 8332 പേർ (63.27%) വനിതകളാണ്. എയ്ഡഡ് മേഖലയിൽ 8777 പേർ (65.13%) വനിതകളാണ്.

29. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 4297 അധ്യാപകരാണുള്ളത്. ഇതിൽ വൊക്കേഷണൽ അധ്യാപകരും നോൺവൊക്കേഷണൽ അധ്യാപകരും ഉൾപ്പെടുന്നു.

## പരീക്ഷാഫലങ്ങൾ

എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിൽ വന്ന മാറ്റങ്ങൾ ചിത്രം 8 ൽ വ്യക്തമാണ്.

**ചിത്രം 8: എസ്.എസ്.എൽ.സി. പരീക്ഷാഫലം**




അവലംബം: ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

## ഹയർ സെക്കന്ററി

**പട്ടിക 11: ഹയർ സെക്കന്ററി പരീക്ഷാഫലം**

| വിഭാഗം | വിജയശതമാനം | | | | | |
|---|---|---|---|---|---|---|
| | 2009-10 | 2010- 11 | 2014-15 | 2015-16 | 2016--17 | 2017-18 |
| സ്കൂൾ ഗോയിങ് (റഗുലർ) | 74.97 | 82.25 | 84.06 | 80.94 | 83.45 | 83.94 |
| ഓപ്പൺ സ്കൂൾ | 34 | 36.72 | 37.02 | 35.11 | 31.94 | 37.61 |
| ന്യൂ സ്കീം (കംപാർട്ട്മെന്റൽ) | 27.46 | 38.38 | 35.42 | NA | 43.17 | 32.03 |
| ഓൾഡ് സ്കീം (കംപാർട്ട്മെന്റൽ) | 37.15 | 33.32 | 37.39 | 36.43 | 49.94 | 53.13 |
| ടെക്നിക്കൽ സ്കൂൾ | 71.26 | 76.52 | 78.72 | 78.4 | 79.18 | 76.83 |
| ആർട്ട് സ്കൂൾ | 64.44 | 84.75 | 90 | 79.71 | 86.08 | 82.11 |

അവലംബം: ഹയർ സെക്കന്ററി ഡയറക്ടറേറ്റ്

## വൊക്കേഷണൽ ഹയർ സെക്കന്ററി

**പട്ടിക 12: വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാഫലം - സ്കൂൾ ഗോയിങ് (റഗുലർ)**

| വിഭാഗം | പാർട്ട് I, പാർട്ട് II എന്നിവയിൽ അർഹത നേടിയവർ | ഉന്നതപഠനത്തിന് യോഗ്യത നേടിയവർ |
|---|---|---|
| 2003 - 04 | 73.14 | 50.27 |
| 2004 - 05 | 79.64 | 57.25 |
| 2009 -10 | 88.66 | 75.84 |
| 2014- 15 | 91.91 | 80.87 |
| 2015 - 16 | 88.00 | 79.31 |
| 2016-17 | 86.79 | 81.76 |
| 2017-18 | 90.24 | 80.32 |

അവലംബം: വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്

**30. തൊഴിൽവിദ്യാഭ്യാസം**

കുട്ടികൾക്ക് തൊഴിൽപരിചയമുണ്ടാക്കുക എന്നതാണ് തൊഴിൽവിദ്യാഭ്യാസംകൊണ്ട് പൊതുവെ ലക്ഷ്യംവയ്ക്കുന്നത്. പല പേരുകളിലും രീതികളിലും ഇത് സ്കൂളിൽ നടപ്പാക്കിയിരുന്നു. കൈവേല, പ്രവൃത്തിപരിചയം എന്നീ പേരുകളിലും പിന്നീട് സോഷ്യലി യൂസ്ഫുൾ പ്രൊഡക്ടീവ് വർക്ക് (എസ്.യു.പി.ഡബ്ല്യു) എന്ന പേരിലും നടന്നു. സെക്കന്ററി മേഖലയിൽ ചോക്ക്നിർമാണം അടക്കം ഒഴിവുസമയങ്ങളിൽ പഠനത്തോടൊപ്പം വരുമാനം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽവിദ്യാഭ്യാസം വിദ്യാഭ്യാസ പ്രക്രിയയിൽ ഉൾച്ചേർക്കാൻ ശ്രമം നടക്കുകയുണ്ടായി. പിന്നീട് വൊക്കേഷണൽ ഹയർ സെക്കന്ററിയുടെ ഭാഗമായി തൊഴിൽവിദ്യാഭ്യാസം നിലവിൽവന്നു. ഈയടുത്ത കാലത്തായി തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) എന്ന പേരിൽ പഠനവിഷയങ്ങൾക്കു പുറമെ തൊഴിൽപരിചയം ലഭിക്കാനുള്ള ഒരു പദ്ധതി സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്നു. ഹയർ സെക്കന്ററി കുട്ടികളെയാണ് സ്കൂൾഘട്ടത്തിൽ ഈ പരിപാടി ലക്ഷ്യംവയ്ക്കുന്നത്. തൊഴിൽ വിദ്യാഭ്യാസം എൻ.എസ്.ക്യു.എഫ്. എന്ന പേരിൽ വീണ്ടും സജീവമാകാൻ പോവുകയാണ്.

31. സംസ്ഥാനത്ത് വിവിധതരത്തിലുള്ള സ്കൂളുകൾ നിലനിൽക്കുന്നുണ്ട്. അതിൽ ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ, ട്രൈബൽ സ്കൂളുകൾ, സ്പോർട്സ് സ്കൂളുകൾ എന്നിവ സംബന്ധിച്ച പൊതുവിവരങ്ങൾ പട്ടിക 13 ൽ ഉണ്ട്.

**പട്ടിക 13: ആംഗ്ലോ ഇന്ത്യൻ, ട്രൈബൽ, സ്പോർട്സ് സ്കൂളുകൾ– 2016–17**

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആകെ സ്കൂളുകൾ | ഇനം |
|---|---|---|---|
| 1 | ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ | 19 | 17 എയ്ഡഡ് +<br>1 അൺ എയ്ഡഡ് |
| 2 | ട്രൈബൽ സ്കൂളുകൾ | 87 | 70 വിദ്യാഭ്യാസവകുപ്പ് +<br>16 ട്രൈബൽ വകുപ്പ് |
| 3 | സ്പോർട്സ് സ്കൂളുകൾ | 3 | 2 വിദ്യാഭ്യാസവകുപ്പ് +<br>1 ട്രൈബൽ വകുപ്പ് |

അവലംബം: ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

32. സംസ്ഥാനസർക്കാർ പൊതുവെ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചു പഠിക്കുന്ന വിദ്യാലയങ്ങളെയാണ് പ്രോത്സാഹിപ്പിക്കുന്നത്. എങ്കിലും ഇപ്പോഴും സംസ്ഥാനത്ത് പെൺസ്കൂളുകളും ആൺസ്കൂളുകളും നിലനിൽക്കുന്നുണ്ട്. പട്ടിക 14 ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുന്നു.

**പട്ടിക 14: പെൺ–ആൺ സ്കൂളുകൾ** 2014–15

| സ്കൂളുകൾ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| പെൺ സ്കൂളുകൾ | 83 | 184 | 13 | 280 |
| ആൺ സ്കൂളുകൾ | 68 | 90 | 6 | 164 |

അവലംബം: ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

33. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ നിജസ്ഥിതി പട്ടിക 15 ൽ ഉണ്ട്.

**പട്ടിക 15: ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ 2016-17**

| സമ്പൂർണ ഇംഗ്ലീഷ് മീഡിയം | | | | |
|---|---|---|---|---|
| ഇനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| സ്കൂളുകൾ | 1 | 18 | 825 | 844 |
| വിദ്യാർഥികൾ | 936 | 13760 | 349580 | 364276 |
| **ഇംഗ്ലീഷ് മീഡിയം സമാന്തര ഡിവിഷനുകൾ ഉള്ള വിദ്യാലയങ്ങൾ** | | | | |
| ഇനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| സ്കൂളുകൾ | 969 | 2417 | 85 | 3471 |
| വിദ്യാർഥികൾ | 244369 | 788119 | 24075 | 1056563 |

അവലംബം: എജ്യുക്കേഷണൽ സ്റ്റാറ്റിസ്റ്റിക്സ് 2016/17 - ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

34. കാസർഗോഡ് ജില്ലയിലാണ് കന്നഡ മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നത്. അവയുടെ സ്ഥിതിവിവരങ്ങൾ പട്ടിക 16 കൊടുത്തിട്ടുണ്ട്.

**പട്ടിക 16: കന്നഡ മീഡിയം വിദ്യാലയങ്ങൾ - 2014- 15**

| സമ്പൂർണ കന്നഡ മീഡിയം വിദ്യാലയങ്ങൾ | | | | |
|---|---|---|---|---|
| ഇനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| സ്കൂളുകൾ | 20 | 54 | 0 | 74 |
| വിദ്യാർഥികൾ | 1859 | 11052 | 0 | 12911 |
| അധ്യാപകർ | 102 | 566 | 0 | 668 |
| **കന്നഡ മീഡിയം സമാന്തര ഡിവിഷനുള്ള വിദ്യാലയങ്ങൾ** | | | | |
| ഇനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| സ്കൂളുകൾ | 65 | 46 | | 111 |
| വിദ്യാർഥികൾ | 8087 | 7806 | | 15893 |
| അധ്യാപകർ | 318 | 402 | | 720 |

അവലംബം: ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

35. പാലക്കാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലകളിലാണ് തമിഴ് മീഡിയം സ്കൂളുകളുള്ളത്. അവയുടെ നിജസ്ഥിതി പട്ടിക 17 ൽ ഉണ്ട്.

**പട്ടിക 17: തമിഴ് മീഡിയം വിദ്യാലയങ്ങൾ - 2014- 15**

| സമ്പൂർണ്ണ തമിഴ് മീഡിയം | | | | |
|---|---|---|---|---|
| ഇനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| സ്കൂളുകൾ | 39 | 38 | 1 | 78 |
| വിദ്യാർഥികൾ | 4055 | 2906 | 17 | 6978 |
| അധ്യാപകർ | 211 | 187 | 1 | 399 |
| **തമിഴ് മീഡിയം സമാന്തര ഡിവിഷനുള്ള വിദ്യാലയങ്ങൾ** | | | | |
| ഇനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| സ്കൂളുകൾ | 88 | 34 | 4 | 126 |
| വിദ്യാർഥികൾ | 8658 | 5705 | 473 | 14836 |
| അധ്യാപകർ | 473 | 220 | 26 | 719 |

അവലംബം: ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

36. സംസ്കൃതം, അറബി, ഉറുദു ഭാഷാപഠനത്തിനുള്ള സൗകര്യങ്ങളും അനുബന്ധവിവരങ്ങളും പട്ടിക 18 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 18: വിവിധ ഭാഷാപഠനസൗകര്യമുള്ള വിദ്യാലയങ്ങൾ - 2016-17**

| സംസ്കൃതം | | | | |
|---|---|---|---|---|
| ഇനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| സ്കൂളുകൾ | 597 | 2293 | 31 | 2921 |
| വിദ്യാർഥികൾ | 59679 | 219349 | 6224 | 285252 |
| അധ്യാപകർ | 493 | 2311 | 89 | 2893 |
| **അറബി** | | | | |
| ഇനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| സ്കൂളുകൾ | 1936 | 3587 | 281 | 5804 |
| വിദ്യാർഥികൾ | 300629 | 525702 | 68560 | 894891 |
| അധ്യാപകർ | 2058 | 4587 | 583 | 7228 |
| **ഉറുദു** | | | | |
| ഇനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| സ്കൂളുകൾ | 267 | 1239 | 10 | 1516 |
| വിദ്യാർഥികൾ | 16933 | 78513 | 520 | 95966 |
| അധ്യാപകർ | 209 | 1206 | 32 | 1447 |

അവലംബം: ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

## അനുബന്ധ സ്ഥാപനങ്ങൾ

### 37. എസ്.സി.ഇ.ആർ.ടി.

സ്കൂൾവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും പാഠപുസ്തകമുൾപ്പെടെയുള്ള പഠനോപകരണങ്ങൾ വികസിപ്പിക്കാനുമായി 1960 കളിൽ ആരംഭിച്ച സ്ഥാപനമാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷൻ (എസ്.ഐ.ഇ). 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ശ്രീ. ശേഷാദ്രി അധ്യക്ഷനായുള്ള കമ്മീഷൻ അക്കാദമികതലത്തിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഗവേഷണപരിപാടികൾക്ക് ഊന്നൽ നൽകാൻ എൻ.സി.ഇ.ആർ.ടി. മാതൃകയിൽ സംസ്ഥാനങ്ങളിൽ എസ്.സി.ഇ.ആർ.ടി.കൾ സ്ഥാപിക്കണമെന്ന് ശുപാർശ ചെയ്തു. കമ്മീഷന്റെ ശുപാർശ പരിഗണിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷൻ (എസ്.ഐ.ഇ)1994 ൽ സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ് (എസ്.സി.ഇ.ആർ.ടി.)ആയി രൂപാന്തരപ്പെടുത്തി.

### 38. സീമാറ്റ്

വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള അഡ്മിനിസ്ട്രേറ്റർമാരുടെ ആസൂത്രണത്തിനും നിർവഹണത്തിനുമുള്ള കഴിവ് ശാസ്ത്രീയമായി മെച്ചപ്പെടുത്താൻ സഹായിക്കുന്നതിനാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിങ് 2005 ൽ ആരംഭിച്ചത്.

### 39. എസ്.ഐ.ഇ.ടി.

പഠന-ബോധന പ്രവർത്തനങ്ങൾക്ക് സാങ്കേതികവിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തുക, അതിനാവശ്യമായ വിഭവങ്ങളും രീതിശാസ്ത്രവും വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷൻ ടെക്നോളജി 1999 ൽ ആരംഭിച്ചത്.

### 40. ഡയറ്റ്

1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി രൂപംകൊണ്ട ജില്ലാതല വിദ്യാഭ്യാസ പരിശീലനസ്ഥാപനങ്ങളാണ് ഡയറ്റുകൾ. 1989 ൽ കേരളത്തിൽ 3 ജില്ലകളിൽ ഡയറ്റുകൾ സ്ഥാപിക്കപ്പെട്ടു. ഇന്ന് എല്ലാ ജില്ലകളിലും ഡയറ്റുകളുണ്ട്. ഗുണമേന്മാവിദ്യാഭ്യാസത്തിൽ ജില്ലയ്ക്കാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് ഡയറ്റുകളാണ്. പ്രീ-സർവീസ്, ഇൻ-സർവീസ് പരിശീലനങ്ങൾ ഡയറ്റുകളുടെ പ്രവർത്തനപരിധിയിൽ വരും.

### 41. ബി.ആർ.സി.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.പി.ഇ.പി.യുടെ വരവോടെയാണ് ഓരോ വിദ്യാഭ്യാസ ഉപജില്ലയിലും ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ സ്ഥാപിച്ചത്. എസ്. എസ്. എ. പദ്ധതി ബി.ആർ.സി. പ്രവർത്തനങ്ങൾ വ്യാപകമാക്കി. പ്രൈമറി അധ്യാപകപരിശീലനത്തിന്

വിദ്യാഭ്യാസ ഉപജില്ലകളിൽ നേതൃത്വം നൽകുന്ന ബി.ആർ.സികൾ ഇന്ന് സംസ്ഥാനത്തെ ഏതാണ്ടെല്ലാ വിദ്യാഭ്യാസ ഉപജില്ലകളിലുമുണ്ട്.

**42. ഓപ്പൺ സ്കൂൾ : സ്കോൾ കേരള (സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ സ്കൂളിങ് & ലൈഫ് ലോങ് ലേണിങ്)**

തൊഴിൽ ചെയ്യുന്നതോടൊപ്പം പഠനവും തുടരാൻ ആഗ്രഹിക്കുന്നവർക്ക് വിദ്യാഭ്യാസ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ എസ്. സി. ഇ. ആർ. ടിയുടെ ഭാഗമായി 1999 ൽ ഓപ്പൺ സ്കൂൾ ആരംഭിച്ചു. ഹയർ സെക്കന്ററി പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് തുടർപഠനത്തിനായി 2002 മുതൽ ഓപ്പൺ സ്കൂൾ വഴി സൗകര്യമുണ്ട്.

**43. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ്**

മാനസികവെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസവും പുനരധിവാസവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണ് തിരുവനന്തപുരം പാങ്ങപ്പാറയിലെ സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ്. 1963 ൽ ആരംഭിച്ച ഈ സ്ഥാപനം 1983 ൽ സാമൂഹികക്ഷേമവകുപ്പിന്റെ കീഴിലായി. 2006 ൽ വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള സ്ഥാപനമായി മാറി.

**44. ഐടി @ സ്കൂൾ (കൈറ്റ്)**

ആധുനിക സാങ്കേതികവിദ്യകളോട് വിമർശനപരവും അനുഭാവപൂർണവുമായ സമീപനമാണ് കേരളീയസമൂഹം എന്നും കൈക്കൊണ്ടിട്ടുള്ളത്. ഇത് സ്കൂൾ വിദ്യാഭ്യാസരംഗത്തിനും ബാധകമാണ്. സാങ്കേതികരംഗത്തുണ്ടായ ത്വരിതഗതിയിലുള്ള വളർച്ച വിദ്യാഭ്യാസരംഗത്തും അനുരണനങ്ങളുണ്ടാക്കി. സ്കൂൾവിദ്യാഭ്യാസരംഗത്ത് ആധുനിക സാങ്കേതികവിദ്യ എങ്ങനെ ഉൾക്കൊള്ളാം എന്ന ചർച്ച 1990 കളുടെ മാധ്യത്തോടെ തുടങ്ങിയിരുന്നു. ഇത്തരം ചർച്ചകളാണ് സാങ്കേതികവിദ്യാഭ്യാസ സാധ്യതകൾക്കുള്ള പ്രായോഗികപദ്ധതി എന്ന നിലയിൽ 2001 ൽ ഐ.ടി.@ സ്കൂൾ പദ്ധതി ആരംഭിക്കാൻ കാരണമായത്. വിവരസാങ്കേതികരംഗത്തെ സാധ്യതകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക എന്നതിനപ്പുറം പഠനത്തിന് സഹായകമായതരത്തിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. ഐ.ടി. @ സ്കൂളിന്റെ നേതൃത്വത്തിൽ കേരളത്തിലെ വിദ്യാലയങ്ങളിൽ വ്യാപകമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. 2006-2011 കാലഘട്ടത്തിൽ ഈ രംഗത്ത് കുതിച്ചുചാട്ടം നടത്താൻ കഴിഞ്ഞു. 24 മണിക്കൂറും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ചാനൽ 'വിക്റ്റേർസ്' ഐ.ടി.@ സ്കൂളിന്റെ ഭാഗമാണ്. ഇന്ന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്) എന്ന കമ്പനിയുടെ ഭാഗമാണിത്.

**45. അധ്യാപക-രക്ഷാകർത്തൃ സമിതി (പി.ടി.എ), സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി)**

സ്കൂളിന്റെ പഠനസാഹചര്യങ്ങൾ വിപുലപ്പെടുത്താൻ സഹായകമായ അധ്യാപക-രക്ഷാകർത്തൃസമിതികൾ കേരളത്തിന്റെ സവിശേഷതയാണ്. രക്ഷാകർത്തൃസമൂഹത്തെ

സ്കൂളുമായി ബന്ധപ്പെടുത്താനുള്ള ജനാധിപത്യസംവിധാനം എന്ന നിലയിലാണ് ഇത് വിഭാവനം ചെയ്തത്. സംസ്ഥാനത്തെ സ്കൂളുകളിൽ, പ്രത്യേകിച്ച് സർക്കാർ സ്കൂളുകളിൽ ഭൗതികപരിസരം വികസിപ്പിച്ചതിൽ പി.ടി.എകൾ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി വികസിച്ചുവന്ന ക്ലാസ് പി.ടി.എകളും മദർ പി.ടി.എ.കളും രക്ഷാകർത്തൃപങ്കാളിത്തം ഉറപ്പാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ഭാഗമായുണ്ടായതാണ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അഥവാ എസ്.എം.സി. അതുകൊണ്ടുതന്നെ നിയമപരമായ പരിരക്ഷയും ചുമതലയും ഈ കമ്മിറ്റിക്കുണ്ട്.

## വിദ്യാഭ്യാസ സാമ്പത്തികം

1. സ്കൂൾവിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും നിർണായകവുമായ സഹായക സംവിധാനം സർക്കാർതന്നെയാണ്. സർക്കാർച്ചെലവിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം ഇതിനായി നീക്കിവയ്ക്കുന്നു എന്ന് ഇതു സംബന്ധിച്ച രേഖകൾ വ്യക്തമാക്കുന്നു.

**പട്ടിക 19: സാമ്പത്തികവിഭവവിന്യാസം**

| വർഷം | ആകെ റവന്യൂ ചെലവിൽ വിദ്യാഭ്യാസ വിഹിതം | ആകെ വികസനച്ചെലവിൽ വിദ്യാഭ്യാസ വിഹിതം | ആകെ വികസന ച്ചെലവിൽ സ്കൂൾ വിദ്യാഭ്യാസ വിഹിതം | ആകെ റവന്യൂ ചെലവിൽ സ്കൂൾ വിദ്യാഭ്യാസ വിഹിതം | ആകെ വിദ്യാഭ്യാസ ച്ചെലവിൽ സ്കൂൾ വിദ്യാഭ്യാസ വിഹിതം |
|---|---|---|---|---|---|
| 1995-96 | 24.63 | 42.06 | 33.00 | 19.33 | 78.11 |
| 2000-01 | 22.41 | 40.96 | 32.05 | 17.26 | 78.24 |
| 2010-11 | 19.75 | 41.58 | 27.89 | 15.22 | 76.06 |
| 2015-16 | 17.41 | 36.48 | 25.76 | 13.67 | 76.19 |
| 2016-17 | 18.26 | 35.86 | 24.33 | 13.25 | 76.82 |
| 2017-18 | 17.97 | 36.74 | 27.57 | 13.49 | 75.07 |
| 2018-19 | 17.29 | 35.69 | 26.95 | 13.06 | 75.75 |

അവലംബം : 1. കേരള വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്- കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്- 1999

2. ഫിനാൻസിങ് സെക്കന്ററി എജ്യുക്കേഷൻ ഇൻ കേരള- സെന്റർ ഫോർ സോഷ്യോ-ഇക്കണോമിക് എൻവയോൺമെന്റൽ സ്റ്റഡീസ്-കൊച്ചി
3. ഇക്കണോമിക് റിവ്യൂ-സംസ്ഥാന ആസൂത്രണ ബോർഡ്- വിവിധ വർഷങ്ങളിൽ
4. ബജറ്റ് രേഖകൾ-വിവിധ വർഷങ്ങളിൽ

**കുറിപ്പ്** : 2018-19 സാമ്പത്തികവർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം മൊത്തം റവന്യൂ ചെലവ് 115661 കോടിയും വികസനച്ചെലവ് 56018.68 കോടിയും വിദ്യാഭ്യാസവിഹിതം 19991.50 കോടിയും സ്കൂൾ വിദ്യാഭ്യാസവിഹിതം 15102.6 കോടി രൂപയുമാണ്.

2. സ്കൂൾ വിദ്യാഭ്യാസം, പ്രത്യേകിച്ച് സെക്കന്ററി വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന്റെ ഭാഗമായുള്ള വികാസഘട്ടത്തിൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ ചെലവിന്റെ നിർണായകമായ ഭാഗം വിദ്യാഭ്യാസത്തിനായി നീക്കിവച്ചിരുന്നു. 1960-61 ൽ വിദ്യാഭ്യാസത്തിനായി ആകെ റവന്യൂ ചെലവിന്റെ 35.1 ശതമാനം നീക്കിവച്ചു. 1970-71 ൽ ഇത് 36.7

ശതമാനമായി. 1982-83 ലാണ് ഏറ്റവും കൂടുതൽ വിഹിതം മാറ്റിവച്ചത് -37.2%. 1995-96 ൽ ഇത് 24.63 ശതമാനമായി. പിന്നീടു വന്ന മാറ്റം 2018-19 ൽ 17.29 ഉം വികസനച്ചെലവിന്റെ 35.69 ഉം ആണ്.

3. 1995-96 ൽ വികസനച്ചെലവിന്റെ 42.06 ഭാഗം വിദ്യാഭ്യാസത്തിനായിരുന്നു. എന്നാൽ 2018-19 ൽ ഇത് 35.69 ശതമാനമാണ്. 1995-96 ൽ റവന്യൂ ചെലവിന്റെ 19.33 ഭാഗം സ്കൂൾ വിദ്യാഭ്യാസത്തിന് നീക്കിവച്ചിരുന്നു. എന്നാൽ 2018-19 ൽ ഇത് 13.06 ശതമാനമായി മാറി. 1995-96 ൽ വികസനച്ചെലവിന്റെ 33 ശതമാനം സ്കൂൾ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിരുന്നുവെങ്കിൽ 2018-19 ൽ ഇത് 26.95 ശതമാനമാണ്. സ്കൂൾവിദ്യാഭ്യാസത്തിന് വിദ്യാഭ്യാസത്തിന്റെ ആകെ ചെലവിൽ മാറ്റിവച്ച തുക 1995-96 ൽ 78 ശതമാനമായിരുന്നു. 2018-19 ൽ അത് 76 ശതമാനമാണ്. കുറേവർഷമായി സെക്കന്ററി വിദ്യാഭ്യാസത്തിനാണ് പ്രൈമറിയേക്കാൾ കൂടുതൽ തുക നീക്കിവയ്ക്കുന്നത്.

4. തദ്ദേശഭരണസ്ഥാപനങ്ങളും വിദ്യാഭ്യാസത്തിനായി തുക നീക്കിവയ്ക്കുന്നുണ്ട്. 2016-17 സാമ്പത്തികവർഷം 287.91 കോടി രൂപ വിവിധ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിരുന്നു. ഇതുകൂടി കണക്കാക്കുകയാണെങ്കിൽ വിദ്യാഭ്യാസത്തിനായി സർക്കാരിന്റെ ആകെ വിഹിതം കുറച്ചുകൂടി വർധിക്കും.

5. ഇതു കൂടാതെ കിഫ്ബി വഴി സ്കൂൾ ഭൗതികസൗകര്യവികസനത്തിനും സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിനും തുക വിനിയോഗിക്കുന്നുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

2016 മെയ്മാസം ചുമതലയേറ്റ ശ്രീ. പിണറായി വിജയൻ സർക്കാർ നവകേരളം ലക്ഷ്യമിട്ടുകൊണ്ട് 'നവകേരളം കർമപദ്ധതി'ക്ക് രൂപംനൽകുകയുണ്ടായി. പ്രസ്തുത കർമപദ്ധതിയുടെ ഭാഗമായ 4 മിഷനുകളിൽ ഏറെ ജനകീയ ശ്രദ്ധപിടിച്ചുപറ്റിയ ഒന്നാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് പ്രധാനലക്ഷ്യം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് സമീപനം. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങൾ ഉളവാക്കാൻ അനുയോജ്യമായ പഠനാനുഭവങ്ങൾ കുട്ടികൾക്ക് പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളാക്കി പൊതുവിദ്യാലയങ്ങളെ പരിവർത്തിപ്പിക്കുക എന്നതിനാണ് ഊന്നൽ. ഈ പ്രവർത്തനങ്ങളിലെല്ലാം പൊതുസമൂഹപങ്കാളിത്തം ഉറപ്പാക്കുക എന്നതും ലക്ഷ്യമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജനങ്ങളുടെ വിശ്വാസ്യത നേടിയെടുത്തിട്ടുണ്ട് എന്നതിന് എറ്റവും വലിയ ഉദാഹരണമാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർധിക്കുന്നു എന്നത്. 1991-92 ശേഷം മുൻവർഷത്തേക്കാൾ കൂടുതൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന അവസ്ഥ സംജാതമായത് ഈ അക്കാദമികവർഷമാണ്. ഇക്കാര്യം ചിത്രം 9 വ്യക്തമാക്കുന്നു.

ചിത്രം 9: കുട്ടികളുടെ ആകെ എണ്ണത്തിൽ വന്ന വ്യതിയാനങ്ങൾ



അവലംബം : ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

1991-92 അക്കാദമികവർഷമാണ് പൊതുവിദ്യാലയങ്ങളിൽ -1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ - ഏറ്റവും കൂടുതൽ കുട്ടികളുണ്ടായിരുന്നത് 59.07 ലക്ഷം. പിന്നീടുള്ള വർഷങ്ങളിൽ അത് കുറഞ്ഞ് കുറഞ്ഞ് വരുമായിരുന്നു. 2017-18 ൽ കുട്ടികളുടെ എണ്ണം 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ 36.80 ലക്ഷം ആയിമാറി. മുൻവർഷങ്ങളേക്കാൾ എല്ലാവർഷവും കുട്ടികൾ കുറയുകയായിരുന്നു. ഇക്കാര്യം ചിത്രം 1 വ്യക്തമാക്കുന്നുണ്ട്. ഈ ഒരു അവസ്ഥയിൽ നിന്ന് പ്രകടമായ മാറ്റം 2018-19 അക്കാദമികവർഷമുണ്ടായി. 2017-18 ലെ 36.80 ലക്ഷം എന്നത് 2018-19ൽ 37.04 ലക്ഷം എന്നതിലേക്ക് വർധിച്ചു. ജനസംഖ്യയിലുണ്ടാകുന്ന കുറവ് സ്കൂൾ പ്രവേശനത്തെ സ്വാധീനിക്കുന്നുണ്ട്. എന്നാൽ അതുമാത്രമല്ല പൊതുവിദ്യാലയങ്ങളിലെ എൻറോൾമെന്റിലുണ്ടായ കുറവിനു കാരണം. ആ കാരണത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ അഭിമുഖീകരിക്കാൻ കഴിഞ്ഞു എന്നതാണ് എൻറോൾമെന്റിന്റെ കാര്യത്തിൽ കഴിഞ്ഞ കുറേവർഷമായി നിലനിൽക്കുന്ന പ്രവണത മാറാൻ കാരണം.

പട്ടിക - 20: 2017-18, 2018-19 ൽ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിലുണ്ടായ വളർച്ച

| ക്ലാസ് | 2017-18 | | | 2018-19 | | | ആകെ വളർച്ച 2017-18 & 2018-19 |
|---|---|---|---|---|---|---|---|
| | ഗവ. | എയ്ഡഡ് | ആകെ | ഗവ. | എയ്ഡഡ് | ആകെ | |
| 1 | 5703 | 6495 | 12198 | 5784 | 4294 | 10078 | 22276 |
| 2 | 3629 | 6474 | 10103 | 5815 | 8623 | 14438 | 24541 |
| 3 | 3615 | 6296 | 9911 | 5603 | 8546 | 14149 | 24060 |
| 4 | 2641 | 5934 | 8575 | 5729 | 7723 | 13452 | 22027 |
| 5 | 926 | 41311 | 40385 | 1177 | 44525 | 45702 | 86087 |
| 6 | 3276 | 10980 | 14256 | 6076 | 13461 | 19537 | 33793 |
| 7 | 3125 | 6379 | 9504 | 4976 | 9497 | 14473 | 23977 |
| 8 | 26895 | 3188 | 30083 | 30737 | 6987 | 37724 | 67807 |
| 9 | 8755 | 13636 | 22391 | 4747 | 11671 | 16418 | 38809 |
| 10 | 3139 | -3950 | -841 | 716 | -1959 | -1243 | -2084 |
| ആകെ | 59852 | 96713 | 156565 | 71360 | 113368 | 184728 | 341293 |
| ആകെ (1-9) | 56713 | 100693 | 157406 | 70644 | 115327 | 185971 | 343377 |

അവലംബം : ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

2017-18 അക്കാദമികവർഷംതന്നെ കുട്ടികളുടെ പ്രവേശനത്തിന്റെ പ്രവണത മാറാൻ തുടങ്ങിയിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 1.57 ലക്ഷം കുട്ടികളാണ് 2017-18 ൽ കൂടുതലായി എത്തിച്ചേർന്നത്. ഇതിൽ നാൽപ്പതിനായിരത്തിലധികം കുട്ടികൾ 5-ാം ക്ലാസിൽ പുതുതായി ചേർന്നവരാണ്. 8-ാം ക്ലാസിൽ മുപ്പതിനായിരത്തിലധികം കുട്ടികൾ പുതുതായി എത്തിച്ചേർന്നു. 2018-19 ൽ ഇതേ സ്ഥിതി തുടർന്നു. 1.85 ലക്ഷം കുട്ടികൾ 2017-18 നേക്കാൾ കൂടുതലായി എത്തിച്ചേരുകയുണ്ടായി. അങ്ങനെ 2017-18, 2018-19 അക്കാദമികവർഷങ്ങളിലായി 3.41 ലക്ഷം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി വന്നിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 37.04 ലക്ഷം കുട്ടികൾ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിലാണ് ഉള്ളത്. സ്കൂൾവിദ്യാഭ്യാസത്തിന്റെ ഭാഗമായ കുട്ടികളുടെ 89% സർക്കാർ, എയ്ഡഡ് മേഖലയിലാണുള്ളത്. പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ ഭാഗമാകാതെ മറ്റു സിലബസുകളുള്ള വിദ്യാലയങ്ങളെ ആശ്രയിക്കുന്ന കുറേയേറെ കുട്ടികളുണ്ട്. അതിലൊരു വിഭാഗം പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. ബാക്കിയുള്ളവരെയും പൊതുവിദ്യാഭ്യാസധാരയുടെ ഭാഗമാക്കുക എന്നതും പ്രധാനമാണ്. 2018-19 ൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ വിന്യാസമാണ് ചിത്രം 10 ൽ നൽകിയിരിക്കുന്നത്.

**ചിത്രം 10: കുട്ടികളുടെ വിന്യാസം- 2018-19**




അവലംബം : ഡി.പി.ഐ. സ്റ്റാറ്റിസ്റ്റിക്സ്

പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്ന എല്ലാ കുട്ടികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകാനുള്ള ഉത്തരവാദിത്തം സംസ്ഥാനസർക്കാറിനും കേരളസമൂഹത്തിനുമുണ്ട്. അത് നിറവേറ്റണമെങ്കിൽ പൊതുവിദ്യാഭ്യാസത്തെ സംബന്ധിച്ച സമീപനങ്ങൾക്കും ഇന്ന് വിദ്യാഭ്യാസസംവിധാനത്തിനകത്തു നിലനിൽക്കുന്ന പല ഘടകങ്ങൾക്കും മാറ്റങ്ങൾ അനിവാര്യമാണ്. അത് വിദ്യാഭ്യാസത്തിന്റെ ഘടനയിലാകാം, ഉള്ളടക്കത്തിലാകാം, ബോധനപ്രക്രിയയിലാകാം, മൂല്യനിർണയരീതിയിലും മോണിറ്ററിങ് രീതിയിലുമാകാം. ഭരണനിർവഹണ രീതീശാസ്ത്രത്തിലും മാറ്റം വരുത്താം. സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും സാമൂഹികനീതിയും അവസരസമത്വവും ഉറപ്പുവരുത്തുന്നതും ജനാധിപത്യബോധവും മതനിരപേക്ഷതയും ഉളവാക്കുന്നതുമായ ഒരു വിദ്യാഭ്യാസക്രമം വളർത്തിയെടുക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.

അധ്യായം 5

# നാളെയുടെ വിദ്യാഭ്യാസം

## ഘടനയും ഭരണനിർവഹണവും

1. സാമൂഹികമായി ഉയർന്നുവരുന്ന വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റുന്നതിന്റെ ഭാഗമായും ഭരണപരമായ സൗകര്യത്തിനായും വിദ്യാഭ്യാസഘടനയിൽ നിരവധി മാറ്റങ്ങൾ കാലാനുസൃതം വന്നിട്ടുണ്ട്. കേരളസംസ്ഥാന രൂപീകരണത്തിനു മുമ്പ് തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും സ്കൂൾവിദ്യാഭ്യാസത്തിനായി വ്യത്യസ്തങ്ങളായ ഘട്ടങ്ങളാണ് വിദ്യാഭ്യാസഘടനയുടെ ഭാഗമായി ഉണ്ടായിരുന്നത്. 1949 ൽ തിരുവിതാംകൂർ - കൊച്ചി ഏകീകരണത്തിന്റെ ഭാഗമായി സ്കൂൾഘടനയിൽ മാറ്റമുണ്ടായി. ലോവർ പ്രൈമറി ഒന്നു മുതൽ നാലു വരെ എന്നതിനു പകരം ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളായി. മിഡിൽ സ്കൂൾ എന്നത് മൂന്നു വർഷമാക്കി. അതിനെ ഫസ്റ്റ് ഫോം, സെക്കന്റ് ഫോം, തേർഡ് ഫോം എന്നിങ്ങനെ നാമകരണം ചെയ്തു. ഹൈസ്കൂൾ എന്നത് ഫോർത്ത്, ഫിഫ്ത്ത്, സിക്സ്ത്ത് ഫോമുകൾ ഉൾപ്പെട്ടതായി മാറി. സിക്സ്ത്ത് ഫോമാണ് സ്കൂൾപഠനത്തിന്റെ അവസാനഘട്ടം. അതായത് സ്കൂൾ വിദ്യാഭ്യാസഘട്ടം എന്നത് ആകെ പതിനൊന്നു വർഷമായിരുന്നു.

2. തിരുവിതാംകൂർ - കൊച്ചിയും മലബാറും കൂടിച്ചേർന്ന് കേരളസംസ്ഥാനം രൂപീകൃതമായപ്പോൾ ഏകീകൃതമായ സ്കൂൾഘടന കൊണ്ടുവരാൻ നിർബന്ധിതമായി. 1956 ൽ സർക്കാർ ഉത്തരവിലൂടെയാണ് വിദ്യാഭ്യാസത്തിന്റെ പൊതുഘടനയ്ക്ക് സംസ്ഥാനം രൂപം നൽകിയത്. പന്ത്രണ്ടുവർഷത്തെ സ്കൂൾവിദ്യാഭ്യാസമാണ് അപ്പോൾ വിഭാവനം ചെയ്തത്.[1] ഇതുപ്രകാരം അന്നുവരെ നിലവിലുണ്ടായ സ്കൂൾഘടനകൾ മാറി ഒന്നു മുതൽ നാല് വരെ ക്ലാസുകൾ എന്നത് പ്രൈമറിയായും അഞ്ചു മുതൽ ഏഴു വരെ ക്ലാസുകൾ മിഡിൽസ്കൂൾ ആയും എട്ടു മുതൽ പത്തു വരെ ക്ലാസുകൾ ചേർന്നതിനെ ഹൈസ്കൂളായും പരിഗണിച്ചു. പതിനൊന്നാം ക്ലാസുണ്ടെങ്കിൽ അവയെയും ഹൈസ്കൂളായാണ് പരിഗണിച്ചിരുന്നത്. എന്നാൽ മറ്റൊരു ധാരയും ഉണ്ടായിരുന്നു. അത് ഒമ്പതു മുതൽ പന്ത്രണ്ടു വരെ ക്ലാസുകൾ ചേർന്നതായിരുന്നു. അവയെ ഹയർ സെക്കന്ററിയായി കണക്കാക്കി.

3. ഉന്നതവിദ്യാഭ്യാസത്തിന് പോകണമെങ്കിൽ പതിനൊന്നാംക്ലാസ് കഴിഞ്ഞവർ പ്രീ-യൂണിവേഴ്സിറ്റി കോഴ്സിൽ ചേർന്നു പഠിച്ച് പാസാകണം. എന്നാൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിച്ച് പാസായവർക്ക് നേരിട്ട് ഡിഗ്രികോഴ്സിന് ചേരാമായിരുന്നു.[2]

---

[1] സർക്കാർ ഉത്തരവ് നം. പി.എൽ - 2-5697/1956. പ്രസ്തുത ഉത്തരവിന്റെ പ്രസക്ത ഭാഗങ്ങൾ ഇങ്ങനെയാണ്: അഞ്ചു വയസ്സുകഴിഞ്ഞ് ആരംഭിക്കുന്ന സ്കൂൾപഠനത്തിന്റെ കാലാവധി പന്ത്രണ്ടു കൊല്ലമായിരിക്കും. അവലംബം: കേരളം - 2000, ചീഫ് എഡിറ്റർ ടി.എൻ. ജയചന്ദ്രൻ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - തിരുവനന്തപുരം. ആഗസ്റ്റ് 2000. പേജ് -462.

[2] കേരളം - 2000, ചീഫ് എഡിറ്റർ ടി.എൻ. ജയചന്ദ്രൻ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - തിരുവനന്തപുരം ആഗസ്റ്റ് 2000. പേജ് - 463

4. 1958 ൽ വീണ്ടും വിദ്യാഭ്യാസഘടനയ്ക്ക് മാറ്റങ്ങൾ വന്നു. ഇതുപ്രകാരം ഹൈസ്കൂൾ എന്നത് പത്താം ക്ലാസ്വരെയും സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടം പതിനൊന്നാം ക്ലാസുമായി മാറി. ഉന്നതവിദ്യാഭ്യാസത്തിന് പോകേണ്ടവരെല്ലാം പതിനൊന്നാം ക്ലാസ് പാസായ ശേഷം പ്രീ-യൂണിവേഴ്സിറ്റിയിൽ ചേർന്നു പഠിക്കണം എന്നു വ്യവസ്ഥചെയ്തു.

5. 1964-66 കാലത്ത് പ്രവർത്തിച്ച കോത്താരി കമ്മീഷൻ എന്നറിയപ്പെടുന്ന വിദ്യാഭ്യാസവും ദേശീയവികസനവും (Education And National Development) എന്ന വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് സ്കൂൾവിദ്യാഭ്യാസം പന്ത്രണ്ടു വർഷമാകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നുണ്ട്. റിപ്പോർട്ടിന്റെ വാല്യം 1 - 2.22 ഇപ്രകാരം സൂചിപ്പിക്കുന്നു:

***Transfer of the Pre-University Course:*** *We attach great significance to the location, exclusively in the schools, of all the courses that form part of higher secondary education. When the higher secondary pattern was first recommended, the pre - university Course was introduced only as a transitional measure. Unfortunately, the transition threatens to become permanent, and even today about 40% of the total enrollment in the Universities and affiliated colleges is in the intermediate or pre-university courses. This is a great evil from all points of view. It is bad for the universities and colleges as their resources and energies are being improperly utilized and even wasted in doing what is essentially the work of secondary schools. It is bad for the secondary schools because they are weakend by being deprived of a stage which could give them good teachers and facilities, with the result that they are obliged to do a good deal of work which ought to have been done at the primary stage. It is bad for the students because they are now required to enter universities at too early an age, and compelled to learn through methods of higher education which are beyond their capacity and more suited to maturer students. We, therefore, strongly recommend that the pre-university course, irrespective of its duration, should first be transferred to the school on a high priority basis – this transfer to be completed by the end of the Fifth Five Year Plan at the latest*[3].

6. ***കോത്താരി കമ്മീഷൻ ശുപാർശചെയ്ത ഘടന***[4].

i. പ്രീ - പ്രൈമറി

ii. പ്രൈമറി I - VII അല്ലെങ്കിൽ I - VIII
അതിൽ
  a) ലോവർ പ്രൈമറി I - IV അല്ലെങ്കിൽ I - V
  b) ഹയർപ്രൈമറി V - VII അല്ലെങ്കിൽ VI - VIII

iii. സെക്കന്ററി VIII - XII അല്ലെങ്കിൽ IX - XII
അതിൽ
  a) ലോവർ സെക്കന്ററി VIII - X അല്ലെങ്കിൽ IX - X
  b) ഹയർ സെക്കന്ററി XI - XII

---

[3] അവലംബം: കോത്താരി കമ്മീഷൻ റിപ്പോർട്ട്, വാല്യം 1 - 2.22 - പേജ് 58-59

[4] *പേജ് 79, വാല്യം 1*

7. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ദേശീയ നയപ്രകാരം സ്കൂൾവിദ്യാഭ്യാസം എന്നത് പന്ത്രണ്ടുവർഷമായി ദേശീയതലത്തിൽ നിജപ്പെടുത്തി. എന്നാൽ കേരളം ഇതിൽനിന്നു ഭിന്നമായ നിലപാടാണു കൈക്കൊണ്ടത്. കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസം എന്നത് പത്താം ക്ലാസ്വരെ പരിമിതപ്പെടുത്തിയുള്ള നിലപാട് കൈക്കൊണ്ടു. ബിരുദപഠനത്തിന്റെ മുന്നോടിയായി രണ്ടുവർഷത്തെ പ്രീഡിഗ്രി കോഴ്സ് നിർബന്ധിതമാക്കി. പ്രീഡിഗ്രി കോളേജുകളുടെ ഭാഗമാക്കുകയും ചെയ്തു.

8. ഇതിൽനിന്നു വ്യതിചലിച്ച് പന്ത്രണ്ടാം ക്ലാസ്വരെ സ്കൂൾവിദ്യാഭ്യാസം എന്ന ആലോചന കേരളത്തിൽ വീണ്ടുമുണ്ടായത് 1980 കളുടെ മധ്യത്തോടെയാണ്. 1986 ൽ കോളേജുകളിൽനിന്നു പ്രീഡിഗ്രി വേർതിരിച്ച് പ്രത്യേകമായി പ്രീഡിഗ്രിബോർഡ് എന്ന നിർദേശം വന്നുവെങ്കിലും അത് സാമൂഹികമായി തിരസ്കരിക്കപ്പെട്ടു.

9. 1990 കളിലാണ് പത്താംക്ലാസ് വരെ സ്കൂൾവിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിൽനിന്നു കേരളം മാറാൻ ആരംഭിച്ചത്. സ്കൂൾവിദ്യാഭ്യാസം എന്നത് ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസുകൾ എന്ന വസ്തുത ആശയപരമായും പ്രായോഗികമായും പ്രാവർത്തികമായി. പൂർണതോതിൽ മാറിയത് 1990 കളുടെ അവസാനത്തോടെയാണ്.

10. നിലവിലുള്ള സ്കൂൾഘടനയിൽ ഒട്ടേറെ വൈവിധ്യങ്ങൾ പ്രകടമാണ്. പല തലത്തിലുള്ള സ്കൂളുകൾ നിലവിലുണ്ട്. ഒന്നുമുതൽ നാലുവരെയുള്ളവ, ഒന്നുമുതൽ അഞ്ചുവരെയുള്ളവ, ഒന്നുമുതൽ ഏഴുവരെയുള്ളവ, ഒന്നുമുതൽ പത്തുവരെയുള്ളവ, ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ളവ, അഞ്ചുമുതൽ ഏഴുവരെയുള്ളവ, അഞ്ചുമുതൽ പത്തുവരെയുള്ളവ, അഞ്ചുമുതൽ പന്ത്രണ്ടുവരെയുള്ളവ, എട്ടുമുതൽ പത്തുവരെയുള്ളവ, എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള വിദ്യാലയങ്ങൾ എന്നിവയാണ് അവ. അത്യപൂർവം ചിലയിടങ്ങളിൽ പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകൾ മാത്രമുള്ള വിദ്യാലയങ്ങളുമുണ്ട്. പ്രസ്തുത സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗത്തിൽ കുട്ടികളില്ലാതെ പൂട്ടിപ്പോയതിനാലാണിത്. കൂടാതെ ടെക്നിക്കൽ ഹൈസ്കൂൾ, ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, പട്ടികജാതി/പട്ടികവർഗ വകുപ്പുകളുടെ കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഫിഷറീസ് വകുപ്പിനു കീഴിലെ ഫിഷറീസ് സ്കൂൾ, ഐ.എച്ച്.ആർ.ഡി. സ്കൂളുകൾ തുടങ്ങിയവ ചേർന്നതാണ് നമ്മുടെ സ്കൂൾ വിദ്യാഭ്യാസമേഖല.

11. മാനേജ്മെന്റിന്റെ കാര്യത്തിലും ഈ വൈവിധ്യം കാണാം. പൊതുവേ മൂന്നുതരം വിദ്യാലയ മനേജ്മെന്റുകളാണ് നിലവിലുള്ളത്. സർക്കാർ, സർക്കാർ-എയ്ഡഡ്, സർക്കാർ സഹായമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യവിദ്യാലയങ്ങൾ എന്നിവയാണ് അവ. സർക്കാർ-എയ്ഡഡ്, സർക്കാർ സഹായമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാലയങ്ങൾ എന്നിവ സർക്കാരിതര സംവിധാനങ്ങളായാണ് നടത്തുന്നത്. ഇതിൽ വ്യക്തിഗത മാനേജർമാരും കോർപറേറ്റ് മാനേജർമാരും വിവിധതരം നികായങ്ങളും ഉണ്ട്.

12. സർക്കാർ പ്രൈമറിവിദ്യാലയങ്ങൾ ഗ്രാമപ്പഞ്ചായത്തിനും സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങൾ ജില്ലാപഞ്ചായത്തിനും കൈമാറ്റം ചെയ്യപ്പെട്ടവയാണ്. മുനിസിപ്പാലിറ്റി/കോർപറേഷൻ പരിധിയിലെ മുഴുവൻ വിദ്യാലയങ്ങളും മുനിസിപ്പാലിറ്റിക്കും കോർപറേഷനും കൈമാറ്റം ചെയ്യപ്പെട്ടവയാണ്.

13. സർക്കാർ വിദ്യാലയങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.വഴിയാണ്. ഇവരുടെ അച്ചടക്ക അധികാരി സർക്കാരാണ്. എന്നാൽ എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനാധികാരി മാനേജരാണ്. അച്ചടക്ക അധികാരിയും മാനേജരാണ്. എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനാധികാരിയും അച്ചടക്കാധികാരിയും മാനേജർമാരാണെങ്കിലും അധ്യാപകരടക്കമുള്ള എല്ലാ ജീവനക്കാർക്കും ശമ്പളം നൽകുന്നത് സർക്കാർ ഖജനാവിൽനിന്നാണ്. ഈ വിദ്യാലയങ്ങളിൽ വിനിമയം ചെയ്യാനുള്ള കരിക്കുലവും സിലബസും തയാറാക്കലും പരീക്ഷനടത്തിപ്പും സർക്കാരിന്റെ ഉത്തരവാദിത്തമാണ്.

14. വിദ്യാലയങ്ങളെ നിയന്ത്രിക്കുന്നതിനും ആവശ്യമായ ഭരണനിർവഹണം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി വിവിധ തലങ്ങളിൽ ഓഫീസ്സംവിധാനമുണ്ട്. പ്രൈമറി വിദ്യാലയങ്ങളെ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഭരണനിർവഹണത്തിനുമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ഓഫീസുമുണ്ട്. ഹൈസ്കൂളുകളുടെ ഉപരി ഓഫീസ് ജില്ലാ വിദ്യാഭ്യാസ ഓഫീസും ഓഫീസറുമാണ്. റവന്യൂ ജില്ലയ്ക്ക് ഉപ വിദ്യാഭ്യാസ ഡയരക്ടറുടെ ഓഫീസും ഉപവിദ്യാഭ്യാസ ഡയരക്ടറുമുണ്ട്. സംസ്ഥാനതലത്തിൽ പത്താംക്ലാസ്വരെയുള്ള സ്കൂൾവിദ്യാഭ്യാസം വിദ്യാഭ്യാസ ഡയരക്ടറുടെ നിയന്ത്രണത്തിലാണ്.

15. ഹയർ സെക്കന്ററി സ്കൂളുകളുടെ ഉപരി ഓഫീസ് രണ്ടു ജില്ലകൾക്ക് ഒന്ന് എന്ന നിലയിൽ സ്ഥാപിച്ചിട്ടുള്ള റീജിയണൽ ഉപ ഡയരക്ടറേറ്റ് ഓഫീസും ഓഫീസർ റീജിയണൽ ഉപഡയറക്ടറുമാണ്. സംസ്ഥാനതലത്തിൽ ഹയർ സെക്കന്ററി ഡയരക്ടറേറ്റും ഹയർ സെക്കന്ററി ഡയരക്ടറുമുണ്ട്.

16. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ ഉപരി ഓഫീസ് രണ്ടു ജില്ലയ്ക്ക് ഒന്ന് എന്ന നിലയിലുള്ള അസിസ്റ്റന്റ് ഡയരക്ടറുടെ നേതൃത്വത്തിലുള്ള എ.ഡി. ഓഫീസാണ്. സംസ്ഥാനതലത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി ഡയരക്ടറേറും ഡയരക്ടറുമുണ്ട്.

17. സ്കൂൾവിദ്യാഭ്യാസത്തിന്റെ അക്കാദമിക അതോറിറ്റിയായി അക്കാദമികകാര്യങ്ങൾക്കായി എസ്.സി.ഇ.ആർ.ടി, മാനേജ്മെന്റ് പരിശീലനങ്ങൾക്കായി സീമാറ്റ് കേരള, സാങ്കേതികവിദ്യാ വികസനത്തിനായി കൈറ്റ് (ഐ.ടി.@സ്കൂൾ), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ ടെക്നോളജി, കേന്ദ്രാവിഷ്കൃതപദ്ധതിയായി സമഗ്ര ശിക്ഷ കേരളം, മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി എസ്.ഐ.എം.സി. തുടങ്ങിയവയുമുണ്ട്.

## നിരീക്ഷണം

1. വിദ്യാഭ്യാസരംഗത്തെ ഒന്നാംതലമുറ പ്രശ്നങ്ങളായ സ്കൂൾപ്രാപ്യതയും പഠനത്തുടർച്ചയും ഏതാണ്ടു പൂർണമായും ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഇനി ക്ലാസിൽ എത്തിച്ചേർന്ന മുഴുവൻ കുട്ടികളുടെയും ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുന്നതിനാണ് ശ്രദ്ധ ഊന്നേണ്ടത്. ഇങ്ങനെ ചെയ്യുമ്പോൾ ക്ലാസിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും നീതിയും ഗുണതയും പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയണം. എല്ലാ

കുട്ടികൾക്കും അവരവരുടെ പ്രതിഭ കണ്ടെത്താനും അത് ഏറ്റവും ഉയർന്നതലത്തിലേക്കു വികസിപ്പിക്കാനും കഴിയുന്ന അനുഭവങ്ങൾ ലഭിക്കാൻ സഹായകമായ തുല്യ അവസരങ്ങൾ ഒരുക്കുകയാണ് വേണ്ടത്. ഇതാണ് കേരളീയ വിദ്യാഭ്യാസക്രമം ഇനി അങ്ങോട്ട് ഏറ്റെടുക്കേണ്ട വെല്ലുവിളി. ഇതിനു കഴിയണമെങ്കിൽ സ്കൂൾവിദ്യാഭ്യാസം സമൂലമായി പരിവർത്തിപ്പിക്കേണ്ടിവരും. ഇതിന്റെ ഭാഗമായി ഘടനാപരമായും ഉള്ളടക്കപരമായും സമീപനപരമായും ആവശ്യമായ മാറ്റങ്ങൾ വേണ്ടിവരും. കൂടാതെ, നയപരമായും ഭരണപരമായുമുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടിവരും. ഇതെല്ലാം അഭിമുഖീകരിക്കാൻ നവകേരളം കർമപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസത്തിന്റെ ഭാഗമായ മുഴുവൻ ഘടകങ്ങളെയും സജ്ജമാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടിവരും. ഇതിലെല്ലാം അർഥപൂർണമായി പങ്കാളികളാകുന്നതിന് സമൂഹത്തെ സജ്ജമാക്കേണ്ടിവരും.

2. സ്കൂൾപ്രായത്തിലുള്ള ഏതാണ്ടു മുഴുവൻ കുട്ടികളും സ്കൂളിൽ എത്തിച്ചേരുകയും പന്ത്രണ്ടാം ക്ലാസ്‌വരെ പഠനത്തുടർച്ച ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ പന്ത്രണ്ടാം ക്ലാസ്‌വരെ സമഗ്രമായി കണ്ടുകൊണ്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയും അതു നടപ്പാക്കാനുള്ള ഘടനയും ഭരണനിർവഹണസംവിധാനങ്ങളുമാണ് വികസിപ്പിക്കേണ്ടത്. ദേശീയതലത്തിൽ ശരാശരി ഏഴുവർഷത്തെ സ്കൂളിങ് മാത്രമേ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. കേരളത്തിലാണെങ്കിൽ അത് പന്ത്രണ്ടുവർഷത്തിനടുത്താണ്. അതുകൊണ്ട് ദേശീയതലത്തിൽനിന്നു ഭിന്നമായ നിലപാടുകളും ഭരണനിർവഹണ സംവിധാനവും ഉള്ളടക്കവും ബോധനരീതിശാസ്ത്രങ്ങളും കേരളത്തിന് അനിവാര്യമാണ്. ഈ വസ്തുത അഭിമുഖീകരിക്കുമ്പോൾ ദേശീയതലത്തിൽ നിയോഗിക്കപ്പെട്ട കമ്മീഷനുകളുടെ നിർദേശങ്ങൾകൂടി പരിഗണിക്കുന്നത് ഉചിതമാകും.

3. 1966 ൽ സമർപ്പിക്കപ്പെട്ട ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മാഗ്നാകാർട്ടാ എന്നറിയപ്പെടുന്ന എജ്യുക്കേഷൻ ആന്റ് നാഷണൽ ഡവലപ്മെന്റ് അഥവാ കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ നിരീക്ഷണങ്ങളും നിർദേശങ്ങളും ഇപ്പോഴും പ്രസക്തമാണ്. പ്രസ്തുത റിപ്പോർട്ടിൽ അർഥശങ്കയ്ക്കിടയില്ലാത്തവിധം പന്ത്രണ്ടാം ക്ലാസ്‌വരെയുള്ള വിദ്യാഭ്യാസം സ്കൂൾവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണം എന്നു നിർദേശിച്ചിട്ടുണ്ട്. മാത്രവുമല്ല, വിദ്യാഭ്യാസഘട്ടങ്ങളെക്കുറിച്ചും റിപ്പോർട്ട് വാല്യം 1-പേജ് 79 ൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരം

   1. പ്രീപ്രൈമറി
   2. പ്രൈമറി എന്നാൽ ഒന്നു മുതൽ ഏഴു വരെ ക്ലാസുകളെയോ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളെയോ അതിൽത്തന്നെ ലോവർ പ്രൈമറി എന്നാൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളെയോ, ഒന്നു മുതൽ അഞ്ച് വരെ ക്ലാസുകളെയോ, ഹയർ പ്രൈമറി എന്നാൽ അഞ്ചു മുതൽ ഏഴു വരെ ക്ലാസുകളെയോ, ആറു മുതൽ എട്ടു വരെ ക്ലാസുകളെയോ.
   3. സെക്കന്ററി എന്നാൽ എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളെയോ ഒമ്പതു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളെയോ, അതിൽത്തന്നെ ലോവർ സെക്കന്ററി എന്നാൽ എട്ടു മുതൽ പത്തു വരെ ക്ലാസുകളെയോ, ഒമ്പതു മുതൽ പത്തു വരെ ക്ലാസുകളെയോ.

4. ഹയർ സെക്കന്ററി എന്നാൽ പതിനൊന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളെയോ എന്ന് അയവേറിയ വിധമാണ് നിർദേശിച്ചിരിക്കുന്നത്.

4. 2014 ൽ ഗവൺമെന്റ് ഓഫ് ഹ്യൂമൺ റിസോഴ്സ് ഡവലപ്മെന്റ് & ബ്യൂറോ ഓഫ് പ്ലാനിങ്, മോണിറ്ററിങ് & സ്റ്റാറ്റിസ്റ്റിക്സ്, ന്യൂഡൽഹി പുറത്തിറക്കിയ സെലക്റ്റഡ് ഇൻഫർമേഷൻ ഓൺ സ്കൂൾ എജ്യുക്കേഷൻ, 2011-12 പ്രകാരം അസം, ഗോവ, ഗുജറാത്ത്, കേരളം, മഹാരാഷ്ട്ര, മിസോറാം, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളായ ദാദ്ര & നാഗർഹവേലി, ലക്ഷദ്വീപ് എന്നിവിടങ്ങളിലും ലോവർ പ്രൈമറി എന്നാൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളാണ്. അഞ്ചു മുതൽ ഏഴു വരെ ക്ലാസുകളെ അപ്പർ പ്രൈമറിയായി പരിഗണിക്കുന്ന സ്റ്റേറ്റുകളാണ് അസം, ഗോവ, ഗുജറാത്ത്, കേരളം, മഹാരാഷ്ട്ര എന്നിവ. സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഹൈസ്കൂൾ തലം എട്ടു മുതൽ പത്തു വരെ ക്ലാസുകൾ എന്ന നിലയിൽ പരിഗണിക്കുന്ന ഏഴു സംസ്ഥാനങ്ങളുണ്ട്. അസം, ഗോവ, ഗുജറാത്ത്, കർണാടകം, കേരളം, മഹാരാഷ്ട്ര, ഒഡിഷ എന്നിവയാണവ. ഹയർ സെക്കന്ററി പൊതുവെ എല്ലായിടത്തും പതിനൊന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളാണ്.

5. കേരളത്തിൽ ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള വിദ്യാഭ്യാസം - സ്കൂൾ വിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം എന്നിവയ്ക്കായുള്ള വെവ്വേറെ ഡയറക്ടറേറ്റുകളുടെ പരിധിയിൽ ആണ് വിന്യസിച്ചിരിക്കുന്നത്. വിവിധ ഡയറക്ടറേറ്റുകളുടെ പരിധിയിൽ വരുന്നതും വിവിധ വിഭാഗങ്ങൾ ഉൾപ്പെടുന്നതുമായ ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകൾ ചേർന്ന സ്കൂളുകളുടെ നടത്തിപ്പിൽ ഇതുമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി അടങ്ങുന്ന വിദ്യാലയങ്ങളെ നിയന്ത്രിക്കാൻ നിലവിൽ മൂന്ന് ഡയറക്ടറേറ്റുകളുണ്ട്. ഒന്നു മുതൽ പത്തു വരെ ക്ലാസുകൾ ഡി.പി.ഐയുടെ നിയന്ത്രണ പരിധിയിലാണ്. ഹയർ സെക്കന്ററി ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെയും വൊക്കേഷണൽ ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെയും പൂർണനിയന്ത്രണത്തിലാണ്. വ്യത്യസ്ത നിയന്ത്രാണധികാരികൾ ഒരേ കാംപസിലെ വിവിധ തലം സ്കൂളുകൾക്കുള്ളത് താഴെ പറയുന്ന പ്രശ്നങ്ങൾക്കിടവരുത്തും.

   i. ഒരേ സ്കൂളിലെ വിവിധ തലങ്ങളെ വിവിധ ഡയറക്ടർമാർ നിയന്ത്രിക്കുന്നതുവഴി ഒരു സ്ഥാപനത്തിന്റെ ഭരണനിയന്ത്രത്തിനായി വിവിധ അധികാരകേന്ദ്രങ്ങൾ എന്ന അവസ്ഥ സംജാതമാകുന്നു.

   ii. ഇത് ഒട്ടേറെ പ്രായോഗികപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനം അധികാരത്തർക്കമാണ്.

   iii. അതുകൊണ്ടുതന്നെ ഫണ്ടുകൾ ഏറ്റവും പ്രയോജനകരമായി വിനിയോഗിക്കുന്നതിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നു.

   iv. ശരിയായ പഠനപിന്തുണ ഉറപ്പുവരുത്തുന്നതിൽ തടസ്സമുണ്ടാകുന്നുണ്ട്.

   v. കുട്ടികളുടെ പ്രായവും പ്രകൃതവും തിരിച്ചറിഞ്ഞ് ആവശ്യമായ മാനസിക പിന്തുണ ഉറപ്പുവരുത്തുന്നതിൽ വീഴ്ചവരുന്നു.

vi. വെവ്വേറെ ഡയറക്ടർമാർ നൽകുന്ന നിർദേശങ്ങൾ പരസ്പരപൂരകമാകാത്തത് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പരസ്പരപൂരകങ്ങളല്ലാത്ത തീരുമാനങ്ങൾ ഓരോ വിഭാഗത്തിന്റെയും പരിധിയിൽ വരുന്ന അധ്യാപകരുടെയും വിദ്യാർഥികളുടെയും ഇടയിൽ വിഭാഗീയത വളരാൻ കാരണമാകുന്നു. അതുകൊണ്ടുതന്നെ എടുക്കുന്ന തീരുമാനങ്ങൾ വിദ്യാലയത്തിന് പൊതുവെ ഗുണകരമായ രീതിയിലല്ല പ്രയോഗിക്കപ്പെടുന്നത്.

6. ഭരണപരമായ ചുമതല ഹെഡ്മാസ്റ്ററും പ്രിൻസിപ്പലും പങ്കുവയ്ക്കുന്നതിനാൽ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങളെടുക്കാൻ കഴിയുന്നില്ല. ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ചിലത് താഴെ പറയുന്നു.

i. പ്രിൻസിപ്പലിന്റെ നിർദേശം സ്വീകരിക്കാൻ സെക്കന്ററിതലത്തിലെയും പ്രൈമറി തലത്തിലെയും അധ്യാപകർ ബാധ്യസ്ഥരല്ല. തിരിച്ച് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ നിർദേശങ്ങൾ പാലിക്കാൻ ഹയർ സെക്കന്ററി- വൊക്കേഷണൽ ഹയർ സെക്കന്ററി അധ്യാപകർക്കും ബാധ്യതയില്ല.

ii. അതുകൊണ്ടുതന്നെ സ്കൂളിലെ ഏറ്റവും മികച്ച അധ്യാപകരുടെ സേവനം അധ്യാപകരുടെ പൊതുശാക്തീകരണത്തിന് വിനിയോഗിക്കാൻ കഴിയുന്നില്ല.

iii. മാനവവിഭവശേഷിയുടെ കാര്യത്തിൽ മാത്രമല്ല, ഭൗതികസാഹചര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും ഒരു പൊതു സ്ഥാപന മേധാവി ഇല്ലാത്തത് തടസ്സമാകുന്നുണ്ട്.

iv. വിദ്യാലയത്തിലെ വിഭവങ്ങൾ എല്ലാ കുട്ടികൾക്കും ഉപയോഗിക്കാനും പ്രയോജനപ്പെടുത്താനും കഴിയും വിധം പൊതുവായി മാറണം. ഇത് കഴിയണമെങ്കിൽ ഭരണപരമായ വ്യത്യസ്ത അധികാരകേന്ദ്രങ്ങൾ എന്ന അവസ്ഥ മാറണം.

v. വിവിധ ഡയറക്ടറേറ്റുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ എല്ലാ തലങ്ങളെയും ദോഷകരമായി ബാധിക്കുന്നുണ്ട്.

vi. വിവിധ തലങ്ങളിലെ അധ്യാപകർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ വിദ്യാലയത്തെ ഒരു യൂണിറ്റായി കണ്ടുകൊണ്ടുള്ള വികസനപ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുണ്ട്.

7. വിദ്യാലയത്തിനകത്തു ലഭ്യമായ വിഭവങ്ങളെ-ഉദാ: ലൈബ്രറി, ലബോറട്ടറി, മറ്റു ഭൗതിക സൗകര്യങ്ങൾ, മികച്ച അധ്യാപകർ എന്നിവ-പൂർണതോതിൽ പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഉദാ: ഹയർ സെക്കന്ററി ലാബ് ഹയർ സെക്കന്ററി കുട്ടികൾക്കു മാത്രമായി പരിമിതപ്പെടുത്തുന്നു. അവ അടഞ്ഞുകിടന്നാലും അതേ സ്കൂളിലെ ഹൈസ്കൂൾ കുട്ടികൾക്ക് ഉപയോഗിക്കാൻ അനുവാദവും നൽകുന്നില്ല. വളരെ സങ്കുചിതമായ നിലപാടുകളാണ് വിവിധ തലങ്ങളിൽ പെട്ട അധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർ മിക്കപ്പോഴും കൈക്കൊള്ളുന്നത്. അതുകൊണ്ടുതന്നെ വിദ്യാലയത്തിന് അകത്ത് ലഭ്യമാകാവുന്ന വിഭവങ്ങൾ സ്കൂളിന്റെ പൊതുതാൽപ്പര്യ

ത്തിനും പൊതുവായ വികാസത്തിനും അറിവ് പങ്കുവയ്ക്കുന്നതിനും പ്രയോജനപ്പെടുത്താൻ വേണ്ട തോതിൽ കഴിയുന്നില്ല.

8. സ്കൂളുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു കൈമാറ്റം ചെയ്യപ്പെട്ടവയാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിലവിലുള്ള ഘടനയിൽ ഇടപെടുന്നതിന് പരിമിതിയുണ്ട്. ഒരു പഞ്ചായത്ത് പ്രദേശത്തെ പ്രൈമറി വിഭാഗം കുട്ടികളെ മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് പദ്ധതിയുണ്ടാക്കാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. കാരണം ഹൈസ്കൂളുകളോടു ചേർന്നുള്ള പ്രൈമറിവിദ്യാലയങ്ങൾ ജില്ലാ പഞ്ചായത്തിന്റെ പരിധിയിലാണ് വരുന്നത്.

9. പഞ്ചായത്ത്രാജ് നിയമപ്രകാരം പ്രൈമറിവിദ്യാലയങ്ങൾ ഗ്രാമപ്പഞ്ചായത്തിനും സെക്കന്ററി-ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങൾ ജില്ലാ പഞ്ചായത്തിനും കൈമാറ്റം ചെയ്യപ്പെട്ടവയാണ്. പ്രൈമറി സ്കൂളുകൾ ഗ്രാമപ്പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണെങ്കിലും ഹൈസ്കൂളിനോടു ചേർന്നുള്ള പ്രൈമറി സ്കൂളുകളുടെ നിയന്ത്രണം ജില്ലാ പഞ്ചായത്തിനാണ്. മുനിസിപ്പാലിറ്റീസ് നിയമപ്രകാരം മുനിസിപ്പാലിറ്റി പരിധിയിലെ മുഴുവൻ വിദ്യാലയങ്ങളും നഗരസഭയ്ക്ക് (മുനിസിപ്പാലിറ്റി/ കോർപറേഷൻ) കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

10. വിഭവങ്ങൾ എത്തിക്കുന്നതിലും വിദ്യാലയാസൂത്രണത്തിൽ ഇടപെടുന്നതിലും തദ്ദേശസ്വയംഭരണ സംവിധാനങ്ങളും പരിമിതികൾ അഭിമുഖീകരിക്കുന്നുണ്ട്. ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ കീഴിൽ പ്രൈമറി വിഭാഗങ്ങൾകൂടി ഹൈസ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുന്നതിനാൽ സമഗ്രമായ വിദ്യാഭ്യാസപരിപാടികൾ നടത്താൻ ഗ്രാമപ്പഞ്ചായത്തുകൾക്ക് പരിമിതിയുണ്ട്. പ്രൈമറി വിദ്യാലയങ്ങളുടെ ഭരണച്ചുമതല ഗ്രാമപ്പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. കൈമാറിക്കിട്ടിയ സ്ഥാപനമെന്ന നിലയിൽ പ്രൈമറി വിദ്യാലയങ്ങളുടെ വികസനത്തിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടത് ഗ്രാമപ്പഞ്ചായത്തുകളാണ്. ഹൈസ്കൂളുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന പ്രൈമറി വിദ്യാലയങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തുകളുടെ സാധ്യത പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. കാരണം, ഇവ ജില്ലാ പഞ്ചായത്തിന്റെ പരിധിയിലാണ്. ഒരു ഗ്രാമത്തിലെ മുഴുവൻ പ്രൈമറി കുട്ടികൾക്കും പ്രയോജനകരമായ സമഗ്രപദ്ധതികൾ വികസിപ്പിക്കാൻ ഗ്രാമപ്പഞ്ചായത്തുകൾക്കു കഴിയും വിധം വിദ്യാലയഘടനയിൽ പരിവർത്തനങ്ങൾ ആവശ്യമാണ്.

11. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിവിധ തട്ടുകളിൽ അവർ മുന്നോട്ടുവയ്ക്കുന്ന വിദ്യാഭ്യാസവികസനപദ്ധതികൾ നടപ്പാക്കാൻ ആവശ്യമായ ഇംപ്ലിമെന്റിങ് ഓഫീസർമാർ ഇല്ലാത്തത് ഗൗരവമേറിയ പ്രതിസന്ധിയാണ്.

12. ഗുണമേന്മാവിദ്യാഭ്യാസം മെച്ചപ്പെടണമെങ്കിൽ കൃത്യമായ മോണിറ്ററിങ്ങും വിലയിരുത്തലും അതിനനുഗുണമായ പരിവർത്തനങ്ങളും നിരന്തരമായി നടന്നേതീരൂ. ഇതിന് സഹായകമായ രീതിയിൽ ഇന്നു നിലവിലുള്ള ബന്ധപ്പെട്ട നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ്.

13. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കിയിട്ടുണ്ട്. അക്കാദമികമികവിനായി സമൂഹത്തിന്റെ

പിന്തുണകൂടി ഈ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. സ്കൂൾതലത്തിൽ ഇന്ന് നില നിൽക്കുന്ന വ്യത്യസ്ത അധികാരകേന്ദ്രങ്ങൾ സാമൂഹികമായ ഏകോപനത്തിനും തടസ്സംനിൽക്കുന്നു.

14. വിദ്യാഭ്യാസ അവകാശനിയമം നടപ്പിലായതോടെ അധ്യാപകയോഗ്യതകൾ നിശ്ചയിക്കാനുള്ള അതോറിറ്റി നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജ്യുക്കേഷനായി (എൻ.സി.ടി.ഇ) മാറി. എൻ.സി.ടി.ഇ. മാർഗരേഖകൾക്കനുസരിച്ച് അധ്യാപകയോഗ്യതകൾ പുനപ്പരിശോധിക്കേണ്ടതുണ്ട്. ഇത്തരം പുനപ്പരിശോധന നടക്കുന്ന ഘട്ടത്തിൽ അപ്പർപ്രൈമറി തലത്തിൽ ബിരുദം നേടിയ അധ്യാപകരെയും കേരളീയ സാഹചര്യത്തിൽ എട്ടു മുതൽ പന്ത്രണ്ടാം ക്ലാസ്‌വരെയുള്ള സെക്കന്ററി തലത്തിൽ ബിരുദാനന്തരബിരുദം നേടിയ അധ്യാപകരെയും നിയമിക്കേണ്ടിവരും. ഈ സാഹചര്യത്തിൽ സെക്കന്ററിതലത്തിലെ അധ്യാപകരുടെ പൂർണമായ ശേഷി വിനിയോഗത്തിന് ഉദ്ഗ്രഥനം അനിവാര്യമാകും.

15. തൊഴിൽശേഷീവികാസം പാഠ്യപദ്ധതിയുടെ അനിവാര്യ-അവിഭാജ്യ ഭാഗമാകണം എന്നതാണ് ദേശീയനിലപാട്. ഈ നിലപാട് പ്രയോഗപഥത്തിൽ കൊണ്ടുവരണമെങ്കിൽ ഘടനാപരമായ മാറ്റങ്ങൾ അനിവാര്യമാകും.

16. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സെക്കന്ററി-ഹയർ സെക്കന്ററി തലത്തിലെ മുഴുവൻ ക്ലാസ്മുറികളും ഹൈടെക് ആക്കിമാറ്റിയത് സ്കൂൾ തലത്തിലുള്ള വിഭവാസൂത്രണത്തിന് പുതിയ മാനം നൽകുന്നു. അതുകൊണ്ടുതന്നെ സ്കൂൾതലത്തിൽ ഏകീകൃതമായ നേതൃത്വം വിഭവാസൂത്രണത്തിന്റെ ഏകോപനത്തിന് അനിവാര്യമായിത്തീരും.

17. ഹയർ സെക്കന്ററി സ്കൂളിൽ നിലവിൽ ഓഫീസുകൾക്കായി പ്രത്യേക സംവിധാനങ്ങൾ ഇല്ല. എന്നാൽ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഓഫീസ് സംവിധാനം നിലവിലുണ്ട്. നിലവിലുള്ള ഓഫീസ് സംവിധാനങ്ങളെ ഏകോപിപ്പിച്ച് സ്കൂൾതലത്തിൽ ഏകീകൃതമായ ഓഫീസ് സംവിധാനം സാധ്യമാകും. അത് ഒരു സ്ഥാപനമെന്ന നിലയിൽ സ്കൂളിനെ ശക്തിപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും ചെയ്യും.

18. വിദ്യാഭ്യാസ അവകാശനിയമം ഫലപ്രദമായ നിലയിൽ നടപ്പാക്കണമെങ്കിൽ ഘടനാപരമായ പരിവർത്തനങ്ങൾ അനിവാര്യമാണ്. നിലവിലുള്ള സ്കൂൾഘടന സ്കൂൾ പ്രാപ്യതയും (Access) പഠനത്തുടർച്ചയും (Retention) ലക്ഷ്യമിടുന്നതാണ്. ഈ ലക്ഷ്യം ഏതാണ്ട് സാർഥകമായ കേരളീയസാഹചര്യത്തിൽ സാമൂഹികനീതിയും ഗുണതയും ഉറപ്പാക്കുന്ന സംവിധാനമായി സ്കൂൾ വിദ്യാഭ്യാസമാറേണ്ടതുണ്ട്; മാറ്റേണ്ടതുണ്ട്.

## ശുപാർശകൾ

സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും പഠിക്കാനും വികസിക്കാനുമുള്ള തുല്യ അവസരങ്ങൾ ലഭ്യമാക്കുന്നതും ജനാധിപത്യം, മതനിരപേക്ഷത, സഹകരണം, സഹവർത്തിത്വം, അനുതാപം, ലിംഗാവബോധം, പാരിസ്ഥിതികാവബോധം തുടങ്ങി ഭരണഘടനാമൂല്യങ്ങളെല്ലാം ഉളവാകുന്നതുമായ വിദ്യാഭ്യാസാന്തരീക്ഷമാണ് ഉണ്ടാകേണ്ടത്. ഇത്തരമൊരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും എല്ലാ കുട്ടികൾക്കും ഏറ്റവും മികച്ച പഠ

നാനുഭവങ്ങൾ ലഭിക്കുന്നതിനും സാമൂഹികനീതിയിലും അവസരസമത്വത്തിലും അധിഷ്ഠിതമായതും കേരളത്തിന്റെ സവിശേഷമായ ആവശ്യകതകൾ പരിഗണിച്ചുകൊണ്ടുള്ളതുമായ സ്കൂൾവിദ്യാഭ്യാസം രൂപപ്പെടേണ്ടതുണ്ട്. അതിനായി ഇപ്പോൾ നിലനിൽക്കുന്ന വിദ്യാഭ്യാസഘടനയടക്കമുള്ള വിവിധ ഘടകങ്ങൾ പരിവർത്തനത്തിന് വിധേയമാക്കേണ്ടതുണ്ട്. അതിനായി താഴെ പറയുന്ന കാര്യങ്ങൾ വിദഗ്ധസമിതി ശുപാർശചെയ്യുന്നു.

**1. പ്രീസ്കൂൾ**

1. അണുകുടുംബഘടനയിൽ വളരുന്ന നമ്മുടെ കുട്ടികളുടെ സാമൂഹികതലം വികസിക്കണമെങ്കിൽ പ്രീസ്കൂളിങ് അനുഭവങ്ങൾ ആവശ്യമാണ്. നിലവിൽ പ്രീസ്കൂളിങ്ങിനായി വിവിധ സംവിധാനങ്ങളുണ്ട്. സർക്കാർ നടത്തുന്ന പ്രീപ്രൈമറി സ്കൂളുകൾ, സർക്കാർ സ്കൂളുകളിൽ പി.ടി.എകളുടെ നേതൃത്വത്തിൽ നടത്തുന്ന സർക്കാർ ഹോണറേറിയം നൽകുന്നവ, വനിത-ശിശുവികസനവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ, വിവിധ ഡിപാർട്ട്മെന്റുകളുടെ പരിധിയിൽവരുന്ന സംവിധാനങ്ങൾ, സർക്കാരിന്റെ യാതൊരു സഹായവുമില്ലാതെ സ്കൂളുകളിൽ പി.ടി.എയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറികൾ, സ്വകാര്യ വിദ്യാഭ്യാസ ഏജൻസികളും വ്യക്തികളും നടത്തുന്നവ എന്നിങ്ങനെ വിവിധങ്ങളായ ഏജൻസികൾ നടത്തുന്ന 40000 ത്തിനടുത്ത് പ്രീസ്കൂളിങ് കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്.
2. വിദ്യാഭ്യാസ അവകാശനിയമത്തിലെ അധ്യായം 3 വകുപ്പ് 11 പ്രകാരം 3 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് സൗജന്യമായുള്ള പ്രീപ്രൈമറി വിദ്യാഭ്യാസം നൽകണമെന്ന് നിർദേശിക്കുന്നുണ്ട്. സർക്കാർ സംവിധാനത്തിൽ നടത്തുന്ന പ്രീസ്കൂളിങ് സംവിധാനങ്ങൾ പ്രത്യേകിച്ച് വിദ്യാഭ്യാസവകുപ്പിന്റെ പരിധിയിലുള്ള പ്രീപ്രൈമറികളും വനിത-ശിശുവികസനവകുപ്പിന്റെ പരിധിയിലുള്ള അങ്കണവാടികളും ശാസ്ത്രീയമായ ഒരു ശൃംഖലയായി പ്രവർത്തിക്കുകയാണെങ്കിൽ കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ വികാസ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയും.
3. കുട്ടികളുടെ ആവാസത്തിൽത്തന്നെ ആകർഷകമായ പ്രീസ്കൂളിങ് സംവിധാനം ഒരുക്കാൻ ഇപ്പോൾ അങ്കണവാടികൾ ഉൾപ്പെടെ നിലവിലുള്ള സംവിധാനങ്ങളെയെല്ലാം മെച്ചപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി ശരിയായ ഏകോപനവും മികച്ച പിന്തുണാസംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. കൂടാതെ, ഈ രംഗത്തെ അശാസ്ത്രീയതകളെ ഒഴിവാക്കാനും ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരാനും ഒരു റഗുലേറ്ററി സംവിധാനം ഉണ്ടാകേണ്ടതുമുണ്ട്.

*ആയതിനാൽ*

i. 3 വയസ്സു മുതൽ സ്കൂൾ പ്രവേശനപ്രായം (5/6 വയസ്സ്) വരെ കുട്ടികൾക്ക് പ്രീസ്കൂളിങ് സംവിധാനം ഒരുക്കണം. വിവിധ ഏജൻസികൾ ഇപ്പോൾ ഒരുക്കുന്ന പ്രീസ്കൂളിങ് സംവിധാനങ്ങൾക്ക് ഏകോപിതരൂപം ഉണ്ടാകണം.

ii. പ്രീസ്കൂളിങ് പ്രായം കുട്ടികളുടെ വളർച്ചയും വികാസവുമായി ബന്ധപ്പെട്ടതിനാൽ വിവിധ വികാസമേഖലയിൽ ഉള്ള വളർച്ചയ്ക്കാണ് ഈ ഘട്ടത്തിൽ ഊന്നൽ നൽകേണ്ട

ത്. കുട്ടിയുടെ ചിന്താപ്രക്രിയയെ ഉത്തേജിപ്പിക്കുന്നതും പരിപോഷിപ്പിക്കുന്നതുമാകണം കുട്ടിക്ക് ലഭിക്കുന്ന എല്ലാ അനുഭവങ്ങളും. ഈ പ്രായത്തിൽ കളിയെന്നത് ഏറ്റവും ഗൗരവമേറിയതും പ്രധാനപ്പെട്ടതുമായ പഠനസങ്കേതമാണ്. ഈ പ്രായത്തിൽ കുട്ടികൾക്ക് നൽകുന്ന പഠനാനുഭവങ്ങളും ശാസ്ത്രീയമാകണം. കുട്ടികളുടെ സൂക്ഷ്മപേശീ വികാസത്തിനും തലച്ചോറിന്റെ വികാസത്തിനും സഹായകമാകും വിധം ഇന്ദ്രിയാനുഭവങ്ങൾ കൂടുതൽ ലഭ്യമാകുന്നതിനും കളികളിലൂടെയും ആനന്ദപ്രദമായ വ്യവഹാരങ്ങളിലൂടെയും നൽകുന്ന പഠനാനുഭവങ്ങളാണ് വേണ്ടത്. യാന്ത്രികമായ പഠന-പാഠന പ്രവർത്തനങ്ങൾ ഒരു കാരണവശാലും അനുവദിക്കരുത്.

iii. ശാസ്ത്രീയമായതും മികച്ചതുമായ പഠനാനുഭവങ്ങൾ ഒരുക്കണമെങ്കിൽ പ്രീസ്കൂൾ പ്രവർത്തകർ/അധ്യാപകർക്ക് ഏറ്റവും മികച്ച പരിശീലനം ലഭ്യമാക്കണം.

iv. അംഗീകാരമില്ലാത്ത നിരവധി പ്രീസ്കൂൾ അധ്യാപകപരിശീലനകേന്ദ്രങ്ങൾ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ കണ്ടെത്തി ഉചിതമായ നടപടികൾ കൈക്കൊള്ളണം.

v. പ്രീസ്കൂളിങ്ങിന്റെ എല്ലാ ഘടകങ്ങളും ശാസ്ത്രീയമാണ് എന്നുറപ്പാക്കാൻ കൃത്യമായ വ്യവസ്ഥകളുണ്ടാകണം. ഇതിനായി ഒരു നയവും നിയമവും രൂപീകരിക്കുകയും നടപ്പാക്കുകയും വേണം.

vi. അശാസ്ത്രീയപ്രവണതകൾ തടയാനും സർക്കാർ മാർഗനിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്താനും ബന്ധപ്പെട്ട സർക്കാർ ഏജൻസികളുടെ പങ്കാളിത്തമുള്ള ഒരു റഗുലേറ്ററി സംവിധാനം ഉണ്ടാക്കണം.

vii. നിലവിൽ സർക്കാർ പ്രീപ്രൈമറി അധ്യാപകരുണ്ട്. സർക്കാർ പ്രൈമറി സ്കൂളുകളിൽ പി.ടി.എ. ആരംഭിച്ചതും സർക്കാർ ഹോണറേറിയം നൽകുന്നതുമായ അധ്യാപകരുണ്ട്. 2012 നു ശേഷം പി.ടി.എയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രീപ്രൈമറി ക്ലാസുകളുണ്ട്. ഇവിടെ ജോലി ചെയ്യുന്നവരുമുണ്ട്. ഇവർക്ക് ഓണറേറിയം ലഭിക്കുന്നില്ല. എയ്ഡഡ് സ്കൂളുകളിലും ഇതുപോലെ പ്രീപ്രൈമറി ക്ലാസുകൾ നിലവിലുണ്ട്. ഇവിടെയും ജോലിചെയ്യുന്നവരുണ്ട്. ഇവരുടെ എല്ലാം സേവനം സംബന്ധിച്ചോ വേതനം സംബന്ധിച്ചോ യാതൊരു വ്യവസ്ഥകളും നിലവിലില്ല. ഇതുണ്ടാക്കുന്ന അസംതൃപ്തി കുട്ടികൾക്ക് ഗുണമേന്മയുള്ള പ്രീസ്കൂളിങ് അനുഭവം ലഭ്യമാകുന്നതിന് തടസ്സമാണ്. ഇതു പരിഹരിക്കാൻ ആവശ്യമായ നടപടി സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി കൃത്യമായ സേവനവ്യവസ്ഥകളും ന്യായമായ വേതനവും ലഭ്യമാകുന്ന അവസ്ഥയുണ്ടാക്കണം.

viii. പരിഹരിക്കേണ്ടുന്ന മറ്റൊരു പ്രശ്നമാണ് അങ്കണവാടികളും പ്രീപ്രൈമറി സ്കൂളുകളും ഒരേ ആവാസകേന്ദ്രങ്ങളിൽ ഉണ്ടാകുന്നത്. അതുണ്ടാക്കുന്ന പ്രശ്നങ്ങൾ സങ്കീർണമായിക്കൊണ്ടിരിക്കുന്നു. ഇവ പരിഹരിക്കപ്പെടണം. അങ്കണവാടികളിൽ പ്രീസ്കൂളിങ് സംവിധാനത്തോടൊപ്പം കുട്ടികൾക്കും അമ്മമാർക്കും മറ്റു സേവനങ്ങളും ലഭ്യമാണ്. ഈ സേവനങ്ങൾ ഇന്നും പ്രസക്തമാണ്. ആയതിനാൽ കുട്ടികളുടെ ആവാസകേന്ദ്രങ്ങളിൽത്തന്നെ സ്ഥിതിചെയ്യുന്ന അങ്കണവാടികൾ കൂടുതൽ ആകർഷകമാവുകയും മെച്ചപ്പെടുകയും ചെയ്യേണ്ടതുണ്ട്. ഒരു പ്രൈമറി സ്കൂളിലെ പ്രീപ്രൈമറിയെ കേന്ദ്രസ്ഥാന

മായി എടുത്തുകൊണ്ട്, തൊട്ടടുത്ത അങ്കണവാടികളെയും മറ്റു സർക്കാർ ഏജൻസികൾ നടത്തുന്ന പ്രീസ്കൂളുകളെയും അനുപൂരകകേന്ദ്രങ്ങളായി പരിഗണിച്ചുകൊണ്ട് ഒരു പ്രീസ്കൂൾ കോംപ്ലക്സ് പരിഗണിക്കാവുന്നതാണ്. അങ്ങനെയെങ്കിൽ നാട്ടിലെ പ്രീസ്കൂളിങ് സംവിധാനങ്ങളെല്ലാം ബന്ധിപ്പിക്കുന്ന ജൈവികമായ ശൃംഖല വികസിപ്പിക്കാൻ കഴിയും.

ix. ഔപചാരികവിദ്യാഭ്യാസത്തിന്റെ യാന്ത്രികമായ ചിട്ടവട്ടങ്ങൾക്കുള്ളിലേക്കു തികച്ചും സ്വതന്ത്രമായി കളികളിലൂടെയും സ്വതന്ത്രമായി വിഹരിച്ചും പഞ്ചേന്ദ്രിയങ്ങളെ പരമാവധി പ്രയോജനപ്പെടുത്താനും നിർഭയമായും സ്വതന്ത്രമായും വിവിധ വികാസമേഖലകളെ വികസിപ്പിക്കാനും കഴിയുന്ന അനുഭവം ലഭിക്കേണ്ട പ്രായത്തിലുള്ള കുട്ടികളെ കൊണ്ടുവരുന്നത് അഭികാമ്യമല്ല. ഔപചാരികവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാഗമായി പ്രീസ്കൂളിങ് സംവിധാനങ്ങൾ മാറുന്നത് ഈ പ്രായത്തിലുള്ള കുട്ടിയുടെ വളർച്ചയും വികാസവും ശാസ്ത്രീയമായി നടക്കുന്നതിന് ഒരു തരത്തിൽ തടസ്സമാണ്. ആയതിനാൽ 5 വയസ്സുവരെ കുട്ടി വീടിനടുത്തുള്ള അങ്കണവാടികളിൽത്തന്നെ പോകുന്നതാണ് ഉചിതം. നിലവിലുള്ള അങ്കണവാടികൾ സമൂലമായി പരിവർത്തിപ്പിച്ചാലേ രക്ഷിതാക്കൾ കുട്ടികളെ അവിടങ്ങളിലേക്ക് അയക്കൂ. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ ഘടന, സ്ഥലപരിമിതി എന്നിവയൊന്നും നോക്കാതെ കേരളത്തിലെല്ലാ ഇടത്തും ഒരേ മാതൃകയിലുള്ള, കുട്ടിയെ തീരെ പരിഗണിക്കാത്ത ഇന്നത്തെ അങ്കണവാടി കെട്ടിടങ്ങൾ കാലോചിതമായി മാറ്റേണ്ടതുണ്ട്. അങ്കണവാടി കാമ്പസ് എത്ര ചെറിയ ഇടമാണെങ്കിൽ പോലും ആകർഷകമാക്കാനുള്ള സാധ്യതകളെല്ലാം വിനിയോഗിക്കണം. അങ്കണവാടി വർക്കർമാർക്കും ആയമാർക്കും പ്രീസ്കൂളിങ് സംബന്ധിച്ച് മികച്ച പരിശീലനങ്ങൾ ലഭ്യമാക്കണം. അങ്കണവാടി വർക്കർമാരെ മറ്റു തൊഴിലുകൾ ഏൽപ്പിക്കുന്നത് ഒഴിവാക്കണം. കളിയുപകരണങ്ങളും മറ്റും ആവശ്യത്തിനുണ്ടാകണം. ഈ രീതിയിൽ അങ്കണവാടികളെ മെച്ചപ്പെടുത്താൻ ആവശ്യമായ സാമൂഹികമായ അന്തരീക്ഷം ഉണ്ടാകണം. എങ്കിലേ നാട്ടിലെ രക്ഷിതാക്കൾ തികച്ചും അശാസ്ത്രീയമായി നടത്തുന്ന പ്രീസ്കൂൾ കേന്ദ്രങ്ങളിലേക്ക് കുട്ടികളെ അയക്കുന്ന അവസ്ഥ ഇല്ലാതാകൂ. ശാസ്ത്രീയമായ കാഴ്ചപ്പാട് ജനങ്ങളിലേക്ക് എത്തിക്കാനുള്ള കർമപരിപാടി വേണ്ടതുണ്ട്. അങ്കണവാടികൾ നാട്ടിലെ മുഴുവൻ കുട്ടികളുടെയും പ്രീസ്കൂളിങ് കേന്ദ്രമാക്കി മാറ്റാൻ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പോലെ ഒരു ജനകീയ കാമ്പയിൻ സർക്കാർ നേതൃത്വത്തിൽ വിഭാവനം ചെയ്യണം. ഇതിന്റെ ഭാഗമായി നാട്ടിലുള്ള അങ്കണവാടികളെ ശക്തിപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ആകർഷണീയമാക്കുകയും ചെയ്യണം.

x. ഔപചാരികവിദ്യാലയങ്ങളുടെ ഭാഗമായി ആരംഭിച്ച പ്രീസ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഒന്നാം ക്ലാസിൽ തുടങ്ങുന്ന ഔപചാരിക പഠനരീതിയുടെ താഴോട്ടുള്ള വലിച്ചുനീട്ടലാകരുത്. ഈ പ്രായത്തിൽ കുട്ടികൾക്ക് പൂർണസ്വാതന്ത്ര്യവും സ്വതന്ത്രമായി വിഹരിക്കാനുള്ള അവസരവുമാണുണ്ടാക്കേണ്ടത്. ചുറ്റുപാടുകളെ കണ്ടും കേട്ടും അനുഭവിച്ചുമാണ് കുട്ടി ലോകത്തെ മനസ്സിലാക്കുന്നതും സ്വയം വളരുന്നതും. കളികളായിരിക്കും പ്രധാന ബോധനരീതിയും തന്ത്രവും. ഇതിനെല്ലാം ആവശ്യമായ ശിശുസൗഹൃദപരിസരമാണ് ഒരുക്കേണ്ടത്. ഇപ്പോൾ പ്രീപ്രൈമറി പ്രവർത്തി

ക്കുന്ന സ്കൂളുകളിൽ കഴിയാവുന്നതും സ്കൂൾ കാമ്പസിൽത്തന്നെ പ്രീസ്കൂളിനായി ഒരു പ്രത്യേക ഇടം കണ്ടെത്തുകയും പ്രസ്തുത ഇടത്തെ ജൈവവേലിയോ മറ്റോ കൊണ്ട് വേർതിരിച്ച് ഈ പ്രായത്തിലുള്ള കുട്ടികളുടേതായ വിഹാര/കളിയിടങ്ങൾ ഒരുക്കുകയും ചെയ്യാം. ഈ കളിയിടത്തോടു ചേർന്ന് പ്രീസ്കൂൾ മുറികൾ ഉണ്ടാവുകയാണ് വേണ്ടത്.

## 2. സ്കൂൾപ്രവേശനപ്രായം

1. വിദ്യാഭ്യാസ അവകാശനിയമപ്രകാരം സ്കൂൾപ്രവേശനം പ്രതീക്ഷിക്കുന്നത് ആറു വയസ്സിലാണ്. വിദ്യാഭ്യാസപരമായി വികസിതരാഷ്ട്രങ്ങളിൽ ആറു വയസ്സിനു ശേഷമാണ് കുട്ടികളെ ഔപചാരിക പഠനകേന്ദ്രങ്ങളിൽ ചേർക്കുന്നത്. ഏഴു വയസ്സാക്കിയ രാഷ്ട്രങ്ങളുണ്ട്. ഇന്ത്യയിൽ ഇരുപതു സംസ്ഥാനങ്ങളിലും ആറു കേന്ദ്രഭരണപ്രദേശങ്ങളിലും ഒന്നാം ക്ലാസിലെ പ്രവേശനപ്രായം 5+ ആണ്[5].

*ആയതിനാൽ*

i. പ്രീസ്കൂളിന് നയം രൂപീകരിക്കുന്ന ഘട്ടത്തിൽ സ്കൂൾ പ്രായം എത്രയാകാം എന്നതു സംബന്ധിച്ചു വ്യക്തത വരുത്തണം.

ii. കുട്ടികളുടെ ശരിയായ പഠനത്തിന് അനുയോജ്യമായ സ്കൂൾപ്രവേശനപ്രായം 6+ ആണെന്നതിനാൽ അതുവരെ മികച്ച പ്രീസ്കൂളിങ് അനുഭവം നൽകുകയാണ് വേണ്ടത് എന്ന കാര്യം സമൂഹത്തെ ബോധ്യപ്പെടുത്താൻ ആവശ്യമായ നടപടി കൈക്കൊള്ളണം.

iii. ഇത്തരം ഒരു അവബോധം ഉണ്ടാക്കുന്നതിലൂടെ വരുന്ന മൂന്നു മുതൽ നാലു വർഷം കൊണ്ട് നിലവിലുള്ള 5+ എന്നതിൽനിന്ന് 6+ എന്നതിലേക്ക് സമൂഹസമ്മതിയോടെ പ്രവേശനപ്രായം സ്വാഭാവികമായി വർധിപ്പിക്കാൻ കഴിയണം. ഇതിനായി വിദ്യാഭ്യാസവകുപ്പും വനിത-ശിശുവികസനവകുപ്പും തദ്ദേശസ്വയംഭരണവകുപ്പും ചേർന്ന് കർമപദ്ധതി ഉണ്ടാക്കണം.

## 3. സ്കൂൾവിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ

1. വിദ്യാഭ്യാസഘട്ടത്തെ ദേശീയതലത്തിൽ പൊതുവെ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളെ എലമെന്ററി എന്നും ഒമ്പതു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളെ സെക്കന്ററിയെന്നുമാണ് പരിഗണിച്ചിരിക്കുന്നത്. കേരളത്തിൽ സംസ്ഥാനരൂപീകരണസമയത്ത് നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസഘട്ടങ്ങൾക്ക് മാറ്റം വരുത്തിയിരുന്നു. ഇതുപ്രകാരം പ്രൈമറി എന്നത് ഒന്നു മുതൽ ഏഴു വരെയും ഹൈസ്കൂൾ എട്ടു മതൽ പത്തു വരെയും ഹയർ സെക്കന്ററി പതിനൊന്നു മുതൽ പന്ത്രണ്ടു വരെയുമുള്ള ക്ലാസുകളെന്നാണ് നിജപ്പെടുത്തിയത്.

[5] Selected information on school education 2011-12. Govt. of India. MHRD Bureau of Planning, Monitoring and Statistics, Statisitcs division New Delhi 2014

*ആയതിനാൽ*

i. ഔപചാരികവിദ്യാഭ്യാസം ആരംഭിക്കുന്ന ഒന്നാം ക്ലാസിനു മുമ്പുള്ള ഘട്ടമാണ് പ്രിസ്കൂൾ ഘട്ടം.

ii. കുട്ടികളുടെ വളർച്ചയുടെയും പഠനത്തിന്റെയും വികാസഘട്ടങ്ങൾക്കനുസൃതമായാകണം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ നിർണയിക്കേണ്ടത്. സ്കൂൾ വിദ്യാഭ്യാസത്തിന് രണ്ടു ഘട്ടങ്ങളേ ഉണ്ടാകൂ. ഒന്ന് - പ്രൈമറി, രണ്ട് സെക്കന്ററി. കുട്ടിക്കാലം (Childhood) കടന്നുപോകുന്ന സ്കൂൾവിദ്യാഭ്യാസത്തിലെ ഒന്നുമുതൽ ഏഴു വരെ ക്ലാസുകൾ പ്രൈമറി ഘട്ടമായും കൗമാരകാലത്തെ (Adolecent) സ്കൂൾ വിദ്യാഭ്യാസത്തിലെ എട്ടു മുതൽ പന്ത്രണ്ടു ക്ലാസുകൾ സെക്കന്ററി ഘട്ടമായും പരിഗണിക്കാം.

iii. കേരളത്തിൽ കുട്ടികളുടെ പഠനാവശ്യങ്ങൾ നിറവേറ്റാൻ വിവിധ തലങ്ങളിലുള്ള സ്കൂളുകൾ നിലവിലുണ്ട്. അതിൽ ഒന്നു മുതൽ ഏഴു വരെയുള്ള പ്രൈമറി ഘട്ടത്തിലെ ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകൾ ഉള്ള സ്കൂളുകളെ ലോവർ പ്രൈമറിയായും ഏഴു വരെ ക്ലാസുകളുള്ള സ്കൂളുകളെ പ്രൈമറിയായും പരിഗണിക്കണം. എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള സെക്കന്ററി ഘട്ടത്തിലെ പത്താം ക്ലാസ്വരെയുള്ള സ്കൂളുകളെ ലോവർ സെക്കന്ററിയായും പന്ത്രണ്ടു വരെ ക്ലാസുകളുള്ള സ്കൂളുകളെ സെക്കന്ററിയായും പരിഗണിക്കണം.

**സ്കൂൾവിദ്യാഭ്യാസഘട്ടങ്ങൾ**

| | | | | |
|---|---|---|---|---|
| 1 | പ്രീസ്കൂൾ | സ്കൂൾ പ്രവേശനത്തിനു മുമ്പ് | | |
| 2 | പ്രൈമറി | 1 - 7 | ലോവർ പ്രൈമറി | നാലാം ക്ലാസ്വരെയുള്ള സ്കൂളുകൾ |
| | | | പ്രൈമറി | ഏഴാം ക്ലാസ്വരെയുള്ള സ്കൂളുകൾ |
| 3 | സെക്കന്ററി | 8 -12 | ലോവർ സെക്കന്ററി | പത്താം ക്ലാസ്വരെയുള്ള സ്കൂളുകൾ |
| | | | സെക്കന്ററി | പന്ത്രണ്ടാം ക്ലാസ്വരെയുള്ള സ്കൂളുകൾ |

iv. സംസ്ഥാനത്ത് 235 സർക്കാർ സ്കൂളുകളിലും 503 സർക്കാർ എയ്ഡഡ് സ്കൂളുകളിലും ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ട്. ലോവർ പ്രൈമറി നാല് ക്ലാസ്വരെയായി മുൻപ് നിജപ്പെടുത്തിയപ്പോഴും ചില വിദ്യാലയങ്ങളിൽ ഉണ്ടായിരുന്ന അഞ്ചാം ക്ലാസ് തുടരുകയാണ് ചെയ്തത്. ശാസ്ത്രീയമായ വിദ്യാഭ്യാസ ആസൂത്രണത്തിന് സഹായകമാകുംവിധം ഈ ഒരു അവസ്ഥ മാറേണ്ടതുണ്ട്. സംസ്ഥാനത്ത് എല്ലാ ഇടത്തും ലോവർ പ്രൈമറി എന്നാൽ ഒന്നു മുതൽ നാലു വരെ എന്നായി മാറണം. സർക്കാർ സ്കൂളുകളിൽ അഞ്ചാം ക്ലാസുണ്ടെങ്കിൽ എത്രയും പെട്ടെന്ന് തൊട്ടടുത്തുള്ള അപ്പർ പ്രൈമറി സ്കൂളിലേക്ക് ഈ ക്ലാസിനെ മാറ്റാവുന്നതാണ്. അഞ്ചാം ക്ലാസുള്ള എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള അധ്യാപകരുടെ റിട്ടയർമെന്റ് ക്രമത്തിൽ അഞ്ചാം ക്ലാസ് നിർത്തലാക്കാവുന്നതാണ്.

***കുറിപ്പ്:*** സംസ്ഥാനത്ത് ഒന്നാം ക്ലാസിൽ എൻറോൾ ചെയ്യുന്ന ഏതാണ്ട് മുഴുവൻ കുട്ടികളും പന്ത്രണ്ടാം ക്ലാസ്വരെ എത്തിച്ചേരുന്ന പശ്ചാത്തലത്തിൽ പ്രൈമറിഘട്ടം പൂർത്തിയാക്കുന്ന കുട്ടികൾ വിവിധ വിഷയമേഖലകളിലെ അടിസ്ഥാനശേഷികളും നൈപുണി

കളും നേടിയിരിക്കും. പത്താം ക്ലാസ്വരെ പൊതുപഠനമാണെങ്കിലും ഒമ്പതാം ക്ലാസ് മുതൽ താൽപ്പര്യമേഖലകളിൽ കുറേക്കൂടി ആഴത്തിലുള്ള പഠനാനുഭവങ്ങൾ കുട്ടിക്ക് ലഭിക്കണം. മാത്രവുമല്ല, എൻ.എസ്.ക്യു.എഫിന്റെ (നാഷണൽ സ്കിൽ ക്വാളിഫയിങ് ഫ്രെയിംവർക്ക്) പശ്ചാത്തലത്തിൽ തൊഴിൽനൈപുണിപരിശീലനം ഒമ്പതാം ക്ലാസ് മുതൽ ആരംഭിക്കേണ്ടതുണ്ട്. പ്രൈമറി സ്കൂളുകളിൽനിന്ന് സെക്കന്ററി സ്കൂളുകളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് ഒമ്പതു മുതൽ പന്ത്രണ്ടു വരെ നടക്കുന്ന വിഷയബന്ധിതവും തൊഴിൽബന്ധിതവുമായ സവിശേഷപഠനത്തിന് താൽപ്പര്യമുള്ള വിഷയങ്ങളിൽ തുടർന്ന് പഠനാനുഭവങ്ങൾ പ്രദാനം ചെയ്യേണ്ട അധ്യാപകരുടെ സഹായത്തോടെ അവ കണ്ടെത്താനുള്ള ഒരു സ്പ്രിങ് ബോർഡായി എട്ടാം ക്ലാസ് പരിഗണിക്കണം. എട്ടാം ക്ലാസ് സെക്കന്ററി പഠനത്തിനാവശ്യമായ അടിത്തറ (ഫൗണ്ടേഷൻ) ആയി വർത്തിക്കും. അതിനാലാണ് ദേശീയതലത്തിൽ പൊതുവെ കൈക്കൊള്ളുന്ന രീതിയിൽനിന്നു ഭിന്നമായി എട്ടാം ക്ലാസ് സെക്കന്ററിയുടെ ഭാഗമാകണം എന്നു വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നത്.

## 4. ഘടനയും ഭരണനിർവഹണവും

1. സ്കൂൾപ്രായത്തിലുള്ള മുഴുവൻ കുട്ടികൾക്കും ഏറ്റവും മികച്ച സ്കൂൾവിദ്യാഭ്യാസം പ്രദാനം ചെയ്യണമെങ്കിൽ ഘടനാപരമായതടക്കം ഈ രംഗത്ത് സമൂലമായ പരിവർത്തനങ്ങൾ ആവശ്യമാണ്. അതിന്റെ ഭാഗമായി ഇന്ന് നിലനിൽക്കുന്ന വിവിധ ഡയറക്ടറേറ്റുകളെ ഏകോപിപ്പിച്ച് സ്കൂൾവിദ്യാഭ്യാസത്തിനായി ഒറ്റ ഡയറക്ടറേറ്റ് നിലവിൽ വരേണ്ടതുണ്ട്. പന്ത്രണ്ടാം ക്ലാസ്വരെയുള്ള സെക്കന്ററി വിദ്യാഭ്യാസത്തിന് ജില്ലാതലത്തിൽ ഒരു ഓഫീസ് സംവിധാനം ആവശ്യമാണ്. ബ്ലോക്ക്/മുനിസിപ്പാലിറ്റി / കോർപറേഷൻ തലങ്ങളുമായി ഭൂപരിധിപരമായി ഏകോപിതമായ സ്കൂൾവിദ്യാഭ്യാസ ഓഫീസുകൾ ജില്ലാ ഓഫീസിന് കീഴിൽ ഉണ്ടാകേണ്ടതുണ്ട്.

2. പഞ്ചായത്ത്രാജ്/മുനിസിപ്പാലിറ്റി സംവിധാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ മുന്നോട്ടു വയ്ക്കുന്ന പദ്ധതികൾ നടപ്പാക്കാനാവശ്യമായ ക്രമീകരണങ്ങൾകൂടി ഘടനാപരമായ മാറ്റങ്ങൾ നിർദേശിക്കുന്ന ഘട്ടത്തിൽ ഉണ്ടാകണമെന്ന് വിവിധ സംഘടനകളും വ്യക്തികളുമായി ഈ സമിതി ആശയകൈമാറ്റം നടത്തിയ ഘട്ടത്തിൽ അഭിപ്രായം ഉണ്ടായിട്ടുണ്ട്. സ്കൂളുകളിൽ വ്യത്യസ്ത അധികാരകേന്ദ്രങ്ങൾ നിലനിൽക്കുന്ന അവസ്ഥ ഒഴിവാക്കണം എന്നതാണ് പൊതുവേ ഉയർന്നുവന്ന അഭിപ്രായം. ഏകോപനം നടത്തുമ്പോൾ പൊതു വിദ്യാഭ്യാസത്തിനായി ഒരു കമ്മീഷണറേറ്റ് എന്ന ആശയവും ഉയർന്നുവന്നിട്ടുണ്ട്. റിട്ട. ചീഫ് സെക്രട്ടറി ശ്രീ. സി.പി. നായർ ചെയർമാനായി കേരളവിദ്യാഭ്യാസനിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനായി നിയോഗിക്കപ്പെട്ട സമിതിയും വിദ്യാഭ്യാസത്തിനായി ഒരു കമ്മീഷണറേറ്റ് എന്ന ഘടനയാണ് 2008 ൽ സർക്കാരിന് നൽകിയ റിപ്പോർട്ടിലൂടെ മുന്നോട്ടുവച്ചിരുന്നത്. അതു പ്രകാരം കമ്മീഷണർ ഓഫ് ജനറൽ എജ്യുക്കേഷനും പൊതു

വിദ്യാഭ്യാസ സെക്രട്ടറിയും ഡയറക്ടർക്ക് മുകളിൽ നിർദേശിച്ചിട്ടുണ്ട്. ഡിപാർട്ട്മെന്റ് സംവിധാനം വരുന്ന മുറയ്ക്കു ഈ നിർദേശങ്ങളെല്ലാം പരിഗണിക്കാവുന്നതാണ്.

*ആയതിനാൽ*

1. സ്കൂൾവിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങൾ ഏകോപിപ്പിക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന ഓർഗനോഗ്രാമുകളാണ് ശുപാർശചെയ്യുന്നത്. കമ്മീഷണറേറ്റ് സംവിധാനം ആകാമെന്നുള്ള നിർദേശങ്ങളും ഉയർന്നുവന്നിരുന്നു. ഡിപാർട്ട്മെന്റ് സംവിധാനം നിലവിൽവരുന്ന മുറയ്ക്ക് ഇപ്പോൾ നിർദേശിച്ച ഓർഗനോഗ്രാമിന്റെ ഉപരി ഓഫീസർമായി കമ്മീഷണറെയും കമ്മീഷണറേറ്റും കൂട്ടിച്ചേർക്കാവുന്നതാണ്. പ്രസ്തുത നിർദേശം പരിഗണിക്കുന്ന ഘട്ടത്തിലും സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നിലവിലുള്ള വിവിധ ഏജൻസികൾക്കും അവയുടെ വിവിധ ഡയറക്ടർമാർക്കും അവരുടെ ഓഫീസും അതിനു കീഴ്ഘടകമായി പ്രവർത്തിക്കുന്ന ഓഫീസുകൾക്കും ഇവിടെ ശുപാർശചെയ്ത ഓർഗനോഗ്രാമിൽനിന്നും കാതലായ വ്യത്യാസം വരുത്തേണ്ടിവരില്ല.

## പൊതുവിദ്യാഭ്യാസസംവിധാനം - ഓർഗനോഗ്രാം




DSE- Director of School Education
SCERT- State Council of Educational Research and Training
SIEMAT- State Institute of Management Administration and Training
SSK - Samagra Siksha Keralam
SIET- State Institute of Educational Technology
KITE- Kerala Infrastructure and Technology for Education
SIMC- State Institute of Mentally Challenged
SLMA - State Literacy Mission Authority
SCOLE - State Council for Open Schooling & Life long Education
JDSE- Joint Director of School Education
DIET- District Institute of Education and Training
DPO- District Project Office
DIE- District Institute of English
SEO- School Education Office
BRC- Block Resource Centre
PEO- Panchayat Education Office
CRC- Cluster Resource Centre

## സ്കൂൾവിദ്യാഭ്യാസം
## ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥതല ഓർഗനോഗ്രാം







**DSE** – Director of School Education
**ADSE-** Additional Director of School Education
**Sr.JDSE-** Senior Joint Director of School Education
**JDSE/JES**-Joint Director of School Education/ Joint Exam Secretary
**SEO-** School Education Officer
**ASEO**-Asst. School Edn. Officer
**PEO**-Panchayat Edn. Officer
**CRC** – Cluster Resource Centre

**1. സംസ്ഥാന ഓഫീസ്: ഡയറക്ടറേറ്റ് ഓഫ് സ്കൂൾ എജ്യുക്കേഷൻ (ഡി.എസ്.ഇ.)**

i. പന്ത്രണ്ടാം ക്ലാസ്വരെയുള്ള സ്കൂൾവിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും ഇന്നു നിലവിലുള്ള വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളെയും സംയോജിപ്പിച്ച് സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ (ഡയറക്ടറേറ്റ് ഓഫ് സ്കൂൾ എജ്യുക്കേഷൻ) നിക്ഷിപ്തമാക്കണം.

ii. ഡി.പി.ഐ, ഹയർ സെക്കന്ററി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ ഓഫീസുകൾ സംയോജിച്ച് സ്കൂൾവിദ്യാഭ്യാസ ഡയക്ടറേറ്റ് സ്ഥാപിക്കുമ്പോൾ സീനിയറായ ഒരു ഐ.എ.എസ്. ഓഫീസറെയോ സ്കൂൾവിദ്യാഭ്യാസത്തിൽ പ്രാവീണ്യമുള്ള ഒരു അക്കാദമികവിദഗ്ധനെയോ സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറായി നിയോഗിക്കുന്നതാണ് അഭികാമ്യം. (ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയരക്ടർമാരായി അക്കാദമികവിദഗ്ധരെ നിയമിച്ച അനുഭവമുണ്ട്).

iii. ഡയരക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷനെ ഭരണനിർവഹണരംഗത്തും അക്കാദമികരംഗത്തും സഹായിക്കാൻ പരീക്ഷാഭവൻ ഉൾപ്പെടെ നാല് അഡീഷണൽ ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ (എ.ഡി.എസ്.ഇ.) ഉണ്ടായിരിക്കും. ഇപ്പോൾ ഡി.പി.ഐയിലുള്ള എ.ഡി.പി.ഐ. കാഡറായിരിക്കും ഇവർക്ക്.

iv. ഓരോ എ.ഡി.എസ്.ഇമാരെയും ഡയറക്ടറേറ്റിൽ ഭരണനിർവഹണത്തിനും അക്കാദമികകാര്യങ്ങൾക്കും സഹായിക്കുന്നതിന് രണ്ട് സീനിയർ ജോയിന്റ് ഡയരക്ടർമാർ വീതം ആറ് പുതിയ തസ്തിക നിർദേശിക്കുന്നു. ഇവർക്ക് 77400 – 115200 വരുന്ന ശമ്പള സ്കെയിൽ നിജപ്പെടുത്താവുന്നതാണ്.

v. ഓരോ സീനിയർ ജോയിന്റ് ഡയറക്ടർമാർക്കും ഓർഗനോഗ്രാമിൽ കൊടുത്ത പ്രകാരം ഭരണനിർവഹണത്തിനും അക്കാദമികകാര്യങ്ങൾക്കും സഹായിക്കുന്നതിനായി എട്ട് ജോയിന്റ് ഡയറക്ടർമാർ, ഐ.ഇ.ഡി, സ്പോർട്സ് ഓഫീസർ, സ്പോർട്സ് ഓർഗനൈസർ, അറബി, സംസ്കൃതം ഓഫീസർമാർ എന്നിവർ ആവശ്യമാണ്. ഇവർക്ക് നിലവിലുള്ള കാഡർ തന്നെ തുടരാം.

**2. റവന്യൂ ജില്ലാതല ഓഫീസ് – ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ (ജെ.ഡി.എസ്.ഇ.) ഓഫീസ്**

i. പ്രീസ്കൂൾ മുതൽ പന്ത്രണ്ടാം ക്ലാസ്വരെയുള്ള വിദ്യാഭ്യാസം ഒരു ഓഫീസിന്റെ പരിധിക്കകത്ത് വരുന്നതിനാൽ ഇതിനായി റവന്യൂ ജില്ലാതല വിദ്യാഭ്യാസ ഓഫീസ് ആവശ്യമാണ്. ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ (ജെ.ഡി.എസ്.ഇ.) ഓഫീസ് എന്ന് ഇതിനു നാമകരണം ചെയ്യാം. നിലവിൽ സെക്കന്ററി (ഹയർ) പ്രിൻസിപ്പൽ ഡെപ്യൂട്ടി ഡയറക്ടറുടെ അതേ കാഡറാണ്. അതുകൊണ്ടുതന്നെ ഡെപ്യൂട്ടി ഡയറക്ടറേക്കാൾ ഉയർന്ന കാഡറിലുള്ള ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ ജില്ലാ ഓഫീസറായി വരണം. ആയതിനാൽ ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ (ജെ.ഡി.എസ്.ഇ.) ആയിരിക്കും റവന്യൂ ജില്ലയുടെ ചുമതലയുള്ള ഓഫീസർ.

ii. പന്ത്രണ്ടാം ക്ലാസ്വരെയുള്ള മുഴുവൻ സ്കൂളുകളുടെയും ഉത്തരവാദിത്തം ജില്ലാതല ഓഫീസിന് വരുന്നതിനാൽ ജെ.ഡി.എസ്.ഇമാരെ അക്കാദമികമായി സഹായിക്കാൻ മൂന്ന് സ്കൂൾ എജ്യുക്കേഷൻ ഓഫീസർമാരും (എസ്.ഇ.ഒ) ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ ഓഫീസിൽ ഉണ്ടാകണം. ഒന്നാമത്തെ ഓഫീസർ പ്രീ പ്രൈമറി, പ്രൈമറി വിഭാഗങ്ങളുടെയും രണ്ടാമത്തെ ഓഫീസർ പന്ത്രണ്ടാം ക്ലാസ്വരെയുള്ള സെക്കന്ററി വിദ്യാഭ്യാസവിഭാഗങ്ങളുടെയും മൂന്നാമത്തെ ഓഫീസർ തദ്ദേശഭരണ സ്ഥാപനങ്ങൾ, ഡയറ്റ്, സമഗ്രശിക്ഷ കേരളം തുടങ്ങിയവയുടെ ഏകോപനത്തിനും ചുമതല ഏറ്റെടുത്ത് ജെ.ഡി.എസ്.ഇമാരെ സഹായിക്കും വിധം ക്രമീകരിക്കുന്നതാണ് ഉചിതം.

iii. സ്കൂൾവിദ്യാഭ്യാസത്തിനായി നിലവിൽ എല്ലാ റവന്യൂ ജില്ലകളിലും ഡി.ഡി.ഇ. ഓഫീസും ഹയർ സെക്കന്ററിക്ക് രണ്ട് റവന്യൂ ജില്ലകൾക്കായി ആർ.ഡി.ഡി. ഓഫീസും വൊക്കേഷണൽ ഹയർ സെക്കന്ററിക്കായി രണ്ട് റവന്യൂ ജില്ലകൾക്കായി എ.ഡി. ഓഫീസുമുണ്ട്. ഏകോപനത്തിന്റെ ഭാഗമായി നിലവിലുള്ള ഓഫീസ്ഘടന മാറണം. ഈ ഓഫീസുകൾ നിർത്തലാക്കി ഓരോ റവന്യൂ ജില്ലയിലും ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ ഓഫീസുകൾ നിലവിൽവരുന്ന മുറയ്ക്ക് ഇപ്പോൾ നിലവിലുള്ള ഡി.ഡി.ഇ, ആർ.ഡി.ഡി.ഇ, എ.ഡി. തസ്തികകൾ പുനക്രമീകരിക്കണം.

### 3. സ്കൂൾ വിദ്യാഭ്യാസ ഓഫീസ് (എസ്.ഇ.ഒ.)

i. റവന്യൂ ജില്ലാതല വിദ്യാഭ്യാസ ഓഫീസിന് കീഴിൽ സ്കൂൾ എജ്യുക്കേഷൻ ഓഫീസുകൾ ഉണ്ടാകണം.

ii. പൊതുവേ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപറേഷൻ എന്നിവയുടെ ഭൂപരിധിയോട് ഏകോപിതമായ ഒരു സ്കൂൾവിദ്യാഭ്യാസ ഓഫീസ് എന്നതാണ് ശുപാർശ ചെയ്യുന്നത്.

iii. പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയായി മാറിയ ചില ഇടങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പുനസ്സംഘാടനം നടക്കാത്തതിനാൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിൽ ഗ്രാമപ്പഞ്ചായത്തുകളുടെ എണ്ണത്തിൽ കുറവുവരുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ സ്കൂളുകളുടെ എണ്ണം കുറഞ്ഞ ചെറിയ ബ്ലോക്ക് പഞ്ചായത്തുകളെയും തൊട്ടടുത്ത മുനിസിപ്പാലിറ്റിയെയും ഒരു യൂണിറ്റായി പരിഗണിക്കാവുന്നതാണ്. അതേപോലെ ഒന്നിലധികം മുനിസിപ്പാലിറ്റികളെയും ഒരു യൂണിറ്റായി പരിഗണിക്കാവുന്നതാണ്. ഇങ്ങനെയുള്ള ഒരു യൂണിറ്റിന്റെ പരിധിയിൽ വരുന്ന വിദ്യാലയങ്ങൾ ഒന്നിലധികം സ്കൂൾ എജ്യുക്കേഷൻ ഓഫീസിന്റെ പരിധിയിൽവരുന്ന സ്ഥിതി ഉണ്ടാകരുത്. സ്കൂൾ എജ്യുക്കേഷൻ ഓഫീസ് പരിധിയിൽവരുന്ന മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും നിയന്ത്രണവും ഏകോപനവും ഈ ഓഫീസിനാകും.

***കുറിപ്പ്:*** *താഴെ പറയുന്ന ബ്ലോക്കുകളിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം ഇപ്രകാരമാണ്: ആലപ്പുഴ ജില്ലയിലെ 1) ആര്യാട് ബ്ലോക്ക് - നാല്, എറണാകുളം ജില്ലയിലെ 2) ആലങ്ങാട് - നാല്, 3) ഇടപ്പള്ളി - നാല്, 4) പള്ളുരുത്തി - മൂന്ന്, തൃശൂർ ജില്ലയിലെ 5) ഒല്ലൂക്കര - നാല്, 6) മുല്ലശ്ശേരി - നാല്, 7) ചേർപ്പ് - നാല്, 8) ഇരിങ്ങാലക്കുട - നാല്, പാലക്കാട് ജില്ലയിലെ 9) അട്ടപ്പാടി - മൂന്ന്, മലപ്പുറം ജില്ലയിലെ 10) പൊന്നാനി - നാല്,*

*കോഴിക്കോട് ജില്ലയിലെ 11) വടകര - നാല്, 12) തോടന്നൂർ - നാല്, 13) മേലടി - നാല്, 14) കോഴിക്കോട് ബ്ലോക്ക് - രണ്ട്, വയനാട് ജില്ലയിലെ 15) സുൽത്താൻബത്തേരി - നാല്, കണ്ണൂർ ജില്ലയിലെ 16) കണ്ണൂർ - നാല്, 17) പാനൂർ - നാല്. ഇവയെ തൊട്ടടുത്തു മുനിസിപ്പാലിറ്റികൾ ഉണ്ടെങ്കിൽ അവ രണ്ടും ചേർത്ത് ഒരു സ്കൂൾ എജ്യുക്കേഷൻ ഓഫീസറുടെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. മറ്റൊരു ഉദാഹരണം മുനിസിപ്പാലിറ്റികളാണ്. കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, നീലേശ്വരം മുനിസിപ്പാലിറ്റികൾ അതിർത്തി പങ്കിടുന്നവയാണ്. നീലേശ്വരം മുനിസിപ്പാലിറ്റിയിൽ സ്കൂളുകളുടെ എണ്ണം പഞ്ചായത്തുകൾക്ക് സമാനമാണ്. ഇത്തരം സാഹചര്യങ്ങളിൽ അടുത്തടുത്തുള്ള രണ്ട് മുനിസിപ്പാലിറ്റികൾ ഒരു സ്കൂൾ എജ്യുക്കേഷൻ ഓഫീസറുടെ പരിധിയിൽ കൊണ്ടുവരാം. എന്നാൽ അട്ടപ്പാടി പോലെ സാമൂഹികമായും മറ്റും പിന്നണിയിൽ നിൽക്കുകയും കൂടുതൽ പിന്തുണ ആവശ്യപ്പെടുകയും ചെയ്യുന്ന പ്രദേശങ്ങളിൽ യാന്ത്രികമായി പ്രശ്നങ്ങളെ കാണാതെ ആവശ്യമുള്ള ഓഫീസുകൾ അനുവദിക്കേണ്ടതാണ്.*

i. സ്കൂൾ എജ്യുക്കേഷൻ ഓഫീസിന്റെ ചുമതല സ്കൂൾ എജ്യുക്കേഷൻ ഓഫീസർ (എസ്.ഇ.ഒ.) ക്കായിരിക്കും.

ii. സ്കൂൾ എജ്യുക്കേഷൻ ഓഫീസറെ സഹായിക്കാൻ ഒരു അസിസ്റ്റന്റ് സ്കൂൾ എജ്യുക്കേഷൻ ഓഫീസറെ (എ.എസ്.ഇ.ഒ.) കൂടി ശുപാർശചെയ്യുന്നു. ഒന്നിലധികം തദ്ദേശഭരണസ്ഥാപനങ്ങൾ ഒരു സ്കൂൾ എജ്യുക്കേഷൻ ഓഫീസറുടെ പരിധിയിൽ വരുകയാണെങ്കിൽ ഒരു ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി എന്നിവയ്ക്ക് ഒന്ന് എന്ന നിലയിൽ തദ്ദേശഭരണസ്ഥാപനത്തിന്റെ എണ്ണത്തിനനുസരിച്ച് അസിസ്റ്റന്റ് സ്കൂൾ എജ്യുക്കേഷൻ ഓഫീസർമാർ ഉണ്ടാകണം. ഉദാഹരണത്തിന്, ഒരു മുനിസിപ്പാലിറ്റിയും ഒരു ബ്ലോക്ക് പഞ്ചായത്തും / രണ്ടു ബ്ലോക്ക് പഞ്ചായത്തുകൾ / രണ്ട് മുനിസിപ്പാലിറ്റികൾ ഒരു സ്കൂൾ എജ്യുക്കേഷൻ ഓഫീസറുടെ പരിധിയിലുണ്ടെങ്കിൽ രണ്ട് അസിസ്റ്റന്റ് സ്കൂൾ എജ്യുക്കേഷൻ ഓഫീസർമാർ ഉണ്ടാകണം.

iii. കോർപറേഷന്റെ പരിധിയിൽ കൂടുതൽ സ്കൂളുകൾ വരുന്ന ഇടങ്ങളിൽ ഒന്നിലധികം സ്കൂൾ എജ്യുക്കേഷൻ ഓഫീസുകൾ ആകാവുന്നതാണ്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം കോർപറേഷനുകളിൽ രണ്ട് സ്കൂൾ എജ്യുക്കേഷൻ ഓഫീസുകൾ നിർദേശിക്കുന്നു.

iv. സ്കൂൾ എജ്യുക്കേഷൻ ഓഫീസുകൾ വരുന്നതോടുകൂടി ഇന്നു നിലനിൽക്കുന്ന അസിസ്റ്റന്റ് എജ്യുക്കേഷൻ ഓഫീസും (എ.ഇ.ഒ) ഡിസ്ട്രിക്ട് എജ്യുക്കേഷൻ ഓഫീസും (ഡി.ഇ.ഒ.) പ്രസക്തമല്ലാതാകുന്നു. ആയതിനാൽ ഈ ഓഫീസുകൾ നിർത്തലാക്കാം.

v. പന്ത്രണ്ടാം ക്ലാസുള്ള സെക്കന്ററി അടക്കം സ്കൂൾ എജ്യുക്കേഷൻ ഓഫീസിന്റെ പരിധിയിൽ വരുന്നതിനാൽ സ്കൂൾ എജ്യുക്കേഷൻ ഓഫീസർ കാഡർ ഇന്നു നിലവിലുള്ള ഹയർ സെക്കന്ററി പ്രിൻസിപ്പലിനേക്കാൾ ഉയർന്ന കാഡറിൽ ഉള്ളതായിരിക്കണം. ഹയർ സെക്കന്ററി പ്രിൻസിപ്പൽ കാഡറിന്റെ ശമ്പളസ്കെയിലിന് തൊട്ടുമുകളിലായി, റവന്യൂ ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ജോയിന്റ് ഡയറക്ടർ സ്കൂൾ എജ്യുക്കേഷന്റെ തൊട്ട് താഴെയായി സ്കൂൾ എജ്യുക്കേഷൻ ഓഫീസർക്ക് ഒരു ശമ്പളസ്കെയിൽ നിജപ്പെടുത്താം. നിർദേശിക്കുന്ന ശമ്പള സ്കെയിൽ 55350 - 101400. എ.എസ്.ഇ.ഒയ്ക്ക്

നിലവിലുള്ള ഡിസ്ട്രിക്ട് എജ്യുക്കേഷണൽ ഓഫീസറുടെ (ഡി.ഇ.ഒ.) കാഡർ നൽകാം.

vi. സ്കൂളുകൾക്കാവശ്യമായ ദൈനംദിന തത്സ്ഥല അക്കാദമികപിന്തുണ നൽകേണ്ടത് ബി.ആർ.സികൾ വഴിയാണ്. സമഗ്രശിക്ഷ കേരളത്തിന്റെ പരിധിയിലാണ് നിലവിൽ ബി.ആർ.സികൾ പ്രവർത്തിക്കുന്നത്. ഗുണമേന്മാ വിദ്യാഭ്യാസത്തിന് അക്കാദമിക പിന്തുണ തുടരേണ്ടത് അനിവാര്യമാണ്. ഏതെങ്കിലും ഘട്ടത്തിൽ കേന്ദ്രാവിഷ്കൃത പ്രോജക്ടുകൾ അവസാനിച്ചാലും ഈ സംവിധാനം തുടർന്നേ മതിയാകൂ. അത്തരം ഘട്ടത്തിൽ ആവശ്യമായ ചുരുങ്ങിയ ഫാക്കൽറ്റികളെ ഉൾപ്പെടുത്തി ബി.ആർ.സികൾ സ്കൂൾവിദ്യാഭ്യാസത്തിന്റെ പൊതുഘടനയുടെ ഭാഗമാകണം. പ്രസ്തുത ഘട്ടത്തിൽ നിലവിലുള്ള ബി.ആർ.സി. കോർഡിനേറ്ററുടെ തസ്തിക സ്കൂൾ എജ്യുക്കേഷൻ ഓഫീസിലെ സ്കൂൾ എജ്യുക്കേഷൻ ഓഫീസറെ സഹായിക്കാനുള്ള അസിസ്റ്റന്റ് സ്കൂൾ എജ്യുക്കേഷൻ ഓഫീസർ തസ്തികയാക്കി മാറ്റേണ്ടതാണ്. പ്രസ്തുത ഘട്ടത്തിൽ സ്കൂൾ എജ്യുക്കേഷൻ ഓഫീസുകളിൽ ഇതിനാവശ്യമുള്ള തസ്തിക സർക്കാർ സൃഷ്ടിക്കണം.

**4. തദ്ദേശസ്വയംഭരണതലം**

i. സ്കൂൾവിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങൾ വിവിധ തട്ടിലുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. പ്രൈമറി സ്കൂളുകൾ ഗ്രാമപ്പഞ്ചായത്തിന്റെയും ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നിവ ജില്ലാ പഞ്ചായത്തിന്റെയും ഉത്തരവാദിത്തത്തിൽ പെട്ടതാണ്. മുനിസിപ്പൽ/കോർപറേഷൻ പരിധിയിലെ പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ എല്ലാ വിദ്യാലയങ്ങളും പ്രസ്തുത മുനിസിപ്പാലിറ്റി/കോർപറേഷൻ ചുമതലയിലാണ്. ഇതിൽ ഗ്രാമപ്പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നിവയ്ക്ക് അവർ തയാറാക്കുന്ന വിദ്യാഭ്യാസപദ്ധതികൾ നടപ്പാക്കാൻ ഇംപ്ലിമെന്റിങ് ഓഫീസർ ഇല്ലാത്തത് ഒട്ടേറെ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. സ്കൂൾ എജ്യുക്കേഷൻ ഓഫീസ് നിലവിൽ വരുന്നതോടുകൂടി മുനിസിപ്പൽ/കോർപറേഷൻ ഇംപ്ലിമെന്റിങ് ഓഫീസർമാരായി ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപന പരിധിയിലെ സ്കൂൾ എജ്യുക്കേഷൻ ഓഫീസർ പ്രവർത്തിക്കേണ്ടതാണ്.

ii. ഗ്രാമപ്പഞ്ചായത്തുകൾ ആസൂത്രണം ചെയ്യുന്ന വിദ്യാഭ്യാസ പ്രോജക്ടുകൾ നടപ്പാക്കാനും പഞ്ചായത്ത് എജ്യുക്കേഷൻ കമ്മിറ്റിയുടെ (പി.ഇ.സി.) നേതൃത്വത്തിൽ നടക്കുന്ന മറ്റ് വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും പ്രസ്തുത തലത്തിൽ ഒരു പൂർണസമയ ഇംപ്ലിമെന്റിങ് ഓഫീസർ അനിവാര്യമാണ്. ആയതിനാൽ മുഴുവൻ ഗ്രാമപ്പഞ്ചായത്തുകളിലും പഞ്ചായത്ത് എജ്യുക്കേഷൻ ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ച് പഞ്ചായത്ത് എജ്യുക്കേഷൻ ഓഫീസർമാരെ നിയമിക്കണം എന്ന് ശുപാർശ ചെയ്യുന്നു. ഇവർ പഞ്ചായത്തിലെ വിദ്യാഭ്യാസപദ്ധതികളുടെ ഇംപ്ലിമെന്റിങ് ഓഫീസർ ആകുന്നതോടൊപ്പം മറ്റെല്ലാ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെയും ഏകോപനം നടത്തുന്ന ഓഫീസർകൂടിയായിരിക്കും.

iii. നിലവിലുള്ള സർക്കാർ പ്രൈമറി ഹെഡ്മാസ്റ്റർമാരിൽ സീനിയറായവരെ പ്രൊമോട്ട് ചെയ്ത് പഞ്ചായത്ത് എജ്യുക്കേഷൻ ഓഫീസർമാരായി തസ്തിക സൃഷ്ടിച്ച് നിയമിക്കാം. ഇവർക്ക് നിലവിലുള്ള എ.ഇ.ഒവിന്റെ കാഡറും ശമ്പള സ്കെയിലും നൽകാം.

***കുറിപ്പ്:*** *നിലവിൽ പഞ്ചായത്തുകളിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നിർവഹിക്കാൻ നിർവഹണ ഉദ്യോഗസ്ഥനായി ഒരു സർക്കാർ സ്കൂളിലെ ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത് പ്രസ്തുത ഹെഡ്മാസ്റ്റർ പ്രവർത്തിക്കുന്ന സ്കൂളിനെ ദോഷകരമായി ബാധിക്കുന്നു എന്നതിന് പുറമെ പഞ്ചായത്ത്തല വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഏകോപനത്തെയും സാരമായി ബാധിക്കുന്നു. ആയതിനാൽ പഞ്ചായത്ത്തലത്തിൽ ഒരു വിദ്യാഭ്യാസ ഓഫീസർ അനിവാര്യമാണ്. ഈ ഒരു തസ്തിക സൃഷ്ടിക്കുന്നതു വഴി വലിയ ബാധ്യത സർക്കാരിനുണ്ടാകാനിടയില്ല. നിലവിൽ പഞ്ചായത്ത് ഇംപ്ലിമെന്റിങ് ഓഫീസർമാരായി പ്രവർത്തിക്കുന്നവരെ സഹായിക്കാൻ ഒരു അധ്യാപിക/അധ്യാപകനെ നിയോഗിക്കുന്നുണ്ട്. ഇവർക്കായുള്ള ശമ്പളം ഇപ്പോൾതന്നെ നൽകുന്നുണ്ട്. കൂടാതെ സമഗ്രശിക്ഷയുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും ക്ലസ്റ്റർ കോർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവർക്കായുള്ള വേതനം പ്രോജക്ട് വഴി നൽകുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പഞ്ചായത്ത്തല കോർഡിനേറ്റർമാരെ നിയോഗിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്ത് എജ്യുക്കേഷൻ ഓഫീസർ വരുന്നതോടുകൂടി ഈ പ്രവർത്തനങ്ങളെല്ലാം പ്രസ്തുത ഓഫീസർക്ക് നിർവഹിക്കാൻ കഴിയും.*

iv. ഒരു പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വിദ്യാർഥികളെയും ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പഞ്ചായത്തുകൾക്ക് കഴിയണമെങ്കിൽ നിലവിൽ ഹൈസ്കൂളുകളോട് ചേർന്നുള്ള പ്രൈമറി വിഭാഗത്തിൽക്കൂടി ഗ്രാമപ്പഞ്ചാത്തുകൾക്ക് ഇടപെടാൻ കഴിയുന്ന ക്രമീകരണം വരുത്തേണ്ടതുണ്ട്. സെക്കന്ററി/ലോവർ സെക്കന്ററി സ്കൂളിനോട് ചേർന്ന പ്രൈമറി വിദ്യാലയങ്ങളിൽ അവിടെയുള്ള സീനിയറായ പ്രൈമറി അധ്യാപകനു പ്രൈമറി വിഭാഗത്തിന്റെ അക്കാദമിക കോഡിനേറ്ററുടെ ചുമതല നൽകാവുന്നതാണ്. പഞ്ചായത്തുകൾക്ക് ഇത്തരം വിദ്യാലയങ്ങളിലെ പ്രൈമറി വിഭാഗത്തെ കൂടി ഉൾക്കൊണ്ടുകൊണ്ടുള്ള ക്രമീകരണം എങ്ങനെ നടത്താമെന്നതു സംബന്ധിച്ച് തദ്ദേശഭരണവകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ മാർഗം കണ്ടെത്തണം.

**5. സ്കൂൾ**

i. വിദ്യാഭ്യാസസംവിധാനത്തിലെ അടിസ്ഥാന പ്രവർത്തനഘടകം സ്കൂളുകളായിരിക്കും. ഒരു സ്കൂളിന് ഒരു സ്ഥാപനമേധാവി മാത്രമേ ഉണ്ടാകൂ. പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവ നിലവിലുള്ള സ്കൂളുകളിൽ എല്ലാ വിഭാഗങ്ങളെയും ഏകോപിപ്പിച്ച് ഒരു സ്ഥാപനമേധാവിയുടെ കീഴിൽ കൊണ്ടുവരണം. ഈ സ്ഥാപനമേധാവി പ്രിൻസിപ്പൽ എന്നാണ് അറിയപ്പെടേണ്ടത്. അത്തരം സ്ഥാപനങ്ങളിൽ പ്രിൻസിപ്പലിനെ സഹായിക്കാൻ ഒരു വൈസ് പ്രിൻസിപ്പൽ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

ii. എന്നാൽ ഒരു കാമ്പസിൽ ഒന്നിലധികം സ്കൂളുകൾ ചില ഇടങ്ങളിലെങ്കിലും വെവ്വേറെ സ്ഥാപനങ്ങൾ എന്ന നിലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. (ഉദാ: ഒരു സെക്കന്ററി

സ്കൂൾ കാമ്പസിൽ ഒരു ഹെഡ്മാസ്റ്ററടക്കം ഒരു പ്രൈമറി സ്കൂൾ ഉണ്ടാകാം.) വെവ്വേറെ സ്കൂളുകളായി പ്രവർത്തിക്കുന്ന ഇവയെ വ്യത്യസ്ത സ്കൂളുകളായി തുടർന്നും പരിഗണിക്കാം.

iii. നാഷണൽ സ്കിൽ ക്വാളിഫയിങ് ഫ്രെയിംവർക്കിന്റെ പശ്ചാത്തലത്തിൽ മുഴുവൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും സെക്കന്ററി സ്കൂളുകളായി മാറേണ്ടതാണ്.

iv. ചില ഇടങ്ങളിൽ പ്രൈമറി, ലോവർ പ്രൈമറി വിഭാഗങ്ങൾ സെക്കന്ററി സ്കൂളുകളുടെ ഭരണപരമായ ഭാഗമായിനിൽക്കുകയും എന്നാൽ മുഖ്യകാമ്പസിൽനിന്നു ദൂരെമാറി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സ്കൂളുകളിൽ സ്ഥാപനമേധാവിക്ക് നേരിട്ട് നിയന്ത്രിക്കാൻ ഇപ്പോൾതന്നെ പരിമിതിയുണ്ട്. പ്രൈമറി വിഭാഗം മുഖ്യകാമ്പസിൽ നിന്നു മാറി വേറിട്ടു പ്രവർത്തിക്കുന്ന ഇടങ്ങളിൽ പ്രൈമറിയെ മാത്രം മുഖ്യസ്ഥാപനത്തിൽനിന്നു വിടുതൽ ചെയ്ത് പ്രത്യേക സ്കൂളുകളാക്കി മാറ്റാവുന്നതാണ്. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകൾ ഉൾപ്പെടുന്ന സെക്കന്ററി വിഭാഗത്തെ ഒരു യൂണിറ്റ് എന്ന നിലയിൽ മാത്രമേ പരിഗണിക്കാവൂ.

v. സ്കൂൾഘട്ടത്തെ പൊതുവേ പ്രൈമറി എന്നും സെക്കന്ററി എന്നും രണ്ടായി പരിഗണിക്കുന്നുണ്ടെങ്കിലും ലോവർ പ്രൈമറി, പ്രൈമറി, ലോവർ സെക്കന്ററി, സെക്കന്ററി സ്കൂളുകൾ ഇനിയും തുടരും. ആയതിനാൽ സ്വതന്ത്രമായി നിൽക്കുന്ന സ്കൂളുകൾക്കെല്ലാം സ്ഥാപനമേധാവി വേണ്ടിവരും. എല്ലാ തലങ്ങളിലെയും സ്ഥാപനമേധാവികളെ പ്രിൻസിപ്പൽ എന്നു നാമകരണം ചെയ്യാൻ ശുപാർശചെയ്യുന്നു. എന്നാൽ തലങ്ങളുടെ വ്യത്യാസങ്ങൾക്കനുസരിച്ച് പ്രിൻസിപ്പൽമാരുടെ ഗ്രേഡിന് വ്യത്യാസമുണ്ടാകും. ഇത് താഴെ പറയും പ്രകാരമാകാം.

a. ലോവർ പ്രൈമറി - പ്രിൻസിപ്പൽ (ലോവർ പ്രൈമറി)

b. പ്രൈമറി - പ്രിൻസിപ്പൽ (പ്രൈമറി)

c. ലോവർ സെക്കന്ററി - പ്രിൻസിപ്പൽ (ലോവർ സെക്കന്ററി)

d. സെക്കന്ററി - പ്രിൻസിപ്പൽ (സെക്കന്ററി)

vi. സെക്കന്ററി സ്കൂളുകളിൽ വൈസ് പ്രിൻസിപ്പൽ ഉണ്ടാകും. വൈസ് പ്രിൻസിപ്പലായി പൊതു സീനിയോറിറ്റി അടിസ്ഥാനത്തിൽ ലോവർ സെക്കന്ററി വിഭാഗത്തിലെ (നിലവിൽ എച്ച്.എസ്.എമാരായി നിയമിതരായവർ) നിശ്ചിത യോഗ്യതയുള്ള അധ്യാപകരിൽനിന്നു സ്ഥാനക്കയറ്റം നൽകി നിയമിക്കാവുന്നതാണ്. ഇവരുടെയും പ്രിൻസിപ്പൽ ലോവർ സെക്കന്ററിയുടെയും കാഡർ ഒന്നായിരിക്കും.

vii. പ്രിൻസിപ്പലായി നിലവിൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ നിശ്ചിത അധ്യാപകപരിശീലന യോഗ്യത (ബി.എഡ്.) അടക്കമുള്ള ബിരുദാനന്തര ബിരുദം നേടിയ അധ്യാപകരിൽനിന്നു പൊതു സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം മുഖേന നിയമിക്കാവുന്നതാണ്. നിലവിലുള്ളപോലെ ഹൈസ്കൂൾ

ഹെഡ്മാസ്റ്റർ കാഡറിലുള്ള വൈസ്പ്രിൻസിപ്പൽ/ പ്രിൻസിപ്പൽ ലോവർ സെക്കന്ററിക്ക് യോഗ്യതയനുസരിച്ച് സെക്കന്ററി പ്രിൻസിപ്പൽമാരാകാം.

viii. സെക്കന്ററി സ്കൂളുകളിൽ പ്രൈമറി വിഭാഗത്തിന് ഒരു അക്കാദമിക കോഡിനേറ്റർ ഉണ്ടാകണം.

ix. വൊക്കേഷണൽ വിഷയങ്ങൾ എൻ.എസ്.ക്യു.എഫിന്റെ ഭാഗമായി ഉള്ള സ്കൂളുകളിൽ, സീനിയറായ വൊക്കേഷണൽ ടീച്ചർക്ക് വൊക്കേഷണൻ വിഷയങ്ങളുമായി ബന്ധപ്പെട്ട അക്കാദമിക കോഡിനേറ്ററുടെ ചുമതല നൽകാവുന്നതാണ്.

x. പത്താം ക്ലാസ്വരെയുള്ള സ്കൂളുകളിലും പ്രൈമറി വിഭാഗത്തിന് ഒരു അക്കാദമിക കോഡിനേറ്റർ ഉണ്ടാകണം.

xi. അക്കാദമികകാര്യങ്ങളുടെ ആസൂത്രണത്തിനും നിർവഹണത്തിനും മോണിറ്ററിങ്ങിനും സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, അക്കാദമിക ചുമതലക ഉള്ള കോഡിനേറ്റർമാർ എന്നിവരടങ്ങിയ സമിതിയാകണം നേതൃത്വം നൽകേണ്ടത്. പത്താം ക്ലാസ് വരെയുള്ള ലോവർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പലും അക്കാദമിക ചുമതലയുള്ള അധ്യാപകരും ചേർന്നുള്ള സമിതിയും ചുമതല നിർവഹിക്കണം. സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ സേവനവും പ്രയോജനപ്പെടുത്തണം. മറ്റു സ്കൂളുകളിൽ അതത് പ്രിൻസിപ്പൽമാർ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ സഹായത്തോടെ ചുമതലകൾ നിർവഹിക്കണം.

xii. സ്കൂളുകളിൽ നിലവിലുള്ള മിനിസ്റ്റീരിയൽ സ്റ്റാഫും ഓഫീസും ഏകോപിത സ്കൂളിന്റെ മിനിസ്റ്റീരിയൽ സ്റ്റാഫും ഓഫീസുമായി മാറും.

6. **പരീക്ഷാഭവൻ**

i. നിലവിൽ ഡി.പി.ഐ., ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവയുമായി ബന്ധപ്പെട്ടു മൂന്ന് പരീക്ഷാഭവനുകളുണ്ട്. ഇവ ഏകോപിപ്പിച്ച് ഒന്നാക്കി മാറ്റാം. ബോർഡ് ഓഫ് സ്കൂൾ എക്സാമിനേഷൻസ്, കേരളം എന്ന് ഇതിനു നാമകരണം ചെയ്യാം.

ii. പരീക്ഷാ സെക്രട്ടറിക്കായിരിക്കും ബോർഡ് ഓഫ് സ്കൂൾ എക്സാമിനേഷൻസ്, കേരളത്തിന്റെ ചുമതല. ഈ തസ്തിക അഡീഷണൽ ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷണൽ കാഡറിലായിരിക്കേണ്ടതാണ്.

iii. പരീക്ഷാ സെക്രട്ടറിയെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ സഹായിക്കാൻ രണ്ട് ജോയിന്റ് പരീക്ഷാ സെക്രട്ടറിമാർ ഉണ്ടാകും. അതിൽ ഒന്ന് സീനിയർ ജോയിന്റ് സെക്രട്ടറി ആയിരിക്കും. സീനിയർ ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ കാഡറിലാകും ഈ തസ്തിക. കൂടാതെ മറ്റൊരു ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ കാഡറിലുള്ള ജോയിന്റ് സെക്രട്ടറികൂടി ഉണ്ടാകും.

iv. ഡി.പി.ഐ., ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡറക്ടറേറ്റ് എന്നിവിടങ്ങളിലെ പരീക്ഷാവിഭാഗത്തിലെ അക്കാദമിക - അനക്കാദമിക തസ്തികകൾ ഏകോപിപ്പിച്ച് സംയോജിത പരീക്ഷാഭവൻ ഉണ്ടാക്കാം.

## അക്കാദമിക ഓഫീസർമാരുടെ തസ്തികകളിലുണ്ടാകുന്ന വ്യതിയാനങ്ങൾ

| നിലവിലുള്ള തസ്തികകൾ | | | | ഏകോപിത സംവിധാനത്തിൽ ശുപാർശ ചെയ്യുന്നത് | | |
|---|---|---|---|---|---|---|
| സ്കൂൾ വിദ്യാഭ്യാസം | ഹയർ സെക്കന്ററി | വൊക്കേഷണൽ ഹയർ സെക്കന്ററി | ആകെ | ഓഫീസ് | ആകെ | അധികം / കുറവ് |
| **സംസ്ഥാന ഓഫീസ്** | **സംസ്ഥാന ഓഫീസ്** | **സംസ്ഥാന ഓഫീസ്** | | **സംസ്ഥാന ഓഫീസ്** | | |
| ഡി.പി.ഐ -1 (ഐ.എ.എസ്) | ഡയറക്ടർ - 1 (ഐ.എ.എസ്) | ഡയറക്ടർ - 1 | 3 | ഡി.എസ്.ഇ - 1 | 1 | - 2 |
| അക്കാദമിക തസ്തികകൾ<br>എ.ഡി.പി.ഐ - 2<br>ജോയിന്റ് ഡയറക്ടർ - 1<br>ഡെപ്യൂട്ടി ഡയറക്ടർ - 8<br>(5 ക്യൂ.ഐ.പി) | അക്കാദമിക തസ്തികകൾ<br>ജോയിന്റ് ഡയറക്ടർ - 1<br>ഡെപ്യൂട്ടി ഡയറക്ടർ - 1<br>അസിസ്റ്റന്റ് ഡയറക്ടർ - 1 | അക്കാദമിക തസ്തികകൾ<br>ഡെപ്യൂട്ടി ഡയറക്ടർ - 1<br>അസിസ്റ്റന്റ് ഡയറക്ടർ - 1 | 16 | അക്കാദമിക തസ്തികകൾ<br>എ.ഡി.എസ്.ഇ - 3<br>സീനിയർ ജോയിന്റ് ഡയറക്ടർ - 6<br>ജോയിന്റ് ഡയറക്ടർ - 8 | 17 | + 1 |
| ഐ.ഇ.ഡി, സ്പോർട്സ്, ഓർഗനൈസർ, സംസ്കൃതം, അറബിക് എന്നിവയ്ക്കായി 1 ഉദ്യോഗസ്ഥൻ വീതമുണ്ട്) -5 | | | 5 | ഐ.ഇ.ഡി, സ്പോർട്സ്, ഓർഗനൈസർ, സംസ്കൃതം, അറബിക് എന്നിവയ്ക്കായി 1 ഉദ്യോഗസ്ഥൻ വീതമുണ്ട് -5 | 5 | 0 |
| | | ആകെ | 24 | | 23 | - 1 |
| **ജില്ലാ ഓഫീസ്** | **ജില്ലാ ഓഫീസ്‌** | **ജില്ലാ ഓഫീസ്‌** | | **ജില്ലാ ഓഫീസ്** | | |
| സ്കൂൾ വിദ്യാഭ്യാസം<br>ഡി.ഡി.ഇ - 14 | റീജിയണൽ ഡെപ്യൂട്ടി ഡയരക്ടർമാർ - 2<br>ജില്ലയ്ക്ക് 1 വീതം - 7<br>(ഈ തസ്തികയ്ക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല. സീനിയറായ പ്രിൻസിപ്പൽമാരെയാണ് നിയമിക്കുന്നത്) | വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം അസിസ്റ്റന്റ് ഡയറക്ടർമാർ - 2<br>ജില്ലയ്ക്ക് 1 വീതം - 7<br>(ഈ തസ്തികയ്ക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല. സീനിയറായ വൊക്കേഷണൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരെയാണ് നിയമിക്കുന്നത്) | 28 | ജോയിന്റ് ഡയറക്ടർ സ്കൂൾ എജ്യൂക്കേഷൻ (ജെ.ഡി.എസ്.ഇ) - 1 വീതം<br>എജ്യൂക്കേഷൻ ഓഫീസർമാർ - 3 പേർ വീതം (ഓരോ ഓഫീസിലും) | 14<br>42 | |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ് - ഡി.ഇ.ഒ മാർ - 41 | | | 41 | ഈ ഓഫീസ് ആവശ്യമില്ല | 0 | |
| | | ആകെ | 69 | ആകെ | 56 | - 13 |

| | | | | | | |
|---|---|---|---|---|---|---|
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് - എ.ഇ.ഒ - 161 | | | 161 | സ്കൂൾ എജ്യൂക്കേഷൻ ഓഫീസർ (ബ്ലോക്ക് - 152 മുനിസിപ്പാലിറ്റി - 87 കോർപറേഷൻ - 9 (തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം - 2 വീതം) മറ്റു കോർപറേഷനുകളിൽ 1 വീതം.)<br>സ്കൂൾ എജ്യൂക്കേഷൻ ഓഫീസറെ സഹായിക്കാൻ അസിസ്റ്റന്റ് സ്കൂൾ എജ്യൂക്കേഷൻ ഓഫീസർമാരായി ഓരോ എസ്.ഇ.ഒ വിലും ഒരാൾ വീതം | 248<br>248 | |
| | | ആകെ | 161 | ആകെ | 496 | + 335 |
| പഞ്ചായത്ത് വിദ്യാഭ്യാസ ഓഫീസർ* നിലവിലില്ല (നിലവിൽ 941 പഞ്ചായത്തുകളിലും ക്ലസ്റ്റർ കോഡിനേറ്റർമാരുണ്ട്) | | | 0 | പഞ്ചായത്ത് വിദ്യാഭ്യാസ ഓഫീസർ സർക്കാർ പ്രൈമറി സ്കൂളിലെ സീനിയറായ പ്രധാന അധ്യാപകരെ പി.ഇ.ഒ മാരായി സ്ഥാനക്കയറ്റം നൽകി നിയോഗിക്കാം. | 941 | + 941 |
| സ്കൂൾ തലം<br>ഹൈസ്കൂൾ ഹെഡ്മാസ്റ്റർ - 1 വീതം<br>പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ - 1 വീതം | ഹയർ സെക്കന്ററി പ്രിൻസിപ്പൽ - 1 വീതം | വൊക്കേഷണൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽ - 1 വീതം (ഇൻ ചാർജ്) | | സെക്കന്ററി സ്കൂളുകൾ പ്രിൻസിപ്പൽ - 1 വീതം<br>വൈസ് പ്രിൻസിപ്പൽ - 1 വീതം<br>ലോവർ സെക്കന്ററി സ്കൂളുകൾ - പ്രിൻസിപ്പൽ - 1 വീതം<br>പ്രൈമറി സ്കൂൾ പ്രിൻസിപ്പൽ | | ഒരു സ്കൂൾ ഒരു മേധാവി എന്ന അവസ്ഥ വരും |
| പരീക്ഷാസംവിധാനങ്ങൾ<br>പരീക്ഷാഭവൻ<br>ജോയിന്റ് കമ്മീഷണർ - 1<br>പരീക്ഷാസെക്രട്ടറി - 1 | ഹയർ സെക്കന്ററി<br>ജോയിന്റ് ഡയറക്ടർ - 1<br>ഡെപ്യൂട്ടി ഡയറക്ടർ - 2 | വൊക്കേഷണൽ ഹയർ സെക്കന്ററി<br>ഡെപ്യൂട്ടി ഡയറക്ടർ - 1 | 6 | പരീക്ഷാ സെക്രട്ടറി / എ.ഡി.എസ്.ഇ കാഡർ - 1<br>സീനിയർ ജോയിന്റ് സെക്രട്ടറി - 1 (സീനിയർ ജോയിന്റ് ഡയറക്ടർ കാഡർ)<br>ജോയിന്റ് സെക്രട്ടറിമാർ - 1 (ജോയിന്റ് ഡയറക്ടർ കാഡർ | 3 | - 3 |

* നിലവിൽ പഞ്ചായത്തുകളിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നിർവഹിക്കാൻ നിർവഹണ ഉദ്യോഗസ്ഥനായി ഒരു സർക്കാർ സ്കൂളിലെ ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രസ്തുത ഹെഡ്മാസ്റ്ററുടെ സ്കൂളിനെ ഇത് ദോഷകരമായി ബാധിക്കുന്നു എന്നതിന് പുറമെ പഞ്ചായത്ത്തല വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഏകോപനത്തെയും സാരമായി ബാധിക്കുന്നു. ആയതിനാൽ പഞ്ചായത്ത് തലത്തിൽ ഒരു വിദ്യാഭ്യാസ ഓഫീസർ അനിവാര്യമാണ്. ഈ ഒരു തസ്തിക സൃഷ്ടിക്കുന്നതു വഴി വലിയ ബാധ്യത സർക്കാരിനുണ്ടാകാനിടയില്ല. നിലവിൽ പഞ്ചായത്ത് ഇംപ്ലിമെന്റിങ് ഓഫീസർമാരായി പ്രവർത്തിക്കുന്നവരെ സഹായിക്കാൻ ഒരു അധ്യാപിക/അധ്യാപകനെ നിയോഗിക്കുന്നുണ്ട്. ഇവർക്കായുള്ള ശമ്പളം ഇപ്പോൾതന്നെ സർക്കാർ നൽകുന്നുണ്ട്. കൂടാതെ സമഗ്രശിക്ഷയുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും ക്ലസ്റ്റർ കോഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവർക്കായുള്ള വേതനം പ്രോജക്ട് വഴി നൽകുന്നുണ്ട്. ഇവയെല്ലാം ശാസ്ത്രീയമായി ഏകോപിപ്പിച്ചാൽ ഫലത്തിൽ സാമ്പത്തികബാധ്യത ഇല്ലാതെ നോക്കാം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പഞ്ചായത്തുതല കോഡിനേറ്റർമാരെ നിയോഗിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്ത് എജ്യൂക്കേഷൻ ഓഫീസർ വരുന്നതോടുകൂടി ഈ പ്രവർത്തനങ്ങളെല്ലാം പ്രസ്തുത ഓഫീസർക്ക് നിർവഹിക്കാൻ കഴിയും.

മേൽപ്പറഞ്ഞ കാര്യങ്ങളോടൊപ്പം താഴെപ്പറയുന്ന കാര്യങ്ങളും ശുപാർശ ചെയ്യുന്നു.

## 7. സ്ഥാപനമേധാവികൾ

i. വിദ്യാലയങ്ങളുടെ സ്ഥാപനമേധാവി പ്രിൻസിപ്പൽ എന്നാണ് അറിയപ്പെടുക.

ii. പന്ത്രണ്ടാം ക്ലാസ്‌വരെയുള്ള സെക്കന്ററി വിദ്യാലയത്തിന്റെ മേധാവി പ്രിൻസിപ്പൽ (സെക്കന്ററി) ആയിരിക്കും.

iii. പത്താം ക്ലാസ് വരെയുള്ള വിദ്യാലയത്തിന്റെ മേധാവി പ്രിൻസിപ്പൽ (ലോവർ സെക്കന്ററി) ആയിരിക്കും.

iv. ഏഴാം ക്ലാസ്‌വരെയുള്ള പ്രൈമറി വിദ്യാലയത്തിന്റെ മേധാവി പ്രിൻസിപ്പൽ (പ്രൈമറി) ആയിരിക്കും.

v. നാലാം ക്ലാസ് വരെയുള്ള വിദ്യാലയത്തിന്റെ മേധാവി പ്രിൻസിപ്പൽ (ലോവർ പ്രൈമറി) ആയിരിക്കും.

1) **സെക്കന്ററി പ്രിൻസിപ്പൽ:** നിലവിൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽ മറ്റ് അധ്യാപകരെപ്പോലെ അധ്യാപനം നടത്തി അധികസമയത്താണ് പ്രിൻസിപ്പലിന്റെ ഭരണപരമായ ഉത്തരവാദിത്തങ്ങളും മറ്റ് അർപ്പിതമായ കടമകളും നിറവേറ്റുന്നത്. ഏകോപിതമായ സ്കൂൾ സംവിധാനത്തിന്റെ തലവനാകുന്നതോടുകൂടി മറ്റ് അധ്യാപകരെപ്പോലെ പൂർണസമയം ക്ലാസ്മുറിബോധനത്തിനായി നിയോഗിക്കുന്നത് സ്ഥാപനമേധാവി എന്ന ചുമതല നിർവഹിക്കുന്നതിനെ തടസ്സപ്പെടുത്തും. മാത്രവുമല്ല, ഈയൊരു അവസ്ഥയിൽ ചെയ്യുന്ന ജോലിയോട് നീതിപുലർത്താനും കഴിയില്ല. എന്നാൽ ബോധനപ്രക്രിയയുടെ ഭാഗമാകാതെ പ്രിൻസിപ്പലിന് അതത് കാലത്ത് ഉള്ളടക്കത്തിലും ബോധനതന്ത്രങ്ങളിലും വരുന്ന പരിവർത്തനങ്ങളെയും കുട്ടികളുടെ പെരുമാറ്റത്തിൽ ഉണ്ടാകുന്ന കാലോചിതമായ വ്യതിയാനങ്ങളെയും ഉൾക്കൊള്ളാനും കഴിയില്ല.

ആയതിനാൽ സ്ഥാപനമേധാവിയായ പ്രിൻസിപ്പലിന് അവരുടെ വിഷയം പഠിപ്പിക്കുന്നതിനായി ഒരാഴ്ചയിൽ പരമാവധി എട്ട് പിരീഡ് (6 മണിക്കൂർ) വരത്തക്കവിധം നിജപ്പെടുത്താം. ഭാഷാവിഷയങ്ങൾക്ക് ഒരു ബാച്ചിന് ഏഴ് പിരീഡ്/ആറ് പിരീഡ് എന്ന കണക്കിനായതിനാൽ, ഈ വിഷയങ്ങൾ പഠിപ്പിക്കുന്ന പ്രിൻസിപ്പൽമാർക്ക് ഏഴ്/ആറ് പിരീഡ് പഠിപ്പിക്കുന്നതിനായി നിജപ്പെടുത്താം.

***കുറിപ്പ്:*** ഇപ്പോഴുള്ള 45 മിനിറ്റ് എന്ന പിരീഡിന്റെ ദൈർഘ്യം ഒരു മണിക്കൂറായി മാറുകയാണെങ്കിൽ അതനുസരിച്ച് നിർദേശിക്കുന്ന പിരീഡിന്റെ എണ്ണം കുറയുന്നതായിരിക്കും. പരമാവധി പഠിപ്പിക്കുന്ന സമയം 6 മണിക്കൂറോ ഭാഷാവിഷയങ്ങൾക്ക് നിലവിൽ നിർദേശിച്ച പിരീഡുകൾക്ക് സമാനമായ മണിക്കൂറുകളോ തന്നെയായി നിജപ്പെടുത്തണം.

2) **വൈസ് പ്രിൻസിപ്പൽ:** നിലവിലുള്ള ഹൈസ്കൂൾ അധ്യാപകർ - നിർദിഷ്ട ലോവർ സെക്കന്ററി അധ്യാപകർ പൊതു സീനിയോറിറ്റി തത്ത്വം പാലിച്ച് വൈസ് പ്രിൻസിപ്പൽ ആകും. ഇതിന് നിലവിൽ ഹൈസ്കൂൾ അധ്യാപകർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരാകുന്നതിനുള്ള വ്യവസ്ഥകൾ അതേപടി തുടരാം. നിലവിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ആഴ്ചയിൽ 10 പിരീഡ് പഠിപ്പിക്കാനുള്ള സമയമായി നിജപ്പെടുത്തിയിട്ടുണ്ട്.

ഏകോപിതസംവിധാനത്തിൽ പന്ത്രണ്ടാം ക്ലാസ്‌വരെയുള്ള സെക്കന്ററി സ്കൂളുകളിൽ വൈസ് പ്രിൻസിപ്പൽ എന്ന നിലയിൽ ഇവരുടെ ഉത്തവാദിത്തത്തിന് കാതലായ മാറ്റംവരും. ആയതിനാൽ വൈസ് പ്രിൻസിപ്പലിന് അവർ പഠിപ്പിക്കുന്ന വിഷയങ്ങളുടെ പിരീഡ് ക്രമം കണക്കാക്കി ചുരുങ്ങിയതു 12 ഉം കൂടിയത് 14 ഉം പിരീഡുകൾ ഒരാഴ്ച യിൽ പഠിപ്പിക്കുന്ന വിധം നിജപ്പെടുത്താം. പിരീഡിന്റെ ദൈർഘ്യം ഏതെങ്കിലും ഘട്ട ത്തിൽ വ്യത്യാസപ്പെടുന്നുണ്ടെങ്കിൽ അതനുസരിച്ച് നിജപ്പെടുത്തുന്ന പിരീഡുകൾക്കും വ്യത്യാസം വരാം.

3) **ലോവർ സെക്കന്ററി പ്രിൻസിപ്പൽ:** പത്താം ക്ലാസ്‌വരെ മാത്രമുള്ള ലോവർ സെക്കന്ററി സ്കൂളുകളിൽ സ്ഥാപനമേധാവി സെക്കന്ററി സ്കൂളുകളിലെ വൈസ് പ്രിൻസിപ്പലിനു തത്തുല്യമായ കാഡറിലുള്ള പ്രിൻസിപ്പൽ (ലോവർ സെക്കന്ററി) ആയിരിക്കും. പ്രിൻസി പ്പലിന് ഭരണനിർവഹണ ഉത്തരവാദിത്തങ്ങൾ ഉള്ളതിനാൽ അവർക്ക് നിലവിലുള്ള ആഴ്ചയിൽ പത്ത് പിരീഡ് എന്ന നില തുടരാം.

4) **പ്രൈമറി പ്രിൻസിപ്പൽ:** നിലവിൽ പ്രൈമറി ഹെഡ്‌മാസ്റ്റർ (പുതായി നിർദേശിക്കുന്ന പ്രൈമറി സ്കൂൾ പ്രിൻസിപ്പൽ) സാധാരണ അധ്യാപകരെപ്പോലെ അത്രയും പിരീഡു കൾ പഠിപ്പിക്കാൻ ബാധ്യസ്ഥരാണ്. പ്രിൻസിപ്പൽ എന്ന നിലയിൽ അവർ കൈകാര്യം ചെയ്യേണ്ടുന്ന കാര്യങ്ങൾ പലതാണ്. സ്ഥാപനമേധാവി, അക്കാദമിക ലീഡർ, മറ്റ് അധ്യാപകരെ അക്കാദമികമായി മോണിറ്റർ ചെയ്യുക, ആവശ്യമായ അക്കാദമിക പിന്തുണ നൽകുക, കുട്ടികളുടെ ഉച്ചഭക്ഷണപരിപാടി മോണിറ്റർ ചെയ്യുക, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുക, സമൂഹത്തെ സ്ഥാപനവുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനത്തിൽ ഏർപ്പെടുക തുടങ്ങിയ കാര്യങ്ങൾ ഇതിൽപ്പെടും. കൂടാതെ കുട്ടികളു മായി ബന്ധപ്പെട്ട പ്രശ്നപരിഹരണം എന്നിവയെല്ലാം സ്ഥാപനമേധാവി എന്നനിലയിൽ പ്രിൻസിപ്പലിന്റെ ഉത്തരവാദിത്തമാണ്. ഇതെല്ലാം നിറവേറ്റിക്കൊണ്ട് അധ്യാപിക/അധ്യാ പകൻ എന്നനിലയിലുള്ള ചുമതല നീതിപൂർവം നിറവേറ്റുന്നതിനുള്ള ബുദ്ധിമുട്ടുകൾ സമിതിയെ അധ്യാപകസംഘടനകളും അധ്യാപകരും അറിയിച്ചിട്ടുണ്ട്. ഒരു അക്കാദമിക തലവനെന്ന നിലയിൽ ക്ലാസ്‌മുറിബോധനത്തിൽനിന്ന് പ്രിൻസിപ്പലിനെ പൂർണമായും മോചിപ്പിക്കുന്നത് അക്കാദമികപരമാവില്ല. ക്ലാസ്‌മുറി ബോധന അനുഭവങ്ങൾ തുടർച്ച യായി നടത്തുന്ന അധ്യാപകന്/അധ്യാപികയ്ക്ക് മാത്രമേ നല്ലൊരു സ്ഥാപനമേധാവി ആവാൻ കഴിയൂ. എന്നാൽ മുഴുവൻ സമയം ബോധനം നടത്തിക്കൊണ്ട് സ്ഥാപനമേധാ വിയായി പ്രവർത്തിക്കുന്നത് കുട്ടികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. നിലവിൽ ലോവർ പ്രൈമറി, പ്രൈമറി ഹെഡ്‌മാസ്റ്റർമാർ (നിർദേശിക്കുന്ന പുതിയ പേര് പ്രിൻസിപ്പൽ) 9258 അധ്യാപകർ വരും. കുട്ടികളുടെ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് അനുഗുണമായ രീതിയിൽ സ്ഥാപനമേധാവികളുടെ പ്രവർത്ത നഭാരം കുറയ്ക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കണം. പരമാവധി ഒരാഴ്ചയിൽ 18 പിരീഡ് വരത്തക്കവിതം ക്രമീകരിക്കുന്നതാണ് ഉചിതം. സ്ഥാപനമേധാവിയായി പങ്കെടു ക്കേണ്ടുന്ന യോഗങ്ങൾ ശനിയാഴ്ചകളിൽ നടത്തുക എന്നത് നിർബന്ധമാക്കാം. പഞ്ചാ യത്ത് വിദ്യാഭ്യാസ ഓഫീസർ തസ്തിക നിലവിൽ വന്നാൽ പ്രവൃത്തിദിനങ്ങളിൽ തദ്ദേ ശഭരണസ്ഥാപനങ്ങൾ അധ്യാപകരെ ശനിയാഴ്ച ഒഴികെയുള്ള ദിനങ്ങളിൽ യോഗ ങ്ങൾക്ക് വിളിക്കുന്നത് പൂർണമായും ഒഴിവാക്കാം. വിദ്യാഭ്യാസ അവകാശനിയമപ്രകാരം

കായികം-കല, പ്രവൃത്തിപരിചയ അധ്യാപകരുടെ സേവനം ലഭ്യമാകുന്ന മുറയ്ക്ക് പ്രൈമറി പ്രിൻസിപ്പൽമാരുടെ പ്രവർത്തനഭാരം കുറയ്ക്കുന്നതിനുള്ള സാധ്യതയുമുണ്ട്.

## 8. മിനിസ്റ്റീരിയൽ ജീവനക്കാരുടെ വിന്യാസം

വിവിധ ഡയറക്ടറേറ്റുകൾ ഏകോപിപ്പിക്കുമ്പോൾ സഹായകസംവിധാനമായി പ്രവർത്തിക്കുന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ വിന്യാസവും പ്രധാനമാണ്.

താഴെ പറയും പ്രകാരം വിന്യാസം നടത്താം.

**ഏകോപിതസംവിധാനത്തിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ വിന്യാസം**

| ക്രമ. നം. | പദവി | നിലവിലുള്ളത് | | | | നിർദേശിക്കുന്നത് | അധിക തസ്തിക | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | ഡി. പി. ഐ. | എച്ച്. എ സ്. ഇ. | വി. എ ച്ച്. എ സ്. ഇ. | ആകെ | | | |
| 1 | സീനിയർ എ.എ. (ഹയർ ഗ്രേഡ്) | 2 | 0 | 0 | 2 | 2 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 2 | സീനിയർ എ.എ. | 4 | 0 | 2 | 6 | 18 | 12 | റവന്യൂ ജില്ലാ ഓഫീസുകളിൽ സെക്കന്ററി ഉൾപ്പെടെ ഭരണനിർവഹണ കാര്യങ്ങൾ നിറവേറ്റേണ്ടതിനാൽ സീനിയർ എ.എ. നിർദേശിക്കുന്നു. |
| 3 | എ.എ/എ.ഒ/എ.പി. എഫ്.ഒ. | 59 | 8 | 0 | 67 | 315 | 248 | സെക്കന്ററി സ്കൂളുകളടക്കം വരുന്നതിനാൽ എസ്.ഇ.ഒവിൽ എ.എ കാഡറിലുള്ള ഓഫീസർ ആവശ്യമാണ്. പേഴ്സണൽ അസിസ്റ്റന്റ് തസ്തികകൾ ഒഴിവാക്കുകയും അവയെ ക്രമനമ്പർ 3 ൽ പറഞ്ഞ തസ്തികയുമായി യോജിപ്പിക്കുകയും ചെയ്യാം. എ.ഇ.ഒ ഓഫീസിൽ നിലനിൽക്കുന്ന 163 സീനിയർ സൂപ്രണ്ടുമാരെ അപ്ഗ്രേഡ് ചെയ്ത് എ.എ. തസ്തികയിലേക്ക് പരിഗണിക്കാം. അങ്ങനെവന്നാൽ ഉണ്ടാകുന്ന എ.എ കാഡറിലുള്ള അധിക തസ്തിക 39 എണ്ണമാകും. |
| 4 | പേഴ്സനൽ അസിസ്റ്റന്റ് | 46 | 0 | 0 | 46 | 0 | -46 | |
| | | | | ആകെ | 113 | 315 | 202 | |
| 5 | സീനിയർ സൂപ്രണ്ട് | 212 | 2 | 2 | 216 | 53 | -163 | |
| 6 | ജൂനിയർ സൂപ്രണ്ട് | 465 | 22 | 5 | 492 | 492 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 7 | ഹെഡ് ക്ലർക്ക് | 8 | 0 | 6 | 14 | 14 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 8 | ക്ലർക്ക് | 3455 | 164 | 298 | 3917 | 3917 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 9 | ഓഫീസ് അറ്റന്റ് | 3688 | 16 | 133 | 3837 | 3837 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 10 | എഫ്.ടി.എം. | 1727 | 0 | 0 | 1727 | 2807 | 1080 | 250 കുട്ടികളിലധികം വരുന്ന സ്കൂളുകളിലെ പി.ടി.സി.എം. തസ്തിക എഫ്.ടി.എം. തസ്തികയായി ഉയർത്തേണ്ടതാണ്. ഇതിൽ ആയിരം പി.ടി.സി.എം തസ്തികകൾ എഫ്.ടി.എം ആയി ഉയർത്തണമെന്ന് നിർദേശിക്കുന്നു. |
| 11 | പി.ടി.സി.എം. | 3531 | 2 | 8 | 3541 | 2541 | -1000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | ഡ്രൈവർ | 18 | 2 | 6 | 26 | 31 | 5 | ഉയർന്ന തലത്തിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം വർധിക്കുന്നതിനാൽ അഞ്ച് പുതിയ ഡ്രൈവർ തസ്തിക നിർദേശിക്കുന്നു. |
| 13 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 29 | 4 | 1 | 34 | 34 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 14 | ഫെയർ കോപ്പി സൂപ്രണ്ട് | 17 | 1 | 1 | 19 | 19 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 15 | ടൈപ്പിസ്റ്റ് | 377 | 23 | 14 | 414 | 414 | 0 | ഈ തസ്തിക ക്ലർക്ക് ടൈപ്പിസ്റ്റ് എന്ന് പുനർനാമകരണം ചെയ്യാം. ഇവരെ ക്ലറിക്കൽ കാഡറായി പരിഗണിക്കാം. |
| 16 | ബൈന്റർ | 4 | 0 | 0 | 4 | 4 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 17 | പേക്കർ | 1 | 0 | 0 | 1 | 1 | 0 | നിലവിലുള്ള തസ്തികകൾ തുടരാം ഭാവിയിൽ ഈ തസ്തിക ആവശ്യമുണ്ടോ എന്ന് പരിശോധിക്കണം. |
| 18 | ദഫേദാർ | 1 | 0 | 0 | 1 | 1 | 0 | കൊളോണിയൽ കാലത്തിന്റെ നീക്കിബാക്കിയായ ഈ തസ്തികകളുടെ പേര് മാറ്റേണ്ടതാണ്. സർക്കാർ അനുയോജ്യമായ ഘട്ടത്തിൽ ഇക്കാര്യം പരിഗണിക്കണം. |
| 19 | സർജന്റ് | 1 | 0 | 0 | 1 | 1 | 0 | |
| 20 | അറ്റന്റർ | 60 | 0 | 0 | 60 | 60 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 21 | ലിഫ്റ്റ് ഓപ്പറേറ്റർ | 1 | 0 | 0 | 1 | 1 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 22 | ലോറി ക്ലീനർ | 3 | 0 | 0 | 3 | 3 | 0 | നിലവിലുള്ള തസ്തികകൾ തുടരാം |
| 23 | സിസ്റ്റം മാനേജർ | 1 | 0 | 0 | 1 | 1 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 24 | റോണിയോ ഓപ്പറേറ്റർ | 0 | 1 | 0 | 1 | 1 | 0 | ഈ തസ്തികയ്ക്ക് നിലവിൽ പ്രസക്തിയില്ല. ഇതിൽ നിയമിതരായവർക്ക് മറ്റ് അനുയോജ്യമായ ചുമതലകൾ നൽകാവുന്നതാണ്. |
| 25 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 0 | 0 | 1 | 1 | 1 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. |
| 26 | ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് | 0 | 0 | 706 | 706 | 706 | 0 | നിലവിലുള്ള തസ്തികകൾ തുടരാം. ഇവരുടെ സേവനം വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് എങ്ങനെ പ്രയോജനപ്പെടുത്തണമെന്നത് ആലോചിക്കണം. ചില നിർദേശങ്ങൾ ഈ റിപ്പോർട്ടിന്റെ ഭാഗമായി ഉണ്ട്. |

i. ഭരണനിർവഹണസംവിധാനം സാമൂഹികനീതിയിൽ അധിഷ്ഠിതമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സഹായകസംവിധാനം എന്ന നിലയിലാണ് പ്രവർത്തിക്കേണ്ടത്. എന്തു തീരുമാനമെടുക്കുമ്പോഴും കുട്ടികളുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നതിനെ എങ്ങനെയാണ് ബാധിക്കുക എന്നത് എപ്പോഴും

പരിഗണനയിൽ ഉണ്ടാകണം. ഇതു സംബന്ധിച്ച് കൃത്യമായ മാർഗരേഖ വികസിപ്പിക്കണം.

ii. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തുന്ന ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറണം.

iii. ഓരോ വിഭാഗം ജീവനക്കാരും ഓരോ തലത്തിലും എന്തെന്തു കടമകളാണ് നിർവഹിക്കേണ്ടത് എന്ന് വ്യക്തമാക്കുന്ന മാർഗരേഖ വകുപ്പ് തയാറാക്കണം. ഇതനുസരിച്ചുള്ള പരിശീലനം എല്ലാവർക്കും നിർബന്ധമാക്കണം. സ്കൂൾ വിദ്യാഭ്യാസവകുപ്പിൽ ഏത് കാഡറിലും തൊഴിലിൽ പ്രവേശിക്കണമെങ്കിൽ അത് നേരിട്ടുള്ള നിയമനമായാലും സ്ഥാനക്കയറ്റം വഴിയുള്ള നിയമനമായാലും പ്രസ്തുത കാഡറിൽ പ്രവേശിക്കുന്നതിന് മുമ്പോ രണ്ടുമാസത്തിനകത്തോ പ്രവേശനഘട്ടത്തിലുള്ള പരിശീലനം (ഇൻഡക്ഷൻ ട്രെയിനിങ്) നിർബന്ധിതമാക്കണം. ഈ ട്രെയിനിങ് ജീവനക്കാരുടെ പ്രോബേഷൻ പൂർത്തിയാക്കാൻ ആവശ്യമായ നിബന്ധനയായി പരിഗണിക്കാം. ഇതിനാവശ്യമായ സംവിധാനം സീമാറ്റ് കേരള വഴി പൊതുവിദ്യാഭ്യാസവകുപ്പ് ഒരുക്കേണ്ടതാണ്. എന്താണ് പരിശീലനം എന്നും ഉള്ളടക്കം എന്താണെന്നും എത്ര ദിവസത്തെ പരിശീലനം എന്നതും പരിശീലന ചുമതലയുള്ള സ്ഥാപനവും വകുപ്പുമേധാവികളും സംയുക്തമായി തീരുമാനിക്കണം.

iv. എസ്.ഇ.ഒ. ഓഫീസിലെ തസ്തികവിന്യാസം താഴെ പറയും പ്രകാരം ആകാം.

| **എസ്.ഇ.ഒ.** | | | |
|---|---|---|---|
| എ.എ. | 1 | 248 | 248 |
| ജെ.എസ്. | 1 | 248 | 248 |
| ക്ലർക്കുമാർ | 4 | 248 | 992 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ്/Clerk | 1 | 248 | 248 |
| ഒ.എ. | 1 | 248 | 248 |
| എഫ്.ടി.എം. | 1 | 248 | 248 |

v. റവന്യൂ ജില്ലാ ഓഫീസായ ജെ.ഡി.എസ്.ഇയിലെ തസ്തികവിന്യാസം താഴെ പറയും പ്രകാരം ആകാം.

| **ജെ.ഡി.എസ്.ഇ.** | | | 0 |
|---|---|---|---|
| സീനിയർ എ.എ. | 1 | 14 | 14 |
| എ.എ /എ.ഒ/എ.പി. എഫ്.ഒ. | 2 | 14 | 28 |
| എസ്.എസ്. | 3 | 14 | 42 |
| ജെ.എസ്. | 10 | 14 | 140 |
| ക്ലർക്ക് | 60 | 14 | 840 |
| ടൈപ്പിസ്റ്റ് / ക്ലർക്ക് | 7 | 14 | 98 |
| സി.എ. | 1 | 14 | 14 |
| ഫെയർ കോപ്പി സൂപ്രണ്ട് | 1 | 14 | 14 |
| ഒ.എ. | 3 | 14 | 48 |
| എഫ്.ടി.സി.എം. | 1 | 14 | 14 |

vi. ഏകോപിതസംവിധാനത്തിൽ നിർദേശിച്ച ആകെ ജീവനക്കാരിൽ ഈ എണ്ണം കഴിച്ചുള്ള ജീവനക്കാരെ സ്കൂളുകളിലും സംസ്ഥാനതല ഓഫീസുകളിലും നിയമിക്കാം.

vii. റവന്യൂ ജില്ലാ ഓഫീസായ ജെ.ഡി.എസ്.ഇയിൽ ഒരു ലീഗൽ സെൽ ഉണ്ടാകണം. ഇപ്പോൾ സർവീസിലുള്ള ജീവനക്കാരിൽനിന്നു നിയമകാര്യത്തിൽ പ്രാവീണ്യമുള്ള നിയമബിരുദധാരിയെ ഈ സെല്ലിൽ ലീഗൽ ഓഫീസറായി നിയോഗിക്കാം (കേവലം ബിരുദം മാത്രം മതിയാവില്ല. ഇക്കാര്യത്തിലെ പ്രാവീണ്യത്തിനാണ് പ്രാധാന്യം നൽകേണ്ടത്. സുതാര്യമായ ഒരു പ്രക്രിയയിലൂടെ വേണം അനുയോജ്യരായ ലീഗൽ ഓഫീസർമാരെ കണ്ടെത്തേണ്ടത്). ഈ ലീഗൽ സെല്ലിൽ ജെ.ഡി.എസ്.ഇയിൽ നിർദേശിക്കപ്പെട്ട ജീവനക്കാരിൽനിന്ന് ഒരു ടൈപ്പിസ്റ്റ് ക്ലർക്കും ഒരു ക്ലർക്കും ഉണ്ടാകുന്നതാണ് ഉചിതം.

viii. സംസ്ഥാന ഓഫീസിൽ (ഡി.പി.ഐ.) നിലവിലുള്ള സീനിയർ എ.എയുടെ കാഡറിലുള്ള സെക്രട്ടറി കെ.ടി.എസ് & എൻ.ടി.എസ്. തസ്തിക ഇപ്പോൾ പ്രസക്തമല്ലാത്തതിനാൽ ഈ തസ്തിക മറ്റ് ഓഫീസ് ഭരണനിർവഹണ തസ്തികയായി പുനക്രമീകരിക്കാവുന്നതാണ്.

ix. ഇപ്പോൾ നിലവിലുള്ള തസ്തികകൾ ഏകീകരണസമയത്ത് ശാസ്ത്രീയമായ രീതിയിൽ വിലയിരുത്തി ആവശ്യമായ പുനക്രമീകരണം നടത്തി ജീവനക്കാരുടെ സേവനം വിനിയോഗിക്കാവുന്നതാണ്. ഇക്കാര്യം മുകളിൽ കൊടുത്ത പട്ടികയിൽ വ്യക്തമാണ്. ഏതെല്ലാം തസ്തിക ഒഴിവാക്കണമെന്നും ഉയർത്തണമെന്നും അധികമായി കണ്ടെത്തണമെന്നും പ്രസ്തുത പട്ടികയിൽ കൊടുത്തിട്ടുണ്ട്.

x. പൊതുവിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം ഡയറക്ടറേറ്റുകൾ പുനക്രമീകരിക്കുമ്പോൾ ജീവനക്കാരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച പ്രശ്നങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ വിദഗ്ധസമിതിയുടെ മുന്നിൽ ഉന്നയിച്ചിരുന്നു. ഓരോ വിഭാഗത്തിലെയും പ്രസ്തുത കാറ്റഗറിയിലെ ആകെ ജീവനക്കാരുടെ അനുപാതത്തിന് അനുസരിച്ചും നിലവിലുള്ള തുടർ പ്രമോഷന് തടസ്സം വരാത്തവിധവും സ്ഥാനക്കയറ്റം നൽകിയാൽ പ്രശ്നം പരിഹരിക്കാൻ കഴിയും.

xi. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ എ.ഒ. തസ്തികകളിൽ സെക്രട്ടേറിയറ്റിൽ നിന്നും മറ്റും ഡെപ്യൂട്ടേഷനിൽ നിയമനം നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും ഇങ്ങനെ ഡെപ്യൂട്ടേഷനിൽ ഉയർന്ന തസ്തികയിൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഡിപാർട്ട്മെന്റ് മേലധികാരികളോട് അച്ചടക്കപരമായി ബാധ്യതയില്ലാത്ത മറ്റ് ഇടങ്ങളിൽനിന്നു ഡെപ്യൂട്ടേഷൻ വഴി നിയമിക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതാണ്. സ്ഥാപനപരമായ അച്ചടക്കത്തിന്റെ പ്രശ്നം കാണാതെപോകരുത്. ഇത്തരം നിയമനങ്ങൾ ഉണ്ടാക്കിയ നേട്ടങ്ങളും കോട്ടങ്ങളും വിശകലനം ചെയ്യപ്പെടണം. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസവകുപ്പിലെ എല്ലാ ഏജൻസികളിലും അതത് സ്ഥാപനമേധാവിയുടെ അച്ചടക്ക പരിധിയിൽ വരാത്തവിധം നടത്തുന്ന എല്ലാ ഡെപ്യൂട്ടേഷൻ നിയമനങ്ങളും അവസാനിപ്പിക്കേണ്ടതാണ് എന്ന് ശുപാർശചെയ്യുന്നു. പ്രോജക്ടുകൾ പോലുള്ള ഒരു

പ്രത്യേക കാലത്തേക്ക് രൂപപ്പെടുത്തുന്ന സംവിധാനങ്ങൾക്ക് മാത്രമേ ഇക്കാര്യത്തിൽ ഇളവു നൽകേണ്ടതുള്ളൂ.

**9. ഏകോപനം – അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങൾ:** ഏകോപനം വരുന്നതോടുകൂടി സെക്കന്ററി പ്രിൻസിപ്പൽ ലോവർ സെക്കന്ററി അടക്കമുള്ള ഏകോപിത സ്കൂളുകളുടെ സ്ഥാപനമേധാവിയാകും. നിലവിലുള്ള ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തിക അത്തരം സ്ഥാപനങ്ങളിൽ വൈസ് പ്രിൻസിപ്പൽ തസ്തികയായി മാറും. നിലവിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ എന്ന തസ്തികയുടെ പേര് വൈസ് പ്രിൻസിപ്പൽ എന്നായി മാറും. പത്താം ക്ലാസ്വരെ മാത്രമുള്ള ലോവർ സെക്കന്ററി സ്കൂളിന്റെ സ്ഥാപനമേധാവി വൈസ് പ്രിൻസിപ്പൽ കേഡറിലുള്ള പ്രിൻസിപ്പലാകും. നിലവിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ കാഡറിലാണ് എ.ഇ.ഒ. തസ്തികയുള്ളത്. നിലവിലുള്ള ഹൈസ്കൂൾ അധ്യാപകരിൽനിന്ന് പൊതു സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിയാണ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരും എ.ഇ.ഒമാരും നിയമിതരാകുന്നത്. എ.ഇ.ഒ. തസ്തിക ഏകോപനത്തോടെ ഇല്ലാതാകും. അതോടൊപ്പം ഡി.ഇ.ഒ. തസ്തികയും ഡി.ഡി.ഇ. തസ്തികയും ഇല്ലാതാകും. ഹൈസ്കൂൾ അധ്യാപകരുടെ സ്ഥാനക്കയറ്റം വഴി ലഭിക്കുന്ന തസ്തികയാണ് ഇവയെല്ലാം. ഇതെല്ലാം ഇല്ലാതാകുന്നത് നിലവിലുള്ള ഹൈസ്കൂൾ അധ്യാപകരുടെ സ്ഥാനക്കയറ്റത്തിനുള്ള അവസരങ്ങൾ ഇല്ലാതാക്കും. ഈ ഒരു സ്ഥിതിവിശേഷം ഒഴിവാക്കേണ്ടതാണ്. സെക്കന്ററി അധ്യാപകരെല്ലാം ബിരുദാനന്തരബിരുദം ഉള്ളവരായി മാറുന്ന ഘട്ടത്തിൽ ഇതെല്ലാം പരിഹരിക്കപ്പെടും. പത്ത്, പന്ത്രണ്ടു വർഷംകൊണ്ട് ഈ പ്രശ്നങ്ങൾ ഇല്ലാതാകും. പക്ഷേ, അതുവരെ നിലവിൽ നിയമിക്കപ്പെട്ട ഹൈസ്കൂൾ അധ്യാപകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം സംരക്ഷിക്കപ്പെടണം. അതുപോലെ നിലവിൽ ഹയർ സെക്കന്ററി സംവിധാനത്തിൽ പ്രിൻസിപ്പലിന്റെ അതേ കാഡറിൽ തന്നെയാണ് റീജിയണൽ ആർ.ഡി.ഡിയുമുള്ളത്. അതിനു മുകളിൽ സ്ഥാനക്കയറ്റം വഴി നികത്താനുള്ള തസ്തികളൊന്നും ഇപ്പോൾ നിലവിലില്ല. വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ നിലവിലുള്ള അധ്യാപകരടക്കമുള്ള ജിവനക്കാരുടെ പ്രശ്നങ്ങളും പരിഗണിക്കേണ്ടതുണ്ട്. സംയോജനത്തിന്റെ ഭാഗമായി ഈ വിഭാഗം ഉദ്യോഗസ്ഥർക്കും സ്ഥാനക്കയറ്റത്തിനായുള്ള സാധ്യത ഉണ്ടാക്കണം. അതിനെല്ലാമായി താഴെപ്പറയുന്ന കാര്യങ്ങൾ ശുപാർശചെയ്യുന്നു.

i. സെക്കന്ററി സ്കൂളുകളിൽ നിർദേശിക്കുന്ന വൈസ് പ്രിൻസിപ്പൽ തസ്തികയും ലോവർ സെക്കന്ററി വരെ മാത്രം ക്ലാസുകളുള്ള ലോവർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽ തസ്തികയും നിലവിലുള്ള ഹൈസ്കൂൾ അധ്യാപകരുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽനിന്നു സ്ഥാനക്കയറ്റം വഴിയാകും നിയമിതരാവുക.

ii. സ്കൂൾ എജ്യുക്കേഷൻ ഓഫീസുകളിലെ ഡി.ഇ.ഒ. കാഡറിലുള്ള അസിസ്റ്റന്റ് സ്കൂൾ എജ്യുക്കേഷൻ ഓഫീസർ തസ്തിക വൈസ് പ്രിൻസിപ്പൽ, പ്രിൻസിപ്പൽ ലോവർ സെക്കന്ററി കാഡറിലുള്ള തസ്തികയിൽ നിയമിതരായവരുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽനിന്നു സ്ഥാനക്കയറ്റം വഴിയായിരിക്കും നിയമിതരാവുക.

iii. യോഗ്യതയുള്ള ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നിലവിൽ നിശ്ചിത തോതിൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽ ആകാം. അതേ തോതിൽ തുടർന്നും ഏകോപിത സംവിധാനത്തിലും ലോവർ സെക്കന്ററി പ്രിൻസിപ്പലിന്, വൈസ് പ്രിൻസിപ്പലിന് സെക്കന്ററി പ്രിൻസിപ്പൽ ആകാം.

iv. അസിസ്റ്റന്റ് സ്കൂൾ എജ്യുക്കേഷണൽ ഓഫീസർമാരെ അവരുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽനിന്നു സ്ഥാനക്കയറ്റം വഴി റവന്യൂ ജില്ലാ ഓഫീസായ ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷനിലെ സ്കൂൾ എജ്യുക്കേഷൻ ഓഫീസർ പ്രീപ്രൈമറി & പ്രൈമറി, സ്കൂൾ എജ്യുക്കേഷൻ ഓഫീസർ ജനറൽ തസ്തികകളിലേക്ക് നിയമിക്കാവുന്നാണ്. ഇങ്ങനെ നിയമിതരാകുന്ന സ്കൂൾ എജ്യുക്കേഷൻ ഓഫീസർമാരെ ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷനിലെ പ്രൈമറിവിഭാഗം കൈകാര്യം ചെയ്യുന്ന ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ തസ്തികയിലേക്കും അവരിൽ നിന്ന് സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി ജോയിന്റ് ഡയറക്ടർ സ്കൂൾ എജ്യുക്കേഷൻ തസ്തികയിലേക്കും നിയമിക്കാവുന്നതാണ്.

v. അസിസ്റ്റന്റ് സ്കൂൾ എജ്യുക്കേഷൻ ഓഫീസർമാരിൽ ബിരുദാനന്തരബിരുദമുള്ളവരിൽ നിന്ന് ഒരു നിശ്ചിത ശതമാനം പൊതു സീനിയോറിറ്റി ലിസ്റ്റിൽനിന്നു സ്ഥാനക്കയറ്റം നൽകി സ്കൂൾ എജ്യുക്കേഷൻ ഓഫീസർ തസ്തികയിലേക്ക് നിയമിക്കാവുന്നതാണ്. എത്ര ശതമാനം വേണമെന്നത് സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്.

vi. നിലവിലുള്ള ഡി.ഡി.ഇ, ഹയർ സെക്കന്ററി ആർ.ഡി.ഡി, വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ തത്തുല്യ കാറ്റഗറി ഉണ്ടെങ്കിൽ അവരെയും ഒരു പൊതു പൂളായി പരിഗണിച്ചുവേണം റവന്യൂ ജില്ലാതല മേധാവിയായ ജോയിന്റ് ഡയറക്ടറും സംസ്ഥാതല ഓഫീസിലെ ജോയിന്റ് ഡയറക്ടർമാരുമായി നിശ്ചയിക്കേണ്ടത്. ഇതിനുള്ള അനുപാതം സർക്കാർ തലത്തിൽ തീരുമാനിക്കണം.

vii. പുതുതായി നിർദേശിച്ച സീനിയർ ജോയിന്റ് ഡയറക്ടർമാരുടെ തസ്തികയിലേക്കും ഡി.പി.ഐ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ അക്കാദമിക ഉദ്യോഗസ്ഥർക്ക് അവസരങ്ങൾ ഉണ്ടാകണം. ഇതിനുള്ള അനുപാതവും സർക്കാർ തലത്തിൽ തീരുമാനിക്കണം.

viii. എ.ഡി.എസ്.ഇ. തസ്തികയിലേക്കും നിലവിൽ ഡി.പി.ഐയിലുള്ള രണ്ട് എ.ഡി.പി.ഐ. തസ്തിക പരിഗണിക്കുന്നതോടൊപ്പം കൂടുതലായി വരുന്ന പരീക്ഷാഭവൻ അടക്കമുള്ള സംവിധാനങ്ങളിലെ രണ്ട് എ.ഡി.എസ്.ഇ. തസ്തികകൾ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾക്കായി നീക്കിവയ്ക്കണം. പ്രാരംഭ ഘട്ടത്തിലുള്ള ഈ സംവരണം എട്ടുപത്ത് കൊല്ലംകൊണ്ട് സ്വാഭാവികമായും ഇല്ലാതാകും.

ix. എട്ടാം ക്ലാസ് മുതലുള്ള സെക്കന്ററി ഘട്ടത്തിലേക്ക് ബിരുദാനന്തരബിരുദവും ബിരുദതലത്തിലുള്ള പ്രൊഫഷണൽ ബിരുദവുമാണ് നിർദേശിക്കുന്നത്. ബിരുദാനന്തരബിരുദമുള്ള അധ്യാപകർ വരുമ്പോൾ അതനുസരിച്ചുള്ള വേതനഘടന ഉണ്ടാകണം. സെക്കന്ററിയിലേക്കുള്ള അധ്യാപകരുടെ എൻട്രി കാഡർ 32300 - 68700 സ്കെയിലിൽ നിജപ്പെടുത്താം. ഇപ്പോൾ നിലവിലുള്ള ജൂനിയർ, സീനിയർ നിയമനരീതികൾ ഏകീകരിക്കണം.

x. സെക്കന്ററി എന്നത് എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകൾ എന്ന നിലയിൽ ഒറ്റ യൂണിറ്റായി പരിഗണിക്കുന്നതിനാൽ നിലവിലുള്ള ഹയർ സെക്കന്ററി ജൂനിയർ അധ്യാപകരെ ആവശ്യത്തിന് പിരീഡുകൾ ലഭ്യമാണെങ്കിൽ സീനിയർ അധ്യാപകരായി ഉയർത്തണം.

xi. ഇപ്പോൾ നിലവിൽ ബിരുദവും പ്രൊഫഷണൽ ബിരുദവും നേടി ഹൈസ്കൂൾ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചവർ പത്താം ക്ലാസ്‌വരെ പഠിപ്പിക്കാൻ തുടർന്നും യോഗ്യരാണ്. നിലവിൽ ബിരുദാനന്തരബിരുദവും ആ വിഷയത്തിൽ പ്രൊഫഷണൽ ഡിഗ്രിയുമുള്ള അധ്യാപകരെ പന്ത്രണ്ടക്ലാസ്‌വരെ പഠിപ്പിക്കുന്നതിനുള്ള യോഗ്യതയുള്ളവരായി കണക്കാക്കാം. ഇതനുസരിച്ച് അവരുടെ വേതനഘടനയിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാർ പരിശോധിക്കണം.

xii. ഹയർ സെക്കന്ററി സ്കൂളുകളിൽ ഇപ്പോൾ നിലവിലുള്ള ലാബ് അസിസ്റ്റന്റുമാരെ ഏകോപിത സെക്കന്ററി സ്കൂളിൽ ലാബ് സംവിധാനം കൈകാര്യം ചെയ്യുന്നതിന് പ്രയോജനപ്പെടുത്തേണ്ടതാണ്.

## 10. കേരള എജ്യുക്കേഷണൽ സർവീസ്

വിദ്യാഭ്യാസരംഗത്ത് അക്കാദമികമായും ഭരണപരമായുമുള്ള രംഗങ്ങളിൽ സർഗാത്മകമായും കാര്യക്ഷമമായും ഇടപെടണമെങ്കിൽ സ്കൂളിനെയും കുട്ടികളെയും അറിഞ്ഞിരിക്കണം. മാത്രവുമല്ല, വിദ്യാഭ്യാസത്തിന്റെ സവിശേഷമായ സൈദ്ധാന്തികവും പ്രായോഗികവുമായ കാര്യങ്ങളെക്കുറിച്ച് അറിവുണ്ടാകണം. അക്കാദമിക മോണിറ്ററിങ് നടത്തണമെങ്കിൽ ക്ലാസ്മുറി അനുഭവം ഉണ്ടാകണം. ആയതിനാൽ ഭരണനിർവഹണരംഗത്ത് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റിവ് സർവീസ് വിദ്യാഭ്യാസരംഗത്ത് കേരള എജ്യുക്കേഷൻ സർവീസ് എന്ന നിലയിൽ വികസിപ്പിക്കണം. ഒരു നിശ്ചിത കാലം അധ്യാപന പരിചമുള്ളവരിൽനിന്നാകണം അക്കാദമിക ഉത്തരവാദിത്തമുള്ള ഓഫീസർമാരെ ഈ തിരഞ്ഞെടുപ്പു പ്രക്രിയയിലൂടെ കണ്ടെത്തി നിയമിക്കേണ്ടത്.

## 11. പരിഗണന അർഹിക്കുന്ന മറ്റു കാര്യങ്ങൾ

1) **കായികവിദ്യാഭ്യാസം:** ചെറുപ്രായത്തിൽത്തന്നെ ജീവിതശൈലീരോഗങ്ങളും മറ്റും പിടിപെടുന്ന കുട്ടികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂളിലെത്തുന്ന കുട്ടികളിൽ 80 ശതമാനത്തിനടുത്തുപേർക്ക് കായികക്ഷമത ഇല്ല എന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ബഹുഭൂരിപക്ഷം കുട്ടികൾക്കും ഒരു തരത്തിലുമുള്ള കായികശേഷി വികാസത്തിനുള്ള അവസരവും നിലവിലെ കുടുംബസാഹചര്യത്തിൽ ലഭിക്കുന്നില്ല. കായികപ്രവർത്തനങ്ങളുടെ പ്രാധാന്യം രക്ഷാകർത്തൃമനസ്സിൽ നിന്ന് അപ്രത്യക്ഷമായിട്ട് കാലമേറെയായി. വിദ്യാഭ്യാസ അവകാശനിയമത്തിൽ ആറ് മുതൽ എട്ട് വരെ ക്ലാസുകളിൽ അതായത് മിഡിൽ സ്കൂൾ ഘട്ടത്തിൽ നൂറ് കുട്ടികളിൽ കൂടുതൽ ഒരു വിദ്യാലയത്തിൽ ഉണ്ടെങ്കിൽ കായികവിദ്യാഭ്യാസത്തിന് പാർടൈം അധ്യാപകരുടെ സേവനം കുട്ടികൾക്ക് ലഭ്യമാകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഇതു സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.

   i. കളികൾ കുട്ടികളുടെ ശരിയായ ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക വികാസത്തിന് അനിവാര്യമാണെന്നത് രക്ഷാകർത്തൃസമൂഹത്തെ ബോധ്യപ്പെടുത്താൻ ആവശ്യമായ രക്ഷാകർത്തൃവിദ്യാഭ്യാസം വിപുലമായ കാമ്പയിൻ രീതിയിൽ നടത്തണം.

   ii. ഒന്ന് മുതൽ നാല് വരെ ക്ലാസുകളിൽ ക്ലാസ് അധ്യാപകർതന്നെ കുട്ടികളുടെ നൈസർഗികമായ കളിവാസനയെ പ്രോത്സാഹിപ്പിച്ചാൽ മതിയാകും.

iii. അഞ്ചാം ക്ലാസ് മുതലുള്ള പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ്‌വരെയുള്ള സെക്കന്ററി അടക്കമുള്ള കുട്ടികൾക്ക് ശാസ്ത്രീയമായ കായികപരിശീലനം ലഭിക്കണം. ഇതിന് ആവശ്യമായ സമയം പാഠ്യപദ്ധതിക്കകത്തു നിന്നുകൊണ്ട് കണ്ടെത്തണം.

iv. ഈ പ്രായഘട്ടത്തിൽ കായിക/ഗെയിംസ് ഇനങ്ങളിൽ കുട്ടികളുടെ താൽപ്പര്യമേഖല കൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടാകണം. ഓരോ തദ്ദേശഭരണസ്ഥാപനപരിധിയിലും സ്പോർട്സ് പാർക്കുകൾ എന്ന ആശയം പ്രായോഗികമാക്കണം. സ്പോർട്സിലും ഗെയിംസിലും പ്രതിഭകളായവർക്ക് പ്രത്യേക പരിശീലനം നൽകുന്ന കേന്ദ്രങ്ങളായും സ്പോർട്സ് പാർക്കിനെ പ്രയോ ജനപ്പെടുത്താം.

v. കുട്ടികൾക്ക് ശാസ്ത്രീയമായ കായികപരിശീലനത്തിന് യോഗ്യരായ അധ്യാപകരു ണ്ടാകണം. എല്ലാ സെക്കന്ററി സ്കൂളുകളിലും കായികാധ്യാപകരുടെ സേവനം ലഭ്യ മാക്കണം. സെക്കന്ററി സ്കൂളിൽ അഞ്ച് മുതൽ ഏഴ് വരെ പ്രൈമറി ക്ലാസുകളുണ്ടെ ങ്കിൽ അവർക്കുകൂടി പ്രസ്തുത സ്കൂളിൽ നിയോഗിക്കപ്പെടുന്ന കായികാധ്യാപ കൻ/അധ്യാപികയുടെ സേവനം ഉറപ്പാക്കണം. കുട്ടികളുടെ താൽപ്പര്യമേഖലകൾ വൈവിധ്യമാർന്നതായതിനാൽ വിവിധ സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ വൈവി ധ്യമുള്ള പ്രാദേശിക മനുഷ്യശേഷിയെ (ലോക്കൽ എക്സ്പർട്ടൈസ്) സമാഹരി ക്കാൻ സ്കൂളിനാകണം.

vi. അഞ്ച് മുതൽ ഏഴ് വരെയുള്ള പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്കും ശാസ്ത്രീയ മായ പരിശീലനം ലഭിക്കാൻ കായികാധ്യാപകൻ/അധ്യാപികയുടെ സേവനം ഉറപ്പാ ക്കണം.

vii. കായികാധ്യാപകരുടെ നിയമനത്തിന് തദ്ദേശഭരണസ്ഥാപനങ്ങളെ ഒരു യൂണിറ്റായി പരിഗണിക്കാം. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വ്യത്യസ്തങ്ങളായ സ്പോർട്സ്/ ഗെയിംസ് ഇനങ്ങളിൽ പ്രാവീണ്യമുള്ളവരുടെ ഒരു സംഘം കായികാധ്യാപകർ ഓരോ തദ്ദേശഭരണസ്ഥാപനപരിധിയിലും ഉണ്ടാകണം. ഓരോ തദ്ദേശഭരണസ്ഥാപ നങ്ങളുടെയും പരിധിയിലുള്ള ഒരു സർക്കാർ സ്കൂളിൽ കുട്ടികളുടെ പ്രതിഭാവിക സനകേന്ദ്രമായി കലാ-കായിക-സാംസ്കാരിക പാർക്ക് സ്ഥാപിക്കുകയാണെങ്കിൽ ഈ സ്കൂളിൽ പ്രസ്തുത തദ്ദേശഭരണപ്രദേശത്തിന് ആവശ്യമായ കായിക അധ്യാ പകരെ നിയമിക്കാം. ഇങ്ങനെ അധ്യാപകരെ നിയമിക്കുമ്പോൾ പ്രസ്തുത സ്കൂളിൽ ബന്ധപ്പെട്ട തദ്ദേശഭരണ പ്രദേശത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകൾ സെക്കന്ററി, ലോവർ സെക്കന്ററി, അഞ്ച് മുതൽ ഏഴ് വരെ പ്രൈമറി എന്നീ ക്ലാസുകളിലുള്ള ആകെ കുട്ടികൾ എന്നിവയൊക്കെ പരിഗണിക്കണം. കോർപറേഷൻ പരിധിയിൽ ഒന്നിലധികം സ്കൂളുകളുമായി ബന്ധിപ്പിച്ചു കല-കായിക-സംസ്കാരിക പാർക്ക് ഉണ്ടാകാം. കായിക അധ്യാപകരെ കലാകായിക-സാംസ്കാരിക പാർക്ക് സ്ഥിതി ചെയ്യുന്ന സ്കൂളുമായി ബന്ധിപ്പിച്ച് നിയമിക്കുകയാണെങ്കിൽ അതതു കാലങ്ങളിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമാക്കാൻ കഴിയും പ്രസ്തുത പദ്ധതിക ളുടെ സാമ്പത്തികസാധ്യത പ്രയോജനപ്പെടുത്താനും കഴിയും.

viii. കുട്ടികൾക്കെല്ലാം ശരിയായ വിധത്തിൽ കായികാനുഭവങ്ങൾ ലഭ്യമാകുന്നു എന്ന് മോണിറ്റർ ചെയ്യാനുള്ള സംവിധാനവും ഉണ്ടാകണം.

2) **കലാവിദ്യാഭ്യാസം:** കുട്ടികളുടെ നൈസർഗികമായ പ്രതിഭ കണ്ടെത്താനും പരിപോഷിപ്പിക്കാനും സ്കൂൾവിദ്യാഭ്യാസഘട്ടത്തിൽ കഴിയണം. കലയിലും മറ്റുമുള്ള കഴിവുകളെ പാഠ്യേതരമെന്നാണ് ഇപ്പോൾ കണക്കാക്കുന്നത്. യഥാർഥത്തിൽ പാഠ്യേതരം എന്നൊന്നില്ല. എല്ലാം പാഠ്യപ്രവർത്തനമാണ്. കുട്ടിയുടെ ബഹുമുഖബുദ്ധിക്കനുസരിച്ച് താൽപ്പര്യമേഖലകളും സർഗശേഷികളും പ്രതിഭകളും വൈവിധ്യമാർന്നതായിരിക്കും. ഇതെല്ലാം അംഗീകരിക്കേണ്ടത് സ്കൂൾവിദ്യാഭ്യാസഘട്ടത്തിന്റെ കടമയാണ്. ഇത്തരം ഒരു നിലപാട് കൈക്കൊള്ളാൻ നാളിതുവരെ വേണ്ടത്ര കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ അവകാശ നിയമത്തിൽ ആറ് മുതൽ എട്ട് വരെ ക്ലാസുകളിൽ, അതായത് മിഡിൽ സ്കൂൾ ഘട്ടത്തിൽ നൂറ് കുട്ടികളിൽ കൂടുതൽ ഒരു വിദ്യാലയത്തിലുണ്ടെങ്കിൽ കലാ വിദ്യാഭ്യാസത്തിന് പാർട്ടൈം അധ്യാപകരുടെ സേവനം കുട്ടികൾക്ക് ലഭ്യമാകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അതുകൊണ്ട് കലാരംഗത്തും കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ ശുപാർശചെയ്യുന്നു.

i. കുട്ടികളുടെ ശരിയായ ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക വികാസത്തിന് കലയുടെയും സംസ്കാരത്തിന്റെയും പ്രാധാന്യം രക്ഷാകർത്തൃസമൂഹത്തെ ബോധ്യപ്പെടുത്താൻ ആവശ്യമായ രക്ഷാകർത്തൃവിദ്യാഭ്യാസം നടത്തണം.

ii. ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ ക്ലാസ് അധ്യാപകർതന്നെ കുട്ടികളുടെ നൈസർഗികമായ കലാവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ചാൽ മതിയാകും.

iii. അഞ്ചു മുതൽ ഏഴു വരെയുള്ള പ്രൈമറി മുതൽ ഏട്ടു മുതൽ പന്ത്രണ്ടു വരെയുള്ള സെക്കന്ററി വരെ കുട്ടികൾക്ക് ശാസ്ത്രീയമായ കലാപരിശീലനം ലഭിക്കണം. ഇതിൽ ദൃശ്യകലകളും നാട്യകലകളും സംഗീതവും ഉൾപ്പെടണം.

iv. ഈ പ്രായഘട്ടത്തിൽ കല-സാംസ്കാരിക മേഖലകളിലെ വൈവിധ്യമാർന്ന ഇനങ്ങളിൽ കുട്ടികളുടെ താൽപ്പര്യമേഖലകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടാകണം. ഓരോ തദ്ദേശഭരണസ്ഥാപനപരിധിയിലും കല-കായിക-സാംസ്കാരിക പാർക്ക് എന്ന ആശയത്തെ പ്രായോഗികമാക്കണം.

v. കുട്ടികൾക്ക് ശാസ്ത്രീയമായ കലാപരിശീലനത്തിന് യോഗ്യരായ അധ്യാപകരുണ്ടാകണം. എല്ലാ അഞ്ചു മുതൽ ഏഴു വരെ പ്രൈമറി, എട്ടു മുതൽ പന്ത്രണ്ടു വരെ സെക്കന്ററി കുട്ടികൾക്കടക്കം കലാധ്യാപകരുടെ സേവനം ലഭ്യമാക്കണം. സെക്കന്ററി സ്കൂളിൽ അഞ്ചു മുതൽ ഏഴു വരെ പ്രൈമറി ക്ലാസുകളുണ്ടെങ്കിൽ അവർക്കുകൂടി പ്രസ്തുത സ്കൂളിൽ നിയോഗിക്കപ്പെടുന്ന കലാധ്യാപകൻ/അധ്യാപികയുടെ സേവനം ഉറപ്പാക്കണം. കുട്ടികളുടെ താൽപ്പര്യമേഖലകൾ വൈവിധ്യമാർന്നതായതിനാൽ വിവിധ കല-സാംസ്കാരിക ഇനങ്ങളിൽ (ദൃശ്യകലകളും നാട്യകലകളും സംഗീതവും) വൈവിധ്യമുള്ള പ്രാദേശിക മനുഷ്യശേഷിയെ (ലോക്കൽ എക്സ്പർട്ടൈസ്) സമാഹരിക്കാൻ സ്കൂളിനാകണം.

vi. കലാധ്യാപകരുടെ നിയമനത്തിന് തദ്ദേശഭരണസ്ഥാപനങ്ങളെ ഒരു യൂണിറ്റായി പരിഗണിക്കാം. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വ്യത്യസ്തങ്ങളായ കല-സാംസ്കാരിക ഇനങ്ങളിൽ പ്രാവീണ്യമുള്ളവരുടെ ഒരു സംഘം ഓരോ തദ്ദേശഭരണപ്രദേശത്തും ഉണ്ടാകണം. ഓരോ തദ്ദേശഭരണസ്ഥാപനത്തിലും ഒരു സർക്കാർ സ്കൂളിൽ കുട്ടികളുടെ പ്രതിഭാവികസനകേന്ദ്രമായി കല-കായിക-സാംസ്കാരിക പാർക്ക് സ്ഥാപിക്കു

യാണെങ്കിൽ പ്രസ്തുത സ്കൂളിൽ ആ തദ്ദേശഭരണപ്രദേശത്ത് ആവശ്യമായ കലാ അധ്യാപകരെ നിയമിക്കാം. ഇങ്ങനെ നിയമിക്കുമ്പോൾ പ്രസ്തുത തദ്ദേശഭരണ പ്രദേശത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകൾ അഞ്ചു മുതൽ ഏഴു വരെയുള്ള പ്രൈമറി, എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള സെക്കന്ററി അടക്കം, ആകെ കുട്ടികൾ എന്നിവയൊക്കെ പരിഗണിക്കണം. കോർപറേഷൻ പരിധിയിൽ ഒന്നിലധികം സ്കൂളുകളുമായി ബന്ധിപ്പിച്ചു കലാ-കായിക-സാംസ്കാരിക പാർക്ക് ഉണ്ടാക്കാം.

vii. കുട്ടികൾക്കെല്ലാം ശരിയായ വിധത്തിൽ കലാനുഭവങ്ങൾ ലഭ്യമാകുന്നു എന്ന് മോണിറ്റർ ചെയ്യാനുള്ള സംവിധാനവും ഉണ്ടാകണം.

3) **തൊഴിൽ വിദ്യാഭ്യാസം:** തൊഴിൽവിദ്യാഭ്യാസത്തിന് ഏറെ പ്രാമുഖ്യം ലഭിക്കുന്ന അവസരമാണിത്. കുട്ടികളുടെ തൊഴിൽ അഭിരുചി വളർത്താനും വികസിപ്പിക്കാനുമുള്ള അനുഭവങ്ങൾ സ്കൂൾവിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ ലഭ്യമാകണം. വിദ്യാഭ്യാസ അവകാശനിയമത്തിൽ ആറു മുതൽ എട്ടു വരെ ക്ലാസുകളിൽ അതായത് മിഡിൽ സ്കൂൾ ഘട്ടത്തിൽ നൂറു കുട്ടികളിൽ കൂടുതൽ ഒരു വിദ്യാലയത്തിൽ ഉണ്ടെങ്കിൽ തൊഴിൽവിദ്യാഭ്യാസത്തിന് പാർട്ടൈം അധ്യാപകരുടെ സേവനം ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഒമ്പതാം ക്ലാസോടെ നാഷണൽ സ്കിൽ ക്വാളിഫയിങ് ഫ്രെയിംവർക്ക് നിലവിൽവരുന്ന സാഹചര്യത്തിൽ തൊഴിൽ പഠനം സ്കൂൾവിദ്യാഭ്യാസത്തിന്റെ സ്വാഭാവികഭാഗമായിത്തീരും. ആയതിനാൽ അഞ്ചാം ക്ലാസ് മുതലുള്ള പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസുള്ള സെക്കന്ററി വരെ പരസ്പരബന്ധിതമായ തൊഴിൽവിദ്യാഭ്യാസ ചട്ടക്കൂടാണ് രൂപപ്പെടേണ്ടത്.

i. അതിജീവനത്തിന്റെ ഭാഗമായി ഉപജീവനത്തിനായി ആത്മവിശ്വാസത്തോടെ തൊഴിൽസംരംഭങ്ങളിൽ ഇടപെടാനുള്ള ശേഷി മുഴുവൻ കുട്ടികൾക്കും ആവശ്യമാണ്. ആധുനികലോകത്തിൽ തൊഴിൽ എന്നാൽ കേവലം പേശിപ്രധാനം മാത്രമല്ല. അതു ജ്ഞാനപ്രധാനം കൂടിയാണ്. തൊഴിലിനെ പറ്റിയും അതിന്റെ പ്രാധാന്യത്തെ പറ്റിയും ശരിയായ അവബോധം കുട്ടികളിലും രക്ഷിതാക്കളിലും സമൂഹത്തിലും ഉണ്ടാവാൻ ആവശ്യമായ സാമൂഹിക, രക്ഷാകർത്തൃ വിദ്യാഭ്യാസം നടത്തണം.

ii. ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ ക്ലാസ് അധ്യാപകർതന്നെ കുട്ടികളുടെ നൈസർഗികമായ തൊഴിൽ അഭിരുചികളെ പ്രോത്സാഹിപ്പിച്ചാൽ മതിയാകും.

iii. അഞ്ചു മുതൽ ഏഴു വരെയുള്ള പ്രൈമറി മുതൽ എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള സെക്കന്ററി അടക്കം കുട്ടികൾക്ക് ശാസ്ത്രീയമായ തൊഴിൽപഠനത്തിലൂടെയുള്ള അനുഭവങ്ങൾ ലഭ്യമാകണം..

iv. ഈ പ്രായഘട്ടത്തിൽ തൊഴിൽമേഖലകളിലെ വൈവിധ്യമാർന്ന സാധ്യതകൾ പരിചയപ്പെടാനും നല്ല അനുഭവങ്ങൾ നേരിൽ കാണാനും ചെയ്തു മനസ്സിലാക്കാനും കഴിയണം. ഓരോ തദ്ദേശഭരണസ്ഥാപനപരിധിയിലും ഒരു തൊഴിൽനൈപുണി വികസനകേന്ദ്രം (പണിശാല) എന്ന ആശയത്തെ പ്രായോഗികവൽക്കരിക്കണം.

v. കുട്ടികൾക്ക് ശാസ്ത്രീയമായ തൊഴിൽപരിശീലനം നൽകുന്നതിന് യോഗ്യരായവരുണ്ടാകണം. ഇപ്പോഴുള്ള ക്രാഫ്റ്റ്, നീഡിൽവർക്ക് അധ്യാപകരുടെ സേവനവും പ്രയോജനപ്പെടുത്തണം. കൂടാതെ, വൊക്കേഷണൽ അധ്യാപകരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. എല്ലാ അഞ്ചു മുതൽ ഏഴു വരെ പ്രൈമറി, എട്ടു

മുതൽ പന്ത്രണ്ടു വരെ സെക്കന്ററി കുട്ടികൾക്കടക്കം വിവിധ തൊഴിൽമേഖലകളിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കണം. വൈവിധ്യമുള്ള പ്രാദേശിക മനുഷ്യ ശേഷിയെ (ലോക്കൽ എക്സ്പർട്ടൈസ്) സമാഹരിക്കാൻ സ്കൂളിനാകണം.

vi. തൊഴിൽരംഗത്തെ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഒരു യൂണിറ്റായി പരിഗണിക്കാം. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വ്യത്യസ്തങ്ങളായ തൊഴിൽ ഇനങ്ങളിൽ പ്രാവീണ്യമുള്ളവരുടെ ഒരു സംഘം ഓരോ തദ്ദേശഭരണ പ്രദേശത്തും ഉണ്ടാകണം. ഓരോ തദ്ദേശഭരണസ്ഥാപനത്തിലും ഒരു സർക്കാർ സ്കൂളിൽ കുട്ടികളുടെ തൊഴിൽനൈപുണീ വികസനത്തിനായി ഒരു കേന്ദ്രം ഉണ്ടാകണം. ഇത് ഏതെങ്കിലും സർക്കാർ സെക്കന്ററി വിദ്യാലയവുമായി ബന്ധിപ്പിച്ച് വികസിപ്പിക്കുന്നതാണ് ഉചിതം. പ്രസ്തുത സ്കൂളുമായി ആ തദ്ദേശഭരണ പ്രദേശത്ത് ആവശ്യമായ തൊഴിൽവിദഗ്ധരെ ബന്ധിപ്പിക്കാം. നാഷണൽ സ്കിൽ ക്വാളിഫയിങ് ഫ്രെയിംവർക്ക് വരുന്നതുകൊണ്ട് വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ അധികമാകാൻ സാധ്യതയുള്ള വൊക്കേഷണർ ഇൻസ്ട്രക്ടർമാരുടെയും ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെയും സേവനം ഈ കേന്ദ്രത്തിലേക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ആദ്യ ഘട്ടം എന്ന നിലയിൽ ഒരു തദ്ദേശസ്വയംഭരണസ്ഥാപന പരിധിയിൽ ഒന്ന് എന്ന നിലയിൽ പണിശാലകൾ (വർക്ക്ഷെഡുകൾ) ഉണ്ടാകണം. തൊഴിൽ നേരിട്ട് അഭ്യസിക്കാനുള്ള ഇടങ്ങളായിരിക്കും ഈ പണിശാലകൾ. പിന്നീട് എല്ലാ സെക്കന്ററി സ്കൂളുകളോടും അനുബന്ധമായി പണിശാലകൾ ഉണ്ടാക്കാം. ശാസ്ത്രീയമായ ആസൂത്രണത്തിലൂടെ അഞ്ചു മുതൽ ഏഴു വരെയുള്ള പ്രൈമറി മുതൽ എട്ടു മുതൽ പന്ത്രണ്ടു വരെയുള്ള സെക്കന്ററി അടക്കം മുഴുവൻ കുട്ടികൾക്കും തൊഴിൽവിദ്യാഭ്യാസത്തിന്റെ അനുഭവതലം അതത് പ്രായത്തിനനുഗുണമായി പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ നടപ്പാക്കാൻ കഴിയണം.

vii. കുട്ടികൾക്കെല്ലാം ശരിയായ വിധത്തിൽ തൊഴിലനുഭവങ്ങൾ ലഭ്യമാകുന്നു എന്ന് മോണിറ്റർ ചെയ്യാനുള്ള സംവിധാനവും ഉണ്ടാകണം.

4) **റിസോഴ്സ് അധ്യാപകർ:** കേരളീയവിദ്യാഭ്യാസം സമീപകാലത്ത് കൈക്കൊണ്ട മാതൃകാപരവും അഭിനന്ദനീയവുമായ ശ്രമമാണ് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു നൽകുന്ന പിന്തുണ. മുൻകാലങ്ങളിൽ പൊതുവിദ്യാഭ്യാസധാരയിൽനിന്ന് ദൂരെ മാറിക്കഴിഞ്ഞിരുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഴുവനും സ്കൂളുകളിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സ്കൂളിൽ എത്തിച്ചേർന്ന കുട്ടികൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസൃതമായി പിന്തുണ കൊടുക്കാൻ ഇനിയും നമുക്ക് കഴിയേണ്ടിയിരിക്കുന്നു. പ്രോജക്ടുകളിൽനിന്നു വരുന്ന സാമ്പത്തികമാണ് ഈ പ്രവർത്തനത്തിന്റെ മുഖ്യസ്രോതസ്സായി പരിഗണിക്കുന്നത്. ഈ പശ്ചാത്തലത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശുപാർശചെയ്യുന്നു.

i. ഓരോ സ്കൂളിലും ഓരോ വർഷവും എത്തിച്ചേരുന്ന സവിശേഷ കഴിവുകളുള്ളവരും അധികപിന്തുണ ആവശ്യമുള്ളവരുമായ കുട്ടികളുടെ എണ്ണം ഓരേപോലെ ആകാൻ സാധ്യതയില്ല. അതുപോലെ എത്തിച്ചേരുന്ന കുട്ടികൾക്കു വേണ്ടുന്ന പിന്തുണയിലും കുട്ടികളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി വൈവിധ്യമുണ്ടാകാം. അതുകൊണ്ടുതന്നെ റിസോഴ്സ് അധ്യാപകരുടെ വൈദഗ്ധ്യത്തിലും വർഷാ

വർഷം വൈവിധ്യം ആവശ്യമായിവരാം. റിസോഴ്സ് അധ്യാപകരുടെ നിയമനം ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചാകണം.

ii. മൈൽഡ് കാറ്റഗറിയിൽ വരുന്ന കുട്ടികളെ തൊട്ടടുത്ത പൊതുവിദ്യാലയങ്ങളിൽ തന്നെ ചേർക്കണം. സാമൂഹീകരണമാണ് ഇവർക്ക് പ്രധാനം. ഇവരുടെ എണ്ണത്തിന നുസരിച്ച് സ്കൂളിൽ റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കണം.

iii. മോഡറേറ്റ് വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് മറ്റു കുട്ടികളുമായി ഒരുമിച്ചിരുന്നു പഠിക്കാനുള്ള അവസരം ഉണ്ടാകണം. അതേപോലെ ഇവരുടെ പരിമിതികൾക്കനു സൃതമായി പ്രത്യേക ശ്രദ്ധ ഉണ്ടാകുംവിധം പ്രത്യേകം പഠനാനുഭവങ്ങൾ ഒരുക്കേണ്ട സാഹചര്യങ്ങളും ഉണ്ടാകും. രണ്ടോ മൂന്നോ സ്കൂളുകളെ ഒരു യൂണിറ്റായി പരിഗ ണിച്ചുകൊണ്ട് റിസോഴ്സ് സെന്ററുകൾ ആവശ്യമാകും. റിസോഴ്സ് സെന്റർ പരിധി യിലുള്ള പ്രദേശങ്ങളിലെ കുട്ടികളെ വാഹനങ്ങളും മറ്റും ഒരുക്കി നിർദിഷ്ട സ്കൂളി ലേക്ക് എത്തിക്കണം. ഈ കുട്ടികൾക്ക് അധിക പരിഗണന വേണ്ടിവരും. ഇവർക്കായി ശാസ്ത്രീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി റിസോഴ്സ് അധ്യാപ കർ ആവശ്യമായിവരും.

iv. ഇതിനെക്കാൾ കൂടുതൽ പ്രയാസമുള്ള കുട്ടികൾക്ക് പ്രത്യേകം സംവിധാനങ്ങൾ ഒരുക്കണം. സാമൂഹീകരണത്തിന് തൊട്ടടുത്ത പൊതുവിദ്യാലയങ്ങളെ ബന്ധിപ്പി ച്ചാൽ മതിയാകും. ഇത്തരം കുട്ടികളെ പരിചരിക്കുന്ന സ്ഥാപനങ്ങളിലും ശാസ്ത്രീയ മാനദണ്ഡങ്ങൾക്കനുസരിച്ച് റിസോഴ്സ് അധ്യാപകർ ഉണ്ടാകണം.

v. നിലവിൽ യോഗ്യതയുള്ള അധ്യാപകരെ താൽക്കാലിക അടിസ്ഥാനത്തിൽ കേന്ദ്രാ വിഷ്കൃത പദ്ധതികളും മറ്റും പ്രയോജനപ്പെടുത്തിക്കൊണ്ട് നിയമിക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ 20 വർഷമായി ഈ പതിവു തുടരുന്നു. നിയമിതരാകുന്ന അധ്യാപകർക്ക് തൊഴിൽസുരക്ഷിതത്വവും ശാസ്ത്രീയമായ സേവനവേതന വ്യവസ്ഥയും ഉണ്ടാകേണ്ടതുണ്ട്. ഒരു തദ്ദേശഭരണസ്ഥാപനത്തെ ഒരു യൂണിറ്റായി പരിഗണിച്ച് ആ പ്രദേശത്തെ റിസോഴ്സ് അധ്യാപകരുടെ ആവശ്യകത കണക്കാക്കി ഈ വിഭാഗം അധ്യാപകരുടെ ഒരു പൂൾ ഉണ്ടാക്കി ഏതെങ്കിലും സ്കൂളുകളിൽ സ്ഥാപിക്കുന്ന ഭിന്നശേഷി കുട്ടികൾക്കുള്ള റിസോഴ്സ് സെന്റർ/ ഓട്ടിസം പാർക്ക് പോലുള്ള സംവിധാനങ്ങളോട് ബന്ധിപ്പിച്ച് അധ്യാപകരെ നിയമിക്കുന്ന കാര്യം സർക്കാർ ഗൗരവപൂർവം പരിഗണിക്കണം. അതുപോലെ ഈ വിഭാഗം അധ്യാപ കരെ സ്ഥിരാധ്യാപകരാക്കി മേൽപ്പറഞ്ഞ സംവിധാനങ്ങളുമായി ബന്ധിപ്പിച്ച് നിയമി ക്കുകയാണെങ്കിൽ ഓരോ സ്കൂളിലും ഓരോ വർഷവും വേണ്ടിവരുന്ന പിന്തുണ യുടെ സ്വഭാവമനുസരിച്ച് വിന്യസിക്കാൻ കഴിയും. അതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ തുടങ്ങിയ സാമ്പത്തികസ്രോതസ്സുകൾ ഫലപ്രദമാക്കി വിനിയോഗി ക്കാനും കഴിയും.

5) **ലൈബ്രേറിയൻ:** അന്വേഷാണത്മകപഠനത്തിൽ പൊതുവായനയ്ക്കും റഫറൻസി ങ്ങിനും പ്രസക്തി ഏറെയാണ്. അതുകൊണ്ടുതന്നെ എല്ലാ വിദ്യാലയങ്ങളിലും പൊതു ലൈബ്രറികളും ക്ലാസ്റൂം ലൈബ്രറികളും ഉണ്ടാകണം. ഇവയുടെ ഉത്തവാദിത്തം താഴെ പറയുന്ന നിലയിലാകാവുന്നതാണ്.

i. ഏഴാം ക്ലാസുവരെ ക്ലാസ് ലൈബ്രറിക്കാകണം മുൻഗണന. അതതു ക്ലാസ് അധ്യാപകർ ലൈബ്രേറിയന്റെ ചുമതല നിർവഹിക്കാം.

ii. സെക്കന്ററി ഘട്ടത്തിൽ പൊതു ലൈബ്രറി അനിവാര്യമാണ്. റഫറൻസിങ്ങിനും മറ്റും പ്രാധാന്യം കൂടുന്നതിനാൽ ലൈബ്രേറിയനായി യോഗ്യതയുള്ള ഒരാളുടെ സേവനം തേടുന്നതാണ് ഉചിതം. പന്ത്രണ്ടാം ക്ലാസുവരെ ഉള്ള വിദ്യാലയങ്ങളിൽ ഇക്കാര്യത്തിന് ഉയർന്ന മുൻഗണന നൽകണം. ലൈബ്രേറിയൻമാരെ നിയമിക്കാനുള്ള സാധ്യത സർക്കാർ പരിശോധിക്കണം.

## നിയന്ത്രണവും മോണിറ്ററിങ്ങും

നിലവിലുള്ള വിദ്യാഭ്യാസചട്ടങ്ങളിൽ എ.ഇ.ഒ, ഡി.ഇ.ഒ, ഡി.ഡി.ഇ. തുടങ്ങിയ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ ഇൻസ്പെക്ഷൻ ആണ് പരാമർശിച്ചിട്ടുള്ളത്. ഭരണനിർവഹണത്തിന്റെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളും അക്കാദമികപ്രവർത്തനങ്ങളും ഇൻസ്പെക്ഷന്റെ ഭാഗമായി പരിശോധിക്കണം. കേരളവിദ്യാഭ്യാസ ചട്ടങ്ങൾ രൂപീകൃതമായ കാലത്തിൽ നിന്നു വിദ്യാഭ്യാസസംവിധാനത്തിൽ കാതലായ മാറ്റങ്ങൾ വന്നിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തെ അക്കാദമികഗുണത വർധിപ്പിക്കാൻ സഹായിക്കുന്ന നിരവധി സംവിധാനങ്ങൾ പുതുതായി ഉണ്ടായിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി, സീമാറ്റ്, എസ്.ഐ.ഇ.ടി, ഡയറ്റുകൾ ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് കൂടാതെ, സമഗ്ര ശിക്ഷ കേരളത്തിന്റെ ഭാഗമായ ബി.ആർ.സികൾ, കൈറ്റ് (ഐ.ടി.@ സ്കൂൾ) തുടങ്ങിയ പ്രോജക്ടുകളോട് ചേർന്നുപോകുന്ന സംവിധാനങ്ങളും നിലവിലുണ്ട്. ഇവയെല്ലാം വിദ്യാഭ്യാസനിയമങ്ങളും ചട്ടങ്ങളും രൂപീകൃതമായ ശേഷം ഉണ്ടായിവന്ന സംവിധാനങ്ങളും സ്ഥാപനങ്ങളുമാണ്. അക്കാദമിക മോണിറ്ററിങ്ങിന് ഇവയുടെയെല്ലാം പങ്കാളിത്തം ഉറപ്പാക്കാൻ കഴിയണം.

*ആയതിനാൽ*

1. ശാസ്ത്രീയമായതും ചിട്ടയായതുമായ മോണറ്ററിങ്ങ് നിശ്ചിത ഇടവേളകളിൽ നടക്കേണ്ടതുണ്ട്. ഇതിനായുള്ള കൃത്യമായ ആസൂത്രണം ഓരോ അക്കാദമികവർഷത്തിലും ഉണ്ടാകണം.

   i. ഓരോ ജില്ലയിലും ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ, ഡയറ്റ് പ്രിൻസിപ്പൽ, കൈറ്റിന്റെ ജില്ലാ ചുമതലയുള്ള ഓഫീസർ, സമഗ്ര ശിക്ഷയുടെ ജില്ലാതല ചുമതലയുള്ള ഓഫീസർ എന്നിവർ അടങ്ങിയ ജില്ലാ മോണിറ്ററിങ് സമിതി രൂപീകരിക്കണം. സർക്കാർ ഓരോ ഘട്ടത്തിലും പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ രൂപീകരിക്കുന്ന സംവിധാനങ്ങളുടെ ജില്ലാ ചുമതലക്കാരും ഈ സമിതിയിൽ അതത് കാലത്ത് അംഗങ്ങളായിരിക്കണം. ഉദാ. നിലവിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായ ജില്ലാ കോഡിനേറ്റർ ഈ സമിതിയിൽ അംഗമായിരിക്കണം.

   ii. ഈ സമിതിയുടെ ചെയർപേഴ്സൺ ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷനും കൺവീനർ ഡയറ്റ് പ്രിൻസിപ്പലും ആയിരിക്കണം. ജില്ലാതല മോണിറ്ററിങ് സമിതിയാണ് നിയന്ത്രണത്തിനും മോണിറ്ററിങ്ങിനുമുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം നടത്തേണ്ടത്.

iii. ജില്ലാതല മോണിറ്ററിങ് സമിതി വേനലവധിക്കാലത്ത് തൊട്ടടുത്ത അക്കാദമിക വർഷം നടത്തേണ്ട നിയന്ത്രണത്തിനും മോണിറ്ററിങ്ങിനുമുള്ള കൃത്യമായ കർമപരി പാടി തയാറാക്കണം.

iv. ജില്ലാതല മോണിറ്ററിങ് സമിതി കർമപരിപാടി തയാറാക്കുമ്പോൾ ജില്ലയിലെ സ്കൂളു കളിൽ നടക്കുന്ന ഭരണപരവും അക്കാദമികവുമായ പ്രവർത്തനങ്ങൾ (ക്ലാസ് മുറിയിലെ പഠന-പാഠന പ്രവർത്തനങ്ങളുൾപ്പെടെ), വിവിധ തലങ്ങളിലുള്ള ഓഫീസു കളിൽ നടക്കുന്ന ഭരണപരവും അക്കാദമികവുമായ ഇടപെടലുകൾ എന്നിവയെല്ലാം മോണിറ്റർ ചെയ്യാൻ ആവശ്യമായ പ്രവർത്തനപദ്ധതി ഉൾപ്പെടുത്തണം.

v. എല്ലാ സ്കൂളുകളിലും വിവിധ തലങ്ങളിലുള്ള ഓഫീസുകളിലും നടക്കുന്ന അക്കാദ മികപ്രവർത്തനങ്ങളും ഭരണനിർവഹണകാര്യങ്ങളും വർഷാവർഷം സോഷ്യൽ ഓഡിറ്റിങ്ങിനും വിധേയമാകണം. ജനാധിപത്യസംവിധാനത്തിൽ ജനങ്ങളെ വിശ്വാ സത്തിൽ എടുത്തുകൊണ്ടു മാത്രമേ 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്ന കാഴ്ചപ്പാട് സാർഥകമാക്കാൻ കഴിയൂ. കുട്ടികൾ പഠനത്തിന്റെ ഭാഗമായി ആർജിച്ച അറിവും കഴിവും നൈപുണികളും സോഷ്യൻ ഓഡിറ്റിങ്ങിന്റെ ഭാഗമാകണം. സോഷ്യൽ ഓഡിറ്റിങ്ങിന് ആവശ്യമായ ഉപാധികളും രീതിശാ സ്ത്രവും സമയക്രമവും ജില്ലാതല മോണിറ്ററിങ് സമിതി വികസിപ്പിക്കണം.

vi. നിയന്ത്രണത്തിനും മോണിറ്ററിങ്ങിനുമായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് നിജപ്പെടുത്തണം. ജെ.ഡി.എസ്.ഇ, എസ്.ഇ.ഒ.മാർ, എ.എസ്.ഇ.ഒ മാർ, പഞ്ചായത്ത് എജ്യുക്കേഷൻ ഓഫീസർമാർ, ഡയറ്റ് പ്രിൻസിപ്പൽ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, സമഗ്ര ശിക്ഷ കേരളം ജില്ലാതല ഓഫീസർ, പ്രോഗ്രാം ഓഫീസർമാർ, ബ്ലോക്ക് പ്രൊജക്ട് ഓഫീസർ (ബി.പി.ഒ.), ബി.പി.ഒ. ട്രെയിനർമാർ, കൈറ്റ് ജില്ലാതല ഉദ്യോഗസ്ഥർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കോർഡി നേറ്റർ, വിഷയവിദഗ്ധർ എന്നിവരെല്ലാം മോണിറ്ററിങ്ങിന് ചുമതലപ്പെടുത്തുന്നവരുടെ പട്ടികയിൽ ഉണ്ടാകണം.

vii. ഇങ്ങനെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഏതെല്ലാം സ്ഥാപനങ്ങൾ, വിദ്യാലയഘട്ട ങ്ങൾ മോണിറ്റർ ചെയ്യാൻ അർഹരാണ് എന്നത് കൃത്യമായി നിജപ്പെടുത്തണം.

viii. എസ്.ഇ.ഒ. തലത്തിലും നിയന്ത്രണത്തിനും മോണിറ്ററിങ്ങിനും സമിതിയുണ്ടാകണം. എസ്.ഇ.ഒ, എ.എസ്.ഇ.ഒ, ബി.പി.ഒ, ഡയറ്റ് പ്രതിനിധി എന്നിവർ ഇതിൽ അംഗങ്ങ ളാകണം.

2. തത്സ്ഥല സഹായം (ഓൺ സൈറ്റ് സപ്പോർട്ട്) മോണിറ്ററിങ്ങിന്റെ അവിഭാജ്യ ഭാഗമാ കണം.

3. സംവിധാന മോണിറ്ററിങ് (System monitoring), അക്കാദമിക മോണിറ്ററിങ് (Academic Monitoring), ഫലപ്രാപ്തി മോണിറ്ററിങ് (Impact analysis & monitoring) എന്നീ ഘടകങ്ങൾ മോണിറ്ററിങ്ങിന്റെ ഭാഗമായി മാറണം. മോണിറ്ററിങ് സംവിധാനം വിദ്യാഭ്യാസഘടനയു ടെയും പ്രവർത്തനത്തിന്റെയും സ്വാഭാവിക ഭാഗമായിത്തീരണം.

4. സംവിധാന മോണിറ്ററിങ് (System monitoring) ഭരണനിർവഹണസംവിധാനത്തിന്റെ ചുമ തലയാകണം. സ്കൂളുകളിൽ നടക്കുന്ന ഭരണപരവും അക്കാദമികവുമായ എല്ലാ കാര്യ

ങ്ങളും ഈ മോണിറ്ററിങ്ങിന്റെ ഭാഗമായി നടക്കണം. ഏറ്റവും മികച്ച അക്കാദമിക കേന്ദ്രമായി സ്കൂളുകൾ മാറാൻ വേണ്ട പശ്ചാത്തലം ഒരുക്കുന്നതിലെ ശക്തിദൗർബല്യങ്ങൾ കണ്ടെത്തുക എന്നതാകണം ഈ മോണിറ്ററിങ്ങിൽ പ്രധാനം.

5. അക്കാദമിക മോണിറ്ററിങ് അക്കാദമികകാര്യങ്ങളിൽ അധ്യാപകരെയും സ്കൂളിനെയും സഹായിക്കാനാകണം.

6. വിദ്യാഭ്യാസരംഗത്ത് കാര്യക്ഷമത വർധിപ്പിക്കാനും ഗുണമേന്മ ഉറപ്പാക്കാനും നടക്കുന്ന ഏതു പദ്ധതിയുടെയും (പ്രോഗ്രാം) ഫലപ്രാപ്തിവിശകലനം അതത് ഘട്ടത്തിൽ നടക്കണം. ഇതിനായി കൃത്യമായ ഒരു ഫീഡ്ബാക്ക് സംവിധാനം രൂപപ്പെടുത്തണം. സാങ്കേതികവിദ്യ ഇത്രയേറെ വികസിച്ച അവസരത്തിൽ ഇ-ഓഫീസും ഹൈടെക് ക്ലാസ്മുറികളും യാഥാർഥ്യമായ സാഹചര്യത്തിൽ ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഫീഡ്ബാക്ക് സംവിധാനത്തിനും അതിലൂടെ ലഭിക്കുന്ന ദത്തങ്ങളെ (ഡാറ്റ) പ്രയോജനപ്പെടുത്തി ഫലപ്രാപ്തിവിശകലനത്തിനും പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം. ഈ വിശകലനത്തിൽ കണ്ടെത്തുന്ന കാര്യങ്ങൾക്കനുസൃതമായി സംവിധാനപരമായ തിരുത്തലുകൾ അതത് സമയത്തുതന്നെ വരുത്തണം.

7. നിയന്ത്രണത്തിനായും മോണിറ്ററിങ്ങിനായും രൂപീകൃതമായ ജില്ലാതല സംവിധാനങ്ങളെയും അവയ്ക്കൊരോന്നിനും സംസ്ഥാനതലത്തിൽ നേതൃത്വം നൽകുന്ന സംവിധാനങ്ങളുടെ പ്രവർത്തനങ്ങളെയും മോണിറ്റർ ചെയ്യുന്നതിനും ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും സംസ്ഥാനതലത്തിൽ മോണിറ്ററിങ് സമിതി ആവശ്യമാണ്. എല്ലാ ഡയറക്ടർമാരും ഈ സമിതിയിൽ അംഗങ്ങളാകണം. പൊതുവിദ്യാഭ്യാസ സെക്രട്ടറി മോണിറ്ററിങ് സമിതിയുടെ ചെയർപേഴ്സൻ ആകണം. ഭരണനിർവഹണകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ സമിതി കൺവീനറും അക്കാദമിക ചുമതലയുള്ള എസ്.സി.ഇ.ആർ.ടി. ഡയറക്ടർ കോ-കൺവീനറുമാകാം.

8. മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ വിശദമായ സർക്കാർ ഉത്തരവ് ഉണ്ടാകണം. വിദ്യാഭ്യാസചട്ടങ്ങളിലും ഇതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തണം.

## വിദ്യാഭ്യാസവകുപ്പിലെ വിവിധ ഏജൻസികൾ

സംവിധാനത്തിന്റെ ഭാഗമായ ഏജൻസികൾ ഡി.എസ്.ഇ, എസ്.സി.ഇ.ആർ.ടി, സീമാറ്റ്, എസ്.ഐ.ഇ.ടി, എസ്.ഐ.എം.സി. എന്നിവയാണ്. കൂടാതെ പ്രോജക്ടുകൾ എന്ന നിലയിൽ സമഗ്രശിക്ഷയും ഐ.ടി.@ സ്കൂളും (കൈറ്റ്) കൂടിയുണ്ട്. ഇവയെല്ലാം തമ്മിൽ കൃത്യമായ ഏകോപനം ഉണ്ടാകണം.

1. സംവിധാനത്തിന്റെ ഭരണനിർവഹണം നടത്തേണ്ടത് ഡി.എസ്.ഇ. വഴിയാണ്. സിസ്റ്റം മോണിറ്ററിങ്ങും ഇതുവഴിതന്നെ നടക്കണം.

### (1) എസ്.സി.ഇ.ആർ.ടി.

1. 1964 ൽ സ്ഥാപിതമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷനാണ് 1994 – ൽ എസ്.സി.ഇ.ആർ.ടിയായി മാറിയത്.

2. സ്കൂൾ വിദ്യാഭ്യാസരംഗത്ത് അക്കാദമികനേതൃത്വം വഹിക്കേണ്ട സ്ഥാപനമാണിത്. അതുപോലെ സ്കൂൾവിദ്യാഭ്യാസരംഗത്തെ അക്കാദമികമായ കാര്യങ്ങളുമായി ബന്ധ

പ്പെട്ട നയപരമായ തീരുമാനം കൈക്കൊള്ളുന്ന ഘട്ടത്തിൽ സംസ്ഥാനസർക്കാരിന് ഉപദേശം നൽകാൻ ബാധ്യതപ്പെട്ട സ്ഥാപനവുമാണിത്.

3. സ്വയംഭരണസ്ഥാപനം എന്ന നിലയിൽ എസ്.സി.ഇ.ആർ.ടി. ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ നിലവിൽ വരുകയും ചെയ്തെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു സ്പെഷ്യൽ റൂൾ ഇതുവരെ രൂപകല്പന ചെയ്തിട്ടില്ല.

4. നിലവിലുള്ള സേവനവേതനഘടന മികച്ച അക്കാദമിക്കുകളെ ആകർഷിക്കാൻ പര്യാപ്തമല്ല.

5. പാഠപുസ്തകം വികസപ്പിക്കുക എന്ന ബൃഹത്തായ പ്രവർത്തനത്തിൽ കുടുങ്ങിയിരിക്കുന്ന ഫാക്കൽറ്റികൾക്ക് അവശ്യം വേണ്ട ഗവേഷണപ്രവർത്തനങ്ങൾ നടത്താൻ പറ്റാത്ത ഭൗതിക-അക്കാദമിക അവസ്ഥയാണ് നിലനിൽക്കുന്നത്.

6. അക്കാദമിക കാര്യങ്ങളിൽ ജില്ലയിലെ കേന്ദ്രമായ ഡയറ്റുകളുമായി അക്കാദമികമായ നിയന്ത്രണങ്ങളൊന്നുംതന്നെ എസ്.സി.ഇ.ആർ.ടിക്കില്ല എന്നത് വലിയ പരിമിതിയാണ്.

*ആയതിനാൽ*

1. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാട് സാർഥകമാക്കാൻ കഴിയുന്നതിനാവശ്യമായ അക്കാദമിക നിർദേശങ്ങളും ഉപദേശങ്ങളും സർക്കാരിന് നൽകാൻ കഴിയുംവിധമുള്ള ഒരു അക്കാദമികകേന്ദ്രമാക്കി എസ്.സി.ഇ.ആർ.ടിയെ വളർത്തണം.

2. ഇതിന് കഴിയണമെങ്കിൽ കഴിവുള്ള ഫാക്കൽറ്റികളെ എസ്.സി.ഇ.ആർ.ടിയിലേക്ക് ആകർഷിക്കാൻ കഴിയണം. അതിനാവശ്യമായ സ്പെഷ്യൽ റൂൾ എത്രയും പെട്ടെന്ന് വികസിപ്പിക്കണം. നിലവിലുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ വച്ചുകൊണ്ട് എസ്.സി.ഇ.ആർ.ടിയെ നിലവിലുള്ള അക്കാദമിക വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയുന്ന ഒരു സ്ഥാപനമാക്കി മാറ്റാൻ പ്രയാസമുണ്ട്. അതുകൊണ്ട് പുതിയൊരു മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ വികസിപ്പിക്കുകയും അതനുസരിച്ചുള്ള സ്പെഷ്യൽ റൂൾ ഉണ്ടാക്കുകയും വേണം.

3. സ്കൂൾവിദ്യാഭ്യാസരംഗത്തെ നയരൂപീകരണം, പാഠ്യപദ്ധതി വികസിപ്പിക്കൽ, അതിന്റെ തുടർച്ചയായി സ്ഥാപനപരമായ ചട്ടക്കൂട് രൂപീകരിക്കൽ, ഇത് നടപ്പാക്കുന്നു എന്നുറപ്പാക്കാനുള്ള അക്കാദമികവിഭവങ്ങൾ വികസിപ്പിക്കൽ, ഇതിനായി ഫാക്കൽറ്റികളെയും അധ്യാപകരെയും സജ്ജമാക്കൽ, പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ച് ഗവേഷണപരമായ അന്വേഷണം നടത്തൽ, ശക്തിദൗർബല്യങ്ങൾ കണ്ടെത്തൽ, ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർശ്രമങ്ങൾ നടത്തൽ, ഗവേഷണഫലങ്ങൾ അക്കാദമികസമൂഹവും പൊതുസമൂഹവുമായി പങ്കുവയ്ക്കൽ എന്നിവയെല്ലാം എസ്.സി.ഇ.ആർ.ടിയുടെ ഉത്തരവാദിത്തമായി നിജപ്പെടുത്തണം.

4. ഉയർന്നതലത്തിൽ അക്കാദമികനേതൃത്വം നൽകാൻ ശേഷിയുള്ള ഫാക്കൽറ്റികളെ കണ്ടെത്തി നിയമിക്കാൻ കഴിയുംവിധം ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും നിർമിക്കണം.

5. നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് ഓൺ ടീച്ചർ എജ്യുക്കേഷൻ എസ്.സി.ഇ. ആർ.ടികളെ സംബന്ധിച്ച് മുന്നോട്ടുവച്ച കാഴ്ചപ്പാട് സാർഥകമാക്കുംവിധം സ്കൂൾ വിദ്യാഭ്യാസത്തെയും ഉന്നതവിദ്യാഭ്യാസത്തെയും കൂട്ടിയിണക്കുന്ന കണ്ണിയായി എസ്. സി.ഇ.ആർ.ടി. മാറണം. ശാസ്ത്രീയമായ പ്രീസർവീസ്, ഇൻസർവീസ് പരിശീലനങ്ങളുടെ ആസൂത്രണവും നടത്തിപ്പും ഏറ്റെടുക്കാൻ കഴിയുന്നവിധത്തിൽ എസ്.സി.ഇ. ആർ.ടിയെ മാറ്റിയെടുക്കണം.

6. ഫാക്കൽറ്റികളെ കണ്ടെത്തുമ്പോൾ പ്രത്യേക ശ്രദ്ധ വേണം. അക്കാദമികമികവായിരിക്കണം മാനദണ്ഡം. സ്കൂൾ അധ്യാപനപരിചയമുള്ളവരായിരിക്കണം നിശ്ചിതശതമാനം ഫാക്കൽറ്റി അംഗങ്ങൾ. കേവലം സർവീസ് സീനിയോറിറ്റിക്കനുസരിച്ച് ഉയർന്ന തസ്തികയിലേക്ക് സ്വാഭാവികമായും പ്രമോഷൻ നൽകുന്ന രീതി എസ്.സി.ഇ.ആർ.ടി. അവലംബിക്കരുത്.

7. കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ധരായ അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയുംവിധം അധ്യാപക ഫെലോഷിപ്പ്, വിസിറ്റിങ് ഫെലോഷിപ്പ് തുടങ്ങിയവ വിഭാവനം ചെയ്യണം.

8. വിദ്യാഭ്യാസരംഗത്ത് കരിക്കുലം വികസനം, പാഠപുസ്തകനിർമാണം, പ്രീസർവീസ്, ഇൻസർവീസ്, ഇൻഡക്ഷൻ കോഴ്സുകൾ എന്നിവ മികച്ച നിലയിൽ നടത്തണമെങ്കിൽ ആഴത്തിലുള്ള അക്കാദമികഗവേഷണങ്ങൾ നടക്കണം. ഇതിനെല്ലാം കഴിയുംവിധം ഒരു വിദ്യാഭ്യാസ ഗവേഷണ കേന്ദ്രമായി എസ്.സി.ഇ.ആർ.ടി യെ പരിവർത്തിപ്പിക്കണം.

9. വിദ്യാഭ്യാസരംഗത്തെ ഒരു വിഭവകേന്ദ്രം എന്ന നിലയിൽ വികസിപ്പിക്കുന്ന വിഭവങ്ങളെ അത് അച്ചടിമാധ്യമത്തിലായാലും ആധുനിക സാങ്കേതികവിദ്യാമാധ്യമങ്ങൾ വഴിയായാലും പ്രചരിപ്പിക്കുന്നതിന് കഴിയുന്ന പബ്ലിക്കേഷൻ വിഭാഗം എസ്.സി.ഇ.ആർ.ടിയിൽ വികസിപ്പിക്കണം.

10. ഡയറ്റുകളുടെ അക്കാദമികവും ഭരണപരവുമായ നേതൃത്വം എസ്.സി.ഇ.ആർ.ടിക്കാകണം. എസ്.സി.ഇ.ആർ.ടിയുടെ ഉപകേന്ദ്രങ്ങളായി കാലക്രമേണ ഡയറ്റുകളെ വളർത്തിയെടുക്കണം.

11. അക്കാദമികസ്ഥാപനമെന്ന നിലയിൽ അക്കാദമികവിദഗ്ധർ അടങ്ങിയ അക്കാദമിക കൗൺസിൽ എസ്.സി.ഇ.ആർ.ടിയുടെ ഭാഗമായി രൂപീകരിക്കണം. കരിക്കുലം കമ്മിറ്റി കരിക്കുലം സംബന്ധിയായ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതുപോലെ എസ്. സി.ഇ.ആർ.ടിയിലെ ഗവേഷണപ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കേണ്ടത് അക്കാദമിക കൗൺസിലായിരിക്കണം.

**ടെക്സ്റ്റ്ബുക്ക് ആർക്കൈവ്സ് :** വിദ്യാഭ്യാസരംഗത്ത് കരിക്കുലം പരിഷ്കരണത്തിനും പാഠപുസ്തകനിർമിതിക്കും സഹായകമായ ഒട്ടേറെ അക്കാദമികഗവേഷണങ്ങൾ നടക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ പലകാലങ്ങളിലായി ഉണ്ടായിരുന്ന പാഠപുസ്തകങ്ങളും അനുബന്ധ ഉപാധികളും അതതു ഘട്ടങ്ങളിൽ ശേഖരിച്ചു വയ്ക്കേണ്ടതുണ്ട്. ഇതോടൊപ്പം ഇന്ത്യക്കകത്തും പുറത്തുമുള്ള എല്ലാതരം വിഭവങ്ങളും ഒരു കേന്ദ്രത്തിൽ ശേഖരിച്ചു വയ്ക്കുന്നതു ഗവേഷണാത്മക അന്വേഷണത്തിനുള്ള മുന്നുപാധിയാണ്. ഇതിനുള്ള പ്രാരംഭശ്രമങ്ങൾ എസ്.സി.ഇ.ആർ.ടിയിൽ ആരംഭിച്ചിട്ടുണ്ട്. അത് എത്രയും വേഗം വിപുലീകരിക്കണം. ലോകത്തുള്ള മറ്റു രാജ്യങ്ങളിലെ അനുഭവങ്ങൾകൂടി പരിഗണിച്ച ഒരു

സംവിധാനമായി ഇതു വളരണം. വിദ്യാഭ്യാസസംബന്ധിയായ എല്ലാ കാര്യങ്ങളും ശേഖരിച്ച് ഭാവിതലമുറയ്ക്ക് പ്രയോജനപ്പെടുത്താവുന്ന ഒരു കേന്ദ്രമായി ഇതു വളർന്നു വികസിക്കണം.

## (2) ഡയറ്റുകൾ

1. 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായാണ് ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷൻ ആന്റ് ട്രെയിനിങ് സ്ഥാപിതമായത്. കേരളത്തിൽ എല്ലാ ജില്ലകളിലും ഡയറ്റുകളുണ്ട്.
2. പ്രാഥമികവിദ്യാഭ്യാസരംഗത്ത് ക്രിയാത്മകമായി ഇടപെടാൻ ബാധ്യതയുള്ള സ്ഥാപനമാണ് ഡയറ്റ്. അതിനുള്ള ശ്രമങ്ങൾ പ്രാരംഭഘട്ടത്തിൽ നടത്തിയിരുന്നെങ്കിലും പിന്നീട് അത് വേണ്ട വിധത്തിൽ വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.
3. ഡയറ്റുകൾക്ക് അക്കാദമികനേതൃത്വം നൽകാൻ ഒരു സംസ്ഥാനതല സംവിധാനം നിലവിലില്ല.
4. വേണ്ടതോതിൽ ഫാക്കൽറ്റികളില്ലാത്തതും നടത്തിപ്പുമായി ബന്ധപ്പെട്ട കൃത്യമായ ചട്ടങ്ങളില്ലാത്തതും പ്രതിബന്ധമാണ്.

*ആയതിനാൽ*

i. നിലവിൽ പ്രൈമറി വിദ്യാഭ്യാസത്തിനായി ജില്ലാതലത്തിലുള്ള അക്കാദമികസ്ഥാപനമാണ് ഡയറ്റുകൾ. ഇന്നത്തെ അവസ്ഥയിൽനിന്നു പുതിയ തലത്തിലേക്ക് ഡയറ്റുകൾ മാറണം. ജില്ലയിലെ പ്രീസ്കൂൾ മുതൽ പന്ത്രണ്ടാം ക്ലാസ്വരെയുള്ള സെക്കന്ററി വിദ്യഭ്യാസത്തിന്റെ അക്കാദമികനേതൃത്വം ഡയറ്റുകൾക്കാകണം.

ii. ഡയറ്റുകൾ ജില്ലയുടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമികകേന്ദ്രങ്ങളായി മാറണം. അതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അടക്കം സഹായം നൽകുന്ന കേന്ദ്രങ്ങളായും മാറണം.

iii. വിദ്യാഭ്യാസരംഗത്തെ വിവിധ ഏജൻസികൾ, വിവിധ തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ നടപ്പാക്കുന്ന എല്ലാതരം വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഏകോപനവും മോണിറ്ററിങ്ങും വിദ്യാഭ്യാസപരമായ അക്കാദമികനേതൃത്വവും ഡയറ്റുകൾ നിർവഹിക്കണം. ഇതിന് കഴിയുന്ന വിധത്തിൽ ഡയറ്റുകളെ ശക്തിപ്പെടുത്തണം.

iv. ജില്ലയിലെ ബി.ആർ.സികൾക്കുള്ള അക്കാദമികനേതൃത്വവും ഡയറ്റുകൾ വഴിയാകണം.

v. ഡയറ്റുകൾക്ക് കൃത്യമായ അക്കാദമികമേൽനോട്ടം സംസ്ഥാലതലത്തിൽ ഉണ്ടാകണം. എസ്.സി.ഇ.ആർ.ടിയുടെ കീഴിലുള്ള സ്ഥാപനമായി ഡയറ്റുകൾ മാറണം. ക്രമേണ എസ്.സി.ഇ.ആർ.ടിയുടെ ഉപകേന്ദ്രങ്ങളായി ഡയറ്റുകൾ മാറണം.

vi. എസ്.സി.ഇ.ആർ.ടിയും ഡയറ്റുകളും മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളുടെ ഫീൽഡ്തല പ്രവർത്തനങ്ങൾ നടക്കേണ്ടത് പ്രൈമറി ക്ലാസുകളെ സംബന്ധിച്ച് ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ വഴിയാണ്. അതുകൊണ്ടുതന്നെ ജില്ലകളിലെ ബി.ആർ.സി.കൾക്ക് അക്കാദമികമായി നേതൃത്വം നൽകാനുള്ള ചുമതല ഡയറ്റുകൾക്കാകണം.

vii. ജില്ലാതല വിദ്യാഭ്യാസ ആസൂത്രണത്തിന്റെ ഉത്തരവാദിത്തം ഡയറ്റുകൾക്കാകണം. അതുകൊണ്ടുതന്നെ ജില്ലയിലെ വിദ്യാഭ്യാസ ദത്തങ്ങളുടെ കലവറ (ഡാറ്റാ സെന്റർ)

ഡയറ്റുകളാകണം. ഡയറ്റുകളിലെ പ്ലാനിങ് ആന്റ് മാനേജ്മെന്റ് വിഭാഗം ഇതനുസരിച്ച് ശക്തിപ്പെടുത്തണം.

viii. ജില്ലാ ഭരണകൂടങ്ങൾക്ക് അക്കാദമിക ആസൂത്രണത്തിനും ജില്ലകളിൽ രൂപീകരിക്കേണ്ട നയപരമായ കാര്യങ്ങൾക്കും ഉപദേശം നൽകാൻ കഴിയുംവിധം ഡയറ്റുകൾ വളരണം.

ix. ഡയറ്റുകൾ എസ്.സി.ഇ.ആർ.ടിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന കേന്ദ്രനിർദേശം എത്രയും വേഗം കേരളത്തിൽ പ്രായോഗികമാക്കണം.

x. ഡയറ്റുകളെ അക്കാദമികമായി ശക്തിപ്പെടുത്തണമെങ്കിൽ ഇതാവശ്യമാണ്. ഡയറ്റിനും കൃത്യമായ നിയമമുണ്ടാക്കി തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

xi. പന്ത്രണ്ടാം ക്ലാസ്‌വരെയുള്ള വിദ്യാഭ്യാസത്തിന്റെ നേതൃസ്ഥാനത്തേക്ക് വരുന്നതോടുകൂടി ഡയറ്റുകളിലെ ഫാക്കൽറ്റികളുടെ കാഡറിലും വ്യത്യാസം ആവശ്യമായി വരുന്നുണ്ട്. ഈ രംഗത്ത് ഏറ്റവും മികച്ച അക്കാദമികപ്രതിഭകളെ കണ്ടെത്തണമെങ്കിൽ മെച്ചപ്പെട്ട സേവനവേതനവ്യവസ്ഥകൾ അനിവാര്യമാണ്.

   a. എൻട്രി കാഡറായ ലക്ചറർ തസ്തിക അസിസ്റ്റന്റ് സ്കൂൾ എജ്യുക്കേഷൻ ഓഫീസറുടെ കാഡറിന് തുല്യമാക്കാവുന്നതാണ്.

   b. സീനിയർ ലക്ചറർ തസ്തിക സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ കാഡറിന് തുല്യമാക്കാവുന്നതാണ്.

   c. പ്രിൻസിപ്പൽ തസ്തിക ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ കാഡറിന് തുല്യമാക്കാവുന്നതാണ്.

   d. ഡയറ്റുകളുടെ ഭരണപരവും അക്കാദമികവുമായ ചുമതല എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്കായിരിക്കും.

   e. സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ഡയറ്റുകളുടെ ഭരണനിർവഹണ അക്കാദമിക കാര്യങ്ങളിൽ സഹായിക്കാൻ സീനിയർ ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ കാഡറിലുള്ള അക്കാദമിക കോഡിനേറ്റർ ഡയറ്റ് (എ.സി.ഡി) എന്ന പുതിയ തസ്തിക സൃഷ്ടിക്കണം. ഡയറ്റ് പ്രിൻസിപ്പൽമാരുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽനിന്നു സ്ഥാനക്കയറ്റം നൽകി അക്കാദമിക കോഡിനേറ്റർ - ഡയറ്റ് നിയമിക്കേണ്ടതാണ്.

xiii. ഡയറ്റ് ഫാക്കൽറ്റികളുടെ അക്കാദമിക കാര്യക്ഷമതയും മികവും നിരന്തരം വിലയിരുത്തേണ്ടതാണ്. ഇതിനായി കൃത്യമായ ഗുണതാസൂചകങ്ങൾ വികസിപ്പിക്കണം. വ്യക്തിപരമായ വിലയിരുത്തൽ സംബന്ധിച്ച് മാർഗരേഖ ഉണ്ടാകണം. ഇതിനായി ഒരു അക്കാദമികസംവിധാനം നിലവിലുണ്ടാവണം. അക്കാദമികകാര്യങ്ങളിൽ യാതൊരുവിധ മികവും കാട്ടാത്തവരെ എങ്ങനെ പരിഗണിക്കണമെന്നതിൽ അക്കാദമികവിദഗ്ധരുടെ കൂടി അഭിപ്രായം തേടി സർക്കാർ തീരുമാനം കൈക്കൊള്ളണം.

xiv. ഫാക്കൽറ്റി വികസനത്തിനായി കാര്യക്ഷമമായ പദ്ധതി എസ്.സി.ഇ.ആർ.ടി. തയാറാക്കണം.

## ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

ഇംഗ്ലീഷ് ഭാഷാ ബോധനം മെച്ചപ്പെടുത്തുന്നതിനായി ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ് (ഡി.സി.ഇ) കളും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷും (എസ്.ഐ.ഇ) നിലവിലുണ്ട്. 1990 ജനുവരിയിലാണ് ആദ്യത്തെ ഡിസ്ട്രിക്ട് സെന്റ് ഫോർ ഇംഗ്ലീഷ് തൃശൂർ ഡയറ്റിന്റെ ഭാഗമായി ആരംഭിച്ചത്. പിന്നീട് കോഴിക്കോട്ടും തിരുവനന്തപുരത്തും കൊല്ലത്തും മൂന്നു കേന്ദ്രങ്ങൾ ആരംഭിച്ചു. ആദ്യഘട്ടത്തിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് ഹൈദരാബാദിന്റെ അക്കാദമികവും സാമ്പത്തികവുമായ പിന്തുണയോടെയാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചത്. എന്നാൽ നിലവിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് ഹൈദരാബാദിന്റെ സാമ്പത്തികമോ മറ്റു സഹായകമോ ലഭ്യമാക്കുന്നില്ല. മാത്രവുമല്ല, കേരളീയസമൂഹം ആഗ്രഹിക്കുംവിധം ഇംഗ്ലീഷ്ഭാഷ മെച്ചപ്പെടുത്തി പഠനം നടത്താൻ കുട്ടികളെ സഹായിക്കാൻ ആവശ്യമായ ബോധനരൂപങ്ങൾ വികസിപ്പിക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നുമില്ല.

*ആയതിനാൽ*

1) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് (എസ്.ഐ.ഇ) സംസ്ഥാനതലത്തിലുള്ള അക്കാദമിക സ്ഥാപനമായ എസ്.സി.ഇ.ആർ.ടിയിലെ കരിക്കുലം വിഭാഗത്തിന്റെ കീഴിൽ ഇംഗ്ലീഷ് ഭാഷ വികാസത്തിനുള്ള ഉപകേന്ദ്രമാക്കി മാറ്റേണ്ടതാണ്.
2) ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷു (ഡി.സി.ഇ) കളെ ഡയറ്റുകളുടെ പരിധിയിൽ കൊണ്ടുവന്ന് ഇംഗ്ലീഷ് ഭാഷാപഠനത്തിനുള്ള സംവിധാനങ്ങളായി പരിവർത്തിപ്പിക്കണം.

## (3) സീമാറ്റ്

2005 ൽ ആണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിങ് – കേരള പ്രവർത്തനമാരംഭിച്ചത്. വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആസൂത്രണത്തിലും നിർവഹണത്തിലുമുള്ള കഴിവ് ശാസ്ത്രീയമായി ചിട്ടപ്പെടുത്തി വികസിപ്പിക്കാൻ സഹായിക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യം. ഒരു സ്വയംഭരണസ്ഥാപനമെന്ന നിലയിൽ ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണാർഥത്തിൽ നിറവേറ്റുന്ന സ്ഥാപനമായി ഇത് മാറിയിട്ടില്ല.

*ആയതിനാൽ*

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന നിലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സാമൂഹികപിന്തുണയോടെ മുന്നേറുമ്പോൾ അതിനെ സ്ഥായിയാക്കുന്നതിന് അനുഗുണമായ സ്കൂൾ മാനേജ്മെന്റ് സംവിധാനം എല്ലാ തലത്തിലും വികസിപ്പിക്കാനാവശ്യമായ നേതൃത്വം വഹിക്കാൻ കഴിയുംവിധം സീമാറ്റ് കേരളയെ പരിവർത്തിപ്പിക്കേണ്ടതാണ്.
2. സ്കൂൾ തലം മുതൽ സംസ്ഥാനതലം വരെ വിദ്യാഭ്യാസ ആസൂത്രണത്തിനും നിർവഹണത്തിനും അവയുടെയെല്ലാം ജനാധിപത്യപരമായ മാനേജ്മെന്റിനുമുള്ള നേതൃശേഷിക്ക് ഫലപ്രദമായ പരിശീലനം നടത്താൻ സീമാറ്റിന് കഴിയണം. ഇതിനെല്ലാമാവശ്യമായ വിഭവങ്ങൾ വികസിപ്പിക്കുക എന്നതും സീമാറ്റിന്റെ കടമയാകണം.

3. വിദ്യാഭ്യാസ മാനേജ്മെന്റ് മേഖലയിൽ നയപരവും പ്രായോഗികവുമായ അംശങ്ങൾ ഉൾക്കൊണ്ട് പദ്ധതികൾ വിഭാവനം ചെയ്യാനും അവയെ ചിട്ടപ്പെടുത്തി ആസൂത്രണം ചെയ്യാനും ഫലപ്രദമായി നിർവഹണം നടത്താനും ദൗർബല്യങ്ങൾ പരിഹരിച്ചു മുന്നേറാനും ഓരോ തലത്തിലെയും ഉത്തരവാദികളുടെ മാനേജ്മെന്റ് ശേഷി വികസിപ്പിക്കാനുമുള്ള ഉത്തരവാദിത്തം സീമാറ്റ് കേരളയ്ക്കായിരിക്കണം. ഇതിനാവശ്യമായ വിഭവങ്ങളും പരിശീലനതന്ത്രങ്ങളും സീമാറ്റ് രൂപപ്പെടുത്തണം. ഇങ്ങനെ ചെയ്യുമ്പോൾ ആധുനിക സാങ്കേതികവിദ്യാസാധ്യതകളെല്ലാം പരിഗണിക്കേണ്ടതാണ്.

4. കുട്ടികളെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ആസൂത്രണ-ഭരണനിർവഹണ രീതി സ്വാംശീകരിക്കാൻ വിദ്യാഭ്യാസസംവിധാനത്തെ ആകെ പ്രാപ്തമാക്കാനാവശ്യമായ പദ്ധതികൾ രൂപീകരിച്ച് ഫലപ്രദമായി നടപ്പാക്കുക എന്നതും സീമാറ്റിന്റെ ചുമതലയാകണം.

5. കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയിലെ ആസൂത്രണത്തിന്റെയും നിർവഹണത്തിന്റെയും കേന്ദ്രമായി മാറണമെങ്കിൽ പൊതുവിദ്യാഭ്യാസമേഖലയിലെ മുഴുവൻ ദത്തങ്ങളുടെയും ഏകോപിതകലവറയായി (സ്റ്റേറ്റ് ഡാറ്റാ സെന്റർ) സീമാറ്റിനെ നിജപ്പെടുത്തണം. വിദ്യാഭ്യാസവകുപ്പിലെ നയരൂപീകരണ സമിതികൾക്ക് ദത്തങ്ങൾ ആവശ്യാനുസരണം വിശകലനം ചെയ്ത് എത്തിക്കാനുള്ള ചുമതലയും സീമാറ്റിനാകണം. അങ്ങനെയേ വിദ്യാഭ്യാസമേഖലയിലെ സംസ്ഥാനത്തെ ഡാറ്റാ ഹബ്ബ് ആയി സീമാറ്റിന് മാറാൻ കഴിയൂ. ജില്ലകളിലെ ദത്തകലവറ ചുമതലക്കാരായ ഡയറ്റിലെ പ്ലാനിങ് & മാനേജ്മെന്റ് വിഭാഗവുമായി സീമാറ്റ് കേരളയ്ക്ക് ജൈവബന്ധമുണ്ടാകണം.

6. ഇതിനെല്ലാം കഴിയുംവിധം സീമാറ്റ് കേരളയെ ശക്തിപ്പെടുത്തണം. ആധുനിക മാനേജ്മെന്റ് തന്ത്രങ്ങൾ അക്കാദമികമേഖലയിലും ഭരണനിർവഹണരംഗത്തും പ്രവർത്തിക്കുന്നവർക്ക് പരിശീലനത്തിലൂടെ സ്വായത്തമാക്കാൻ സഹായിക്കേണ്ട സ്ഥാപനമാണ് സീമാറ്റ്. ഈ സ്ഥാപനത്തിന്റെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ കാലോചിതമായി പരിഷ്കരിക്കണം. കൂടാതെ ഈ സ്ഥാപനത്തിലും സ്പെഷൽ റൂൾ ഉണ്ടാക്കി ആവശ്യത്തിന് ഫാക്കൽറ്റികളെയും സഹായകസംവിധാനങ്ങളെയും നിയോഗിക്കണം.

## (4) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ ടെക്നോളജി, കേരളം (ഐ.ഇ.ടി.കെ)

വിദ്യാഭ്യാസരംഗത്തെ സാങ്കേതികവിദ്യാസാധ്യതകൾ വികസിപ്പിക്കുകയും അവ പ്രയോഗസാധ്യമാക്കുകയും ചെയ്യുന്ന രണ്ട് സംവിധാനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ ടെക്നോളജിയും കൈറ്റിന്റെ ഭാഗമായി മാറിയ പഴയ ഐ.ടി@ സ്കൂളുമാണിവ. ക്ലാസ്മുറിവിനിമയത്തിൽ വിദ്യാഭ്യാസസാങ്കേതികവിദ്യക്ക് അതിനിർണായകമായ പങ്കുവഹിക്കാനുള്ള കാലഘട്ടമാണിത്. കേരളത്തിലെ ഏതാണ്ടെല്ലാ ക്ലാസ്മുറിയും സാങ്കേതികവിദ്യാസൗഹൃദമായിക്കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ എജ്യുക്കേഷണൽ ടെക്നോളജിയുടെ റോൾ കുറേക്കൂടി കാര്യക്ഷമമാകേണ്ടതുണ്ട്.

*ആയതിനാൽ*

1. എജ്യുക്കേഷൻ ടെക്നോളജി എന്നത് ആധുനികവിദ്യാഭ്യാസരംഗത്ത് അനിവാര്യമായ ഒരു സങ്കേതമാണ്. ഈ സങ്കേതം നിലവിലുള്ള സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തി

വികസിപ്പിച്ചതിന്റെ അനുഭവം നമ്മുടെ രാജ്യത്തു വളർന്നുവന്നിട്ടില്ല. അധ്യാപകർക്കും കുട്ടികൾക്കും അവരവരുടെ തലത്തിൽ നിന്നുകൊണ്ട് പ്രകൃതിയിൽനിന്നുമുള്ള വസ്തുക്കൾ ഉപയോഗിച്ചും സാങ്കേതികവിദ്യാ സങ്കേതങ്ങൾ ഉപയോഗിച്ചും പഠനപ്രവർത്തനങ്ങൾക്കും ഗവേഷണപ്രവർത്തനങ്ങൾക്കും സഹായകമായി വർത്തിക്കുന്ന ഒരു സ്ഥാപനം അനിവാര്യമാണ്. നിലവിലുള്ള എസ്.ഐ.ഇ.ടി യെയും കൈറ്റ് (ഐ.ടി.@ സ്കൂൾ) നെയും സംയോജിപ്പിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ ടെക്നോളജി, കേരളം (ഐ.ഇ.ടി.കെ) സ്ഥാപിക്കാനുള്ള സാധ്യത സർക്കാർ പരിശോധിക്കണം.

2. വിദ്യാഭ്യാസ സാങ്കേതികവിദ്യ എന്നാൽ കമ്പ്യൂട്ടർ കേന്ദ്രീകൃതം എന്ന നിലവിലുള്ള ധാരണ മാറ്റേണ്ടതുണ്ട്. തന്റെ ജീവിതപരിസരത്തുള്ള ഏതിനെയും പഠനത്തിന്റെ ഉപാധിയാക്കി മാറ്റാം എന്ന കാഴ്ചപ്പാട് അധ്യാപകർക്കടക്കം വികസിപ്പിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രായോഗിക പരിശീലനങ്ങൾ ഐ.ഇ.ടി.കെയുടെ ചുമതലയാകണം.

3. ഓരോ പ്രദേശത്തും ലഭ്യമായ പലതരം വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് മികച്ച പഠനോപകരണങ്ങൾ വികസിപ്പിക്കാൻ കഴിയും. നാട്ടിലെ പ്രാദേശിക വൈദഗ്ധ്യത്തെയും കുട്ടികളുടെ കരവിരുതിനെയും ഭാവനയെയും പരിപോഷിപ്പിച്ചാൽ മതിയാകും. ഇതിനാവശ്യമായ പ്രവർത്തനപദ്ധതി രൂപീകരിക്കുകയും അതിന്റെ നിർവഹണത്തിനാവശ്യമായ പരിശീലനങ്ങൾ ഈ സ്ഥാപനം വഴി നടത്തുകയും വേണം.

4. സാങ്കേതികവിദ്യാരംഗത്തെ പെഡഗോഗിക്കായ നൂതനശ്രമങ്ങൾ സ്വാംശീകരിക്കാനും നമ്മുടെ ആവശ്യത്തിനുസരിച്ച് അവയെ പരിവർത്തിപ്പിക്കാനുമുള്ള അനന്തസാധ്യത പ്രയോജനപ്പെടുത്താൻ. ഐ.ഇ.ടി.കെക്ക് കഴിയണം. പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ആശയങ്ങൾ കുട്ടികൾക്ക് ഫലപ്രദമായി സ്വാംശീകരിക്കാൻ കഴിയുന്ന വിഭവങ്ങൾ വികസിപ്പിക്കുക എന്നതും സമഗ്ര പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യാൻ സജ്ജമാക്കുക എന്നതും ഈ സ്ഥാപനത്തിന്റെ കടമയാകണം.

5. കൂടാതെ ഐടി@സ്കൂളിന്റെ (നിലവിൽ കൈറ്റിന്റെ ഭാഗം) നടക്കുന്ന സർഗാത്മക പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള സാധ്യതകളെല്ലാം സാങ്കേതികവിദ്യാവികസനത്തിന് അനുസൃതമായി ഐ.ഇ.ടി.കെ. പ്രയോജനപ്പെടുത്തണം.

6. സാങ്കേതികവിദ്യയെ വിവേകത്തോടെ ആവശ്യാനുസൃതം എപ്പോഴാണ് പ്രയോജനപ്പെടുത്തേണ്ടത് എന്ന വ്യക്തമായ ധാരണ അധ്യാപകർക്ക് വികസിപ്പിക്കാനുള്ള ഉത്തരവാദിത്തവും ഐ.ഇ.ടി.കെക്ക് ആയിരിക്കും.

7. സാങ്കേതികവിദ്യാവികസനത്തിന്റെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തുന്നതോടൊപ്പം എജ്യുക്കേഷണൽ ടെക്നോളജി എന്താണ് എന്നും അതിന്റെ സാധ്യത എങ്ങനെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കാൻ പ്രയോജനപ്പെടുത്താൻ കഴിയും എന്നും ഉറപ്പാക്കണം. കേരളത്തിലെ വിദ്യാഭ്യാസസംവിധാനത്തെയും അധ്യാപകരെയും സജ്ജമാക്കുന്നതിനാവശ്യമായ ഘടകങ്ങളെല്ലാം ഉൾക്കൊള്ളുന്ന ഒരു സ്ഥാപനമായി ഐ.ഇ.ടി.കെയെ വികസിപ്പിക്കാൻവേണ്ട നിയമങ്ങളും ചട്ടങ്ങളും രൂപപ്പെടുത്തണം. ആവശ്യമായ ഫാക്കൽറ്റികളെ നിയോഗിച്ചുകൊണ്ട് ഒരു പുതിയ സ്ഥാപനം വികസിപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങൾ വിദ്യാഭ്യാസവകുപ്പ് നിർവഹിക്കണം.

## (5) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി)

മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനമാണ് തിരുവനന്തപുരം പാങ്ങപ്പാറയിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ്. മാനസികവെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഇടപെടുന്നതിനും അവർക്കാശ്യമായ പഠനം, ചികിത്സ, തൊഴിൽപരിശീലനം, പുനരധിവാസസൗകര്യം ഒരുക്കൽ എന്നിവയ്ക്കുള്ള സ്ഥാപനമായാണ് എസ്.ഐ.എം.സിയെ വിഭാവനം ചെയ്യുന്നത്. ഈ രംഗത്തുള്ള എറ്റവും മികച്ച സ്ഥാപനവുമായി ഇത് ഇനിയും മാറേണ്ടതുണ്ട്.

*ആയതിനായി*

1. മാനസികവെല്ലുവിളി നേരിടുന്ന കുട്ടികളെ സംബന്ധിച്ച് ലോകമെമ്പാടും നടക്കുന്ന അന്വേഷണങ്ങൾ ഉൾക്കൊണ്ട് ഈ വിഭാഗത്തിനാവശ്യമായ സൗകര്യങ്ങൾ പഠനത്തിനായാലും പുനരധിവാസത്തിനായാലും തൊഴിൽപരിശീലനത്തിനായാലും എങ്ങനെ വികസിപ്പിക്കാമെന്ന് അന്വേഷിക്കുന്ന ഒരു ഗവേഷണകേന്ദ്രം കൂടിയായി ഈ സ്ഥാപനം മാറണം.
2. ഈ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങളെ ഗവേഷണപരമായി സമീപിക്കുന്ന സ്ഥാപനമായി ഇതു വളരേണ്ടതുണ്ട്. അതനുസരിച്ച് ഈ സ്ഥാപനത്തെ ശക്തിപ്പെടുത്താനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.
3. അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ ആധുനിക കാഴ്ചപ്പാടിനനുസൃതമായി പരിശീലിപ്പിക്കാനുള്ള ഉത്തരവാദിത്തം ഈ സ്ഥാപനത്തിനുണ്ടാകണം. ഇതിനെല്ലാം ആവശ്യമുള്ള വിഭവങ്ങൾ വികസിപ്പിക്കാൻ ഈ സ്ഥാപനത്തിനു കഴിയണം.
4. ഈ മേഖലയിൽ ആഴത്തിലുള്ള ഗവേഷണങ്ങളും ഈ സ്ഥാപനത്തിന്റെ മുഖ്യ പരിഗണനാവിഷയമാകണം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന NISH, ICON, CDC തുടങ്ങിയ സ്ഥാപനങ്ങളുമായി ഏകോപിതപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ എസ്.ഐ.എം.സിക്ക് കഴിയണം.
5. ഇതിനെല്ലാം കഴിയുംവിധം സ്ഥാപനത്തെ ശക്തിപ്പെടുത്തുകയും ആവശ്യമായ ഫാക്കൽറ്റികളെ നിയോഗിക്കുകയും വേണം.

**(6) വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള സ്ഥാപനം:** പലവിധ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പഠനപ്രശ്നങ്ങളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പഠിക്കുന്നതിനുള്ള ഒരു ഗവേഷണസ്ഥാപനം സ്കൂൾ വിദ്യാഭ്യാസ സംവിധാനത്തിനകത്ത് ആവശ്യമാണ്. ഈ രംഗത്തുള്ള വിവിധ മേഖലകൾക്കായി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്കൂൾവിദ്യാഭ്യാസഘട്ടത്തെ സമഗ്രമായി കണ്ടുകൊണ്ടുള്ള ഒരു സമഗ്രവിഭവകേന്ദ്രം അനിവാര്യമാണ്. നിരന്തര ഗവേഷണത്തിലൂടെ മാത്രമേ ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയമായ അടിത്തറയും പ്രയോഗരൂപങ്ങളും വികസിപ്പിക്കാൻ കഴിയൂ.

## (7) കലാകായിക പഠനകേന്ദ്രങ്ങൾ

സ്കൂൾവിദ്യാഭ്യാസരംഗത്ത് കലാകായികമേഖലകളിലും വിഭവകേന്ദ്രങ്ങൾ അനിവാര്യമാണ്. ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന വിഭവകേന്ദ്രങ്ങളെ സ്കൂൾ വിദ്യാഭ്യാസ

ഘട്ടത്തിനും പ്രയോജനപ്പെടുന്ന കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. ഉദാഹരണത്തിന് കലാരംഗത്ത് ഏറെ സംഭാവനചെയ്യുന്ന കലാമണ്ഡലം, സംഗീത കോളേജുകൾ, ഫൈനാട്സ് കോളേജുകൾ, സ്പോട്സ് സ്കൂളുകൾ, കോളേജുകൾ എന്നിവയെല്ലാം വിഭവകേന്ദ്രങ്ങളായി വികസിപ്പിക്കാവുന്നതാണ്. ഇങ്ങനെ സ്കൂൾവിദ്യാഭ്യാസത്തിന്റെ സമഗ്രപുരോഗതിക്കായുള്ള പ്രസ്ഥാനങ്ങളായി ഇവയെ വികസിപ്പിക്കുന്നതിൽ പരിമിതിയുണ്ടെങ്കിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി ഒരു പ്രത്യേക ഗവേഷണകേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യത വിദ്യാഭ്യാസവകുപ്പ് പരിശോധിക്കണം.

### (8) ഐ.എ.എസ്.ഇ, സി.ടി.ഇ. തുടങ്ങിയ ടീച്ചർ എജ്യുക്കേഷൻ സ്ഥാപനങ്ങൾ

കേരളത്തിൽ ഐ.എ.എസ്.ഇ. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസ് ഇൻ എജ്യുക്കേഷൻ) തൃശൂർ ആണ് പ്രവർത്തിക്കുന്നത്. ഇതു കൂടാതെ തലശ്ശേരി, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ സി.ടി.ഇ കൾ (കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ) നിലനിൽക്കുന്നു. ഈ സ്ഥാപനങ്ങൾ സംസ്ഥാനത്തെ സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ അധ്യാപകരെ പ്രീസർവീസിന്റെയും ഇൻ സർവീസിന്റെയും ഭാഗമായി വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്തമുള്ള സ്ഥാപനങ്ങളാണ്. കൂടാതെ ബോധന രംഗത്ത് നവീനങ്ങളായ അന്വേഷണങ്ങൾ നടത്തേണ്ട സ്ഥാപനങ്ങളുമാണ്. ഈ ധർമങ്ങൾ നിർവഹിക്കാൻ ഇവയ്ക്ക് നിലവിൽ കഴിയുന്നില്ല.

*ആയതിനാൽ*

1) ഐ.എ.എസ്.ഇയും സി.ടി.ഇകളും അവയുടെ നിയുക്ത ധർമം നിർവഹിക്കാൻ ഉതകും വിധം സജ്ജമാക്കേണ്ടതാണ്.
2) സെക്കന്ററി വിദ്യാഭ്യാസരംഗത്ത് ഇന്ന് നടക്കുന്ന ഇൻസർവീസ് കോഴ്സുകൾ പൂർണ മായും പുതിയ രീതിയിലേക്ക് മാറണം. ഇതെങ്ങനെ വേണമെന്ന് തീരുമാനിക്കുന്ന തിനാവശ്യമായ ഗവേഷണപ്രവർത്തനങ്ങൾ ഈ സ്ഥാപനങ്ങളിൽ നടക്കേണ്ടതുണ്ട്.
3) സംസ്ഥാനസർക്കാരിന്റെ സ്കൂൾവിദ്യാഭ്യാസത്തിനായുള്ള അക്കാദമിക അതോറി റ്റിയായ എസ്.സി.ഇ.ആർ.ടിയുമായി ഈ സ്ഥാപനങ്ങളുടെ ബന്ധം ദൃഢപ്പെടുത്തേ ണ്ടതുണ്ട്.
4) ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു അക്കാദമിക വിദഗ്ധസമിതിയെ നിയോഗിച്ച് നിർദേശങ്ങൾ ആരായാവുന്നതാണ്.

### അധ്യാപകയോഗ്യത

1. നിലവിൽ കേരളവിദ്യാഭ്യാസചട്ടങ്ങളിലെ 31 -ാം അധ്യായത്തിൽ പറഞ്ഞ പ്രകാരവും അതത് കാലങ്ങളിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലുമാണ് പത്താം ക്ലാസ് വരെയുള്ള അധ്യാപകനിയമനം നടത്തുന്നത്. 31-ാം അധ്യായത്തിലും അതത് കാലങ്ങളിലെ സർക്കാർ ഉത്തവുകളിലും അധ്യാപകനിയമനത്തിനുള്ള യോഗ്യത വ്യക്തമാക്കിട്ടുണ്ട്.
2. ഹയർ സെക്കന്ററിയിൽ ഹയർ സെക്കന്ററി സ്പെഷൽ റൂളിന് അനുസൃതമായും വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി

സ്പെഷൽ റൂളിന് അനുസൃതമായുമാണ് അധ്യാപകനിയമനങ്ങൾ നടക്കുന്നത്. ഈ സ്പെഷൽ റൂളുകളിൽ അധ്യാപകനിയമനത്തിലുള്ള യോഗ്യത സ്പഷ്ടമാക്കിട്ടുണ്ട്.

3. വിദ്യാഭ്യാസ അവകാശനിയമപ്രകാരം നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എജ്യുക്കേഷൻ ആണ് അധ്യാപകനിയമനം സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളാൻ ചുമതലപ്പെടുത്തിയ ദേശീയസ്ഥാപനം. ഈ സ്ഥാപനം ഭാരതസർക്കാരിന്റെ ഗസറ്റ് വിജ്ഞാപനം വഴി അധ്യാപകയോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. 2010 ആഗസ്റ്റ് 25, 2011 ആഗസ്റ്റ് 2, 2014 ഡിസംബർ 16, 2017 ആഗസ്റ്റ് 10, 2017 ഒക്ടോബർ 17, 2018 ജൂൺ 29 എന്നീ തിയതികളിൽ ഇത് സംബന്ധിച്ച വിജ്ഞാപനങ്ങൾ വന്നിട്ടുണ്ട്.

4. വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് എല്ലാ തലങ്ങളിലും ഗുണമേന്മ വർധിപ്പിക്കാനും അവ സ്ഥായിയായി നിലനിർത്താനും സഹായകമായ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുക എന്നതാണ് ഈ സമിതിയുടെ പ്രധാന ചുമതല. ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ സുപ്രധാനമായ മുന്നുപാധി ഈ രംഗത്ത് പ്രൊഫഷനുകളായ അധ്യാപകസമൂഹം ഉണ്ടാകുക എന്നതാണ്. അതുകൊണ്ടുതന്നെ അധ്യാപകവിദ്യാഭ്യാസത്തെയും അധ്യാപകയോഗ്യതയെയും ഗൗരവമായി സമിതി സമീപിക്കുന്നു. ഈ റിപ്പോർട്ടിന്റെ സമീപനരേഖയിൽ പറഞ്ഞതു പ്രകാരം പ്രൈമറി തലത്തിൽ ബിരുദവും അധ്യാപകപരിശീലന യോഗ്യതയും സെക്കന്ററി തലത്തിൽ ബിരുദാനന്തരബിരുദവും അധ്യാപകപരിശീലന യോഗ്യതയുമാണ് സമിതി മുന്നോട്ടുവയ്ക്കുന്നത്. സേവനകാലത്ത് അധ്യാപകരെ നിരന്തരം നവീകരിക്കാനുള്ള ഗൗരവമേറിയ സേവനകാല പരിശീലനങ്ങളും ഉണ്ടാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. ഈ ഒരു പൊതുകാഴ്ചപ്പാടിൽ താഴെ പറയുന്ന ശുപാർശകൾ മുന്നോട്ടുവയ്ക്കുന്നു.

i. പൈമറി തലത്തിൽ (ഒന്നു മുതൽ ഏഴു വരെ) ബിരുദം അടിസ്ഥാനയോഗ്യതയാകണം. ബിരുദനിലവാരത്തിലുള്ള പ്രൊഫഷണൽ യോഗ്യതയും ആവശ്യമാണ്. സെക്കന്ററി തലത്തിൽ ബിരുദാനന്തരബിരുദം അടിസ്ഥാനയോഗ്യതയും പ്രൊഫഷണൽ യോഗ്യത ബിരുദനിലവാരത്തിലുള്ളതുമാകണം. എന്നാൽ അത്തരമൊരു ശുപാർശ പ്രാബല്യത്തിൽ വരുത്തുന്ന ഘട്ടത്തിൽ നിലവിലുള്ള എൻ.സി.ടി.ഇ. മാനദണ്ഡങ്ങളും സംസ്ഥാനത്തിന്റെ വസ്തുനിഷ്ഠ സാഹചര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്. എൻ.സി.ടി.ഇ. ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകൾക്കുള്ള അധ്യാപകയോഗ്യതയായി പന്ത്രണ്ടാം ക്ലാസും ഡി.എൽ.എഡുമാണ് ഇപ്പോൾ നിഷ്കർഷിക്കുന്നത്. കൂടെ ബിരുദപദ്ധതിയുമുണ്ട്. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞുള്ള ബി.എൽ.എഡ്. കോഴ്സാണത്. കേരളത്തിൽ ധാരാളം ചെറുപ്പക്കാർ പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞു ഡി.എൽ.എഡ്. കോഴ്സിന് ഇപ്പോഴും പഠിക്കുന്നുണ്ട്. അടുത്തകാലത്ത് ഇങ്ങനെ കഴിഞ്ഞവർക്കും ഇപ്പോൾ പരിശീലനം നേടുന്നവർക്കും മുന്നിൽ ഇന്ന് നിലവിലുള്ള തൊഴിൽസാധ്യത പെട്ടെന്ന് ഇല്ലാതാക്കുന്നത് സാമൂഹികമായി ശരിയല്ല എന്ന് വിദഗ്ധസമിതി കരുതുന്നു. എന്നാൽ ഗുണമേന്മാ വിദ്യാഭ്യാസത്തിന് അനിവാര്യമായ മുന്നുപാധിയെ അനന്തകാലത്തേക്ക് നീട്ടിവയ്ക്കാനും കഴിയില്ല. സാമൂഹികമായി സജ്ജരാകാനും ഇന്ന് ഇത്തരം പരിശീലനങ്ങൾ കഴിഞ്ഞവർക്ക് ബിരുദയോഗ്യത നേടാനുമുള്ള സമയം എന്ന നിലയിൽ പത്തു വർഷം നൽകാൻ സമിതി നിർദേശിക്കുന്നു. ആയതിനാൽ പ്രൈമറി തലത്തിൽ ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിൽ ബിരുദയോഗ്യത 2028 ജൂണിൽ ആരംഭിക്കുന്ന അക്കാദമിക

വർഷം മുതൽ നടപ്പാക്കാൻ കഴിയണം. അതിനു മുന്നേതന്നെ എൻ.സി.ടി.ഇ. അതിന്റെ നിലവിലുള്ള മാനദണ്ഡം പുതുക്കുകയാണെങ്കിൽ അതനുസരിച്ചുള്ള ക്രമീകരണം പ്രസ്തുത ഘട്ടത്തിൽ വരുത്താവുന്നതാണ്. എങ്കിലും

a. ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിൽ എൻ.സി.ടി.ഇ. നിലവിൽ നിർദേശിക്കുന്ന അധ്യാപക നിയമനയോഗ്യതാ മാനദണ്ഡങ്ങളാണ് നിലനിൽക്കുക. പത്തുവർഷം കഴിഞ്ഞാൽ ബിരുദ സ്കീമിലേക്ക് അധ്യാപകയോഗ്യത മാറ്റണം എന്ന കാര്യം എൻ. സി.ടി.ഇയോട് കേരളം ആവശ്യപ്പെടണം. അതനുസരിച്ച് എൻ.സി.ടി.ഇ. മാനദണ്ഡ ങ്ങളിൽ മാറ്റങ്ങൾ വേണമെന്ന് എൻ.സി.ടി.ഇയോട് അഭ്യർഥിക്കണം.

b. പ്രീസ്കൂളിന് എൻ.സി.ടി.ഇ. നിർദേശിക്കുന്ന മാനദണ്ഡങ്ങൾ അധ്യാപകയോഗ്യ തായി നിർദേശിക്കുന്നു.

c. ആറ്, ഏഴ് ക്ലാസുകളിൽ എൻ.സി.ടി.ഇ. വിജ്ഞാപന പ്രകാരമുള്ള അധ്യാപക യോഗ്യത ശുപാർശ ചെയ്യുന്നു.

d. സെക്കന്ററി തലത്തിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് ബഹുദൂരം മുന്നിലാണ് എൻറോൾമെന്റിന്റെ കാര്യത്തിലും പഠനത്തുടർച്ചയുടെ കാര്യത്തിലും കേരള സംസ്ഥാനം. ഒന്നാം ക്ലാസിൽ ചേരുന്ന ഏതാണ്ട് എല്ലാ കുട്ടികളും പന്ത്രണ്ടാം ക്ലാസുവരെ എത്തുന്നുണ്ട്. അതുകൊണ്ട് എല്ലാ കുട്ടികൾക്കും സാമൂഹികനീതി യിലും അവസരസമത്വത്തിലും അധിഷ്ഠിതമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക സ്റ്റേറ്റിന്റെ കടമയാണ്. ഇത്തരം ഒരു വിദ്യാഭ്യാസപദ്ധതിയിൽ അധ്യാപക രുടെ യോഗ്യത പരമപ്രധാനമാണ്. എൻ.സി.ടി.ഇ. പത്താം ക്ലാസുവരെയുള്ള അധ്യാ പകർക്ക് ബിരുദ യോഗ്യതയോടൊപ്പം ബിരുദാനന്തരബിരുദ യോഗ്യതയും നിർദേശി ക്കുന്നുണ്ടെങ്കിലും കേരളത്തിന്റെ സവിശേഷമായ അക്കാദമിക ആവശ്യകത പരിഗ ണിച്ച് ഉയർന്ന യോഗ്യത പ്രൊഫഷണലായ അധ്യാപകർക്ക് വേണമെന്നതിനാൽ സെക്കന്ററി ഘട്ടത്തിൽ (എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകൾക്ക്) അധ്യാപക യോഗ്യതയായി ബിരുദാനന്തരബിരുദവും പ്രൊഫഷണൽ യോഗ്യതയായി അതത് വിഷയങ്ങളിലുള്ള വിദ്യാഭ്യാസബിരുദവും നിർദേശിക്കുന്നു. ഭാവിയിൽ നടക്കുന്ന എല്ലാ നിയമനങ്ങളും ഇതിന്റെ അടിസ്ഥാനത്തിൽ ആകണമെന്ന് ശുപാർശ ചെയ്യു ന്നു. (ബിരുദവും അധ്യാപകപരിശീലനയോഗ്യതയും ഉള്ളവർക്ക് ആറ് മുതൽ ഏഴ് വരെ ക്ലാസുകളിൽ അധ്യാപകരാവാനുള്ള അവസരമുള്ളതിനാൽ ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകാർക്ക് നൽകിയ യോഗ്യതയിലുള്ള ആനുകൂല്യം ഇവിടെ ബാധ കമാക്കണമെന്ന് വിദഗ്ധ സമിതി കരുതുന്നില്ല).

ii. ഒന്ന് മുതൽ ഏഴ് വരെ ക്ലാസുകൾ വരുന്ന പ്രൈമറി തലത്തിൽ എൻ.സി.ടി.ഇ. നിർദേശി ക്കുന്ന യോഗ്യതാ മാനദണ്ഡങ്ങളിൽ 50 ശതമാനം മാർക്കോടുകൂടിയുള്ള പന്ത്രണ്ടാം ക്ലാസ് പഠനവും നാല് വർഷത്തെ ബാച്ചിലർ ഓഫ് എലിമെന്ററി എജ്യുക്കേഷനിലുള്ള ബിരുദവും കൂടി നിർദേശിച്ചിട്ടുണ്ട്. പ്രൈമറിതല അധ്യാപകർക്കു മുഴുവൻ ബിരുദ യോഗ്യത നിർദേശിക്കുന്നതിനാൽ കേരളത്തിലെ പ്രൈമറി വിദ്യാഭ്യാസഘട്ടത്തിലെ ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ പഠിപ്പിക്കുന്നതിനായുള്ള അടിസ്ഥാന യോഗ്യത ഏകീകരിക്കാൻ 2028 അക്കാദമികവർഷത്തോടെ കഴിയേണ്ടതുണ്ട്. ഈ കോഴ്സിലേക്ക് കേരളത്തിലെ അധ്യാപകപരിശീലന കേന്ദ്രങ്ങളെ പരിവർത്തിപ്പിക്കാൻ

കഴിയണം. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ് നാലുവർഷത്തെ ഉദ്ഗ്രഥിത ഡിഗ്രി കോഴ്സാണ് നിർദേശിക്കുന്നത്. ഈ കോഴ്സിന് ആവശ്യമായ പാഠ്യപദ്ധതിസമീപനവും പാഠ്യപദ്ധതിയും എസ്.സി.ഇ.ആർ.ടി. മുൻഗണന നൽകി വികസിപ്പിക്കണമെന്ന് നിർദേശിക്കുന്നു.

iii. കേരളത്തിൽ പരീക്ഷാഭവൻ ഉൾപ്പെടെ അധ്യാപകപരിശീലനത്തിനായുള്ള വിവിധ കോഴ്സുകൾക്കുള്ള പരീക്ഷകൾ നടത്തുന്നുണ്ട്. ചില വിഷയങ്ങളിൽ ഉന്നതപഠനത്തിന് സാധ്യതയില്ലാത്ത കാലത്തായിരുന്നു ഇത്തരം കോഴ്സുകൾ നടത്തിയതും പരീക്ഷാഭവൻ സർട്ടിഫിക്കറ്റുകൾ നൽകിയതും. നിലവിൽ എല്ലാ വിഷയങ്ങൾക്കും ഉന്നതപഠനത്തിന് ധാരാളം അവസരങ്ങളുണ്ട്. ആയതിനാൽ വിവിധ ഭാഷാവിഷയങ്ങൾക്കടക്കം പരീക്ഷാഭവൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടരേണ്ടതില്ല. അത്തരം സർട്ടിഫിക്കറ്റുകൾ അധ്യാപനയോഗ്യതാ സർട്ടിഫിക്കറ്റുകളായി ഭാവിയിൽ പരിഗണിക്കേണ്ടതില്ല. ഇത് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ അനിവാര്യമായ അധ്യാപ പ്രഫഷണലിസം വികസിപ്പിക്കുന്നതിന് വിഘാതമാകും.

iv. സെക്കന്ററി ഘട്ടത്തിലും പ്രൊഫഷണലായ അധ്യാപകർ അനിവാര്യമാണ്. അധ്യാപകയോഗ്യത സംബന്ധിച്ചും പ്രസ്തുത യോഗ്യത കരസ്ഥമാക്കുന്നതു സംബന്ധിച്ചും വ്യക്തമായ മാറ്റങ്ങൾ ആവശ്യമാണ്. സെക്കന്ററി തലത്തിൽ അഞ്ചോ ആറോ വർഷത്തെ ഉദ്ഗ്രഥിത ബിരുദാനന്തരബിരുദ കോഴ്സുകളാണ് നിർദേശിക്കുന്നത്. ഇത്തരം കോഴ്സുകളിലെ അധ്യാപകപരിശീലന അംശങ്ങൾ എന്തെല്ലാമാകണമെന്നത് എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ച് കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് കൈമാറേണ്ടതാണ്.

v. അധ്യാപകയോഗ്യതയ്ക്ക് വരുന്ന മാറ്റങ്ങൾക്കനുസരിച്ച് വേതനഘടനയിലും മാറ്റം വേണ്ടിവരും. നിലവിൽ ഏത് യോഗ്യതയുടെ അടിസ്ഥാനത്തിലാണോ നിയമനം ലഭിച്ചത്, പ്രസ്തുത തസ്തികയിൽ നിയമന സമയത്തുണ്ടായിരുന്ന ആനുകൂല്യങ്ങളെല്ലാം പ്രയോജനപ്പെടുത്തിക്കൊണ്ട് അവർക്ക് തുടരാവുന്നതാണ്. നിയമപരമായി എന്തു മാറ്റം വന്നാലും ഇപ്പോൾ നിയമിതരായവർക്ക് തുടർന്നും എല്ലാ വിധ തൊഴിൽസംരക്ഷണവും ഉണ്ടായിരിക്കേണ്ടതാണ്.

## അധ്യാപകപരിശീലനം

### (1) സേവനകാല പരിശീലനം (ഇൻ സർവീസ് ട്രെയിനിങ്)

1. കേരളത്തിലെ മുഴുവൻ അധ്യാപകരും സർവീസിൽ പ്രവേശിക്കുന്നതിനു മുമ്പ് അതതു തലത്തിൽ സ്പെഷൽ റൂളിൽ പറഞ്ഞതുപ്രകാരമുള്ള യോഗ്യത നേടിയവരാണ്. ഇതിൽ അധ്യാപകപരിശീലനവും ഉൾപ്പെടും. പ്രൈമറി തലത്തിൽ ടി.ടി.സിയും നിലവിൽ ഡി.എൽ.എഡും സെക്കന്ററി തലത്തിൽ ബി.എഡുമാണ് യോഗ്യത. എല്ലാ അധ്യാപകർക്കും ഇപ്പോൾ വർഷംതോറും പരിശീലനങ്ങൾ ലഭിക്കാറുണ്ട്. എന്നാൽ ഇപ്പോൾ ലഭിക്കുന്ന പരിശീലനങ്ങൾ സ്കൂൾവിദ്യാഭ്യാസരംഗത്ത് വിഭാവനം ചെയ്യുന്ന ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കാൻ പര്യാപ്തമല്ല എന്ന അഭിപ്രായം പൊതുവെ ഉണ്ട്. അധ്യാപകരാകുന്നതിന് മുമ്പ് ലഭിക്കുന്ന സേവന പൂർവകാല പരിശീലനങ്ങളുടെ പാഠ്യപദ്ധതി ആധുനികവിദ്യാഭ്യാസചിന്തകളും പഠന-ബോധനരംഗത്തെ ശാസ്ത്രീയമായ നിലപാടുകളും വേണ്ടത്ര ഉൾക്കൊള്ളാത്തതാണ്. അതുകൊണ്ടുതന്നെ സേവനകാല പരിശീലനത്തിന്റെ പ്രാധാന്യം വളരെയേറെയാണ്.

2. മുഴുവൻ കുട്ടികളുടെയും പഠനവും വികാസവും ലക്ഷ്യമിടുന്ന വിദ്യാഭ്യാസപ്രക്രിയ യ്ക്ക് നേതൃത്വം നൽകാൻ ആവശ്യമായ പ്രൊഫഷണലിസം അധ്യാപകർക്കുണ്ടാകണ മെങ്കിൽ അവർ നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം. ഉള്ളടക്കത്തിലും ബോധനരീതികളിലും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ അധ്യാപകർക്ക് സ്വാംശീകരി ക്കാൻ അവസരങ്ങൾ ഉണ്ടാകണം. ഇന്ന് നിലനിൽക്കുന്ന സേവനകാല പരിശീലനങ്ങൾ ഈ ധർമം നിറവേറ്റാൻ പര്യാപ്തമാണോ എന്ന് വിമർശനാത്മകമായി പരിശോധിക്ക ണം. നിലനിൽക്കുന്ന രീതിശാസ്ത്രങ്ങളെ അതേപടി നിലനിർത്താൻ വേണ്ടുന്ന അധ്യാ പക ശാക്തീകരണം ലക്ഷ്യംവയ്ക്കുന്ന പരിശീലനങ്ങളല്ല ആവശ്യം. അധ്യാപകരെ പ്രൊഫഷണലുകളായി പരിവർത്തിപ്പിക്കാൻ സഹായിക്കുന്ന പരിശീലനങ്ങളാണ് വിഭാ വനം ചെയ്യേണ്ടത്. ഇതിനായി അധ്യാപകരുടെ യഥാർഥ പരിശീലന ആവശ്യകതകൾ കണ്ടെത്തി ശാസ്ത്രീയമായ ഒരു പരിശീലനപദ്ധതി രൂപപ്പെടുത്തിക്കൊണ്ട് മാത്രമേ ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധി മറികടക്കാൻ കഴിയൂ.

*ആയതിനാൽ*

i. അധ്യാപകരുടെ പ്രൊഫഷണലിസം വർധിപ്പിക്കണമെങ്കിൽ ഓരോ ഘട്ടത്തിലും ഈ രംഗത്ത് ഉള്ളടക്കപരമായും ബോധനശാസ്ത്രപരമായും വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ട് സ്വയം നവീകരിക്കാൻ ആവശ്യമായ അവസരങ്ങൾ നിരന്തരമായി ഒരുക്കേണ്ട തുണ്ട്. അതോടൊപ്പം പ്രധാനമാണ് മാനവികതയും മതനിരപേക്ഷതയും ജനാധിപത്യ മൂല്യങ്ങളും കുട്ടികളിൽ വികസിക്കാനാവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക എന്നത്. ഇത്തരം നിരന്തര പരിശീലനങ്ങൾക്കാവശ്യമായ സ്ഥാപനപരമായ സംവിധാന ങ്ങൾ ഒരുക്കണം. അതോടൊപ്പം അഞ്ച് വർഷത്തിലൊരിക്കലെങ്കിലും മുഴുവൻ അധ്യാ പകർക്കും മൂന്ന്-നാല് ആഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം നിർബന്ധിതമാക്കണം. ഇത്തരം പരിശീലനങ്ങളിൽ അറിവിന്റെ ഓരോ മേഖലയിലും പുതുതായി ഉൽപ്പാദിപ്പി ക്കപ്പെട്ട ഉള്ളടക്കവും ആധുനിക ബോധനശാസ്ത്ര തന്ത്രങ്ങളും അധ്യാപകരെ പരിചയ പ്പെടുത്തണം. അതോടൊപ്പം ലഭ്യമായ വിവരങ്ങളെ ജ്ഞാനസൃഷ്ടിക്കായി എങ്ങനെ പ്രയോജനപ്പെടുത്താം എന്ന കാര്യവും സ്വാഭാവികമായും കുട്ടികളിലേക്കെത്തിക്കാൻ വേണ്ടുന്ന തന്ത്രങ്ങളും ഉൾക്കൊള്ളാനുള്ള പ്രായോഗികാവസരങ്ങളും അധ്യാപകപരി ശീലനങ്ങളുടെ ഭാഗമാകണം.

ii. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങൾ, ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ അധ്യാപകരുടെ സേവനകാല പരിശീലനത്തിന് പ്രയോ ജനപ്പെടുത്തണം. ക്ലാസ്മുറികൾ സാങ്കേതികവിദ്യാസൗഹൃദമായ (ഹൈടെക്) തായാൽ പോരാ. ഇവ പ്രയോജനപ്പെടുത്തി കുട്ടികളെ അറിവിന്റെ നിർമാതാക്കളാക്കി മാറ്റുന്നതിനാവശ്യമായ രീതിശാസ്ത്രത്തെപ്പറ്റി കൃത്യമായ ധാരണ അധ്യാപകർക്കുണ്ടാ കണം. സാങ്കേതികവിദ്യ അധ്യാപനത്തിന് പകരമാകില്ല എന്ന ഉത്തമബോധ്യം വേണം. വിവേകത്തോടെയും വിവേചനബുദ്ധിയോടെയും സാങ്കേതികവിദ്യയെ എങ്ങനെ പ്രയോജനപ്പെടുത്തണം എന്ന ധാരണ പ്രൊഫഷണലായ അധ്യാപകർക്ക് ഉണ്ടാകണം. ഇതിനെല്ലാം സഹായകമാകും വിധമാകണം അധ്യാപകപരിശീലനങ്ങൾ.

iii. അധ്യാപകപരിശീലനം അധ്യാപകപരിവർത്തനത്തിനും നവീകരണത്തിനും പര്യാപ്ത മാകണമെങ്കിൽ ഇന്ന് അവലംബിക്കുന്ന രീതിശാസ്ത്രങ്ങളിലും നടത്തിപ്പിലും കാത ലായ മാറ്റങ്ങൾ ആവശ്യമാണ്. നിരന്തരമായ പരിശീലനങ്ങൾ ഒരു അധികപ്രവർത്തനമാ

യല്ല കാണേണ്ടത്. ഇത് സംവിധാനത്തിന്റെയും വിദ്യാഭ്യാസപ്രക്രിയകളുടെയും അനിവാര്യ ഭാഗമാകണം.

iv. സേവനകാല പരിശീലനത്തിന്റെ ഉള്ളടക്കം ഡയറ്റുകളുടെ സഹായത്തോടെ എസ്.സി.ഇ.ആർ.ടി. തീരുമാനിക്കണം. കൃത്യമായ പഠനങ്ങളുടെ പിൻബലത്തോടെയാകണം ഉള്ളടക്കം നിശ്ചയിക്കേണ്ടത്. ഡയറ്റുകളുടെ ലാബ് സ്കൂളുകൾ ഉള്ളടക്കവും ബോധന രീതികളും വിമർശനാത്മകമായി നിരീക്ഷിക്കുന്നതിനുള്ള പ്രയോഗിക കേന്ദ്രങ്ങളായി വളരണം. ഇതുവഴി യഥാർഥ അക്കാദമിക ആവശ്യങ്ങൾ കുറേയേറെ തിരിച്ചറിയാൻ കഴിയും. ഇക്കാര്യങ്ങൾ നിരന്തരമായി മോണിറ്റർ ചെയ്യാനുള്ള ഉത്തരവാദിത്തം ഡയറ്റുകളുടെ അനിവാര്യ ചുമതലയാക്കി മാറ്റണം.

v. പുതിയ രീതിയിലുള്ള അധ്യാപകപരിശീലനം ഏറ്റെടുത്ത് നടത്താനാവശ്യമായ പരിവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി, ഡയറ്റുകൾ, സീമാറ്റ് തുടങ്ങിയ സ്ഥാപനങ്ങൾക്കുണ്ടാവണം. ഇതിന് കഴിയുംവിധം പ്രസ്തുത സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണം.

vi. വിദ്യാഭ്യാസരംഗത്ത് നടക്കുന്ന ഏത് അക്കാദമികപ്രവർത്തനങ്ങളും സുഗമമാവണമെങ്കിൽ ഭരണനിർവഹണരംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാർക്കും ഈ രംഗത്ത് നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാകേണ്ടതുണ്ട്. കൂടാതെ സാങ്കേതികവിദ്യാസാധ്യതകൾ ഭരണനിർവഹണത്തിന് എങ്ങനെ പ്രയോജനപ്പെടുത്താമെന്നതും ഈ വിഭാഗം നിരന്തരമായി അറിയേണ്ടതുണ്ട്. എങ്കിൽ മാത്രമേ മുഴുവൻ കുട്ടികൾക്കും ഗുണമേന്മ ഉറപ്പാക്കാൻ നടത്തുന്ന പരിശ്രമങ്ങളെ കുറിച്ചുള്ള ധാരണ വികസിക്കുകയും അതിനനുസരിച്ചുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുകയുള്ളൂ. ആയതിനാൽ 3 വർഷത്തിലൊരിക്കലെങ്കിലും ഈ വിഭാഗം ജീവനക്കാർക്ക് ചുരുങ്ങിയത് 7 ദിവസത്തെ റസിഡൻഷ്യൽ പരിശീലനങ്ങൾ നിർദേശിക്കുന്നു. ഐ.എം.ജി, ഐ.എ.എം. തുടങ്ങിയ സ്ഥാപനങ്ങളുടെ സാധ്യത കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് സീമാറ്റ് കേരള കൃത്യമായ പരിശീലനപദ്ധതി രൂപപ്പെടുത്തേണ്ടതാണ്. ഇ-ഓഫീസ് സംവിധാനം കൂടുതൽ കാലോചിതമാക്കുന്നതിനുള്ള സാധ്യതയും ഈ പരിശീലനങ്ങളുടെ ഭാഗമാകണം.

## (2) സേവനപൂർവകാല പരിശീലനം (പ്രീ സർവീസ് ട്രെയിനിങ്)

സെക്കന്ററി തലത്തിൽ ബി.എഡും പ്രൈമറി തലത്തിൽ ഡി.എൽ.എഡുമാണ് അധ്യാപന പരിശീലന യോഗ്യതകൾ. ബി.എഡ്. യൂണിവേഴ്സിറ്റികളിലും ഡി.എൽ.എഡ് സംസ്ഥാനത്ത് വ്യാപിച്ചുകിടക്കുന്ന 38 സർക്കാർ, 64 എയ്ഡഡ്, 74 അൺ എയ്ഡഡ് ട്രെയിനിങ് സ്കൂളുകൾ വഴിയുമാണ് നടക്കുന്നത്. ബോധനശാസ്ത്രരംഗത്ത് വരുന്ന നവീനമായ കാര്യങ്ങൾ പലപ്പോഴും ഈ പരിശീലനപദ്ധതികളുടെ പാഠ്യക്രമത്തിന്റെ ഭാഗമാകാറില്ല.

*ആയതിനാൽ*

1. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ മുന്നുപാധിയായ പ്രൊഫഷണലായ അധ്യാപകരെ വളർത്തിയെടുക്കുന്ന രീതിയിൽ സേവനകാല അധ്യാപകപരിശീലനങ്ങളെ പരിവർത്തിപ്പിക്കേണ്ടതുണ്ട്.
2. പരിശീലനകേന്ദ്രങ്ങൾ എൻ.സി.ടി.ഇ. മാനദണ്ഡങ്ങൾ പുലർത്തുന്നവയാകണം.
